Registered No. M-4485

Madras War Review { MALAYALAM 31-12-1943

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിന്റെ ഒരു പ്രതിവാരചരിത്രസംക്ഷേപം)

## വിശേഷാൽപ്രതി

വാല്യം III] 1943 ഡിസെമ്പർ 31-ാംനു, വെള്ളിയാഴ്ച [ലക്കം 17

## വിശ്രമ മില്ല ഞങ്ങൾ- ക്കഭീഷ്ടസാദ്ധ്യംവരെ

★



ആറാം ജോൎജ്ജ് ചക്രവൎത്തി

കഷ്ടിച്ചവസാനിച്ചുവെന്നു് ഈശ്വരങ്കൽ എത്രയും കൃതജ്ഞതയോടെ പറയാവുന്ന ഈ കൊല്ലത്തിന്നിടയിൽ വിധിവൈഭവംകൊണ്ടു നമുക്കനുകൂലമായി വന്നുചേൎന്നിട്ടുള്ള സംഭവങ്ങൾ അനവധിയുണ്ടു്.

ആദരബുദ്ധിയോടുകൂടിയുള്ള അമേരിക്കൻ ഐക്യരാഷ്ട്രകോയ്മയുടെ മഹാശക്തിയും, റഷ്യയുടെ വിക്രമകൎമ്മങ്ങളും, ചിരകാലമായി സഹിച്ചുവരുന്ന ദുൎദ്ദശയിലും ചൈന കാട്ടിവരുന്ന സഹനശക്തിയും, ഫ്രാൻസിൽ പുനൎജ്ജീവിച്ചുകാണുന്ന പരാക്രമതേജസ്സും, നമ്മുടെ പുരോഗതിയിലുള്ള മാൎഗ്ഗക്ലേശങ്ങളെ പല രാജ്യങ്ങളിലും സ്ത്രീപുരുഷവ്യത്യാസമെന്യേ സഹിച്ചുവരുന്ന യുവചൈതന്യവും—ഇവയോരോന്നും കടലിലും, കരയിലും, ആകാശത്തിലും ഇരുളടഞ്ഞ നമ്മുടെ വിധിവൈഭവത്തിന്നു് പ്രകാശം കൊടുപ്പാൻ യഥാശക്തി പങ്കെടുത്തിട്ടുള്ളവയാകുന്നു.

ഞാൻ കഴിഞ്ഞ തവണ നിങ്ങളോടു സംസാരിച്ചതിന്നുശേഷം അനവധി കാൎയ്യങ്ങൾ ഭേദപ്പെട്ടു കഴിഞ്ഞിരിക്കുന്നു. പരാജയം വന്നപ്പോൾ ധൈൎയ്യം വിടാതിരുന്നപോലെതന്നെ, വിജയവേളയിൽ നാം അത്യധികം ആഹ്ലാദിക്കുന്നതുമില്ല.

ഭാവിയെ സംബന്ധിച്ചു് വളരെ ശുഭപ്രതീക്ഷകൾ ഞങ്ങൾക്കുള്ളപോലെതന്നെ അടുത്ത കാലത്തെക്കുറിച്ചു് വലിയ സുഖസ്വപ്നങ്ങളൊന്നും ഞങ്ങൾ കാണുന്നില്ല. വിജയം കൈവരുവാൻ ഇനിയും എല്ലു് മുറിയെ പണിയെടുക്കേണമെന്നും പല്ലു് പോകുവോളം യുദ്ധം ചെയ്യേണമെന്നും ഞങ്ങൾക്കറിയാം. അതിനാൽ വിശ്രമമില്ല ഞങ്ങൾക്കഭീഷ്ടസാദ്ധ്യംവരെ.

—ചക്രവൎത്തി തിരുമേനി, ക്രിസ്തുമസ്സ് ദിവസം ചെയ്ത ആകാശവാണി പ്രസംഗത്തിൽനിന്നു്

## വിഷയവിവരം


| | ഭാഗം |
|---|---|
| വിശ്രമമില്ല ഞങ്ങൾ- കട്ടിച്ചു സാദ്ധ്യംവരെ | 1 |
| പറിപ്പിക്കും | 2 |
| ഇന്ത്യയിലെ ഏററവും അടിയന്തര പ്രശ്നങ്ങൾ | 3, 4, 6 |
| യുദ്ധം: അഞ്ചാം വൎഷപ്പിറപ്പ് | 5 |
| പ്രതിവാരചിന്തകൾ | 7, 8 |
| പ്രത്യേക ലേഖനങ്ങൾ: നവയുഗം, ഇന്ത്യയും യുദ്ധവും, കൃതജ്ഞത | 9, 10, 12 |
| മടക്കം: മേജർ കെ. യം. പണിക്കർ | 13, 14, 15 |
| യുദ്ധവും പട്ടാളത്തിലേക്കാളെ എടുക്കലും: ദിവാൻ ബഹദൂർ എം. രാമൻ | 16, 17, 18 |
| ദേശീയ സമരനിരയിൽ നാം എന്തിനു ചേരണം? റാവു ബഹദൂർ എം. കുഞ്ഞിരാമൻ നായർ | 19, 32 |
| ആയുധമൊ, ആദർശമൊ? ഡോക്ടർ ചേലനാട്ടു് അച്ചുത മേനോൻ | 20, 32 |
| വീരയജ്ഞം: ശ്രീമാൻ കരിമ്പുഴ രാമകൃഷ്ണൻ | 21, 22, 24 |
| ഇന്നത്തെ യുദ്ധവും നമ്മുടെ കലയും: ശ്രീമതി എം. പി. ഭമ്മേ | 23, 24 |
| പ്രാചീന ഭാരതീയരുടെ ശസ്ത്രശാല: ശ്രീമാൻ സി. കെ. അപ്പുക്കുട്ടി ഗുപ്തൻ | 25, 26 |
| തീരാത്ത ദാഹം: ശ്രീമാൻ പി. യം. പി. മേനോൻ | 27, 28 |
| ചെറുകഥ: നളിനിയുടെ നയം: ശ്രീമാൻ പത്മനാഭൻ, ബി. എ. | 29, 35 |
| ഉപദേശം ഫലിച്ചു: കെ. എൻ. | 30 |
| ചൈന കീഴടങ്ങില്ല: ചേലനാട്ടു പത്മനാഭൻ, ബി. എ. | 31 |
| യുദ്ധവും നമ്മുടെ കൎത്തവ്യവും: റാവു സാഹിബ് ഒ. ശങ്കരൻ | 33 |
| കയിറോവിലെ രണ്ടു സ്ഥാപനങ്ങൾ: മേജർ. കെ. എം. പണിക്കർ | 34, 35 |
| 5,000 ക. ഇനാം | 36 |


# പറിപ്പിക്കും

(൨൦൦)

ഉന്നതഹിമാചല ശൃംഗോത്ഥഗംഗോത്രിയും
ധന്യസംസ്കാരോജ്ജ്വല വിസ്തൃതാരാമങ്ങളും
ഗീതോപനിഷദ്കാവ്യഗായകന്മാരും ശ്രേഷ്ഠ-
വാദനങ്ങളും ചേരും കിഴക്കെ, നമസ്കാരം!
ഒരുഭാഗത്താ ചിന—ലോകത്തിനെല്ലാം ദീപം,
ഒരുഭാഗത്താനൃത്യകോമളകലാരാജ്യം,
പരഭാഗത്താ പാരസീകമാം മധുസ്യന്ദം,
പുരുസൌഭ്രാത്രപ്രസവിത്രിയാളൊരുഭാഗം;
—ഈവ്വുശം പരിഹിതസൌഭാഗ്യപ്രഭാവയായ്
മേദിനി, മുനിവംശജനനി, ജയിക്കുന്നു!

ആശയംകൊണ്ടാഴവും സ്നേഹത്താൽ ചലനവും
ആശ്രയിച്ചെഴുന്നാഴി, വ്യോമ,—മെന്നിക്കൈകളാൽ
വിശ്വത്തെ സൎവ്വം പുൽകും പുണ്യദേശമെ! നിന്നെ
പശ്ചിമതമോളക്ഷി വ്യക്തമാസ്ക്കാണുന്നീലാ!
കാൽദിയാ, അസീറിയാ, ബേബിലോണിയാ, ഗ്രീസെ-
ന്നാദിസച്ചരിത്രങ്ങൾക്കൊക്കവെ ദൃക്സ്സാക്ഷിയായ്
നീയിന്നുമെന്നും നില്പു, പൌരസ്ത്യപ്രദീപമേ!
തായകൾക്കെല്ലാം തായെ! ബുദ്ധനെ പെററുള്ളമ്മെ!

നദികൾ നിറഞ്ഞുള്ള രാജ്യത്തിൽ പിറന്ന ഞാൻ
നദിയെ പൂജിച്ചുള്ളെൻ പൂൎവ്വരെ പൂജിക്കുന്നു.
ഹൃൽഗ്ഗളന്നദിയൊന്നുണ്ടെത്രയും പവിത്രമായ്
സൽഗുരുക്കളാമവരിങ്ങൊഴുക്കിയതായി!
ആയതിൻ വിസ്തീൎണ്ണവുമാഴവുമളക്കുവാ-
നായിതാ സദാ 'ഹിന്ദുസ്ഥമുഖം' കുഴങ്ങുന്നു!
അസ്വതന്ത്രയാണെന്നു വന്നാലും സ്വാതന്ത്ര്യത്തെ
നിസ്വൎക്കും ധനികൎക്കുമൊന്നുപോൽ വിതിപ്പവൾ,
അനുശാന്തയാണെന്നുവന്നാലും സുശാന്തിയെ
വിസ്തരിച്ചുലകിന്നു നേർവഴി കാണിപ്പവൾ,
അസുബോധയല്ലവ,—ളസുധൈൎയ്യയുമല്ലാ,
നിസ്തുല സ്നേഹത്തിന്റെ സന്ദേശം വഹിപ്പവൾ—
ഞാനിതുവരെത്തേടിപ്പോന്നതാം നിധി, കാല്ക്കൽ-
ത്താനിതാ കിടക്കുന്നു! നിനക്കെൻ നമസ്കാരം!
വന്നുകൊള്ളട്ടെ യേതു ശത്രുവു,—മുടവാൾതൻ
മുന്നിൽവെപ്പിച്ചെന്നമ്മ കൈക്കൂപ്പാൻ പഠിപ്പിക്കും!


# ഇന്ത്യയിലെ ഏററവും അടിയന്തര പ്രശ്നങ്ങൾ

## ആദ്യം ജനങ്ങൾക്കു് വയറു് നിറച്ചു് ഉണ്ണാനുണ്ടാകട്ടെ

"ഇന്ത്യൻ ഭരണത്തിന്റെ മേലധികാരിയുടെ നിലക്കും, ഇന്ത്യയുടെ ഒരു പഴയ ആത്മമിത്രത്തിന്റെ നിലക്കും ഇന്ത്യയെ അധികം ശോഭനമായ ഒരു ഭാവിയിൽ കൊണ്ടുവിടുവാൻ ഞാൻ സർവ്വ പരിശ്രമങ്ങളും ചെയ്യാതിരിക്കയില്ല. ഇതിന്നുള്ള വഴി വളരെ സുഗമമാണെന്നു് ഞാൻ കരുതുന്നില്ല; എളുപ്പവഴികളൊട്ടില്ലതാനും. എന്നാൽ ഇന്നത്തെ വിഷമപ്രശ്നങ്ങളെ ന്യായമായി ചിന്തിച്ചു അവക്കെല്ലാം ഒരു മാർഗ്ഗം കാണുന്നപക്ഷം വളരെ ഉന്നതയിലുള്ള ഒരു ഭാവി ഇന്ത്യക്കുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു."

ഇപ്പോഴത്തെ നമ്മുടെ വൈസറോയി, വേവൽ പ്രഭു, തന്റെ സ്ഥാനാരോഹണത്തിന്നു ശേഷം ആദ്യമായി ചെയ്ത ഒരു പ്രസ്താവനയായിരുന്നു കൽക്കത്തയിൽ വെച്ചു് ഡിസെമ്പർ 20-ാം തിയ്യതി അസോസിയേറ്റഡ് ചേമ്പർസ് ഓഫ് കോമേർസ് മുമ്പാകെ ചെയ്തതു്.

മറ്റെന്തു പ്രശ്നങ്ങളും നൊമ്മെ ഇന്ത്യയിൽ നേരിടുന്നുണ്ടെങ്കിലും അവയെല്ലാററിലുംവെച്ചു് പ്രധാനമായിട്ടുള്ളതാണു് ഭക്ഷണം. ജനങ്ങൾക്കു് ആദ്യമായി ഉണ്ണാൻ ധാരാളം ഉണ്ടാകട്ടെ; മററുള്ളതൊക്കെ പിന്നെയാകാം. ഭക്ഷണകാര്യത്തിൽ ഇന്നത്തെ വിഷമസ്ഥിതി എങ്ങിനെ വന്നു സംഭവിച്ചുവെന്നാരും ഇപ്പോൾ ആലോചിക്കേണ്ട; അങ്ങിനെയുള്ളാലോചനകൊണ്ടു് യാതോരനുഭവവും ഇല്ല. ഇന്ത്യയിലെ ഭക്ഷണരംഗത്തിൽ പ്രധാനമായിട്ടുള്ള വിഷയങ്ങളേതെല്ലാമാണു്? പ്രധാനമായ ഭക്ഷണധാന്യങ്ങളുടെ വില നോക്കുകയാണെങ്കിൽ സാധാരണകാലങ്ങളിൽ ജനങ്ങൾക്കു് വേണ്ടത്രയുണ്ടാകുന്നുണ്ടു്. ഇങ്ങിനെയാണെങ്കിലും ഭൂരിപക്ഷം ജനങ്ങളും വയറു നിറച്ചു ഭക്ഷണം കഴിക്കുന്നില്ല. ഈ സ്ഥിതിക്കു് വിഷമഘട്ടങ്ങൾ വരുമ്പോൾ ഇക്കൂട്ടർക്കു് മുണ്ടുമുറുക്കിയുടുക്കുകമാത്രമെ ഗതിയുള്ളൂ. ഭക്ഷണസാധനങ്ങൾ വിളയുന്ന പ്രദേശങ്ങളെപ്പററി ചിന്തിക്കുമ്പോൾ അവയെല്ലായിടത്തും ഒരുപോലെ വിളയുന്നില്ലെന്നുള്ള സംഗതിയും പ്രത്യേകം ഓർക്കേണ്ടതാകുന്നു. മൂന്നാമതായി, കൃഷിക്കാർ മിക്കതും ഒന്നാംകിടയിൽ കൃഷി ചെയ്യുന്നവരല്ല. അല്പം വിത്തിന്നുള്ള കൃഷി മാത്രം ഉള്ളവരാണു മിക്കതും ആളുകൾ. ഇതിൽനിന്നുള്ള അനുഭവവും അവർക്കു കഷ്ടിച്ചു് ചെലവുകഴിച്ചുകൂട്ടുവാൻ മാത്രമെയുള്ളൂതാനും. അപ്രതീക്ഷിതമായ വല്ല സംഭവങ്ങളും നേരിടുകയാണെങ്കിൽ കാര്യങ്ങൾ പെട്ടെന്നു് അവതാളത്തിലാകാനിടയുള്ള സ്ഥിതിയിലായിരുന്നു സാധാരണ കാലങ്ങളിൽകൂടി ഇന്ത്യയിലെ ഭക്ഷണരംഗം. ജാപ്പാൻ യുദ്ധത്തിൽ ചേരുകയും, ബർമ്മയും മലയായും നമ്മുടെ കൈവശത്തിൽനിന്നു പോവുകയും ചെയ്തപ്പോൾ യുദ്ധം ഇന്ത്യയുടെ അതിർത്തിയിൽ എത്തുകയും, ഇന്ത്യയിലെ കാര്യങ്ങൾ മുഴുവനും താളം തെററുകയുംചെയ്തു. യുദ്ധത്തിന്റെ ഗതിയെ സംബന്ധിച്ചു സംശയാവഹമായിട്ടുള്ള സ്ഥിതിയും ബർമ്മയിൽനിന്നു നമുക്കു അരി വന്നിരുന്നതു് ഇല്ലാതെപോയതും ചെറിയ കൃഷിക്കാരെ പരിഭ്രമിപ്പിക്കുകയും അവരുടെ വിളകൾ കൈവിടാൻ അവർക്കു വിഷമത വരുത്തുകയും ചെയ്തു. സാധാരണ അരിയും നെല്ലും വിലക്കുവാങ്ങി ഉപയോഗിക്കുന്നവർ അധികമായി വാങ്ങി സൂക്ഷിക്കുവാനും തുടങ്ങി. ഈ രണ്ടു സംഭവങ്ങളും നടന്നതിൽ യാതൊരു തെററും ഇല്ല. ഇതു് രണ്ടും പൊതുജനങ്ങൾക്കു് ഒട്ടാകെ വന്ന വിശ്വാസക്കുറവുകൊണ്ടാകുന്നു. ഈ വിശ്വാസക്കുറവു ക്ഷന്തവ്യമാണുതാനും.



വേവൽ പ്രഭു

യുദ്ധാനന്തരമുണ്ടാകുന്ന ഇന്ത്യൻ സമുദായ നവീകരണക്രമത്തെപ്പററി പറകയാണെങ്കിൽ ദേശീയ ജീവിതം കുറെക്കൂടി നല്ല നിലയിലും കാര്യക്ഷമമായും പുനരാരംഭിക്കേണ്ടതിന്നു ഗാഢാലോചനകൾ നടത്തേണമെന്നും, ജനങ്ങളുടെ ജീവിതരീതി കുറെക്കൂടി ഉയർത്തേണമെന്നും, ഇക്കാര്യത്തിൽ ഇന്ത്യയുടെ ജനത ആണ്ടുതോറും നാല്പതൊ അമ്പതൊ ലക്ഷത്തോതിൽ വർദ്ധിച്ചു വരികയാണെന്നുള്ള സംഗതി മറന്നുപോകരുതെന്നും വൈസറോയി പ്രത്യേകം ചൂണ്ടിക്കാണിച്ചു. ഇതിലേക്കു പ്രധാനമായി വ്യവസായങ്ങൾ പുഷ്ടിപ്പെടുത്തേണമെന്നും, അതോടൊന്നിച്ചു തന്നെ കൃഷിയും നന്നാക്കിത്തീർക്കേണമെന്നും അദ്ദേഹം ഉപദേശിച്ചു. ഇങ്ങനെ ചെയ്താൽ മാത്രമെ ദിനംപ്രതി വർദ്ധിച്ചുവരുന്ന ജനതക്കു ഉയർന്ന ജീവിതരീതി ഏർപ്പാടു ചെയ്യാൻ സാധിക്കയുള്ളൂ. സാമുദായിക നന്മയുടെ കാര്യം ആലോചിച്ചാൽ താഴെ പറയുന്ന നിലയിലുള്ള ഒരു പ്രായോഗിക പദ്ധതി

യാണ് അധികം നല്ലതു്. ഒന്നാമതായി, ഗതാഗതങ്ങളുടെ സൌകര്യങ്ങൾക്കു പുഷ്ടിവരുത്തുക; രണ്ടാമതു, പൊതുജനാരോഗ്യം നന്നാക്കുക; മൂന്നാമതു, വിദ്യാഭ്യാസം വർദ്ധിപ്പിക്കുക.

രാഷ്ട്രീയ കാര്യങ്ങളെപ്പററി യാതൊന്നും വൈസറോയി പ്രസ്താവിക്കയുണ്ടായില്ല. യുദ്ധം കഴിഞ്ഞാൽ രാഷ്ട്രീയ കാര്യങ്ങൾ തന്നെത്താൻ ശെരിപ്പെട്ടുകൊള്ളുമെന്നുള്ള ഒരു വിശ്വാസത്തിന്മേലല്ല, ഇതിനെപ്പററി പ്രസ്താവിക്കാതിരുന്നതു്. എന്നാൽ ഏററവും അടിയന്തരപ്രശ്നങ്ങളായ മററു കാര്യങ്ങളിരിക്കെ, അതായതു, യുദ്ധത്തിൽ വിജയം വരുത്തുക, സാമ്പത്തിക രംഗത്തെ ദൃഢീകരിക്കുക, എന്നുള്ള പ്രശ്നങ്ങൾ മുൻകൂട്ടി ചിന്തിക്കേണ്ടതായിരിക്കെ, അവക്കു വേണ്ടി നമ്മുടെ ശവ്വശക്തിയും, ബുദ്ധിയും, ചൈതന്യവും ഉപയോഗിക്കേണ്ടതായിട്ടുണ്ടു്. ഇതിലേക്കു ആരുടെ വക്കൽനിന്നായാലും ശരി, വൈസറോയി സഹകരണം സ്വാഗതം ചെയ്‌വാൻ തെയ്യാറാണു്. ഇങ്ങിനെയുള്ള സഹകരണ പദ്ധതിയിൽ സവ്വകക്ഷികളും ഒത്തൊരുമിച്ചു് പ്രവൎത്തിക്കുന്നപക്ഷം ഒരുപക്ഷെ ഇന്നത്തെ രാഷ്ട്രിയ വിഷമതകൾക്കു കൂടി ഒരു നിവാരണം കണ്ടേക്കാം. “ഇന്ത്യൻ ഭരണത്തിൻെറ മേലധികാരിയുടെ നിലക്കും, ഇന്ത്യയുടെ ഒരു പഴയ ആത്മമിത്രത്തിൻെറ നിലക്കും ഇന്ത്യയെ അധികം ശോഭനമായ ഒരു ഭാവിയിൽ കൊണ്ടുവിടുവാൻ ഞാൻ സവ്വപരിശ്രമങ്ങളും ചെയ്യാതിരിക്കയില്ല. ഇതിന്നുള്ള വഴി വളരെ സുഗമമാണെന്നു് ഞാൻ കരുതുന്നില്ല; എളുപ്പവഴികളൊട്ടില്ലതാനും. എന്നാൽ ഇന്നത്തെ വിഷമപ്രശ്നങ്ങളെ ന്യായമായി ചിന്തിച്ചു അവക്കെല്ലാം ഒരു മാൎഗ്ഗം കാണുന്നപക്ഷം വളരെ ഉന്നതിയിലുള്ള ഒരു ഭാവി ഇന്ത്യക്കുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു.” എന്നായിരുന്നു വൈസറോയിയുടെ പ്രസംഗത്തിൻെറ ഉപസംഹാരം.

## യുദ്ധഗതി

ഇന്നത്തെ യുദ്ധത്തിൻെറ ഗതിയെപ്പററിയാണു് പിന്നീടു വൈസറോയി വിസ്തരിച്ചതു്. യൂറോപ്പിൽ അധിക കാലതാമസമില്ലാതെ യുദ്ധം അവസാനിക്കാതിരിക്കയില്ലെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. എന്നാൽ ജമ്മൻ സൈന്യത്തിന്നു് ഇനിയും യാതൊരു കെല്പുകുറവും വന്നിട്ടില്ല. ഹിററ്ലക്കു ഇതു നല്ലൊരു രക്ഷയാണെങ്കിലും, ജമ്മനിയിലെ പൊതുജനങ്ങളുടെ മനസ്ഥിതി കൊണ്ടു് ഹിററ്ലക്കു ഉറക്കം വരുന്നതുമില്ല.

പടിഞ്ഞാറൻ രംഗത്തിൽ യുദ്ധാവസാനമാവുമ്പോൾ കിഴക്കൻ രംഗത്തിൽ ജാപ്പാൻെറ നേരെയുള്ള യുദ്ധം തുടങ്ങുകയെ ഉള്ളൂ. ജാപ്പാനെ പരാജയപ്പെടുത്തി പരിപൂണ്ണമായി കീഴടക്കുമാറുള്ള നിലക്കാണു് ഇതിൻെറ ഗാംഭീര്യം. കിഴക്കൻ രംഗത്തിലുള്ള യുദ്ധത്തിൻെറ ആവശ്യം കിഴക്കൻ രാജ്യങ്ങൾക്കുമാത്രമല്ല, ലോകത്തിന്നൊട്ടാകേയും, മനുഷ്യസമുദായത്തിൻെറ സംസ്കാരം നിലനിൎത്തേണ്ടതിന്നും ആവശ്യമാകുന്നു. ഈ സംഗതി മനസ്സിലാക്കാത്തവർ ഇന്നും ഉണ്ടു്. ജമ്മനിയെ തോല്പിക്കുന്ന പോലെ സംശയരഹിതമായ നിലയിൽ ജാപ്പാനെയും തോല്പിച്ചല്ലാതെ ലോകത്തിൽ സമാധാനമുണ്ടാകയില്ല. നഷ്ടം വന്നുപോയ രാജ്യങ്ങളെ മടങ്ങിയെടുക്കേണമെന്നൊ, പെട്രോളും മണ്ണെണ്ണയും കുറെ കൂടി കിട്ടുവാനിടവരേണമെന്നൊ ഉദ്ദേശിച്ചുള്ള ഒരു യുദ്ധമല്ലാ ഇതു്. സംസ്കാര ശക്തികൊണ്ടു് ക്രൂര ശക്തിയെ നശിപ്പിക്കുന്ന ഒരു പ്രവൃത്തിയാണിതിൽ അന്തൎഭവിച്ചിരിക്കുന്നതു്.



മൌണ്ട്ബാററൻ പ്രഭു

ജാപ്പാൻെറ നേരെയുള്ള യുദ്ധത്തിൽ ഇന്ത്യ ഒരടിസ്ഥാന താവളമാണു്. ഈ താവളത്തെ ആസ്പദിച്ചു് പുതുതായി ഇപ്പോൾ മൌണ്ട്ബാററൻപ്രഭുവിൻെറ കീഴിൽ ഒരു സൈന്യനായക സമിതിയും ഏൎപ്പാടു ചെയ്തിട്ടുണ്ടു്. ഈ സമിതിയിൽ ബ്രിട്ടൻെറയും അമേരിക്കയുടെയും സൈന്യനായകന്മാരതാ തുരുതുരെ വന്നുചേരുന്നു. ജാപ്പാൻെറ നേരെയുള്ളാക്രമണങ്ങളെ ഇന്ത്യയിൽനിന്നു് നിൎണ്ണയിക്കേണമെന്നു വെച്ചാണു് പുതിയ സൈന്യനായക സമിതി ഇന്ത്യയിൽ തുടങ്ങിയതു്. പണ്ടു് പശ്ചിമ രംഗത്തിൽ കണ്ടിട്ടില്ലാത്തവിധം അത്ര ശക്തിയോടുകൂടിയ കടൽ

(ശേഷം 6-ാം പേജിൽ)

# യുദ്ധം: അഞ്ചാം വർഷപ്പിറപ്പ്

## ബഹുമാനപ്പെട്ട മദിരാശി ഗവർണ്ണരുടെ സന്ദേശം

പുതുവർഷാരംഭത്തിൽ പ്രസിദ്ധീകരിപ്പാനുദ്ദേശിക്കുന്ന "യുദ്ധസഞ്ചിക"യുടെ വിശേഷാൽ പ്രതിക്കു ബഹുമാനപ്പെട്ട മദിരാശി ഗവർണ്ണർ സേർ ആർതർ ഹോപ്പ് ഞങ്ങളുടെ അപേക്ഷാനുസൃതം 1943 ഡിസെമ്പർ 24-ാംതിയ്യതി അയച്ചുതന്ന ഒരു സന്ദേശമാണിതു്:

കൊല്ലം 1944 ജനുവരി 1-ാംതിയ്യതിക്കു ലോകയുദ്ധം തുടങ്ങീട്ടു് അഞ്ചാമത്തെ പുതുവർഷാരംഭമാണു്.

നാം അല്പം ഒന്നു് പിന്നോക്കം തിരിഞ്ഞു് കഴിഞ്ഞു പോയ 1943-ാം കൊല്ലത്തെ ഒന്നു് ഒട്ടാകെ പരിശോധിക്കുമ്പോൾ നമുക്കു സന്തോഷിക്കാനേ വഴിയുള്ളു.

ഈ കൊല്ലം മുഴുവനും ഐക്യകക്ഷികളുടെ ശത്രുക്കൾക്കു സർവ്വ ദിക്കിലും ഭയങ്കരമായ പരാജയം നേരിടുകയും കയറിത്തല്ലിയിരുന്ന നയം വിട്ടു കൊള്ളുന്ന തല്ലിനെ തടുക്കുകയെന്നുള്ള നയം അവർ ആചരിക്കുകയും ചെയ്തിരിക്കുന്നു.

മദ്ധ്യധരണിയുടെ പരിസരങ്ങളിൽ ആഫ്രിക്കയിൽനിന്നു് ശത്രുക്കളെ ഒഴിപ്പിച്ചു അടിച്ചുതളി കൂടി കഴിഞ്ഞു. ഇററലികാരോ ജർമ്മൻകാരോ വല്ലവരും ഇനി ഇവിടെയുണ്ടെങ്കിൽ അതു് നമ്മുടെ തടവുകാരായി മാത്രമാണു്. മുസ്സോളിനിയുടെ അധഃപതനമായി; മാത്രമല്ല, ഇററലിയിലെ ജനതക്കു അക്രമബുദ്ധിയോടുകൂടിയുള്ള യുദ്ധനയത്തോടു യാതൊരാനുകൂല്യവുമില്ലെന്നും, അകാരണവിഗ്രഹികളായ ഫാസിസ്റ്റ്കാരോടു യാതൊരനുഭാവവുമില്ലെന്നും വളരെ കാലമായി പ്രകാശിച്ചിരുന്നതു് ഇപ്പോൾ പ്രത്യക്ഷപ്പെടുകയും ചെയ്തിരിക്കുന്നു. ഇററലിയുടെ മൂന്നിലൊരു ഭാഗം ഐക്യകക്ഷി സൈന്യങ്ങളുടെ കൈവശത്തിലായി കഴിഞ്ഞിരിക്കുന്നു. ബാക്കിയുള്ള ദിക്കിൽ നിന്നു് ജർമ്മൻകാരെ ക്രമേണ ഓടിക്കുകയും ചെയ്യുന്നു.



ബഹു. മദിരാശി ഗവർണ്ണർ

റഷ്യയിൽ ജർമ്മൻകാരുടെ വക്കൽനിന്നു് നമ്മുടെ സഖ്യശക്തികൾ ജർമ്മനിയുടെ വലുപ്പത്തിലുള്ള പ്രദേശങ്ങൾ പിടിച്ചെടുത്തു കഴിഞ്ഞു. ഈ പ്രവൃത്തിയിൽ അവർ കാണിച്ച സാമർത്ഥ്യവും, ധൈര്യവും, സ്ഥിരോത്സാഹവും അനന്യസാധാരണവുമായിരുന്നു. ഇപ്പോൾ ജർമ്മനിക്കും ജർമ്മനിയുടെ കക്ഷിയിൽ പെട്ട ബാൾക്കൻ പ്രദേശങ്ങൾക്കും അഭിമുഖമായിത്തന്നേയാണു് സഖ്യശക്തികളുടെ ഗതി.

കിഴക്കൻ പ്രദേശങ്ങളിൽ ജാപ്പാൻെറ ഭാഗ്യത്തിനു ചുതിരിഞ്ഞു. തൻെറ ദുർബ്ബലമായ ഗതാഗതനിവൃത്തിമാർഗ്ഗങ്ങളെ രക്ഷിച്ചുകൊണ്ടും തടവുമാത്രം ഒരുടവായും കഴിച്ചുകൂട്ടുകയാണു്. തൻെറ രക്ഷാബന്ധങ്ങളുടെ പുറമതിലുകൾ പല ദിക്കിലും പൊളിഞ്ഞു കഴിഞ്ഞു; അകത്തെ മതിൽക്കെട്ടിന്നു തന്നെ അടുത്തപായം വന്നേക്കാമെന്നുള്ള സ്ഥിതിയിലെത്തിയിരിക്കുന്നു.

1944 ൽ എന്തൊക്കെയാണു് സംഭവിക്കുകയെന്നാക്കും തിട്ടപ്പെടുത്തി പറവാൻ സാധിക്കയില്ല; പ്രശ്നം പറവാൻ ശ്രമിക്കുന്നതു വിഡ്ഢിത്തവുമാണു്. യൂറോപ്പിലെ യുദ്ധത്തിൽ വിജയം കൈവന്നു് പശ്ചിമരംഗത്തിലെ യുദ്ധം വിജയത്തിലേക്കുള്ള വഴിയിൽ കൂടുമെന്നു് വിശ്വസിക്കാം.

അല്പകാലം മുമ്പു ശത്രുക്കൾ പിടിച്ചേക്കുമോ എന്നു ഭയപ്പെടുവാനിടയുണ്ടായിരുന്ന കെയിറോവിലും ടിഹറാനിലും വെച്ചു അടുത്തുണ്ടായ സമ്മേളനങ്ങളിൽ നാസികളുടേയും ജാപ്പാൻെറയും ശക്തിയെ നശിപ്പിക്കാനുള്ള പ്ലാൻ മുഴുവൻ തെയ്യാറായിരിക്കുന്നു.


അവസരം വരുമ്പോൾ നമ്മുടെ സർവ്വശക്തിയും പ്രയോഗിച്ചു കലാശപ്രഹരം കൊടുപ്പാൻ നാം തെയ്യാറായിരിക്കണം. നമ്മുടെ പരിശ്രമങ്ങൾക്കൊരു കുറവും വരുത്തരുതു്. നമ്മുടെ നേതാക്കന്മാർ പറഞ്ഞപോലെ, സഖ്യശക്തികൾ യുദ്ധത്തിലും യുദ്ധാനന്തരവും ത്രിവിധകരണങ്ങളെക്കൊണ്ടും മിത്രഭാവം നിലനിർത്തണം. ഇങ്ങിനെയായാലെ നാസികളുടേയും ജാപ്പാൻെറയും ബാധയൊഴിപ്പിച്ചതിന്നു ശേഷവും ലോകത്തിൽ യുദ്ധമില്ലാതെയാക്കുവാൻ നിവൃത്തിയുള്ളു.

(4-ാം പേജിൽ നിന്നു തുടർച്ച)

സൈന്യവും, കരസൈന്യവും, വിമാനസൈന്യവും ഇന്ത്യയിൽ ശേഖരിക്കുവാനിടയായിരിക്കുന്നു. ഇതനുസരിച്ച് ഇന്ത്യയുടെ സർവ്വ ധനനിവൃത്തിമാർഗ്ഗങ്ങളെയും നിർണ്ണയിക്കുകയും വേണം. ഇതെവരെ ഇന്ത്യ ചെയ്തതായ യുദ്ധപരിശ്രമങ്ങൾകൊണ്ടു തന്നെ ഇന്ത്യൻ ജനത ഒട്ടധികം കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടതായി വന്നിട്ടുണ്ട്. ഈ സ്ഥിതിക്കു വരുന്ന കൊല്ലം ഇതിലധികം കഷ്ടപ്പാടുകൾ പൊതുജനങ്ങളനുഭവിക്കേണ്ടിവരികയാണെങ്കിൽ അവയെ താങ്ങേണ്ടതിന്നുള്ള ശക്തി അവർക്കുണ്ടാക്കുവാനുതകുന്ന സർവ്വമാർഗ്ഗങ്ങളും നടവടികളും ചെയ്യുവെക്കുന്നതാണ്.

## യുദ്ധാനന്തര പുനർജ്ജീവനം

യുദ്ധാനന്തരം ഇന്ത്യയുടെ സ്ഥിതിയെ പുനർജ്ജീവിപ്പിക്കുന്ന സംഗതിയെ കുറിച്ചും വൈസറോയി പ്രസ്താവിച്ചു. ഈ പുനർജ്ജീവനകാര്യത്തെ വ്യവസ്ഥ ചെയ്യുന്നതിലാണ് ഇന്ത്യയുടെ ഭാവിയുടെ ശോഭ മുഴുവനും കിടക്കുന്നത്. വ്യവസ്ഥ ചെയ്യുന്ന കാര്യത്തിൽ പലേ പ്രതിബന്ധങ്ങളുമുണ്ട്. എത്രയും മുറുകിക്കൊണ്ടു നടത്തിവരുന്ന യുദ്ധപരിശ്രമങ്ങളെല്ലാം അയക്കേണ്ടതായിവരും. പ്രധാനമായി, ഇന്നുള്ള പട്ടാളത്തെ ഏറക്കുറെ പിരിച്ചുവിടേണ്ടതായിരിക്കും. അതോടൊന്നിച്ച് സൈന്യോപകരണങ്ങൾക്കു വേണ്ടി യുദ്ധം തുടങ്ങിയതിന്നുശേഷം ഇന്ത്യയിൽ സ്ഥാപിക്കേണ്ടതായി വന്നിട്ടുള്ള അനവധി വ്യവസായങ്ങളെ വേണ്ടെന്നു വെക്കേണ്ടതായിവരും. സമാധാനകാലത്ത് ജനസമുദായത്തിന്നാവശ്യമുള്ള സാധന നിർമ്മാണങ്ങൾക്കെ വ്യവസായശാലകൾ നിലനിൽക്കേണ്ടതായി വരികയുള്ളൂ. സൈന്യാവിശ്യാർത്ഥം ശേഖരിച്ചുവെച്ചിട്ടുള്ള അനവധി സാധനങ്ങൾ പെട്ടവിലക്കു വിററുതള്ളേണ്ടതായും വരും. വിലനിയന്ത്രണം, കയററുമതി ഇറക്കുമതി നിയന്ത്രണം, ഭക്ഷണകാര്യ നിയന്ത്രണം മുതലായ നിയമനിബന്ധനകൾ ഇല്ലാതാക്കേണ്ടതായും വരും. ഇതെല്ലാം കുറെ വ്യവസ്ഥകളോടും, ചിട്ടയോടും ചെയ്യാത്ത പക്ഷം വളരെ കുഴപ്പങ്ങൾ വന്നു സംഭവിക്കാനും വഴിയുണ്ട്. ഗാഢമായാലോചന ചെയ്തു ഒരു പ്ലാൻ അനുസരിച്ച് സമാധാനകാല നിയന്ത്രണം ചെയ്ത്, ഇന്ത്യയിലെ പൌരാണിക ജീവിതം ഒരു നല്ല നിലയിൽ ആക്കിത്തീർക്കുവാൻ നാം അശ്രാന്തപരിശ്രമം ചെയ്യേണ്ടതാകുന്നു. ഇക്കാര്യത്തിൽ ഇന്ത്യക്കു പ്രകൃതിദത്തമായ പലേ സൌകര്യങ്ങളുമുണ്ട്. പ്രകൃതി അനുഗ്രഹിച്ചു കൊടുത്തതായ വിഭവങ്ങൾ എത്രയാണെന്നു പറവാൻ വയ്യ. പ്രയത്നിക്കാൻ പ്രാപ്തിയുള്ളവർ ധാരാളം. യുദ്ധം തുടങ്ങിയതിന്നുശേഷം ഈ പ്രയത്നപ്രാപ്തി പതിന്മടങ്ങു വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. യുദ്ധാവിശ്യാർത്ഥം കരകൌശല പരിശീലനം വന്ന തൊഴിലാളികൾ വളരെ വർദ്ധിച്ചിരിക്കുന്നു. വ്യവസായങ്ങളിൽ കണ്ണ് തെളിഞ്ഞ മുതലാളികളാണെങ്കിൽ ധാരാളമായിട്ടുണ്ട് യുദ്ധോപകരണങ്ങളുടെ നിർമ്മാണം കൊണ്ടും വില്പനകൊണ്ടും ലോകരംഗത്തിൽ ഇന്ത്യയുടെ സ്ഥിതി ഒരു മുതലാളിയുടെതാവുകയും ചെയ്തിരിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ പൂർവ്വരാജ്യങ്ങളിൽ വെച്ച് ഏററവും അഭിവൃദ്ധിയോടുകൂടിയ ഒരു രാജ്യമാവാൻ യുദ്ധാനന്തരം ഇന്ത്യക്കു യാതൊരു പ്രയാസവുമില്ല. അന്തഃഛിദ്രങ്ങളെല്ലാം അവസാനിപ്പിച്ച് സമാധാനകാലത്തു സ്വരാജ്യാഭിവൃദ്ധിക്കു മുഖ്യമായ പ്രവൃത്തികൾ ചെയ്തുവരുമാറ് ഇന്ത്യയിലെ ജനത ഒരുങ്ങേണമെന്ന് മാത്രമെയുള്ളൂ.




ശാന്തസമുദ്രരംഗം

# പ്രതിവാരചിന്തകൾ

യുദ്ധാനന്തരം ഇംഗ്ലണ്ടിൽ ഉണ്ടാകുന്ന തൊഴിലാളി സമുദായത്തിന്റെ സംരക്ഷണക്കുവേണ്ടി ഒരു സ്കീം തെയ്യാറാക്കീട്ടുള്ളതിന്നാണ് ബെവറിഡ്ജ് സ്കീം എന്നു പറയുന്നതു്. അതു പോലെ ഒരു സ്കീം ഇന്ത്യയിലും നടപ്പാക്കണമെന്നുവെച്ച് പ്രസ്തുത വിഷയത്തെ പററി ചിന്തിക്കുവാൻ രൂപീകരിച്ചതിന്നാണ ഇണ്ടസ്റ്റ്രിയൽ പ്ലാനിങ്ങ് കമ്മിററിയെന്നു പേർ പറയുന്നതു്. കമ്മിററിയുടെ പ്രവൃത്തി ഇന്ത്യയിലും ഇതുപോലെ ഒരു സ്കീം തെയ്യാറാക്കുകയാണ്. ഇതിന്റെ ചെയർമാനായി ഇപ്പോൾ മി. ഡി. വി. റെഗെ, ഐ. സി. എസ്സിനെ നിശ്ചയിച്ചിരിക്കുന്നു. ഇദ്ദേഹം മദ്ധ്യ സംസ്ഥാനത്തിൽ ലേബർ കമ്മിഷണറാണ്. പുതിയ ഉദ്യോഗത്തിൽ ഇദ്ദേഹം ജനവരിയിൽ പ്രവേശിക്കുന്നതായിരിക്കും.

ഇംഗ്ലണ്ടിൽ നടപ്പാക്കാൻ പോകുന്ന ബെവറിഡ്ജ് സ്കീമിന്ന് മറെറാരു പേർ പറയാമെങ്കിൽ സാമുദായിക സംരക്ഷണ ക്രമീകരണമാണ്. ബ്രിട്ടനിലെ സമുദായം വ്യവസായിക ജീവിതം ആചരിക്കുന്ന സമുദായവും, ഈ സമുദായത്തിന്റെ നിവൃത്തി മാർഗ്ഗങ്ങളും, ജീവിത രീതിയും എത്രയൊ ഉയൎന്ന തരത്തിലുള്ളതുമാകയാൽ ബെവറിഡ്ജിന്റെ യശസ്കാമ്യമായ സ്കീം അവിടെ നടപ്പാക്കുന്നതിൽ യാതൊരു വിഷമതയുമില്ലാത്തതുമാകുന്നു. അതെമാതിരിയുള്ള ഒരു സ്കീം ഇന്ത്യയിൽ നടപ്പാക്കാനുള്ള വിഷമതകളിൽ ഏററവും പ്രധാനമായിട്ടുള്ളതാണ് ഇന്ത്യ പ്രാധാന്യേന ഒരു കാൎഷിക സമുദായത്തിന്റെ ജന്മഭൂമിയാണെന്നുള്ള സംഗതി. രണ്ടാമതൊരു പ്രതിബന്ധമായിട്ടുള്ളതു ഇംഗ്ലണ്ടിലുള്ളപോലെ ഇന്ത്യയിൽ രാഷ്ട്രവും, മുതലാളികളും, തൊഴിലാളികളും കൂടി പക്ഷഭേദമില്ലാതെ ധനനിവൃത്തി മാർഗ്ഗങ്ങൾ പങ്കിടുവാനൊരുങ്ങീട്ടില്ല. അതിനാൽ ഇന്ത്യയിലെ വ്യവസായിക വൎദ്ധനാവിഷയത്തിൽ ഇൻഷ്വറൻസ് തത്വം ആചരിക്കേണമെന്നു സേർ വില്യം ബെവറിഡ്ജ് അഭിപ്രായപ്പെട്ടിട്ടുള്ളതു പരിപൂൎണ്ണമായി ആചരിപ്പാൻ നിവൃത്തിയില്ല.



മോസ്കോ സമ്മേളനം

## വ്യവസായിക ഗവേഷണം

വ്യവസായ ക്രമീകരണക്കമ്മിററിക്കു പുറമെ ഇപ്പോൾ പുതുതായി ഒരു വ്യവസായിക ഗവേഷണക്കമ്മിററിയേയും നിശ്ചയിച്ചിരിക്കുന്നു. ഈ കമ്മിററിയുടെ ആവിശ്യം യുദ്ധാനന്തരം ഇന്ത്യയിൽ ഏൎപ്പെടുത്തേണ്ടതും, ശാസ്ത്രീയമായും വ്യവസായികമായും, ഉള്ളതുമായ ഗവേഷണക്രമത്തെക്കുറിച്ച് ആലോചന ചെയ്തു റിപ്പോൎട്ട് ചെയ്കയാണ്. ഇതിന്റെ ചെയർമാനായി സേർ ആർ. കെ. ഷണ്മുഖം ചെട്ട്യാരെ നിശ്ചയിച്ചിരിക്കുന്നു. ഇങ്ങിനെ ഒരു കമ്മിററിയെ നിശ്ചയിക്കേണമെന്ന് തീൎച്ചയാക്കിയതു വ്യവസായിക ഗവേഷണ ബോൎഡിന്റെ ഒരു യോഗം അടുത്തവസരത്തിൽ ബാങ്കളൂരിൽ വെച്ച് കൂടിയപ്പോഴാണ്. യുദ്ധകാലത്തു ഇന്ത്യയിൽ നേരിട്ടിരുന്ന വ്യവസായിക പ്രശ്നങ്ങളെ ചിന്തചെയ്വാനാണ ഈ ബോൎഡിനെ നിശ്ചയിച്ചിരുന്നതു്. ഇതിന്റെ ചെയർമാൻ സേർ അസിസുൾഹക്ക് ആകുന്നു. ഇപ്പോൾ യുദ്ധാനന്തരമുള്ള വ്യവസായിക പ്രശ്നങ്ങളെപ്പററി ചിന്ത ചെയ്യേണമെന്നും, ആയ്യു് ദീൎഘകാലത്തേക്കുതകുന്ന മാതിരിയിലായിരിക്കേണമെന്നും, അതിന്നായി ഒരു പ്രത്യേക കമ്മിററിയെ നിശ്ചയിക്കേണ

മെന്നും പ്രസ്താവിച്ചുകൊണ്ടാണു ഇപ്പോൾ വ്യവസായിക ഗവേഷണക്കമ്മിററിയെ നശ്ചയിച്ചിരിക്കുന്നതു്.

## യുഗോസ്ലേവിയ

ഈ രാജ്യത്തു് അടുത്ത കാലങ്ങളിലായി ഭരണകാര്യത്തിലും, ജർമ്മൻ കക്ഷിയോടെതൃക്കുന്നതിലും, ഐക്യകക്ഷികളുടെ ആനുകൂല്യം, സഹായം മുതലായവകളിലും മെച്ചംകൊണ്ടു ചാടിയവരാണു മാർഷൽ ടൈറേറാവും അദ്ദേഹത്തിന്റെ കക്ഷിയും സൈന്യങ്ങളുമെന്നു ഇതിന്നു മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. മാർഷൽ ടൈറേറാവും കക്ഷിയും കൂടി യുഗോസ്ലേവിയായിൽ സ്ഥാപിച്ച ഭരണത്തിന്നാണു യുഗോസ്ലാവ് കൌൺസിൽ ഓഫ് ലിബറേഷൻ എന്നു പേരും പറയുന്നതു്. യുഗോസ്ലേവിയയിലെ ഭരണാധികാരം തങ്ങളുടെതാണെന്നു പറഞ്ഞു അവിടുത്തെ പീററർ രാജാവും മന്ത്രി സഭയും കെയിറോവിലും സ്ഥിതി ചെയ്തിരുന്നു. കെയിറോവിലുള്ള ഭരണാധികാരത്തിന്റെ പ്രതിനിധിയായി യുഗോസ്ലേവിയായിലുണ്ടായിരുന്നതു ജനറൽ മിഹൈലോവിച്ചുമായിരുന്നു. ഇങ്ങിനെയിരിക്കുന്ന വിഷമഘട്ടത്തിന്നു ഇപ്പോൾ ഒരു നിവാരണം വന്നിരിക്കുന്നുവെന്നാണു കേൾക്കുന്നതു്. ഡിസെമ്പർ 22-ാം തിയ്യതി മാർഷൽ ടൈറേറാവിന്റെ ഭരണാധികാരത്തിൽ നിന്നു പീററർ രാജാവിന്റെയും മന്ത്രി സഭയുടെയും ഭരണാധികാരമെല്ലാം റദ്ദാക്കിയിരിക്കുന്നുവെന്നും, പീററർ രാജാവിന്നു രാജ്യം നാസികളുടെ കൈവശത്തിൽനിന്നു മോചിപ്പിക്കുന്നതുവരെ യുഗോസ്ലേവിയായിലേക്കു മടങ്ങിപ്പോകാൻ പാടുള്ളതല്ലെന്നും ഒരു വിളംബരം ചെയ്തിരിക്കുന്നു.

പീററർ രാജാവിനെ ഭരണാധികാരത്തിൽനിന്നു ഒഴിപ്പിച്ചുവെങ്കിലും അദ്ദേഹത്തെ കാലാകാലത്തേക്കു ആവശ്യമില്ലെന്നുള്ള നിലക്കു വെച്ചിട്ടില്ല. യുഗോസ്ലാവ് രാജ്യം നാസിക്കക്ഷികളിൽനിന്നു മോചപ്പിച്ചു്, അവിടുത്തെ ജനതക്കു ഒരു രാജകീയ ഭരണം വേണമെന്നഭിപ്രായമുണ്ടെങ്കിൽ അപ്പോൾ പീററർ രാജാവിന്നു മടങ്ങിച്ചെല്ലാമെന്നാണു നിശ്ചയം. പീററർ രാജാവിനെ ഒരു ജർമ്മൻ കക്ഷിയുടെ നിലക്കു ആക്കും എതൃക്കുവാൻ നിവൃത്തിയില്ല. നേരെമറിച്ചു പ്രിൻസ് പോൾ റീജൻറായി യുഗോസ്ലേവിയായിലെ ഭരണം നടത്തുന്ന കാലത്തു, ഈ ഭരണാധികാരത്തിന്നു ജർമ്മൻ നാസികളായി സന്ധി ചെയ്വാനുള്ളധികാരമുണ്ടായിയെന്നുള്ള ഏക കാരണത്തിന്മേൽ, അവരെ പിടിച്ചു് പുറത്തു തള്ളി പുതുതായി ഒരു ഭരണം സ്ഥാപിക്കുവാനുള്ള 1941 മാർച്ച് 27-ാം തിയ്യതിയിലെ വിപ്ലവത്തിലും മററും പീററർ രാജാവു് ആത്മാർത്ഥമായ നേതൃത്വം വഹിച്ചിരുന്നു. ഈ വിപ്ലവത്തെ അഭിനന്ദിച്ചുകൊണ്ടു മി. ചർച്ചിൽ ലണ്ടനിലെ ഒരു സഭയിൽവെച്ചു പ്രസ്താവിച്ചു: "ഇന്നു രാവിലെ യുഗോസ്ലേവിയായിലെ രാഷ്ട്രം തന്റെ ആത്മശക്തിയറിഞ്ഞിരിക്കുന്നു." പ്രിൻസ് പോളിന്റെ ഭരണത്തെ വിപ്ലവംകൊണ്ടു് പുറത്തുതള്ളി, പ്രായംതികയാത്ത പീററർ രാജാവു് രാജ്യഭാരം കയ്യേററു്, ജനറൽ ഡിമോവിച്ചിന്റെ നേതൃത്വത്തിൽ ഒരു മന്ത്രി സഭയും ഭരണവും രൂപീകരിച്ചു.

1941 മാർച്ച് 25-ാം തിയ്യതി പ്രിൻസ് പോളിന്റെ യുഗോസ്ലേവിയൻ ഭരണവും ജർമ്മൻ നാസികളുമായി വിയന്നയിൽ വെച്ചു നടന്ന സന്ധിയെ രണ്ടു ദിവസത്തിന്നുള്ളിൽ ധിക്കരിക്ക കാരണമായി യുഗോസ്ലേവിയ അത്യധികം സങ്കടങ്ങൾ ഈ യുദ്ധത്തിൽ ജർമ്മൻ സൈന്യങ്ങളുടെ വക്കൽനിന്നു അനുഭവിക്കേണ്ടതായിവന്നു. യുദ്ധം കഴിഞ്ഞ രാജ്യത്തെ ഒട്ടാകെ ജർമ്മൻകാർ കീഴടക്കിയതിന്നു ശേഷവും ഇവിടുത്തെ ജനത അനുഭവിച്ചുവരുന്ന കഷ്ടപ്പാടുകൾക്കു് കയ്യും കണക്കുമില്ല. പക്ഷെ, എന്തു കഷ്ടപ്പാടനുഭവിച്ചിട്ടെന്താണു്, സ്വരാജ്യസ്നേഹികളായ ചില ധീരകേസരികൾ കാടുകളിലും, മലകളിലും കയറിയൊളിച്ചു അവിടെവെച്ചു സൈന്യങ്ങളും പടക്കോപ്പുകളും ശേഖരിച്ചു ജർമ്മൻകാരുടെ നേരെ യുദ്ധം ചെയ്തുവരുന്നു. ഇങ്ങിനെ സ്ഥിരോത്സാഹത്തോടുകൂടി യുദ്ധം നടത്തുന്നവരിൽ ഏററവും ശക്തിയായ ഒരു കക്ഷിയാണു് ജനറൽ ടൈറേറാവിന്റെതു്. കക്ഷിമത്സരങ്ങൾ കൊണ്ടും മററും ഈ കക്ഷിയും മററു ചില കക്ഷികളും തമ്മിൽ അന്യോന്യം അപവാദം വിളിച്ചുപറഞ്ഞിരുന്നുവെങ്കിലും, ശത്രുവിനോടു ആത്മാർത്ഥമായ പോരാട്ടം ചെയ്യുന്നതു് ഈ കക്ഷിയാണെന്നറിഞ്ഞതിന്നുശേഷം, ഐക്യകക്ഷികളുടെ ,സർവ്വസഹായങ്ങളും മാർഷൽ ടൈറേറാവിന്നു കൊടുത്തുവരുന്നു. മാത്രമല്ല, മാർഷൽ ടൈറേറാവിനെ ഐക്യകക്ഷി സൈന്യങ്ങളുടെ ഒരു സൈന്യനായകനും ആക്കിയിരിക്കുന്നു. ബാൾക്കൻ പ്രദേശത്തു ഒട്ടാകെ ജർമ്മൻകാർ ഭയപ്പെടുന്ന ഒരു സ്ഥലം യുഗോസ്ലേവിയയാകുന്നു.

## റഷ്യ

കീവിന്നടുത്തുവെച്ചു് സുമാറു് അഞ്ചാഴ്ചയോളം ജർമ്മൻ സൈന്യങ്ങൾ പിൻതിരിഞ്ഞു നിന്നു് റഷ്യൻ സൈന്യത്തിനോടു അത്യഘോരമായി പൊരുതിയെങ്കിലും, അതിന്റെയും ഊക്കെല്ലാം നിലച്ചു് പിന്നെയും തന്നേക്കു തന്നെയായി. പിൻതിരിഞ്ഞ ഈ പോരിന്റെ ശക്തികൊണ്ടാണു് ജിത്തോമർ, കൊറോസ്റ്റൻ എന്നീ സ്ഥലങ്ങളിൽനിന്നു് തല്ക്കാലം റഷ്യൻ സൈന്യത്തിന്നൊഴിക്കേണ്ടിവന്നതു്. ഇപ്പോൾ ഇതെല്ലാം അവസാനിച്ചു് റഷ്യൻരംഗത്തിൽ ഡിസെ

(ശേഷം 12-ാം പേജിൽ)

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1943 ഡിസെമ്പർ 31-ാംനു-, വെള്ളിയാഴ്ച


## നവയുഗം

**കൊല്ലം** ആയിരത്തിതൊള്ളായിരത്തിനാല്പത്തിമൂന്നു്—എന്തൊരു ചൈതന്യമുള്ളവാക്കിയ കാലമായിരുന്നു അതു്! ആയിരത്തിതൊള്ളായിരത്തിനാല്പത്തിനാലു്—എന്തെല്ലാം ചൈതന്യങ്ങളുള്ളവാക്കാൻ പ്രാപ്തിയുള്ള കാലമാണിതു്! മനുഷ്യജന്മമെടുത്തു്, നൂറോ നൂററിരുപതോ കൊല്ലം തികച്ചും ജീവിച്ചിരുന്നു്, പഞ്ചേന്ദ്രിയങ്ങളെല്ലാററിൻെറയും കൎമ്മശക്തി നശിച്ചു് വല്ല കുടത്തിലൊ പാനിയിലൊ ആക്കി സൂക്ഷിച്ചു് തട്ടിൻപുറത്തു് വെക്കാവുന്ന ഒരു ജീവിതം എന്തിനാണു് മനുഷ്യനു് കിട്ടുന്നതു്? കിട്ടുകയാണെങ്കിൽ ഇത്തരത്തിലുള്ള രണ്ടുകൊല്ലം ആയുഷ്കാലത്തു് കിട്ടി അക്കാലത്തെ സൎവ്വസംഭവങ്ങളിലും പങ്കെടുക്കുവാൻ ഒരു യോഗമുണ്ടായെങ്കിൽ അങ്ങിനെയുള്ളവൻതന്നെയാണു് "ഭാഗ്യവന്തൻ"; മററുള്ളവരൊക്കെ ഭാഗ്യമന്തൻ. പക്ഷെ എല്ലാവൎക്കും ഈ മഹൽകൎമ്മങ്ങളിൽ ഒരു പങ്കെടുപ്പാൻ സാധിക്കുമോ, എന്നു് ചോദിക്കുന്നുവെങ്കിൽ, വേണ്ടാ, പങ്കില്ലെങ്കിലും, അവയെ നേത്രശ്രോത്രാദികളാലാസ്വദിക്കുന്നതിനെന്തു വിരോധം? അതിന്നു സാധിക്കുന്നവർപോലും പുണ്യവാന്മാരാണു്. അതിനും സാധിച്ചില്ലെന്നു വന്നാൽ കൂടി, അക്കാലത്തു് ജീവിച്ചിരിക്കാൻ സാധിച്ചുവെങ്കിൽ അതു മതി. അത്ര തേജസ്സാവിൎഭവിച്ച ഒരു കാലമാണു് കഴിഞ്ഞതു്; അതിലും മനോഹരമായ തേജസ്സിൻെറ കാലമാണു് ഈ വരുന്നതു്. നമ്മുടെ ദിനചൎയ്യയിൽ ഇതേവരെ "യുദ്ധവൎത്തമാനമറിയുക" എന്നുള്ള ഒരു ചടങ്ങു് അറിഞ്ഞിട്ടോ, അറിയാതേയോ ആചരിച്ചുപോന്നിരുന്നുവെങ്കിലും തന്മൂലം ലോകചരിത്രത്തിലെ ചില പ്രധാന അദ്ധ്യായങ്ങൾ വായിച്ചറികയാണെന്നുള്ള സംഗതി നാം അത്ര ഓൎത്തിട്ടുണ്ടായിരിക്കയില്ല.

സ്റ്റാലിൻഗ്രാഡു്, ഖാർക്കോവു്, ഓറൽ, കീവു്, നെവൽ ഇവയെല്ലാം ഫാസിസ്റ്റു്ഭയം വരുമ്പോൾ ജപിക്കേണ്ട മന്ത്രത്തിൻെറ ചില ബീജാക്ഷരങ്ങളാകുന്നു. ഇവയെല്ലാം ബീജാക്ഷരങ്ങളാകാനുള്ള സംഭവങ്ങൾ 1943 ൽ റഷ്യൻ രംഗത്തിൽ നടന്നു. ഇവയെ സ്മരിക്കുന്ന കാലത്തോളം ലോകത്തിൽ ജൎമ്മനിയെ ആരും ഭപ്പെടേണ്ടാവശ്യമില്ല. ഇതുപോലെത്തന്നെ, ഇതേ മന്ത്രത്തിൻെറ മറെറാരു കൂട്ടം ബീജാക്ഷരങ്ങളാണു് ബാർഡിയാ, ട്രിപ്പോളി, മെസ്സിനാ, നേപ്പിൾസ്, ഓർട്ടോണാ എന്നിവയും, മൂന്നാമതൊരു കൂട്ടമാണു് ഹാംബർഗ്, ബെർലിൻ, ബ്രെമൻ, കോളോൺ, ഡുസൽഡോർഫ് എന്നിവയും. വടക്കൻ ആഫ്രിക്കയിലെയും, മദ്ധ്യധരണി, ഇററലി ഇവയിലെയും യുദ്ധരംഗ സംഭവങ്ങൾകൊണ്ടു് കീൎത്തിമുദ്ര നേടി, ലോകചരിത്രത്തിൽ ജൎമ്മൻ ഭീതിയൊഴിപ്പിക്കാനുള്ള മന്ത്രമഹിമ നേടിയ പേരുകളാണു് ബാർഡിയ തൊട്ടു് ഓർട്ടോണവരെയുള്ളതു് ഹാംബർഗ്, ബ്രെമൻ മുതലായ ജൎമ്മൻ നഗരികളുടെ നാമധേയങ്ങൾക്കും ജൎമ്മൻ ഭയപ്പാടു മന്ത്രത്തിൻെറ ബീജാക്ഷരശക്തി നൽകിയതു് ബ്രിട്ടനിൽ നിന്നു് അവിടങ്ങളിൽ അഹോരാത്രം വന്നെത്തുന്ന ആർ. എ. എഫ്. ബോംബറുകളുടെ കൎമ്മശക്തികൊണ്ടാകുന്നു. ഇങ്ങിനെയുള്ള ഒരു കൂടത്രയമന്ത്രം അതിൻെറ ഋഷി, ഛന്ദസ്, ദേവതകളോടുകൂടി ഐക്യശക്തികൾ കൎമ്മപദ്ധതിയിൽ വരുത്തിയ കാലമാണു് കൊല്ലം ആയിരത്തിതൊള്ളായിരത്തിനാല്പത്തിമൂന്നു. ഈ മന്ത്രം കുറേക്കൂടി ഉപാസനചെയ്തു് അതുകൊണ്ടുതന്നെയാണു് 1944 ൽ ഐക്യശക്തികൾ ജൎമ്മനിയുടെ നേരെയുള്ള ബ്രഹ്മാസ്ത്രവും അഭിമന്ത്രിക്കാൻ തീൎച്ചയാക്കിയിരിക്കുന്നതു്. എന്നാൽ ഇങ്ങനെയുള്ള ശത്രുസംഹാരമന്ത്രജപം മാത്രമാണോ നടക്കുന്നതു്? അത്ലാന്തിക്ക് സമുദ്രത്തിൽ ഐക്യശക്തി വിമാനങ്ങൾ വന്നു നിറഞ്ഞുല്ലസിക്കുന്നതു കണ്ടാൽ ഗോവിന്ദൻ ഗോവൎദ്ധനഗിരിയെ പൊക്കിപിടിച്ചു് ഗോവൃന്ദങ്ങളെ രക്ഷിക്കാൻ നില്ക്കുകയാണോ എന്നു തോന്നും. തന്മൂലം ഐക്യശക്തികളുടെ കപ്പൽ ഗതാഗതത്തിന്നു് ഏററവും ആപൽകരമായിരുന്ന യൂബോട്ടുകളുടെ ബാധ ഇപ്പോൾ ഒരു വെറും കഥയായിരിക്കുന്നു. ഇററലിയിലെ ഫാസിസ്റ്റു്മതമില്ലാതായിയെന്നുള്ളതിന്നു പുറമെ അതിൻെറ ജനയിതാവായിരുന്ന മുസ്സോളിനി മക്കത്തേക്കോ കാശിക്കോ പോയപോലെയുമിരിക്കുന്നു. ശാന്തസമുദ്ര രംഗത്തിൽ ആല്യൂഷ്യൻ ദ്വീപുകളും, ന്യൂബ്രിട്ടൺ, ന്യൂഗിനിയാ മുതലായ ദ്വീപാന്തരങ്ങളും അവയുടെ ഉടമസ്ഥന്മാരുടെ കൈവശംതന്നെ വന്നുചേൎന്നിരിക്കുന്നു.

മോസ്കോ, കെയിറോ, ടിഹറാൻ എന്നീ സമ്മേളനങ്ങൾ നടന്നു; വിപ്ലവകേന്ദ്രമായിരുന്ന കോമിന്റേൺ വേണ്ടെന്നുവെച്ചു; റഷ്യയിലെ ദേശീയഗാനത്തിൻെറ സമ്പ്രദായവും മാററി. ബവറിഡ്ജ് പ്ലാൻ ആവിൎഭവിച്ചു; അമേരിക്കയിൽ ഹോട്ട്സ്പ്രിങ്ങ്സിൽവെച്ചു് ലോകത്തിലെ ക്ഷാമനിവാരണമാൎഗ്ഗങ്ങൾ ബലമായി ഏൎപ്പാടുചെയ്തു. ഫ്രാൻസ്, യൂഗോസ്ലാവിയാ, ഗ്രീസ്, ചെക്കോസ്ലോവേക്കിയാ മുതലായ അധഃപതിച്ചതും നാമാവശേഷമായതുമായ

രാജ്യങ്ങളിൽ നവചൈതന്യം വളൎന്നുവരുന്നു. ഇതിന്നെല്ലാം പുറമെ, കുനിന്മേൽ കുരുവെന്നപോലെയല്ലെ ക്രിസ്തുമസ്സ് ദിവസം ഐക്യകക്ഷികൾ ഹിററ്ലൎക്കു് നൽകുന്ന ഒരു പ്രേമോപചാരമെന്നപോലെ ജൎമ്മനിയിലെ വലിയ ഒരു പടക്കപ്പലായ ഷാൺഹോർസ്റ്റിനെ ചെ യാനു് കാഴ്ചവെച്ചതു്! എന്തൊരു സംഭവസംപൂൎണ്ണമായ വൎഷമാണിക്കഴിഞ്ഞതു്! എന്നാൽ ഈ വൎഷാരംഭത്തെപ്പോലെ ഇത്ര ശൂന്യത തികഞ്ഞ മററൊരു വൎഷവും ഉണ്ടായിരുന്നില്ല. ലോകഗതിയെ പുച്ഛിച്ചതോ എന്നു തോന്നുമാറുള്ള ഒരു ധൈൎയ്യവാക്കു് മി. ചൎച്ചിലിൻെറ മുഖത്തുനിന്നു് പുറപ്പെട്ടതല്ലാതെ വേറെ യാതൊരു ധൈൎയ്യത്തിന്നും വഴിയുണ്ടായിരുന്നില്ല. ഈജിപ്തു് പോകുമെന്നുള്ള ഘട്ടത്തിലായി; ഗ്രീസിനെ വേണ്ടപോലെ സഹായിപ്പാൻ കഴിഞ്ഞില്ല; മലയാ, ബൎമ്മ മുതലായ രാജ്യങ്ങൾ കൈവശത്തിൽനിന്നു വിട്ടു. പെട്ടെന്നതാ, ഈ ഘട്ടത്തിൽ, സ്റ്റാലിൻഗ്രാഡിൽ സമരം ആരംഭിക്കുന്നു. അവിടെയുണ്ടായ മഹാവിജയം മുതല്ക്കു് കാൎയ്യങ്ങളുടെ ഗതി മാറി. വിജയത്തിൻെറ പ്രഭാതം കണ്ടതു് 1943-ാം കൊല്ലത്തിലാണു്. എന്തൊരു മഹത്തായ കൊല്ലം!

വരുന്ന കൊല്ലത്തിൽ എന്തെല്ലാം സംഭവങ്ങളാണുണ്ടാവാൻ പോകുന്നതെന്നു് ബൃഹസ്പതിക്കുകൂടി തീൎച്ച പറവാൻ വയ്യ. എങ്ങിനെ പറയും? ഐക്യകക്ഷികളുടെ സൈന്യവ്യൂഹങ്ങൾ ബ്രിട്ടനിൽ സൎവ്വവിധേനയുള്ള ഒരുക്കങ്ങളോടുകൂടിയിരിക്കുന്നു. ഹിററ്ലരുടെ യൂറോപ്യൻ കോട്ടയുടെ പടിഞ്ഞാറെ മതിൽകെട്ടു് എപ്പോഴാണു്. അവർ പൊളിക്കുവാനാരംഭിക്കുന്നതെന്നു് ഊഹിപ്പാൻപോലും വയ്യ. ജാപ്പാൻെറ സ്ഥിതിയും ഈവിധം അഗാധമായ ആപത്തിൻെറ വക്കത്തെത്തിയിരിക്കുന്നു. ഐക്യകക്ഷികളുടെ വിമാനങ്ങളേയോ, കപ്പലുകളേയോ കാണുമ്പോൾ അവർ ഒളിച്ചുമാറിക്കൊണ്ടു് നടക്കുകയാണു്. എന്നാൽ ഇത്രയൊക്കെ ഗുരുതരങ്ങളായ സംഭവങ്ങൾ ആസന്നമായിരിക്കുന്നുണ്ടെങ്കിലും ഇന്നത്തെ പുതുവൎഷാരംഭത്തിൽ ആൎക്കും യാതൊരു പരിഭ്രമവും കാണ്മാനില്ല; എന്താണു് വരാൻപോകുന്നതെന്നുള്ളതിനെപ്പററി ആൎക്കും യാതൊരു ശങ്കയുമില്ല. എന്തൊരു നിൎഭയമായ കൊല്ലം!

---


## ഇന്ത്യയും യുദ്ധവും

ത്രിവിധകരണങ്ങൾകൊണ്ടും ഐക്യകക്ഷികൾക്കു് യുദ്ധത്തിൽ വിജയം വരുമാറു ഇന്ത്യ സഹായിച്ചുകൊണ്ടാണു് യുദ്ധം തുടങ്ങിയ മുതൽ ഈ നിമിഷം വരെയും പ്രവൎത്തിച്ചിട്ടുള്ളതു്. നാളെ പ്രവൎത്തിക്കാൻ പോകുന്നതു പൂൎവ്വാധികം ശക്തിയോടുകൂടിയുമാണു്. പശ്ചിമരംഗത്തിൽനിന്നു ജാപ്പാൻെറനേരെ ഐക്യകക്ഷികൾ ആരംഭിക്കാനുദ്ദേശിച്ചിരിക്കുന്ന ആക്രമണത്തിന്നു് അടിസ്ഥാനത്താവളമായി ഇന്ത്യയെയാണെല്ലോ ഇപ്പോൾ രംഗവിധാനം ചെയ്തിട്ടുള്ളതു്. ഈ ഘട്ടത്തിൽ യുദ്ധം തുടങ്ങിയതിന്നു ശേഷം ഇന്ത്യ ഇതേവരെയായി ഏതെല്ലാം തരത്തിലുള്ള സഹായങ്ങൾ ചെയ്തിട്ടുണ്ടെന്നു ആലോചിക്കേണ്ട വിഷയമാണു്. സൈന്യശേഖരത്തെപ്പററിയാണെങ്കിൽ, ഐക്യകക്ഷി സൈന്യബലത്തിലേക്കു ഇന്ത്യ ഇരുപതുലക്ഷം യോദ്ധാക്കളെ നൽകീട്ടുണ്ടു്. നാല്പതുകോടി ജനസംഖ്യയുള്ള ഒരു രാജ്യത്തുനിന്നു ഇരിപതുലക്ഷം ശേഷിയുള്ള പുരുഷന്മാരെ മാത്രമെ പട്ടാളത്തിലേക്കു കിട്ടിയുള്ളുവെന്നു വരുന്നതു സ്തുത്യൎഹമല്ലെന്നു പലരും പറയുമെങ്കിലും, ഇരിപതുലക്ഷം കൊള്ളുന്നവരെ തിരഞ്ഞെടുത്തപ്പോൾ എത്ര ലക്ഷം കൊള്ളരുതാത്തവരെ തള്ളിക്കളയേണ്ടി വന്നുവെന്നൊരന്വേഷണം നടത്തിയാൽ നന്നു്. പട്ടിണികൊണ്ടും പ്രാരബ്ധംകൊണ്ടും കഷ്ടപ്പെട്ടു ജീവിക്കുന്നതിനാൽ പട്ടാളത്തിലേക്കു വേണ്ടുന്ന ഉയരമോ തൂക്കമോ ഇല്ലാതെ ഉപേക്ഷിക്കപ്പെട്ടതിനാൽ എത്രയും മനോവ്യഥയോടുകൂടിയുള്ള ചെറുപ്പക്കാർ ലക്ഷക്കണക്കായി ഇന്നു ഇന്ത്യയിലുണ്ടു്.

ഈ സംഗതിയാണു് പ്രധാനമായി ഇന്ത്യൻ സൈന്യശേഖരത്തിന്നൊരു പ്രതിബന്ധമായിത്തീൎന്നിരിക്കുന്നതു്. രാഷ്ട്രീയ ചിന്തകളൊ, ദേശീയബോധമൊ, മററുവിധത്തിലുള്ള ശുദ്ധഹൃദയപ്രക്ഷോഭങ്ങളൊ ഇന്ത്യൻ യുവാക്കളെ പട്ടാളത്തിൽനിന്നു് തടഞ്ഞുവെന്നാരും കരുതേണ്ടാ. ഇനി ഇതല്ലാതെ വേറെ വല്ല സംഗതിയും പ്രതിബന്ധമായിട്ടുണ്ടെങ്കിൽ അതു സൈന്യഭരണകാൎയ്യങ്ങളാലുള്ള പ്രതിബന്ധങ്ങൾ തന്നെയാണു്. ഏററവും പരിഷ്കരിച്ചതായ ഇന്നത്തെ സൈന്യത്തിൻെറ ഉപകരണങ്ങളെപ്പററിയൊന്നാലോചിക്കുന്ന പക്ഷം, ഒരു പട്ടാളക്കാരനെ വേണ്ടത്ര കോപ്പുകളോടുകൂടി യുദ്ധരംഗത്തിലേക്കയക്കേണമെങ്കിൽ കരകൌശലമുള്ള ഒമ്പതാളുകൾ വ്യവസായശാലയിൽ നിരന്തരമായി പ്രവൎത്തി ചെയ്യേണമത്രെ. ഈ സ്ഥിതിക്കു ഇരിപതുലക്ഷം യോദ്ധാക്കൾക്കു കോപ്പുകൂട്ടേണമെങ്കിൽ കരകൌശലം സിദ്ധിച്ച എത്രാളുകൾ വ്യവസായശാലകളിൽ ജോലിചെയ്യേണ്ടിവരുന്നു; ഇത്ര വളരെ കൎമ്മകുശലന്മാരായ തൊഴിലാളികൾ ഇന്ത്യയിൽ ഇന്നുണ്ടാവാൻ സാദ്ധ്യമല്ല. പ്രകൃത്യാ, ഇന്ത്യൻ ജനതയുടെ ഭൂരിപക്ഷവും കൃഷിക്കാരാണു്. ഇവരുടെ ഇടയിൽ നിന്നു വ്യവസായശാലകളിലേക്കു് വേണ്ടത്ര തൊഴിലാളികളെ എളുപ്പത്തിൽ ഉണ്ടാക്കുവാൻ സാദ്ധ്യമല്ല. വിശേഷിച്ചു്, ഒരു യുദ്ധകാലത്തെ വ്യവസായാവശ്യത്തിന്നുതകുന്ന തൊഴിലാളി സംഘത്തെ ഉണ്ടാക്കുവാൻ വ്യവസായ ജീവിതം വളരെ കാലമായി ആചരിച്ചു

(ശേഷം 12-ാം പേജിൽ)

# വിമാനസൈന്യ പരിശീലന കേന്ദ്രം



വിമാനസൈന്യത്തിൽ ചേരാൻ അപേക്ഷകന്മാർ വരുന്നു. ഇവരെ തിരഞ്ഞെടുത്തുകഴിഞ്ഞിരിക്കുന്നു. വന്നഉടനെ അവരോടു അവിടുത്തെ മേലധികാരി കുശലം പറയുകയാണു്.



ഓരോ റിക്രൂട്ടിന്നും ഉടുപ്പും തനിക്കത്യാവശ്യമായ വേണ്ടതെല്ലാം സൂക്ഷിക്കാനുള്ള ഒരു സഞ്ചിയും കൊടുക്കും. പുതുതായി വന്നവർക്കു ഉടുപ്പുകൾ കൊടുക്കുന്ന ചിത്രമാണിതു്.



ഇവർ വിമാനസൈന്യ പരിശീലനത്തിന്നു വന്നു ചേർന്നിട്ടു രണ്ടാഴ്ചയെ ആയിട്ടുള്ളു. അപ്പോഴക്കും വൃത്തി, വെടുപ്പ്, ചൊറുചൊറുക്ക് ഇതെല്ലാം ഇവർക്കു വന്നുകഴിഞ്ഞു.

(10-ാം പേജിൽനിന്നു് തുടൎച്ച.)

വരുന്ന ബ്രിട്ടനും അമേരിക്കക്കും കൂടി ദുസ്സാദ്ധ്യമായിട്ടാണു് അനുഭവം. കഴിഞ്ഞ മൂന്നു കൊല്ലങ്ങളായി കർമ്മകുശലതയിൽ പരിശീലനം കൊടുത്തതിന്റെ ഫലമായി ഇന്ത്യയിൽ കഷ്ടിച്ചു് ഒരു ലക്ഷത്തോളം പ്രവൃത്തി ശീലമുള്ള തൊഴിലാളികൾ ഉണ്ടായിട്ടുണ്ടു്. പക്ഷെ, ഈ സംഖ്യ യുദ്ധകാലത്തെ ആവശ്യമനുസരിച്ചുനോക്കിയാലും, യുദ്ധാനന്തരം ഇന്ത്യ കാംക്ഷിക്കുന്ന വ്യവസായ ജീവിതത്തിന്റെ ആവശ്യമനുസരിച്ചും എത്രയും നിസ്സാരമാണു്. യുദ്ധകാലത്തെ ആവശ്യം നോക്കുകയാണെങ്കിൽ ഇതു ഒട്ടും മതിയായിട്ടുള്ളതല്ല. ഗവർമ്മേണ്ടു് കഴിയുന്നത്ര പ്രോത്സാഹനമെല്ലാം ഈ വിഷയത്തിൽ ചെയ്യുന്നുണ്ടു്; ഇന്ത്യയിൽ പലേടങ്ങളിലുമായി ഒരു പ്രാവശ്യം 45,000 തൊഴിലാളികൾക്കു പരിശീലനത്തിന്നുള്ള ഏർപ്പാടുണ്ടു്. സാമർത്ഥ്യമുള്ളവരെ ചിലരെ ഇംഗ്ലണ്ടിലേക്കു അയച്ചു വ്യവസായിക പരിശീലനം വരുത്തുവാൻ ബെവിൻബോയ്സ്സ്കീം എന്നൊരേർപ്പാടുമുണ്ടു്.

ഇന്ത്യയിൽനിന്നു യുദ്ധത്തിന്നുള്ള ആൾസഹായം ഈ വിധമാണെങ്കിൽ, ധനസഹായവും ഏററവും വിപുലമായിട്ടുള്ളതാകുന്നു. സാമാനങ്ങളെക്കൊണ്ടു് സഹായിക്കുന്നതും വളരെ പ്രശംസാവഹമായിട്ടുള്ളതാണു്. ഇന്നു ഐക്യകക്ഷി സൈന്യങ്ങൾക്കു വേണ്ട സാമാനങ്ങളിൽ സുമാർ 45,000 സാമാനങ്ങൾ ഇന്ത്യയിൽ തന്നെയുണ്ടാക്കുന്നു. ഇതിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു പങ്കു നാട്ടുപുറങ്ങളിലെ കുടിൽവ്യവസായങ്ങൾക്കും ഉണ്ടു്. ഇതു ഭാവിയിൽ കുടിൽവ്യവസായ വർദ്ധനക്കു വലിയ ഒരു പ്രോത്സാഹനമാണെന്നു പറയാതെ കഴികയില്ല. പക്ഷെ ചൈനയിലും മററും കുടിൽവ്യവസായങ്ങൾക്കുള്ള യശസ്കരമായ കർമ്മപദ്ധതി ഇനിയും ഇന്ത്യയിൽ പ്രാപ്തമായിട്ടില്ല. ചൈനയിൽ ഇപ്പോൾ നടക്കുന്ന യുദ്ധത്തിന്റെ ആവശ്യത്തിന്നുള്ള സർവ്വ സാധനങ്ങളും, ബ്രെൻ തോക്കുകളും കൂടിയുണ്ടാക്കുന്നതു കുടിൽ വ്യവസായത്തിലാണത്രെ. ഇന്ത്യയിൽ അങ്ങിനെയൊരു സ്ഥിതിയെന്നാണാവോ വരുന്നതു്.

---

## കൃതജ്ഞത

ഇത്തവണ യുദ്ധസഞ്ചികക്കു പുതുവർഷാരംഭത്തിൽ ഒരു വിശേഷാൽ പ്രതി പ്രസിദ്ധീകരണം ചെയ്യേണമെന്നു് ഞങ്ങൾക്കുണ്ടായ അഭിലാഷം സ്നേഹപൂർവ്വം നിറവേററിത്തന്ന മാന്യ ലേഖകന്മാരോടെല്ലാവരോടും ഞങ്ങൾക്കുള്ള നിർവ്യാജമായ കൃതജ്ഞതയൊന്നു രേഖപ്പെടുത്തട്ടെ. ലോകചിന്തകന്മാരുടെ ഇടയിൽ ഒരു മാന്യസ്ഥാനം വഹിച്ചു കേരളത്തിന്നു ശാശ്വതമായ കീർത്തി വളർത്തുന്ന നമ്മുടെ മാന്യസുഹൃത്തു, ശ്രീമാൻ കെ. യം. പണിക്കർ തന്റെ രണ്ടു ലേഖനങ്ങൾകൊണ്ടു് യുദ്ധസഞ്ചികക്കു ഒരു പ്രൌഢാലംകാരം നൽകിയിരിക്കുന്നു. ശ്രീമാന്മാർ ഡോക്ടർ അച്ചുത മേനവന്റെ യുദ്ധഗവേഷണപരമായ ലേഖനവും, ദിവാൻ ബഹദൂർ രാമന്റെയും, റാവു ബഹദൂർ കുഞ്ഞിരാമൻ നായരുടെയും, ഒ. ശങ്കരന്റെയും ലേഖനങ്ങളും ഏററവും കാലോചിതമായിട്ടുള്ളവയുമാകുന്നു. മററു ലേഖകന്മാരുടെ ലിസ്റ്റൊന്നു പരിശോധിക്കുന്നപക്ഷം ഇവർ ഇന്നത്തെ കേരളത്തിന്റെ യുവചൈതന്യം പ്രതിനിധീകരിക്കുന്നവരാണെന്നു പ്രത്യക്ഷപ്പെടും. പത്രലോകത്തിൽ ഒരു ജാംബവാന്റെ സ്ഥാനം വഹിക്കുന്ന കെ. എൻ. ന്റെ ചെറുകഥയും എത്രയും സന്ദർഭോചിതമായിട്ടുണ്ടു്. ഈ സന്ദർഭത്തിൽ യുദ്ധസഞ്ചികക്കു വേണ്ട സഹായസഹകരണങ്ങൾ ചെയ്യു മാന്യസുഹൃത്തുക്കൾ ഭാവിയിലും യഥാവസരം സഹായിക്കുമെന്നു് ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു.

---

(8-ാം പേജിൽ നിന്നു തുടൎച്ച)

മ്പർ 24-ാം തിയ്യതി മുതല്ക്കു വർഷകാല സമരം ആരംഭിച്ചിരിക്കുന്നു. ജിത്തോമർ നഗരിക്കടുത്ത ഖണ്ഡത്തിലാണു് ഇതിന്റെ ആരംഭം. മററു രംഗങ്ങളിലേക്കും ഇതു് പരന്നിരിക്കുന്നുവെന്നാണു് അറിയുന്നതു. ജിത്തോമറിന്നടുത്തെന്നപോലെ വിറെറബ്സ്ക്ക് ഖണ്ഡത്തിലും വർഷക്കാല സമരം തുടങ്ങിയിരിക്കുന്നുവെന്നും, അതുപോലെത്തന്നെ നീപ്പർ നദിയുടെ വക്രിച്ച പ്രദേശത്തു് നദി കടക്കാനുള്ള യുദ്ധവും റഷ്യക്കാർ തുടങ്ങിയിരിക്കുന്നുവെന്നും ജർമ്മൻ റേഡിയൊ പ്രസ്താവിച്ചിരിക്കുന്നു. ഈ ഘട്ടത്തിൽ കഴിഞ്ഞ കൊല്ലത്തെ വേനൽക്കാലസമരം നാം വിസ്മരിച്ചുപോകരുതു്. അന്നായിരുന്നു ലോകമൊട്ടാകെ മാറെറാലികൊണ്ട സ്റ്റാലിൻഗ്രാഡ് യുദ്ധം നടന്നതും, തന്മൂലം യുദ്ധഗതിക്കൊട്ടാകെ ഐക്യകക്ഷികൾക്കനുകൂലമായ ഒരു മാററം വന്നതും.

യുദ്ധസഞ്ചികയുടെ മാന്യവായനക്കാൎക്കും, സുഹൃത്തുക്കൾക്കും പുതുവർഷം ശുഭമായിവരട്ടെ, എന്നു് ഞങ്ങൾ ആശംസിക്കുന്നു.

# മടക്കം


(മേജർ കെ. യം. പണിക്കർ)

[പസിഫിക്ക് രാജ്യങ്ങളെ സംബന്ധിച്ച അതിപ്രധാനമായ സമ്മേളനം അമേരിക്കയിൽ വെച്ചു [illegible] ഡിസംബർ ആദ്യം നടത്തുന്നതിന്നു സംയുക്തകക്ഷികൾ നിശ്ചയിക്കുകയും ആ ആലോചനകളിൽ നാട്ടുരാജ്യങ്ങളുടെ [illegible] മേജർ സർദാർ കെ. യം. പണിക്കരവർകളെ അയയ്ക്കണമെന്നു വൈസറോയി തീർച്ചയാക്കുകയും ചെയ്തു. [illegible] നിന്നു് പുറപ്പെട്ടു കനഡയിൽ മാൺറിയാലിൽ [illegible] സമ്മേളനത്തിൽ പങ്കുകൊണ്ടു, ഇംഗ്ലണ്ടു വഴിയായി ഇന്ത്യയിൽ മടങ്ങിയെത്തിയ യാത്രയിൽ ഇംഗ്ലണ്ടു മുതൽ ഇന്ത്യവരെയുള്ള "മടക്ക" യാത്രയാണു് താഴെ കാണുന്ന ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്.]

(യു. പ.)

ഫിബ്രുവരി 12-ാം തിയ്യതി ഞാൻ ലിവർപൂൾ നഗരത്തിൽ എത്തി. അവിടെനിന്നായിരുന്നു ഞങ്ങളുടെ കപ്പൽസംഘം തിരിക്കുവാൻ തീർച്ചയാക്കിയിരുന്നതു്. 14-ാം തിയ്യതി രാവിലെ കപ്പൽ തുറമുഖം വിട്ടു.

വിരോധികളുടെ ആക്രമണത്തെ തടയുന്നതിനായി കപ്പലുകൾ സംഘം ചേർന്നു്, പടക്കപ്പലുകളുടെ അകമ്പടിയോടും, വിമാനങ്ങളുടെ രക്ഷയോടും ആണു് ഇപ്പോൾ സഞ്ചരിയ്ക്കാറുള്ളതു്. ഒറ്റയായി പോകുന്ന കപ്പലുകൾ ജർമ്മൻ സബ്മറീനു സാധാരണ ഭക്ഷിക്കുന്നതിനുള്ള ഇരയാണു്. വെള്ളത്തിനടിയിൽക്കൂടെ വന്നു മുക്കുന്ന സബ്



മദ്ധ്യധരണിയിൽ ബ്രിട്ടന്റെ വമ്പിച്ച പടക്കപ്പലുകൾ ഉല്ലസിക്കുന്നു

മറീനെ മാത്രമല്ല പേടിക്കാനുള്ളതു്. ഇരുപത്തിനാലു മണിക്കൂറും ആ ഭയം ഉണ്ടെന്നു പറയേണ്ടതില്ലല്ലോ. ആകാശത്തിൽനിന്നു് ഇപ്പോൾ കപ്പലുകൾക്കു വലുതായ അപകടമുണ്ടു്. ജർമ്മൻ വിമാനങ്ങൾ കണ്ടുപോയാൽ അവ കപ്പൽക്കൂട്ടത്തെ ബോംബെറിഞ്ഞു നശിപ്പിക്കാൻ നോക്കും. ഇതുകൊണ്ടുമായില്ല. ഒഴുകി നടക്കുന്ന ബോംബുകൾ സപ്തസിന്ധുക്കളിലും ജർമ്മൻകാർ നിരന്തരമായി ഇട്ടുവരുന്നുണ്ടു്. ഇതൊന്നു കപ്പലിലെങ്ങാനും തൊട്ടാൽമതി കപ്പൽ ഒന്നോടെ പൊട്ടിത്തെറിക്കാൻ. ഇങ്ങനെ മുകളിലും, താഴെയും, വെള്ളത്തിലും അപകടം നിറഞ്ഞിരിക്കെ, കപ്പൽയാത്ര എങ്ങനെ സാധിക്കുന്നു എന്നു ചോദ്യം വരാം. അതാണു കപ്പലുകൾ സംഘമായി, പ്രബലമായ വിമാനരക്ഷയോടും അകമ്പടിയോടുംകൂടി സഞ്ചരിക്കുന്നതു്. ഞങ്ങളുടെ യാത്രയ്ക്കു മുപ്പത്തിയൊന്നു കപ്പൽ ഉണ്ടായിരുന്നു. അവയിൽ മിക്കതും സാമാനം കയറ്റി യുദ്ധസ്ഥലങ്ങളിലേക്കു പോകുന്നവയായിരുന്നു. അവയുടെ രക്ഷക്കായി [illegible] "ഡിസ്ട്രയർ" എന്നു പേരായ പടക്കപ്പലുകളും, ഒന്നു രണ്ടു സ്ലൂപ്പുകളും, ഇടയ്ക്കിടെ വിമാനങ്ങളും ഉണ്ടായിരുന്നു. കപ്പലുകളുടെ യാത്ര ഏതാണ്ടു ഇപ്രകാരമാണു്. മുമ്പിൽ രണ്ടു ഡിസ്ട്രായർ വിരോധികളുടെ സബ്മറീനെ തിരഞ്ഞുകൊണ്ടു കാണും. രണ്ടു വശത്തും ഓരോ ഡിസ്ട്രായറും [illegible] ഉണ്ടായിരിക്കും. ശക്തിയുള്ള പടക്കപ്പലുകൾ പിറകിലാണു്. ഇങ്ങനെ യുദ്ധക്കപ്പലുകൾ വലയം ചെയ്തിനകത്താണു [illegible] കപ്പലുകളിലും ഉണ്ടു വിരോധികളുടെ [illegible] വന്നാൽ യാത്രക്കാരെ രക്ഷിക്കുന്നതിനു [illegible] ബോട്ടുകൾ. ഓരോ കപ്പലിലും വലിയ തോക്കുകൾ, വിമാന[illegible] തോക്കുകൾ, സബ്മറീനെ നശിപ്പിക്കുന്ന [illegible] വഹിച്ചിരിക്കും. രാത്രിയിൽ [illegible] വെളിച്ചം [illegible]നാണു് നിയമം. എല്ലാ [illegible] (വെളിച്ചം [illegible] കണ്ടാൽ താഴ്ന്നു പോകാതെ [illegible]). [illegible] നടക്കാറുള്ളതു്.

## ലിവർപൂൾ മുതൽ ഫ്രീടൗൺ വരെ

ഇങ്ങനെയെല്ലാം രക്ഷയ്ക്കു ഏർപ്പാടുകൾ ഉണ്ടെങ്കിലും, അനേകം കപ്പലുകൾ ജർമ്മൻകാർ നശിപ്പിക്കുന്നുണ്ടെന്നു പ്രസിദ്ധമാണല്ലോ. കാട്ടുമാർഗ്ഗങ്ങളിൽ ചെന്നായ്ക്കൂട്ടങ്ങൾ എന്നപോലെ ജർമ്മൻകാരുടെ സബ്മറീൻ കൂട്ടങ്ങൾ, കപ്പലുകൾ വരുന്നതും കാത്തു പതുങ്ങിക്കിടക്കയാണു്. ഈ നിരന്തരവും നിർദ്ദയവുമായ പോരാട്ടത്തിൽനിന്നു രണ്ടു കൂട്ടക്കാർക്കും വലുതായ നഷ്ടവും നാശവും ഉണ്ടു്. എന്നാൽ [illegible] ഉളളുന്നില്ല. ലിവർപൂൾ വിട്ടു യാത്ര ആരംഭിച്ചപ്പോൾ വിരോധികൾ ചെയ്തുവരുന്ന നാശത്തിന്റെ ലക്ഷ്യങ്ങൾ കാണാനുണ്ടായിരുന്നു. മേർസ നദിയുടെ മുഖത്തിന്റെ രണ്ടുവശത്തും നശിച്ചുപോയ കപ്പലുകളുടെ അവശിഷ്ടങ്ങൾ അങ്ങുമിങ്ങും കാണാനുണ്ടായിരുന്നതു സന്തോഷകരമായ ഒരു ദൃശ്യമല്ലായിരുന്നു. എത്ര കപ്പലുകളാണു ഇങ്ങനെ അവിടെ കാണാനുണ്ടായതു്! കടൽയാത്ര പുറപ്പെടുന്ന ആളുകൾക്കു ഇത്ര ദുഃഖകരമായ ഒരു കാഴ്ച വേറെ ഇല്ല തന്നെ.

മേർസ നദി കടന്നു ഞങ്ങളുടെ കപ്പൽ സംഘം അത്‌ലാന്തിക് മഹാസമുദ്രത്തിലേക്കു കടന്നു. ഉഗ്ര[illegible] വിശാലമായി, അനന്തമായ, വളർന്നുയർന്ന തിരമാലകൾ അടിച്ചു കടന്നിരുന്ന ആ മഹാർണ്ണവം എത്ര കണ്ടാലും തൃപ്തിവരാത്ത ഒരു [illegible]യായിരുന്നു. [illegible] കടൽ [illegible] അപായകരമാണെന്നു ആർക്കാണു അറിഞ്ഞുകൂ

ടാത്തതു്? കോളടിച്ചിളകിയാൽ എന്തെല്ലാമാപത്തുകളാണു് വരാവുന്നതു്! ഒഴുകി നടക്കുന്ന മഞ്ഞുദ്വീപങ്ങളിൽ തട്ടി എത്ര കപ്പലുകളാണു് നശിച്ചിട്ടുള്ളതു്! ആ ക്രൂരസ്വഭാവമൊന്നും കാണ്മാനില്ലായിരുന്നെങ്കിലും മനുഷ്യകൃതമായ ആപത്തുകൾകൊണ്ടു ഞങ്ങൾ ചുററപ്പെട്ടിരിക്കയാണെന്നു എനിക്കു ബോദ്ധ്യമായിരുന്നു. ഏതു നിമിഷമാണു്, ജർമ്മൻകാരുടെ സബ്മറീൻ കപ്പലുകൾ ഞങ്ങളെ കണ്ടുമുട്ടുന്നതെന്നു എങ്ങനെ അറിയാം? അവർ വഴിയിൽ അങ്ങുമിങ്ങും ഞങ്ങളെക്കാത്തു പതുങ്ങിക്കിടപ്പുണ്ടെന്നു തീർച്ചതന്നെ. കടൽ നിറയെ ബോംബുകൾ വാരിവിതച്ചിട്ടുള്ള സ്ഥിതിക്കു ഏതു നിമിഷത്തിലാണു് ഒന്നിൽ തട്ടി നാശം ഭവിക്കുന്നതെന്നു ആർക്കറിയാം? വിമാനങ്ങളുടെ ശബ്ദം കേൾക്കുമ്പോൾ, നമ്മുടേതോ അവരുടേതോ എന്നു മേല്പോട്ടു നോക്കി ദൈവത്തോടു ചോദിക്കയല്ലാതെ എന്തു സാധിക്കും? സാധാരണമായി ഇൻഡ്യയിൽ കപ്പൽവഴി എത്തുന്നതിനു 12 ദിവസം മതി; എന്നാൽ ഇപ്പോൾ ഒരു മാസത്തിൽ കുറയാതെ യാത്ര ചെയ്യെങ്കിൽ മാത്രമെ ലാഗോസിൽ എത്തുകയുള്ളുപോലും. അത്രയ്ക്കു് സാവധാനമായും ഓരോ മൈലും സൂക്ഷിച്ചും വേണം യാത്ര.

ഒരു ദിവസത്തെ യാത്ര കഴിഞ്ഞപ്പോൾ, കപ്പിത്താന്റെ ഒരു ഉത്തരവു നോട്ടീസുബോർഡിൽ പതിച്ചിരിക്കുന്നതു കാണുവാനിടയായി. യാത്രക്കാർ ഓരോരുത്തരും രാത്രിയിൽ രണ്ടു മണിക്കൂർവീതം, സബ്മറീനെ നോക്കിക്കാത്തു നിൽക്കണമെന്നായിരുന്നു കല്പന. രണ്ടാമത്തെ ദിവസമായിരുന്നു എന്റെ തവണ. അതും അർദ്ധരാത്രിക്കു്. ശൈത്യമോ സഹിച്ചുകൂടായിരുന്നു. ഉത്തരധ്രുവത്തിൽനിന്നു മഞ്ഞു നിറഞ്ഞ ഒരു കാററു ശക്തിയായി അടിച്ചുകൊണ്ടിരുന്നു. ഒരു മറവോ മൂടലോ ഇല്ലാത്ത മുകൾത്തട്ടിൽ നടന്നായിരുന്നു തവണ ചെയ്യേണ്ടതു്. നമ്മുടെ കുററംകൊണ്ടു കപ്പലിനു നാശം വരരുതല്ലോ എന്ന വിചാരത്താൽ ഒരുപോള കണ്ണടക്കാതെ ആ തണുപ്പു കാററുമേററു തെക്കുവടക്കു നടന്നു. കഠിനമായ ഒരു പനിയായിരുന്നു അതിന്റെ ഫലം.

ഒരാഴ്ചയോളം ഞാൻ എന്റെ മുറിയിൽ തന്നെ കിടപ്പായിരുന്നു. ആ സമയമെങ്ങാനും വിരോധികളുടെ ആക്രമണം ഉണ്ടായാൽ ഒരു വിധത്തിലും ജീവനുംകൊണ്ടു രക്ഷപ്പെടാൻ സാധിക്കുന്നതല്ലെന്നു തീർച്ചതന്നെ. സർവ്വേശ്വരനിൽ സകലവും സമർപ്പിക്കയല്ലാതെ എന്താണു് ഈ ഘട്ടത്തിൽ ചെയ്യുക? കപ്പലിൽ ജോലിനോക്കിയിരുന്ന ഡാക്ടർ ചെറുപ്പക്കാരനെങ്കിലും അതിസമർത്ഥനായിരുന്നു. അയാളുടെ ശുശ്രൂഷകൾകൊണ്ടു പനി കലശലാകാതെ കപ്പൽ ജിബ്രാൾട്ടറിനു സമീപം എത്തുന്നതിനു മുമ്പു എനിക്കു രോഗശയ്യയിൽനിന്നു എഴുന്നേൽക്കുവാൻ സാധിച്ചു. ജിബ്രാൾട്ടറിനു സമീപം വലിയ ഒരു സബ്മറീൻ സംഘം ജർമ്മൻകാർ ശേഖരിച്ചിട്ടുണ്ടെന്നു പ്രസിദ്ധമായിരുന്നു. അവിടം കഴിഞ്ഞുകൂടുകയാണെങ്കിൽ പിന്നെ ഫ്രീടൌൺ എന്ന തുറമുഖം സമീപിക്കുമ്പോഴാണു അപായഘട്ടമെന്നു ഞാൻ മനസ്സിലാക്കിയിരുന്നു. ജിബ്രാൾട്ടറിനു മുൻപു ദീനം മാറിക്കിട്ടിയതിൽ എനിക്കു വലുതായ ആശ്വാസമുണ്ടായിരുന്നു. ആ സ്ഥലത്തെത്തിയപ്പോൾ കപ്പലാകപ്പാടെ ഭയതരളമായിരുന്നു എന്നു പറയാം. ആരും പേടി പുറത്തുകാണിച്ചിരുന്നില്ലെങ്കിലും, നിർന്നിദ്രമായാണു രാത്രി കഴിച്ചിരുന്നതു്. ഞങ്ങളുടെ കപ്പൽ സംഘം ഒന്നുചേർന്നു, വേണ്ടിവന്നാൽ എതിരാളികളോടു നേരിടുന്നതിനു തയ്യാറായി സാവധാനം സഞ്ചരിച്ചിരുന്നു. ഒന്നു രണ്ടു പ്രാവശ്യം, സബ്മറീനെ നശിപ്പിക്കുവാനുള്ള ബോംബുകൾ കപ്പലുകളിൽനിന്നു എറിയുന്നതു കാണാനിടയായി. എങ്കിലും, വിരോധികളുടെ ബലമായ ആക്രമണം ഉണ്ടായില്ല. ഞങ്ങൾ ഈ ആപൽഘട്ടം നാശമൊന്നും കൂടാതെ തരണം ചെയ്തു.

## ഒരു വാസനാബലം

പിന്നേയും പത്തുദിവസത്തെ യാത്രയുണ്ടു ഫ്രീടൌണിൽ ചെല്ലുവാൻ. ഈ സമയംകൊണ്ടു ഏതായാലും ശീതോഷ്ണാവസ്ഥ മാറിക്കഴിഞ്ഞിരുന്നു. സഹിക്കവയ്യാത്ത തണുപ്പു മാറി, കാററിൽ കുറേശ്ശ ഉഷ്ണത്തിന്റെ ഭാവം കണ്ടുതുടങ്ങി. യാത്രയുടെ അസുഖങ്ങൾ ഒട്ടൊക്കെ കുറഞ്ഞു വന്നു. അതോടുകൂടി യാത്രക്കാർ തമ്മിൽ സംസർഗ്ഗവും വർദ്ധിച്ചുവന്നു. ഞങ്ങളുടെ കപ്പലിൽ ഉണ്ടായിരുന്നവരിൽ മിക്കവരും യുദ്ധം സംബന്ധിച്ച ജോലിക്കുവേണ്ടി പോകുന്നവരായിരുന്നു. ശിഷ്ടമുള്ളവർ നൈജീരിയായിൽ ഉദ്യോഗം ഭരിക്കുന്നവരാണു്. അവരിൽ മിക്കവർക്കും മദ്ധ്യാഹ്നമായാൽ ബീയർ, സന്ധ്യ കഴിഞ്ഞാൽ വിസ്കി എന്നിങ്ങനെ രണ്ടു വിചാരം മാത്രമാണുണ്ടായിരുന്നതു്. അവരുടെ ദുഃഖങ്ങൾ മദ്യത്തിൽ താഴ്ത്തുവാനായിരിക്കണം ഇങ്ങനെ ഒരു നടപടി അവർ തുടങ്ങിയതു്. ഏതായാലും രാത്രി ഒരു പത്തുമണിയോടുകൂടി മത്തുപിടിക്കാത്ത വെള്ളക്കാർ ആ കപ്പലിൽ ചുരുക്കമായിരുന്നു. ഈ കൂട്ടത്തിൽ ചേരാത്ത ചിലരും ഉണ്ടായിരുന്നു. അവരിൽ ഒരാൾ—അയാൾ നൈജീരിയായിൽ ഒരു ഖനനവിദഗ്ദ്ധനാണു—ഭഗവൽഗീത നിത്യവും അരവിന്ദഘോഷിന്റെ വ്യാഖ്യാനത്തോടുകൂടി വായിക്കുന്ന ഒരാളായിരുന്നു. “ഊർദ്ധ്വമൂലമധശ്ശാഖ”മെന്നു തുടങ്ങുന്ന ശ്ലോകത്തിന്റെ അർത്ഥത്തെപ്പററി ഒരു ദിവസം എന്നോടു ചോദിച്ചപ്പോഴാണു് അയാളുടെ ഈ പരിശ്രമങ്ങൾ എനിക്കു അറിവാനിടയായതു്. നോക്കണേ ജന്മാന്തരവാസന. ജാതികൊണ്ടു വെള്ളക്കാരൻ; ജോലികൊണ്ടു ഖനനവിദഗ്ദ്ധൻ. വിദ്യാഭ്യാസംകൊണ്ടു ഭൂഗർഭശാസ്ത്രജ്ഞൻ. അയാളുടെ വാസനയോ യോഗാഭ്യാസത്തിൽ. ശ്രീ അരവിന്ദഘോഷിന്റെ ഗീതാവ്യാഖ്യാനമാണു് അയാളെ ഈ മാർഗ്ഗത്തിൽ തിരിച്ചുവിട്ടതു്. ഇംഗ്ലീഷിൽ ഗീതക്കുള്ള മുപ്പതിൽപരം തർജ്ജമകളും വ്യാഖ്യാനങ്ങളും അയാൾ വായിച്ചു കഴിഞ്ഞിരിക്കുന്നു. കൂടാതെ ഇംഗ്ലീഷിൽ തർജ്ജമ ചെയ്യപ്പെട്ടിട്ടുള്ള ഉപനിഷത്തുകൾ, പതഞ്ജലി സൂത്രങ്ങൾ മുതലായവയും വായിച്ചു മനസ്സിലാക്കിയിട്ടുണ്ടു്. ആഫ്രിക്കായിൽ ജോലി ചെയ്യുന്ന അയാൾക്കു യോഗാഭ്യാസത്തിനു ഒരു ഗുരുവിനെ സമ്പാദിക്കാനുള്ള വൈഷമ്യമൊന്നാണു ഖേദത്തിനു കാരണമായുള്ളതു്.

ഇതിനിടയിൽ കടൽ കണ്ടു ഞാൻ മുഷിഞ്ഞിരുന്നു. മഹാർണ്ണവങ്ങൾക്കു ഭംഗിയില്ലായ്കയില്ല. സൂര്യരശ്മികൾ കളിക്കുമ്പോഴുള്ള നിറപ്പകർച്ചകൾ, കാററിന്റെ പെരുമാററം കൊണ്ടുള്ള ഭാവപ്പകർച്ചകൾ, ചന്ദ്രികയിൽ മുങ്ങുമ്പോഴുള്ള ശാന്തത ഇവയെല്ലാം ഭംഗിയേറിയവ തന്നെ. എങ്കിലും ഒരേ കാഴ്ചകൾ തന്നെ എന്നും കണ്ടു എന്റെ കണ്ണും കരളും മടുത്തു കഴിഞ്ഞിരുന്നു. ടെന്നിസൺ എന്ന ഇംഗ്ലീഷുകവിയുടെ ഒരു കൃതിയിൽ

“For ever more,
Most weary seemed the sea, weary the oar
Weary the wandering fields of barren foam”.

എന്നു കപ്പൽയാത്രചെയ്തു മനസ്സു മടുത്ത ചിലർ സങ്കടപ്പെടുന്നതിന്റെ തത്വം എനിക്കു പൂർണ്ണമായി അനുഭവപ്പെട്ടു.

ഒരേ കാഴ്ച കാണുന്ന സങ്കടം ഒരു വിധം സഹിക്കാം. എന്നാൽ അങ്ങനെയുള്ള അവസരങ്ങളിൽ മനസ്സിന്റെ യഥേഷ്ടസഞ്ചാരം നിയന്ത്രിക്കുന്നതിനു സാധിക്കാത്തതാണു വലുതായ ദുഃഖം. എന്തു ചെയ്താലും ഓരോ ദിവസം കഴിയുന്തോറും എന്റെ വിചാരമെല്ലാം നാട്ടിലുള്ളവരേയും വീട്ടിലുള്ളവരേയും പററി ആയിത്തുടങ്ങി. വിപ്രവാസത്തിന്റെ ദുഃഖമെല്ലാം അപ്പോഴാണു ഒന്നിച്ചറിയേണ്ടി വന്നതു്.

ഞങ്ങൾ ക്രമേണ ഫ്രീടൌൺ സമീപിച്ചു. അപകടമൊന്നും കൂടാതെ തുറമുഖത്തിൽ കയറിയപ്പോൾ എന്തൊരാശ്വാസമാണുണ്ടായതു്. ദൈവകടാക്ഷംകൊണ്ടു എന്തെല്ലാമപായത്തിൽനിന്നാണു രക്ഷപ്പെട്ടതു്. ഫ്രീടൌണിൽനിന്നു ലാഗോസിലേക്കു ആറു ദിവസത്തെ വഴിയുണ്ടെങ്കിലും, ആ വഴിയിലും ജർമ്മൻകാരിൽനിന്നപകടങ്ങൾ ഭയപ്പെടാനുണ്ടെങ്കിലും, ഇതുവരെ തരണം ചെയ്ത മഹാർണ്ണവവും ഇനി പോകാനുള്ള ഉൾക്കടലും തമ്മിൽ വലുതായ വ്യത്യാസമുണ്ടായിരുന്നു. ഫ്രീടൌണിൽ കപ്പൽ മൂന്നുദിവസം താമസിച്ചു. ഞാൻ അപായം കൂടാതെ ആഫ്രിക്കായിൽ എത്തിയ വാർത്ത കമ്പി വഴിയായി നാട്ടിലറിയിക്കുവാൻ അവസരം അങ്ങനെ ലഭിച്ചു.

## ഫ്രീടൌൺ മുതൽ ലാഗോസ് വരെ

മാർച്ച് 7-ാംതിയ്യതി ഞങ്ങൾ ഫ്രീടൌൺ വിട്ടു. അവിടെനിന്നു ലാഗോസിലേക്കു നാരായണദാസ് എന്നൊരിൻഡ്യക്കാരനും കപ്പലിൽ കയറിയിരുന്നു. ഇയാൾ പതിനാറു വർഷമായി ഫ്രീടൌണിൽ താമസമാണു്. സിന്ധുദേശക്കാരനായ ഒരു കച്ചവടക്കാരന്റെ മാനേജരായി ഫ്രീടൌണിൽ വന്നശേഷം ഇതുവരെ നാട്ടിലേക്കു പോയിട്ടില്ല. ജിബ്രാൾട്ടർ തൊട്ടു ആഫ്രിക്കായുടെ തീരപ്രദേശങ്ങളിലുള്ള പട്ടണങ്ങളിലെല്ലാം അയാളുടെ മുതലാളിക്കു കച്ചവടമുണ്ടത്രേ. യുദ്ധത്തിനു മുമ്പു, ജപ്പാനിലും സിംഗപ്പൂരിലും ഷാപ്പുകളുണ്ടായിരുന്നു. ഈ സൈന്ധവരുടെ വാണിജ്യവൈഭവം ആശ്ചര്യകരം തന്നെ.

ഫ്രീടൌൺ വിട്ടപ്പോൾ രക്ഷ പ്രാപിച്ചു എന്നായിരുന്നു ഞങ്ങളുടെ വിചാരം. അതു ശരിയല്ലെന്നു വേഗം മനസ്സിലാക്കാൻ ഇടയായി. ലാഗോസിനു ഒരഞ്ഞൂറു മയിൽ അകലെ ആയി ഞങ്ങളുടെ കൂടെയുണ്ടായിരുന്ന ഒരു ചരക്കു കപ്പലിനെ ജർമ്മൻകാർ നശിപ്പിച്ചു. ഞങ്ങളുടെ രക്ഷക്കുള്ള കപ്പലുകൾ മിക്കതും, ഫ്രീടൌണിനു ശേഷം ഞങ്ങളെ വിട്ടുപോയിരുന്നു. ഒരു ഡിസ്ട്രായറും ഒന്നു രണ്ടു ചെറിയ പടക്കപ്പലുകളും മാത്രമാണു അകമ്പടിയായി ഞങ്ങളെ അനുഗമിച്ചിരുന്നതു്. ആ തക്കം നോക്കിയായിരുന്നു വിരോധികളുടെ എതിർപ്പു്. പിറേറന്നു, മററകമ്പടിക്കപ്പലുകളും, ചരക്കു കപ്പലുകളുടെ രക്ഷയ്ക്കായി ഞങ്ങളെ വിട്ടുപോയി എന്നും, ആളുകൾ കയറിയിരുന്ന ഞങ്ങളുടെ കപ്പൽ ഒററയ്ക്കാണു സഞ്ചരിച്ചിരുന്നതെന്നും അറിഞ്ഞപ്പോൾ ഞങ്ങൾ ഭയവിഹ്വലരായി. ഒരു രാത്രിയും പകലും കൂടി കഴിച്ചുകൂട്ടുവാനുണ്ടായിരുന്നു. പിറകേ ചെന്നായ്ക്കൂട്ടമെന്നപോലെ ജർമ്മൻ സബ്മറീൻ ഉണ്ടെന്നും അറിവാൻ സാധിച്ചിരുന്നു.

ഈ അപകടസ്ഥാനത്തു വന്നപ്പോൾ രക്ഷയും ഇല്ലാതായി. പകലാണു കപ്പൽ മുങ്ങുന്നതെങ്കിൽ എങ്ങനെയെങ്കിലും രക്ഷപ്പെടാമെന്നു ധൈര്യമുണ്ടായിരുന്നു. രാത്രിയിലാണു അപായമെന്നുവെച്ചാൽ എന്തു ചെയ്വാൻ സാധിക്കും. ഏതായാലും ധരിച്ചിരുന്ന വസ്ത്രങ്ങളോടെ രക്ഷോപകരണങ്ങൾ സമീപം വെച്ചുകൊണ്ടുതന്നെ അന്നു രാത്രി കഴിച്ചുകൂടി. ദൈവാധീനംകൊണ്ടു യാതൊരപകടവും ഉണ്ടായില്ല.

പിറേറ ദിവസം (മാർച്ച് 12-ാം തീയതി) വൈകുന്നേരം ലാഗോസ് തീരം കാണാറായി. ഇരുപത്തിരണ്ടു ദിവസം മുഴുവൻ കപ്പലിൽ, ഈ സങ്കടമെല്ലാമനുഭവിച്ച്, ഈ അപകടങ്ങളെല്ലാം ഭയന്ന്, കഴിച്ചുകൂട്ടി. ഇരുപത്തിരണ്ടു വർഷംപോലെയാണ് ആ യാത്ര എനിക്കു തോന്നിയത്. കേരവൃക്ഷഭൂഷിതമായ ലാഗോസ് കടൽതീരം അകലെനിന്നു കണ്ടപ്പോൾ ഉണ്ടായ സന്തോഷം എങ്ങനെ വർണ്ണിക്കാനാണ്! ഇന്ദ്രനീലവർണ്ണമായ അത്ലാന്തിക് സമുദ്രം മരതകമനോഹരമായ കടലോരത്തെ തടവുന്ന കാന്തി, സന്ധ്യാർക്കരശ്മികളുടെ കാഞ്ചനപ്രഭയിൽക്കൂടി കാണാറായപ്പോൾ എന്തൊരാഹ്ലാദമാണ് എനിക്കുണ്ടായത്!

കപ്പൽ തുറയിൽ അടുത്തപ്പോൾ സിക്രട്ടേരിയററിൽനിന്നു ഒരുദ്യോഗസ്ഥൻ എന്നെ സ്വീകരിക്കുന്നതിന് അവിടെ ഹാജരുണ്ടായിരുന്നു. എങ്ങനെയെങ്കിലും, ഞാൻ കടൽയാത്ര കഴിഞ്ഞ് അപായംകൂടാതെ എത്തി എന്നൊരു കമ്പി അടിച്ചു, ബിക്കാനേറിൽ താമസിക്കുന്ന എന്റെ ഭാര്യയേയും കുട്ടികളേയും അറിയിക്കുന്നതിനായിരുന്നു എനിക്കു ധൃതിയുണ്ടായിരുന്നത്.

ഈ യുദ്ധകാലത്ത്, സർവ്വവിധമായ ആപത്തുകളും നിറഞ്ഞ ഈ യാത്രയ്ക്കു ഞാൻ ഒരുമ്പെട്ടത്, എന്റെ സഹധർമ്മചാരിണിക്കു സന്തോഷപ്രദമായിരുന്നില്ലെന്നു പറയേണ്ടതില്ല. എനിക്കു വരാവുന്ന ആപത്തിന്റെ ഫലം മററാരുമല്ലല്ലോ അനുഭവിക്കേണ്ടത്. എങ്കിലും ഈ സംരംഭത്തിനെ തടഞ്ഞൊരു വാക്കുപോലും നാവിൽനിന്നു പുറപ്പെട്ടിട്ടില്ലെന്നു പറയുമ്പോൾ അബലകൾ എന്നു നാമപഹസിക്കുന്ന സ്ത്രീകളുടെ ധൈര്യം മനസ്സിലാക്കാൻ സാധിക്കും. വാക്കുകൊണ്ടോ നോക്കുകൊണ്ടോ ഒരു വിപരീതഭാവവും കാട്ടിയിരുന്നില്ലെന്നു മാത്രമല്ല, യാത്രയ്ക്കുവേണ്ട ഒരുക്കങ്ങളെല്ലാം ചെയ്യുന്നതിനും ശുഷ്കാന്തി കാട്ടിയിരുന്നു. പക്ഷേ ഞാൻ ദൂരെ ആയിരുന്ന ആ നാലു മാസം എത്രമാത്രം സങ്കടം, ആരോടും ഒന്നു പറവാൻപോലുമില്ലാതെ, അവൾ അനുഭവിച്ചിരിക്കണം. വഴിയിൽനിന്ന് ഇടക്കിടെ ക്ഷേമത്തിനു കമ്പികളല്ലാതെ എഴുത്തുകൾപോലും അയക്കുന്നതിനു സാദ്ധ്യമല്ലായിരുന്നു. കമ്പികളിലും യാത്രയുടെ വിവരങ്ങൾ ആവട്ടെ, എവിടെനിന്നാണെന്നാവട്ടെ ഒന്നും പറഞ്ഞുകൂടാ. എത്ര അടിയന്തിരമായി അടിച്ചാലും എപ്പോഴാണ് കിട്ടുന്നതെന്ന് അറിവാൻ തരമില്ല. ഈ സ്ഥിതിക്ക് എത്രമാത്രം സങ്കടമനുഭവിക്കാമെന്ന് ഊഹ്യമാണല്ലോ.

ഈ ദൂരയാത്രയിൽ ആ ഒരു കാര്യമാണ് എനിക്കു ദുസ്സഹമായിരുന്നത്.

"ദ്വാരസ്തംഭനിഷണ്ണാംഗീം
പ്രതിപൽചന്ദ്രവൽകൃശാം
ലുളിതാളകസമ്പന്ന
ലലാടാം നിർവിലേപനാം
താംബൂലരാഗരഹിത
ധൂസരാധരപല്ലവാം
ബാഷ്പ പാംബുസ്ഥഗിതമുഖീം
ഉന്മുഖാം പുരതഃസ്ഥിതാം"

എന്നു സോമദത്തകവി വർണ്ണിച്ചിട്ടുള്ള ആ ചിത്രം എന്റെ മനോമുകുരത്തിൽ എല്ലാസമയവും പ്രതിബിംബിച്ചിരുന്നു. ലാഗോസിൽ ഞാൻ വന്നെത്തിയതായി ഗവമ്മേണ്ടുമുഖാന്തിരം ഒരു കമ്പി അടിച്ചശേഷം മാത്രമാണ് ഒരാശ്വാസം എനിക്കും ഉണ്ടായത്.

താമസത്തിനുവേണ്ട സൌകര്യങ്ങൾ, യാത്രയ്ക്കുവേണ്ട ഏർപ്പാടുകൾ ഇവയെല്ലാം നൈജീരിയൻഗവമ്മേണ്ടു ചെയ്തുതന്നു. വിമാനയാത്ര തുടരുന്നതിനുമുമ്പു രണ്ടു ദിവസം മി. ഗ്രന്താമിന്റെ ആതിഥ്യമേററു ലാഗോസിൽ വിശ്രമിച്ചു. ഗവർണ്ണരവർകൾ സുഖക്കേടായി ആശുപത്രിയിലായിരുന്നു. ആശുപത്രി വിട്ടിറങ്ങിയ അന്നുതന്നെ അദ്ദേഹവും ഭക്ഷണത്തിനു ക്ഷണിച്ചു. സർ സഫ്രുള്ളാ ഖാനും ലണ്ടനിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ സർ അസീസുൾഹക്കും ലാഗോസിൽ ആ സമയം എത്തിയിട്ടുണ്ടായിരുന്നു. ഇന്ത്യയിലേയ്ക്കു മടങ്ങുവാൻ ധൃതിപ്പെട്ട് അമേരിക്കയിൽനിന്നു പുറപ്പെട്ട സർ സഫ്രുള്ളാ, ലണ്ടനിൽ രണ്ടു മാസം താമസിക്കേണ്ടിവന്നു! അതിനുശേഷമേ അദ്ദേഹത്തിനു വിമാനസൌകര്യങ്ങൾ ലഭിച്ചുള്ളൂ. ആ സ്ഥിതിക്കു ലണ്ടനിൽ വെറുതെ താമസിച്ചു സമയം കളയുന്നതിനു പകരം, കപ്പൽയാത്ര ചെയ്തത് ഉത്തമമായി എന്ന് എനിക്കു തോന്നി.

പതിനാറാം തീയതി രാവിലെ എയരോപ്ലെയിൻവഴി ലാഗോസ് വിട്ടു.



## ലാഗോസിൽനിന്നുള്ള വിമാനയാത്ര

ലാഗോസിൽനിന്നുള്ള യാത്ര വേറെ ഒരു വഴിയിൽക്കൂടി ആയിരുന്നു. കരയ്ക്കിറങ്ങാവുന്ന വിമാനത്തിലായതുകൊണ്ടു നദികളുടെ ഗതി അനുസരിച്ചു സഞ്ചരിക്കേണ്ട ആവശ്യമില്ലായിരുന്നു. 16-ാം തീയതി രാവിലെ ലാഗോസിൽനിന്നു തിരിച്ച്, ഉച്ചയോടുകൂടി നൈജീരിയായുടെ വടക്കേ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന കാനോ എന്ന നഗരത്തിൽ എത്തി. പിറേറദിവസത്തെ സഞ്ചാരം സഹാറായെന്ന മരുഭൂമിയുടെ മുകളിൽക്കൂടി ആയിരുന്നതിനാൽ, അന്നത്തെ പകൽ കാനോവിൽതന്നെ കഴിച്ചുകൂട്ടി. കാനോ പട്ടണം പല വിധത്തിൽ പ്രാധാന്യമുള്ള ഒന്നാണ്. സഹാറായുടെ അതിർത്തിയാണ് അതെന്നു പറയാം. അവിടം കഴിഞ്ഞാൽ അനേകശതം മയിൽ ദൂരത്തേയ്ക്കു വെള്ളമാവട്ടെ കൃഷിയാകട്ടെ മനുഷ്യരുടെ അധിവാസമാവട്ടെ കാണാറില്ലെന്നു പറയണം. വടക്കേ ആഫ്രിക്കാ പിടിച്ചടക്കിയ മുസൽമാൻമാർ ഒട്ടകപ്പുറത്തു കയറി സഹാറാ തരണംചെയ്തു സ്ഥാപിച്ച ഒരു നഗരമാണ് കാനോ. അവിടെനിന്നു സാർത്ഥവാഹന്മാർ പഴയ പടിക്ക് ഇപ്പോഴും സഞ്ചരിക്കാറുണ്ട്.

പതിനേഴാം തീയതി കൃത്യം ആറു മണിക്കു ഞങ്ങൾ കാനോ വിട്ടു. സഹാറാ മരുഭൂമിയുടെ ഏകദേശരൂപം കാണേണമെന്ന് അത്യാഗ്രഹം ഉണ്ടായിരുന്നതുകൊണ്ടു ഞാൻ ജനാലയിൽക്കൂടി അധോഭാഗത്തേയ്ക്കു നോക്കിക്കൊണ്ടുതന്നെ പകൽ മുഴുവൻ കഴിച്ചു. ഇങ്ങനെ ഒരു പ്രദേശം ഊഹിക്കുവാൻപോലും സാധിക്കുന്നതല്ല. ഒരു പുൽത്തരിപോലും ബഹുശതം ചതുരശ്രമയിലിൽ കാണാനില്ല; അമൃതിനേക്കാൾ അസുലഭമത്രേ പച്ചവെള്ളം. "ഗ്രന്ഥമാത്രശ്രുതം നാമമമൃതിന്നന്തരമില്ലെന്നു ചൊല്ലിനാർ പണ്ഡിതർ." ഗ്രീഷ്മകാലവർണ്ണനയിൽ ജലദൌർല്ലഭ്യത്തെപ്പററി, ഞാൻ വേറെ ഒരവസരത്തിൽ എഴുതിയിട്ടുള്ളതു സഹാറായെ സംബന്ധിച്ചിടത്തോളം അതിശയോക്തി എന്നു പറഞ്ഞുകൂടാ. ജന്തുക്കളുടെ വാസലക്ഷണങ്ങൾപോലും കാണാനില്ല. മരമില്ലാത്തിടങ്ങളിലുണ്ടോ പക്ഷികൾ! അനന്തദീർഘതയിൽ നീണ്ടുകിടന്ന ആ ധന്വഭൂമിയിൽ ജനവാസം ഇല്ലെന്നു മാത്രമല്ല, ജനസഞ്ചാരത്തിന്റെ ലക്ഷ്യങ്ങൾതന്നെ അപൂർവ്വമായേ കാണാനുണ്ടായിരുന്നുള്ളൂ. ധന്വദേശങ്ങളെ മണലരണ്യങ്ങൾ എന്നു പഴയ ഭൂമിശാസ്ത്രങ്ങളിൽ വർണ്ണിച്ചുകണ്ടിട്ടുണ്ട്. വെള്ളമണൽകൊണ്ടു മൂടി കടൽപോലെ പരന്നുകിടക്കുന്ന ഇന്ത്യയിലെ മരുസ്ഥലത്തിനു ആ വിവരണം യോജിച്ചതത്രേ. പക്ഷേ, സഹാറാ അങ്ങനെ ഒരു മരുഭൂമിയല്ല. ഇരുണ്ടുയർന്നുനില്ക്കുന്ന പാറക്കൂട്ടങ്ങൾ, കല്ലുപോലുറച്ച ഭൂമി, ഇടക്കിടെ വീണ്ടും വിടർന്നു കാണുന്ന താഴ്ചകൾ, കുറെയിടം മണൽക്കാടുകൾ, ഇങ്ങനെയാണ് ഈ ദേശത്തിന്റെ ഭയങ്കരസ്വരൂപം. ലോകത്തിലെ സകല മരുഭൂമികളിലും നടന്നു പരിശോധന നടത്തിയിട്ടുള്ള വിഖ്യാതനായ സർ ആറൽസ്റ്റൈൻ ഒരു മൂന്നു വർഷംമുമ്പ് ഇൻഡ്യൻമരുഭൂമിയിൽ ചില അന്വേഷണങ്ങൾ നടത്തുന്നതിനായി കുറച്ചു മാസം ബിക്കാനേറിൽ വന്നു താമസിക്കയുണ്ടായി. "മരുഭൂമിയുടെ ചക്രവർത്തി" എന്നത്രേ ബിക്കാനേർ മഹാരാജാവിന്റെ സ്ഥാനങ്ങളിൽ ഒന്ന്. ആ സ്ഥിതിക്കു ഞങ്ങളുടെ മരുഭൂമി എങ്ങനെ എന്നു കുശലപ്രശ്നമായി ഞാൻ ആരംഭിച്ചപ്പോൾ സർ ആറൽസ്റ്റൈൻ പറഞ്ഞു: "സഹാറായോടോ ഗോബിയോടോ ഉപമിക്കുമ്പോൾ നിങ്ങളുടെ മരുഭൂമി ഉപവനമാണ്. ഇതൊരു മരുഭൂമിയെന്നു നിങ്ങൾ അപയശസ്സു മാത്രം ഘോഷിക്കുന്നതാണ്." ബിക്കാനേർമരുഭൂമി മാത്രം അറിഞ്ഞിരുന്ന എനിക്ക് അന്ന് അയാൾ പറഞ്ഞത് അതിശയോക്തി എന്നു തോന്നി. എന്നാൽ ആകാശത്തുനിന്നു കണ്ട ആ സഹാറാ മരുഭൂമി, ഭൂതപ്രേതപിശാചാദികൾക്കു കളിയാടാൻ നിർമ്മിച്ച ഒരു ശ്മശാനലോകമാണെന്നാണ് എനിക്കു തോന്നിയത്.

ഒരു പത്തുമണിയോടുകൂടി ഭൂമിയുടെ പ്രകൃതി കുറേശ്ശയായി മാറുന്നതുകണ്ടു. അങ്ങുമിങ്ങും ചില വൃക്ഷങ്ങൾ കാണാനുണ്ടായിരുന്നു. ക്രമേണ കൃഷിയേററിയിരുന്ന ചില വയലുകളും, മുള്ളുചെടികൾ നിറഞ്ഞ ചില ചെറുകാടുകളും, ചില ചെറിയ ഗ്രാമങ്ങളും കാണാറായി. പെട്ടെന്നു ഞങ്ങൾ ഒരു നദിയുടെ മുകളിൽ എത്തി. സഹാറായുടെ നടുവിൽക്കൂടി ഒഴുകുന്ന "ചാഡു" എന്ന നദിയത്രെ അതു്. അതിനു സമീപം ഫ്രെഞ്ചുകാർ ഫോർട്ടുലാമി എന്നൊരു പട്ടണം നിർമ്മിച്ചിട്ടുണ്ട്. ആ സ്ഥലം വിമാനങ്ങൾക്കു ഒരു താവളമാണ്.

## സഹാറാ മരുഭൂമി

പതിനൊന്നുമണിക്കു ലാമിയിൽനിന്നു തിരിച്ചു. അപ്പോഴേക്കും സഹാറായിൽ ചൂടു സ്വല്പമൊന്നറിവാൻ ഇടയായി. പഴുത്ത സൂചികൊണ്ടു ദേഹത്തിൽ കുത്തുന്നതുപോലെ ആയിരുന്നു കാററടിക്കുമ്പോഴുള്ള അനുഭവം. കാററത്തു മണ്ണിളകി പൊങ്ങി അവിടം ആകമാനം ഒരു മഞ്ഞനിറത്തിൽ മുഴുകിയിരുന്നു. വല്ലവിധത്തിലും വിമാനത്തിൽ കയറിക്കൊണ്ടാൽ മതിയെന്നായിരുന്നു ഞങ്ങളുടെ വിചാരം. ലാമി

(ശേഷം 18-ാം പേജിൽ)

# യുദ്ധവും പട്ടാളത്തിലേയ്ക്കു് ആളെ എടുക്കലും

"ശേഷിയുള്ള ചെറുപ്പക്കാരെല്ലാം ആയുധമെടുക്കണം; മററുള്ളവർ യഥാശക്തി വേറെയുള്ള പ്രവൃത്തികളും ചെയ്യണം. പണംകൊണ്ടു് സഹായിപ്പാൻ കഴിയുന്നവർ, ധർമ്മമായൊ ധനസഹായമായൊ, അങ്ങിനെ ചെയ്യണം. ഇങ്ങിനെ ചെയ്യരുതെന്നു വെച്ചു് പല പ്രതികൂലശക്തികളും നടപ്പുണ്ടു്. അടിസ്ഥാനരഹിതമായ പ്രസ്താവനകളും പച്ചനുണകളുംകൂടി ദിനംപ്രതി പരക്കുന്നുണ്ടു്. ഇവയുടെ ബാധകളൊന്നും നിങ്ങളുടെ അരികിൽ വരാൻ സമ്മതിക്കരുതു്."



ദിവാൻ ബഹദൂർ എം. രാമൻ

**കൊ**ല്ലം 1939 സെത്തെമ്പർ 3-ാം തിയ്യതി യുദ്ധം ആരംഭിച്ചു. നാലു കൊല്ലം മൂന്നു മാസത്തെ യുദ്ധം കഴിഞ്ഞു. സമാധാനമാവാനിനിയും ഇതേകാലം വേണ്ടിവരുമെന്നു തോന്നുന്നു.

ആരംഭകാലം ഏററവും കുഴപ്പം പിടിച്ചതായിരുന്നുവെന്നു് മാത്രമല്ല, ഭാവിയുംകൂടി വളരെ മോശമായ നിലയിൽ തോന്നിപ്പോയി. രാജ്യങ്ങൾ തമ്മിലുള്ള മര്യാദനടവടികളെ പററി അല്പമെങ്കിലും ചിന്തിക്കാതേയും, ചതിയാലും ജർമ്മനിയും ജാപ്പാനും ഈ ഘട്ടത്തിൽ ഐക്യകക്ഷികളെ വല്ലാതെ തോല്പിച്ചു. യൂറോപ്പിലും ശാന്തസമുദ്രത്തിലും ഐക്യകക്ഷികൾക്കു് പരാജയങ്ങൾ മേൽക്കുമേൽ വന്നുതുടങ്ങി. കുറച്ചുകാലം ബ്രിട്ടനു് ഒററക്കുനിന്നു് പൊരുതേണ്ടിയും വന്നു. അമേരിക്ക, റഷ്യ, ചൈന മുതലായ ഐക്യകക്ഷികൾ ക്രമേണ വന്നുചേരുവാൻ തുടങ്ങിയതോടുകൂടി ക്ലേശങ്ങളുണ്ടെങ്കിലും കാര്യങ്ങൾക്കു ഗുണംവന്നുതുടങ്ങി. ഐക്യകക്ഷി രാജ്യങ്ങളായ അമേരിക്ക, കനഡ എന്നീ കോയ്മകളിൽനിന്നു സഹായമുണ്ടായി, ആയുധങ്ങളും വന്നുചേർന്നു തുടങ്ങി. ഐക്യകക്ഷികൾ ശത്രുപക്ഷക്കാരുടെ സൈന്യങ്ങളേയും, വിമാനപ്പടയേയും, കടൽസൈന്യത്തേയും പൊടിപൊടിച്ചു. ഈ വിധം നിരന്തരമായി പരാക്രമങ്ങൾ അടിച്ചതിന്റെ ഫലം നാം ഇന്നു് കാണുന്നു. ഇന്നത്തെ സ്ഥിതി എത്ര ഭേദപ്പെട്ടിരിക്കുന്നു! സർവ്വദിക്കിലും ഐക്യകക്ഷികളുടെ വിജയഭേരി മുഴങ്ങുന്നു. റഷ്യക്കാർ നേടുന്ന വിജയവും, അവർ ജർമ്മൻകാരുടെ മേൽചൊരിയുന്ന പ്രഹരവും ഇന്നത്തെ യുദ്ധചരിത്രത്തിൽ ഒരു പ്രധാന അദ്ധ്യായമാണു്. യഥാർത്ഥത്തിൽ ജർമ്മൻകാരെ അവർ പിന്നോക്കം അടിച്ചോടിക്കുകതന്നെയാണു്. പാററകൾപോലെ ചത്തുവീഴുന്ന സഹോദരയോദ്ധാക്കളുടെ ശവം തിരിഞ്ഞുനോക്കാതെയും, കയ്യിലുള്ള യുദ്ധോപകരണങ്ങൾ ഉപേക്ഷിച്ചുമാണു് ഈ ഓട്ടം. ഇററലിയിൽ മഴയും ചളിയും ഗണ്യമാക്കാതെയാണു് ഐക്യകക്ഷി സൈന്യങ്ങൾ മുമ്പോട്ടു കയറുന്നതു്. അവിടേയും ജർമ്മൻകാർക്കു് വലിയ നഷ്ടങ്ങൾ നേരിടുന്നു. ഐക്യകക്ഷികളെ സംബന്ധിച്ചുള്ള വർത്തമാനം വളരെ സന്തോഷപ്രദമാണു്; ഭൂപ്രകൃതികൊണ്ടും കാലാവസ്ഥകൊണ്ടും അവരുടെ പുരോഗതിക്കു് സാവധാനമുണ്ടെന്നേയുള്ളു. ശാന്തസമുദ്രരംഗത്തിലും ഐക്യകക്ഷികൾ ശരിയായ വിജയം നേടിവരുന്നു. ചൈനയിൽ ജാപ്പാൻകാർക്കു് വലിയ പരാജയമാണു് നേരിട്ടിരിക്കുന്നതു്. ചില വിക്ഷേപസ്ഥലങ്ങളിൽനിന്നു് പിൻവലിക്കുവാൻ ജാപ്പാൻ സൈന്യങ്ങൾക്കു് കഴിയാത്തവിധം അമേരിക്കയുടേയും ചൈനയുടേയും വിമാനസേനകൾ അവരെ തടഞ്ഞിരിക്കുന്നു.

ഒരുപോലും സംശയിപ്പാൻ കഴിയാത്തവിധം ഐക്യകക്ഷികളുടെ വിജയം തീർച്ചപ്പെട്ടിരിക്കുന്നുവെന്നു് നമുക്കു് പറയാവുന്ന സ്ഥിതിയിൽ അവർ എത്തിക്കഴിഞ്ഞിരിക്കുന്നു.

എന്നാൽ യുദ്ധാവസാനം ലവലേശം അടുത്തുവെന്നു് പറയാറായിട്ടില്ല; അല്പമെങ്കിലും ഐക്യകക്ഷി പരിശ്രമങ്ങളുടെ മുറുക്കം കുറക്കേണ്ട ഘട്ടവും ആയിട്ടില്ല. ഇനിയും സർവ്വവിധേനയുള്ള പരിത്യാഗങ്ങൾക്കും കഷ്ടപ്പാടുകൾക്കും നാം ഒരുങ്ങിക്കൊണ്ടു തന്നെയിരിക്കണം.

ഒരു വലിയ ബഡവാഗ്നിപോലെയാണു് യുദ്ധം ഇപ്പോൾ പരന്നുപിടിച്ചിരിക്കുന്നതു്. ലോകമൊട്ടാകെ പരന്നു് എല്ലാററിനേയും വളഞ്ഞുപിടിക്കുകയാണതിപ്പോൾ ചെയ്യുന്നതു്. ഈ തീയിൽനിന്നു രക്ഷപ്പെട്ടുകളയാമെന്നു് ആരും വിചാരിക്കേണ്ട; അതിനെ തച്ചുകെടുക്കുകയല്ലാതെ യാതൊരു നിവൃത്തിയുമില്ല. ഈ പ്രവൃത്തി സഫലമാക്കാൻ ആബാലവൃദ്ധം അതിന്നൊരുങ്ങണം. ശേഷിയുള്ള ചെറുപ്പക്കാരെല്ലാം ആയുധമെടുക്കണം; മററുള്ളവർ യഥാശക്തി വേറെയുള്ള പ്രവൃത്തികളും ചെയ്യണം. പണം കൊണ്ടു സഹായിപ്പാൻ കഴിയുന്നവർ, ധർമ്മമായൊ ധനസഹായമായൊ, അങ്ങിനെ ചെയ്യണം. ഇങ്ങിനെ ചെയ്യരുതെന്നു വെച്ചു് പല പ്രതികൂലശക്തികളും നടപ്പുണ്ടു്. അടിസ്ഥാനരഹിതമായ പ്രസ്താവനകളും പച്ചനുണകളുംകൂടി ദിനംപ്രതി പരക്കുന്നുണ്ടു്. ഇവയുടെ ബാധകളൊന്നും നിങ്ങളുടെ അരികിൽ വരാൻ സമ്മതിക്കരുതു്.

നമുക്കു് ഈ യുദ്ധത്തിൽ യാതൊരു പങ്കും ഇല്ലെന്നായിരുന്നു കുറെ കാലം ചിലരുടെ വിചാരം. അതു തീരെ അബദ്ധമായ വിചാരമാണെന്നു് ഇപ്പോൾ എല്ലാവർക്കും ബോദ്ധ്യം വന്നുകഴിഞ്ഞിരിക്കുന്നു. എങ്ങിനെയാണു് ബോദ്ധ്യം വരാതിരിക്കുക? പറഞ്ഞു് പറഞ്ഞു് യുദ്ധം നൊമ്മെത്തന്നെയാണിപ്പോൾ തുറിച്ചുനോക്കുന്നതു്. പക്ഷെ പേടിക്കാനൊന്നുമില്ല; നമ്മുടെ രാജ്യരക്ഷക്കു വേണ്ടി ഗവർമ്മെണ്ടു ചെയ്തിട്ടുള്ള ഓരോ ഏർപ്പാടുകൾ പരിശോധിച്ചു നോക്കുവിൻ. മാത്രമൊ; ശത്രുവിന്റെ നേരെയാരംഭിക്കാനുള്ള പടപുറപ്പാടിന്റെ ഒരുക്കങ്ങൾ അതിലും മേലെയാണു്.

ഈ പടപുറപ്പാടിന്റെ ആവശ്യത്തിന്നു് ഇന്ത്യ വലുതായ ഒരു സൈന്യശേഖരസ്ഥലമായിരിക്കുന്നു. സൈന്യാവിശ്യാർത്ഥം ഇന്ത്യയിലെ എത്ര യുവാക്കന്മാരാണു് ആയിരക്കണക്കിൽ തോട്ടിതൊട്ടു് തഹസിൽദാർവരെയുള്ള നാനാതരത്തിലുള്ള വേലകൾക്കായി ചേർന്നിരിക്കുന്നതെന്നൊ! നമ്മുടെ കുട്ടികളിൽ പലരും ഖ്യാതിനേടുകയും ചെയ്തുകഴിഞ്ഞു. മിഡിൽ ഈസ്റ്റ് രംഗത്തിൽ വന്നുചേർന്നതായ വിജയങ്ങളൊന്നും ഇന്ത്യയുടെ സഹായം കൂടാതെ സാദ്ധ്യമായിരുന്നില്ലെന്നു് വൈസറോയി പറഞ്ഞതു കേട്ടില്ലേ? ഈ വിധം അഭിമാനകരമായ ഒരു കാര്യത്തിൽ നമുക്കു അധികം അഭിമാനിക്കാനൊരു സംഗതിയുള്ളതെന്തെന്നറിയാമൊ? പട്ടാളത്തിൽ ഇന്ത്യക്കാർ ചേർന്നിട്ടുള്ളതിൽ ഏററവും അധികം ആളുകൾ നമ്മുടെ സംസ്ഥാനത്തിൽ നിന്നാണു്; ഏററവും നല്ല യോദ്ധാക്കളും നമ്മുടെ സംസ്ഥാനത്തിൽ നിന്നുള്ളവരാണു്.

പട്ടാളത്തിൽ ചേർന്നു് ഒരു നല്ല പട്ടാളക്കാരനാവുന്ന ജോലി ചില്ലറയാണെന്നാരും കരുതേണ്ട; ഉടുപ്പിട്ടു് എല്ലാവരും കൂടി ഒന്നിച്ചു നടക്കാനും നാലു് കവാത്തെടുക്കാനും പഠിച്ചു കഴിഞ്ഞാൽ പട്ടാളക്കാരനായില്ല; ശാസ്ത്രീയമായ യുദ്ധതന്ത്രത്തിൽ എത്രയും വിഷമമായ പാഠങ്ങൾ പഠിക്കുവാനുണ്ടു്.

യുദ്ധകാലത്തു മാത്രമല്ല, യുദ്ധം കഴിഞ്ഞാലും ഇന്ത്യക്കു വലുതായ ഒരു സൈന്യം ആവിശ്യമാകുന്നു. അതിനാൽ സൈന്യശേഖരത്തിന്നായി പ്രത്യേകം ഒരു ഉദ്യോഗസ്ഥസമിതിതന്നെ ഏർപ്പാടു ചെയ്തിട്ടുണ്ടു്. സൈന്യത്തിന്റെ മൂന്നു വകുപ്പുകളിലേക്കുള്ള കിങ്ങ്സ് കമീഷൻ ഉദ്യോഗസ്ഥന്മാരെയൊഴിച്ചു് മററുള്ളവരെയെല്ലാം തിരഞ്ഞെടുക്കുവാനാണു് റിക്രൂട്ടിങ്ങ് ഓഫീസർ, അസിസ്റ്റാൻറ് റിക്രൂട്ടിങ്ങ് ഓഫീസർ, എക്സ്ട്ര അസിസ്റ്റാൻറ് റിക്രൂട്ടിങ്ങ് ഓഫീസർ ഇങ്ങിനെ മൂന്നാളുകൾ.

സൈന്യത്തിലേക്കു ആളെ എടുക്കുന്നതിൽ ഏററവും പ്രധാനമായിട്ടുള്ളതു് പട്ടാളക്കാരന്റെ ജോലിക്കാകുന്നു. പ്രായം കൊണ്ടും, ദേഹപ്രാപ്തികൊണ്ടും പററിയവരെയാണു് ഇതിലേക്കെടുക്കുക. യന്ത്രതന്ത്രകൗശലതക്കു പരിശീലനം കൊടുപ്പാൻ ആളെ എടുക്കുന്നതു് ടെക്കനിക്കൽ റിക്രൂട്ടിങ്ങ് ഓഫീസറാണു്. ക്ലാർക്കുമാരെയെടുക്കുന്നതു് ബാങ്കളൂരിലുള്ള റിക്രൂട്ടിങ്ങ് ആഫീസറുടെ കീഴിലുള്ള മററു

റിക്രൂട്ടിങ്ങ് ആഫീസർമാരാകുന്നു. ഹരജി ഫാറങ്ങളും മററു വിഷയങ്ങളെ കുറിച്ചുള്ള വിവരങ്ങളും റിക്രൂട്ടിങ്ങ് ആഫീസർമാരുടെ വക്കൽനിന്നു കിട്ടും. ഇവർ എപ്പോഴും അവരവൎക്കു കല്പിച്ചതായ തട്ടകങ്ങളിൽ സഞ്ചരിച്ചു ചെയ്യുന്നതാണ്. മദിരാശി, ഈ വകയെല്ലാം ലഭിക്കുന്നതു് പുതുപ്പേട്ടയുള്ള റിക്രൂട്ടിങ്ങ് ആഫീസരുടെ ആപ്പീസ്സിൽ നിന്നാണ്.

യന്ത്രതന്ത്രകുശലതക്കുള്ള പരിശീലനം 17 വയസ്സു മുതൽ 40 വയസ്സുവരെയുള്ളവൎക്കു ഏൎപ്പാടു ചെയ്തിട്ടുണ്ട്. പലേ തരത്തിലുള്ള തൊഴിലുകളിലും ഈ പരിശീലനം കൊടുക്കാം. ഈ ആവിശ്യത്തിന്നു മദിരാശിയിലുള്ളവർ ഹരജി കൊടുക്കേണ്ടതു് നാഷനൽ സെർവീസ് ലേബർ ട്രിബ്യൂനൽ ചെയർമാന്റെ സന്നിധിയിലും; പുറമെയുള്ളവർ അതാതു് ജില്ലയിലെ കലക്ടർ മുഖാന്തരവുമാണ്. ഇംഗ്ലണ്ടിൽ പോയി ഉയൎന്നതരം വ്യവസായിക പരിശീലനത്തിന്നയക്കുന്ന ബെവിൻ ബോയിസ്നെയും തിരഞ്ഞെടുക്കുന്നതു് നാഷനൽ സേർവീസ് ലേബർ ട്രിബ്യൂനൽ ചെയർമാൻ തന്നെയാകുന്നു. ഒമ്പതു് സംഘം ബെവിൻ ബൊയ്സിന്റെ പരിശീലനം കഴിഞ്ഞു. പത്താമത്തെ സംഘക്കാരെ തിരഞ്ഞെടുക്കുന്ന ഘട്ടമാണിപ്പോൾ

ഹരജികൾ വന്നുകഴിഞ്ഞാൽ ഹരജിക്കാരെ പ്രൊവിൻഷ്യൽ സിലക്ക്ഷൻ ബോഡ് നേരിട്ടു കാണേണ്ടതിന്നു് ഏൎപ്പാടുചെയ്യുന്നു. പ്രൊവിൻഷ്യൽ സിലക്ക്ഷൻ ബോഡ് സ്വീകരിച്ചുകഴിഞ്ഞതും, മദിരാശി മിലിട്ടറി മെഡിക്കൽ ബോഡ് പരീക്ഷകഴിച്ചു് പാസ്സാക്കിയതുമായ ഹരജിക്കാരുടെ കടലാസ്സുകളെല്ലാം പിന്നെ പോകുന്നതു് ബാങ്കളൂരിലുള്ള സിലക്ക്ഷൻ ബോഡിലേക്കാണ്. അവിടെയും സ്വീകരിച്ചു കഴിഞ്ഞാൽ ഹരജിക്കാരനെ വിമാന സൈന്യത്തിലേക്കൊ, കടൽ സൈന്യത്തിലേക്കൊ, ഓഫീസർ ട്രെനിങ്ങ് സ്കൂളിലേക്കൊ അയക്കുന്നതാണ്. പഠിപ്പെത്രകണ്ടു വേണമെന്നു ചോദിച്ചാൽ മിതമായ ഒരു ലോകപരിജ്ഞാനം വരത്തക്ക നിലയിൽ വേണം. വയസ്സ് 18 മുതൽ 36 വരെയാകാം. ഹരജിക്കാൎക്കു യാത്ര ചെയ്യേണ്ടതിന്നു് ഒരു സെക്കണ്ടു് ക്ലാസ് ടിക്കററും, അര സെക്കണ്ടു് ക്ലാസിന്റെ സംഖ്യ പോക്കററ് മണിയായും കൊടുക്കുന്നതാകുന്നു. പ്രൊവിൻഷ്യൽ സിലക്ക്ഷൻ ബോഡ് ഒരു ഹരജിക്കാരൻ സ്വീകാൎയ്യനാണെന്നു് കണ്ടാലും മററധികാരങ്ങളിൽനിന്നു് ലോകപരിജ്ഞാനത്തിലൊ, ദേഹപുഷ്ടിയിലൊ അല്പം കുറവുണ്ടെന്നു് കാണുന്നപക്ഷം ഹരജിക്കാരനെ മൂന്നു മാസത്തെ ട്രെനിങ്ങിന്നു്



വടക്കെ ഇന്ത്യയിൽ ജലന്തർ നഗരിയിൽവെച്ചു് 40,000 ആളുകളെ പട്ടാളത്തിൽ എടുത്ത സന്ദൎഭം കൊണ്ടാടുവാൻ ജനങ്ങൾ ഉത്സവം കഴിക്കുന്നു. പട്യാല മഹാരാജാവു അദ്ധ്യക്ഷം വഹിക്കുകയും ചെയ്യുന്നു.

വൈസറൊയ്സ് കമീഷൻ സൈന്യ ഉദ്യോഗസ്ഥ സമിതിയിലേക്കും ആളുകളെ തിരഞ്ഞെടുക്കുന്നുണ്ടു്. ഇവൎക്കു മുപ്പതു വയസ്സിൽ കവിയാൻ പാടില്ല; സ്കൂൾ ഫൈനലൊ, അതുപോലെയുള്ള മററു് പരീക്ഷയൊ പാസ്സായിട്ടുണ്ടായിരിക്കണം. വൈസറൊയിസ് കമീഷനിൽ ചേൎന്നവർ പ്രവൃത്തിക്കു മിടുക്കന്മാരാണെങ്കിൽ അവൎക്കു കിങ്ങ്സ് കമീഷനിലേക്കു കയററം കിട്ടുവാനും സാദ്ധ്യമാകുന്നു.

കിങ്ങ്സ് കമീഷ്യൻ ഉദ്യോഗസ്ഥന്മാരായി ഇന്ത്യൻ സൈന്യത്തിന്റെ മൂന്നു വകുപ്പുകളിലേക്കും—കടൽ, കര, വിമാനം—ആളെ തിരഞ്ഞെടുക്കുന്നു. ഹരജിയുടെ അച്ചടിഫാറം അതാതു് ജില്ലകളിലെ ഡിസ്ട്രിക്ട് മജിസ്റ്റ്രേട്ടിന്റെ വക്കൽ നിന്നൊ, ഏരിയാ കമാണ്ടരുടെ വക്കൽ നിന്നൊ, മദ്രാസ് പ്രൊവിൻഷ്യൽ സിലക്ക്ഷൻ ബോഡ്, സെനററ് ഹൌസ്, എന്ന മേൽവിലാസത്തിൽ അപേക്ഷിച്ചാലൊ, കിട്ടുന്നതാണ്. ഈ അച്ചടിഫാറം എഴുതി ഒപ്പിട്ടു് ആദ്യം ജില്ലാ കലക്ടൎക്കു അയക്കണം. ഗവൎമ്മെണ്ടുദ്യോഗത്തിലുള്ള ഒരാളാണ് ഹരജിക്കാരനെങ്കിൽ ആയാൾ ജോലി ചെയ്യുന്ന ഡിപ്പാൎട്ടുമെണ്ടിലെ മേലധികാരി ഹരജി പ്രൊവിൻഷ്യൽ സിലക്ക്ഷൻ ബോഡിലേക്കു നേരിട്ടയച്ചുകൊടുക്കണം. നാട്ടുരാജ്യങ്ങളിലെ പ്രജകൾ അതാതു് ഭരണാധികാരത്തിന്റെ സമ്മതത്തോടുകൂടിയെ ഹരജി അയക്കാവു. ഇങ്ങനെ ഹരജി അയച്ചു കഴിഞ്ഞാൽ അതാതു സ്ഥലത്തുള്ള മിലിട്ടറി കമാണ്ടർ ഹരജിക്കാരെ നേരിട്ടു കാണുന്നതായിരിക്കും. ഇപ്പോൾ ഓരോ കൊളേജിലെ പ്രിൻസിപ്പാളും അതിലെ വിദ്യാൎത്ഥികളിലാരെങ്കിലും ഹരജിക്കാരാണെങ്കിൽ അവരിൽനിന്നു ഹരജികൾ വാങ്ങി പ്രൊവിൻഷ്യൽ സിലക്ക്ഷൻ ബോഡിലേക്കു അയച്ചുകൊടുക്കുന്നുണ്ടു്. ഇപ്പോൾ വിമാന സൈന്യ വകുപ്പിലേക്കു ചില ഉപാദ്ധ്യായന്മാരേയും പഠിപ്പിക്കാൻ പ്രാപ്തിയുള്ളവരുടെ കൂട്ടത്തിൽനിന്നു് തിരഞ്ഞെടുക്കുന്നു.

അഡയാറിലുള്ള പ്രിക്കേഡററ് ട്രെനിങ്ങ് സ്കൂളിലേക്കയക്കും. ഇവിടെ വച്ചു് ലഭിക്കുന്ന അച്ചടക്ക ജീവിത രീതികൊണ്ടു് ലോകപരിജ്ഞാനവും, ദേഹസ്ഥിതിയും കുറെക്കൂടി നന്നായിത്തീരുകയും, അതിന്നുശേഷം ഹരജിക്കാരൻ രണ്ടാമതും ബാങ്കളൂരിലുള്ള സിലക്ക്ഷൻ ബോഡിന്റെ മുമ്പാകെ ഹാജരാവുകയും ചെയ്യുന്നു.

ബാങ്കളൂരിലുള്ള സിലക്ക്ഷൻ ബോഡിൽ ഒരപേക്ഷകന്റെ ബുദ്ധിശക്തിയും സ്വഭാവഗുണവും പരിശോധിക്കാൻ പ്രാപ്തിയുള്ള വിദഗ്ദ്ധന്മാരുണ്ടു്. ഇതിനാൽ അപ്രാപ്തന്മാരായവരെ വേഗം കണ്ടുപിടിക്കാൻ അവൎക്കു സാധിക്കുന്നു. പക്ഷെ ഇതു നിമിത്തം ആൎക്കും പരിഭ്രമം വേണ്ടാ; ഏറക്കുറെ ഇതൊരു മെഡിക്കൽ പരിശോധന-പോലെത്തന്നെയാണ്.

ഇനി വിമാനസൈന്യത്തെപ്പററി ഒരു വാക്ക് പറഞ്ഞോട്ടെ. ജീവിതത്തിൽ ആവേശം വരത്തക്ക സംഭവങ്ങളെ തേടുന്നവരാണ് സ്വതവെ ചെറുപ്പക്കാർ. അങ്ങിനെയാണെങ്കിൽ കൂടി വിമാന സൈന്യത്തിൽ ചേരുന്നവരുടെ എണ്ണം വളരെ ചുരുക്കമാകുന്നു. ഇതു് ഏറക്കുറെ മാതാപിതാക്കന്മാരുടെ തടസ്ഥമാണ്. യുദ്ധം നമുക്കനുകൂലമായി കലാശിക്കാനും, യുദ്ധം കഴിഞ്ഞാലുണ്ടാവുന്ന സമാധാനം നിലനില്ക്കാനും ഇനിയും വിമാനങ്ങളും സാരഥികളും അത്യാവശ്യമാണ്. യുദ്ധം കഴിഞ്ഞാലും വിമാനമാൎഗ്ഗമായി പൂൎവ്വാധികം ഉണ്ടാവാനിടയുള്ള ഗതാഗതങ്ങൾക്കും വിമാനപരിശീലനം കഴിഞ്ഞവർ എത്രയൊ ആവിശ്യമാകുന്നു. യഥാൎത്ഥത്തിൽ ഭാവിയിൽ വായുമാൎഗ്ഗമായ സഞ്ചാരം സ്ഥിരമാകാതെ കഴികയില്ല. ഇതിൽ ചെറുപ്പക്കാൎക്കു ആയിരക്കണക്കായി ജോലികൾക്കും നല്ല വഴിയാണ്.

സൈന്യങ്ങളുടെ കുഡുംബ സംരക്ഷണത്തെപ്പററി ഒരു വാക്ക് പറയാതെ നിവൃത്തിയില്ല. യുദ്ധാവശ്യാർത്ഥം ഇന്ത്യയിൽ നിന്ന് പുറത്തു പോയി ജോലി ചെയ്യുന്നവരുടെ കുഡുംബങ്ങളെ സംരക്ഷിക്കാനുള്ള പലേ മാർഗ്ഗങ്ങളും ഏർപ്പെടുത്തിയിരിക്കുന്നു. സംരക്ഷണത്തിനായി നിയമിച്ച ഉദ്യോഗസ്ഥന്മാർ പട്ടാളക്കാരുടെ കുഡുംബങ്ങളെ സന്ദർശിച്ച് അവരുടെ സുഖദുഃഖങ്ങളെപ്പററി എപ്പോഴും അന്വേഷിക്കുന്നു. വ്യവഹാര കാര്യങ്ങളിലും മററും അവർക്കു വേണ്ട സഹായങ്ങൾ ചെയ്യുന്നു. അവരുടെ സന്താനങ്ങളുടെ വിദ്യാഭ്യാസത്തിനുള്ള ചെലവുകൾ കൊടുക്കുന്നു. കത്തുകളൊ, പണമൊ, അവർക്കു ശരിയായി കിട്ടുന്നില്ലെന്നാക്ഷേപിക്കുന്ന പക്ഷം, ഈ ആക്ഷേപങ്ങളെ സംബന്ധിച്ച് ന്യായമായ അന്വേഷണം ചെയ്ത് നിവാരണമാർഗ്ഗങ്ങൾ ചെയ്തുകൊടുക്കുന്നു.

സൈന്യ ഉദ്യോഗസ്ഥന്മാരായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവർക്കും വളരെ സുഖമാണ്. അഭ്യാസകാലത്തും അതിനു ശേഷവും ഇവരിൽ അനവധി ആളുകളെ ഞാൻ കണ്ടറിയും. അവരുടെ ജീവിതം സംതൃപ്തിയോടും സുഖമായും ആണെന്ന് മുഖത്തു നോക്കിയാലറിയുന്നുണ്ട്



തൃശ്ശിനാപ്പള്ളിയിൽ ആർ. എ. എഫ്. വിമാനസൈന്യം നില്ക്കുന്നേടത്തു ക്രിസ്ത്മസ്സ് പ്രമാണിച്ചു വത്തിനേയും താറാവിനേയും വളർത്തുന്നു

(15-ാം പേജിൽനിന്ന് തുടർച്ച)

വിട്ടൊരഞ്ചു മിനിട്ടു യാത്ര ചെയ്യുമ്പോൾ പിന്നേയും അവസാനമില്ലാത്ത മരുഭൂമിതന്നെ. താഴെ ചുഴലിക്കാററിന്റെ ശക്തിമൂലം മണ്ണു സ്തംഭരൂപമായി ആകാശം മുട്ടും വരെ ഉയരുന്നുണ്ടായിരുന്നു. അടിയിലുള്ള വാതപ്രവാഹംമൂലം വിമാനത്തിന്റെ നിശ്ചഞ്ചലമായ ഗതിക്കു വൈഷമ്യമുണ്ടായിരുന്നതു യാത്രക്കാരിൽ പലർക്കും സുഖക്കേടിനു കാരണമായിത്തീർന്നു. വലിയ കൊടുംകാററത്തു കപ്പലെന്നതുപോലെ വിമാനം ഇളകിയും കുലുങ്ങിയുമാണ് യാത്ര ചെയ്തിരുന്നത്. ചിലപ്പോൾ, ഒരു മുന്നറിവുമില്ലാതെ പത്തിരുപതടി കീഴ്പോട്ടു വീഴും; ചിലപ്പോൾ, ആകെയൊന്നു മറിയുന്നതായി തോന്നും. അടിയിലും മുകളിലുമുള്ള കാററിന്റെ ശീതോഷ്ണ വ്യത്യാസംകൊണ്ടു വിമാനഗതിക്കു വരുന്ന ഈ വ്യത്യാസങ്ങൾ ബിക്കാനേറിൽ തന്നെ എനിക്കു സുപരിചിതമായിരുന്നു എങ്കിലും, അല്പമൊരു ഭയം എന്നേയും ബാധിക്കാതിരുന്നില്ല. നാലരമണിക്കൂർ നേരം ഒരിടത്തും ഇറങ്ങാതെ ഈ ഘോരനരക പ്രദേശത്തിനു മുകളിൽക്കൂടിത്തന്നെ സഞ്ചരിച്ചു. വൈകുന്നേരം സൂഡാണിൽ എൽഫാഷി എന്ന സ്ഥലത്തു ഇറങ്ങി. സഹാറാ മരുഭൂമി ഞങ്ങൾ തരണം ചെയ്തു കഴിഞ്ഞിരുന്നു.

പതിനെട്ടാം തിയ്യതി 6 മണിക്കു എൽഫാഷിയിൽനിന്നു തിരിച്ചു. മൂന്നുമണിക്കൂർ കഴിഞ്ഞപ്പോൾ വെള്ള നൈൽ നദിയുടെ രജതച്ഛവി അല്പാല്പമായി കണ്ടുതുടങ്ങി. ഒമ്പതര മണിക്കു ഖാർത്തൂമിലെ വിമാനത്താവളത്തിൽ ഇറങ്ങിയപ്പോൾ എന്റെ യാത്രയുടെ മുക്കാൽ ഭാഗവും അവസാനിച്ചതായി ഞാൻ ആശ്വസിച്ചു.

ഖാർത്തൂമിൽ രണ്ടു ദിവസത്തെ താമസമുണ്ടായിരുന്നു. ഗവർണ്ണർ ജനറാലവർകൾ സന്തോഷപൂർവ്വം സൽക്കരിച്ചു. എന്നുമാത്രമല്ല, ആ നഗരത്തിൽ എനിക്കു വേണ്ട സൌകര്യങ്ങൾക്കു ഏർപ്പാടുകൾ ചെയ്യുന്നതിന് ആജ്ഞാപിക്കയും ചെയ്തു. അവിടെനിന്നു പിന്നെയുള്ള യാത്ര, കെയ്റോ, ബസ്റ, കറാച്ചി എന്നിങ്ങനെ പോയവഴിതന്നെ ആയിരുന്നതിനാൽ അതിനെപ്പററി കൂടുതൽ വിവരിക്കുന്നില്ല.

നാലര മാസംകൊണ്ടു ഇങ്ങനെ അവസാനിച്ച യാത്രയിൽ ഞാൻ 45,000 മയിൽ സഞ്ചരിച്ചിരുന്നു. അഞ്ചു ഭൂഖണ്ഡങ്ങൾ സന്ദർശിച്ചിരുന്നു. മദ്ധ്യരേഖയിൽനിന്ന് ഉത്തരധ്രുവത്തിന്റെ സമീപം വരെ പോയിരുന്നു. മണലരണ്യങ്ങൾ, വൻകാടുകൾ, മഹാർണ്ണവങ്ങൾ, മഞ്ഞു മൂടിയ പ്രദേശങ്ങൾ ഇവ തരണം ചെയ്തിരുന്നു. ലോകത്തിലെ ഏററവും വലിയ നഗരങ്ങളിൽ താമസിച്ചിരുന്നു. യുദ്ധവിമാനങ്ങളിലും, പടക്കപ്പലുകളിലും കയറി നടന്നിരുന്നു. ജർമ്മൻകാരുടെ വിമാനാക്രമണത്തിൽ അകപ്പെട്ടിരുന്നു. ഓരോ നിമിഷത്തിലും അപായം നിറഞ്ഞിരുന്ന കടലുകളിൽക്കൂടി സഞ്ചരിച്ചിരുന്നു. ഇങ്ങനെ ഒരനുഭവം ഈ ജന്മത്തിലുണ്ടാകുമെന്നു ഞാൻ സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ല. നേരെമറിച്ചു അപായശങ്ക ഒരു നിമിഷംപോലും മനസ്സിൽനിന്നു മാറിയിട്ടില്ലായിരുന്നു എങ്കിലും ഈ നാലു മാസം കൊണ്ടു എന്തെല്ലാം സാധിച്ചു എന്നുള്ളതും ഗണനീയമാണ്. ലോകകാര്യങ്ങളിൽ നായകസ്ഥാനം വഹിക്കുന്ന പലരുമായി നേരിട്ടു പരിചയപ്പെടുന്നതിനു സാധിച്ചു; സമാധാന വ്യവസ്ഥകൾ ആലോചിക്കുന്ന സംഘങ്ങളിൽ പങ്കെടുത്തു; ഏഷ്യയിലെ നായകന്മാരായ കുയിസോൺ, ഫ്രഷ്ഷി മുതലായവരുമായി അടുത്തു പരിചയപ്പെടുന്നതിനിടയായി. ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും സ്ഥിതിഗതികൾ കണ്ടു മനസ്സിലാക്കുന്നതിനു അവസരം സിദ്ധിച്ചു. ഏഷ്യാഭൂഖണ്ഡത്തിന്റെ ഭാവിയെപ്പററി ഒരു പുസ്തകം എഴുതുന്നതിനും ഇടകിട്ടി. അപായം കൂടാതെ ഏതായാലും തിരികെ വരാൻ ഈശ്വരപ്രസാദം കൊണ്ടു സാധിച്ച സ്ഥിതിക്കു ലാഭം മാത്രമെ ഇപ്പോൾ കണക്കാക്കേണ്ടതായുള്ളൂ. ഇനിയും ഇങ്ങനെ ഒരു യാത്രയ്ക്കിറങ്ങിപ്പുറപ്പെടുമോ എന്നു ചോദിച്ചാൽ അതിനുത്തരം പറയുന്നതു മാത്രം പ്രയാസമെന്നു സമ്മതിച്ചേക്കാം.

(ഗ്രന്ഥകർത്താവിന്റെ അനുമതിയോടുകൂടി;

മംഗളോദയം 1119 കന്നി.)

# ദേശീയ സമരനിരയിൽ നാം എന്തിന്ന് ചേരണം?

"ഏററവും ചുരുങ്ങിയ സമയത്തിന്നുള്ളിൽ അധികം ഫലമുളവാക്കിയ വല്ല പ്രസ്ഥാനവും വല്ലപ്പോഴും ഉണ്ടായിട്ടുണ്ടെങ്കിൽ അത്തരം പ്രസ്ഥാനങ്ങളിലൊന്നാണ് ദേശീയ സമര മുന്നണി. ഇന്ത്യാചരിത്രത്തിലെ ആപൽസമ്പൂർണ്ണമായ ഒരു കാലഘട്ടത്തിലാണ് അതിൻെറ ആവിർഭാവം."



റാവു ബഹദൂർ എം. കുഞ്ഞിരാമൻ നായർ
മലബാർ ഡിസ്ട്രിക്ട് ഓർഗനൈസർ

ഏററവും ചുരുങ്ങിയ സമയത്തിന്നുള്ളിൽ ഏററവും അധികം ഫലമുളവാക്കിയ വല്ല പ്രസ്ഥാനവും വല്ലപ്പോഴും ഉണ്ടായിട്ടുണ്ടെങ്കിൽ അത്തരം പ്രസ്ഥാനങ്ങളിലൊന്നാണ ദേശീയ സമര മുന്നണി. ഇന്ത്യാചരിത്രത്തിലെ ആപൽ സമ്പൂർണ്ണമായ ഒരു കാലഘട്ടത്തിലാണ അതിൻെറ ആവിർഭാവം. കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വർദ്ധിച്ചുവരുന്ന ശത്രുക്കളുടെ തള്ളിക്കയററം ഒരു പുറത്തു; ശത്രുക്കളുടെ തുടരെ തുടരെയുള്ള വിജയങ്ങൾ നിമിത്തം ബ്രിട്ടൻെറ ആയുധശക്തിയിലും അവസാന വിജയത്തിലും ഈ നാട്ടിലെ സാധാരണ ജനങ്ങൾക്കെന്നല്ല ഗവർമ്മേണ്ടുദ്യോഗസ്ഥന്മാർ പോലുമുള്ള അവിശ്വാസം മറെറാരു പുറത്തു. ചുരുക്കത്തിൽ സർവ്വത്ര ഒരു പരാജയമനഃസ്ഥിതി ക്ലിപ്താന്തമായി. വിശാഖപട്ടണത്തു ഒരു ബോംബേറുണ്ടായപ്പോൾ അവിടന്നു എത്രയോ അകലെ കിടക്കുന്ന മദിരാശിയിൽനിന്നു ഒഴിച്ചുപോരുവാൻ നിർബ്ബന്ധിതരാകത്തക്കവണ്ണം അത്രമെൽ ഭയവിഹ്വലമായ ഒരന്തരീക്ഷത്തിന്ന് എന്തൊരത്ഭുതകരമായ മാററമാണ ഇന്നുണ്ടായിട്ടുള്ളതു്. പത്തു ലക്ഷത്തിൽ പരം നിവാസികളുള്ള ആ മഹാനഗരത്തിൽ ഒരു ശരിയായ ബോംബാക്രമണം തന്നെ ഇയ്യിടെ ഉണ്ടായപ്പോൾ ആരും സ്വസ്ഥാനം വിടുകയോ അമ്പരക്കുകയോ ചെയ്തിട്ടില്ലെങ്കിൽ, ശത്രുക്കളുടെ ഏതു കടുംകൈയ്യും സഹിക്കാനുള്ള മനക്കരുത്തു നാട്ടുകാർക്കു കൈവന്നിട്ടുണ്ടെങ്കിൽ, ആശാസ്യമായ ഈ പരിവർത്തനത്തിന്നു കാരണം ദേശീയ സമര മുന്നണി പ്രസ്ഥാനത്തിൻെറ പ്രയത്നമല്ലാതെ മറെറാന്നല്ലെന്നു നമുക്കു തികച്ചും അഭിമാനിക്കാവുന്നതാണ്.

## പരാജയ മനഃസ്ഥിതി പറപറന്നു

പരിഷ്കൃത ലോകത്തിൻെറ അവഹേളനത്തെ അർഹിക്കുവാൻ മാത്രം പര്യാപ്തമായിരുന്ന അന്നത്തെ ദുരവസ്ഥയെ തരണം ചെയ്യുവാനും ശത്രുവിനെ ധൈര്യപൂർവ്വം എതിരിടുവാനുമുള്ള മനഃസ്ഥിതി സാമാന്യ ജനങ്ങളിൽ അങ്കുരിപ്പിക്കുവാൻ സാധിച്ചുവെന്നതു സമര മുന്നണിയുടെ പ്രധാന നേട്ടങ്ങളിൽ ഒന്നാണ്. മദിരാശിയിലെയും കല്ക്കത്തയിലെയും ബോംബാക്രമണങ്ങൾ പ്രത്യക്ഷത്തിൽ തെളിയിക്കും വിധമുള്ള ഈ മനഃപരിവർത്തനം ഇന്ത്യയുടെ മേന്മയെ ലോകദൃഷ്ടിയിൽ പതിന്മടങ്ങു വർദ്ധിപ്പിച്ചിരിക്കുന്നു. ഈയൊരു മാററം മലബാറിൽ കുറെക്കൂടെ പ്രകടമായിക്കാണുവാൻ സാധിച്ചിട്ടുണ്ട്. ശത്രുക്കളുടെ ശക്തി അജയ്യമാണെന്ന അതിരററ വിശ്വാസം, അവനവൻെറ ശക്തിയിൽ വിശ്വാസമില്ലായ്മ, ഈ രണ്ടു കാരണങ്ങളാൽ സമര മുന്നണിയുടെ പ്രവർത്തനത്തിലും ഫലത്തിലും ആദ്യം സംശയാലുക്കളായിരുന്ന പല മാന്യന്മാരും ഇന്നു സമര നിരയോടൊപ്പം ചേർന്നു പ്രവർത്തിക്കുവാനും തങ്ങളാൽ കഴിയുന്ന എല്ലാ സഹായവും രാജ്യരക്ഷാർത്ഥം ചെയ്യുവാനും ഉത്സാഹം പ്രദർശിപ്പിച്ചു തുടങ്ങിയിരിക്കുന്നു. മലബാറിനെ സംബന്ധിച്ചു സമരനിരക്കുണ്ടായ പ്രധാന നേട്ടങ്ങളിൽ ഒന്ന് ഇതാണ്.

സമരനിര പ്രസ്ഥാനത്തിൻെറ നേട്ടങ്ങളെല്ലാം എണ്ണി എണ്ണിപ്പറവാൻ സ്ഥലമില്ലെങ്കിലും സർവ്വ പ്രധാനമായ ഏതാനും ചിലതെങ്കിലും പറയാതിരിപ്പാൻ നിവൃത്തിയില്ല. ശത്രുക്കൾ അനേകം ചെറു രാജ്യങ്ങൾ പിടിച്ചടക്കുകയും തീയുണ്ടകൾ വർഷിക്കുകയും ചെയ്യുമ്പോൾ നെടുനീളൻ പ്രമേയങ്ങളെക്കൊണ്ടു ശത്രുക്കളെ എതിർക്കുകയെന്ന ജുഗുപ്സാവഹമായ പാഴ്‌വേലയിൽനിന്ന് ബഹുജനങ്ങളെ പിൻതിരിച്ചു അവരവരുടെ ഇച്ഛാശക്തിയെയും കർമ്മകുശലതയെയും സജ്ജീകരിച്ചു ശരിയായ പന്ഥാവിലേക്കു തിരിച്ചുവിടുകയും ചെയ്വാൻ ഇടയാക്കിയതു ദേശീയ സമരനിരയാണ്.

## യോജിപ്പിന്നുള്ള രംഗം

എത്രയും പരിമിതമായ സമയത്തിന്നുള്ളിൽ ഇത്രയും വമ്പിച്ച എതിർശക്തികളുടെ മേൽ വിജയം കൊള്ളുവാനും അന്യോന്യം പൊരുത്തമില്ലാതെ വഴക്കടിച്ചും വില പേശിയും നടന്നിരുന്ന വ്യക്തികളെ കൂട്ടിയിണക്കി അഭേദ്യമായ ഒരു ഐക്യ അണിസൃഷ്ടിക്കുവാനും സാധിച്ചിട്ടുണ്ടെങ്കിൽ ഇങ്ങിനെ തന്നെ പ്രാപ്തിപൂർവ്വകമായ മേൽനോട്ടത്തിലും നേതൃത്വത്തിലും പ്രസ്ഥാനം മുന്നോട്ടു നീങ്ങുന്ന പക്ഷം ഭാരതത്തിൻെറ ശോഭനമായ ഭാവിയെപ്പററി സംശയത്തിന്നു അവകാശമില്ല.

വർഗ്ഗം, ഭാഷ, മതം മുതലായവ ഒരു ജനസമുദായത്തെ കൂട്ടിയിണക്കുന്ന കണ്ണികളാണ്. ഇന്നത്തെ സ്ഥിതിക്കു ഇന്ത്യയുടെ ഐക്യത്തിന്നാധാരമായ ഇത്തരം സംഗതികളിൽ യാതൊരു പൊരുത്തവും ഇന്ത്യയിലില്ല. ഇതു നിമിത്തമാണ് സാമുദായികവും വർഗ്ഗീയവുമായ പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു നമ്മുടെ രാഷ്ട്രീയ കക്ഷികൾ വളർന്നുവന്നിട്ടുള്ളതു്. ഇതുകൊണ്ടു തന്നെയാണ് നാളിതുവരെ ഇന്നാട്ടിലെ കക്ഷികൾക്കു യോജിച്ചു പ്രവർത്തിക്കുവാൻ സാധിക്കാതെ പോയതും. എന്നാൽ കക്ഷിവ്യത്യാസമോ വർഗ്ഗവ്യത്യാസമോ ഭാഷ വ്യത്യാസമോ വകവെക്കാതെ ബോംബേറ്, അഗ്നിബാധ, പകർച്ചവ്യാധി, പട്ടിണി മുതലായ അനേകം വിപത്തുകൾ എല്ലാവരെയും ഒരുപോലെ ബാധിക്കുന്നതാകയാൽ അക്കാര്യത്തിലെങ്കിലും സഹകരിച്ചു പ്രവർത്തിക്കുവാനും സാർവ്വത്രികമായ സാഹോദര്യത്തെ ഓർമ്മപ്പെടുത്തുവാനും ഒരു പൊതുരംഗം സമരമുന്നണി സൃഷ്ടിച്ചുവിട്ടിരിക്കുന്നു. യുദ്ധം നിലക്കുംവരെയുള്ള പ്രസ്തുത യോജിപ്പു ശാശ്വതമായ യോജിപ്പിന്നു വഴി തെളിയിക്കുകയും യുദ്ധാനന്തരമുള്ള രാഷ്ട്രീയ പുരോഗതിക്കു ഇടവരുത്തുകയും ചെയ്യുമെന്നു നമുക്കാശിക്കാവുന്നതാണ്. ഈ ഘട്ടത്തിലാണ സമരനിര യഥാർത്ഥത്തിൽ ഇന്ത്യയുടെ ദേശീയ ഐക്യം വെളിപ്പെടുത്തുന്നതു്.

ഭരണകർത്താക്കളും ഭരണീയരും തമ്മിലുള്ള അകൽചയെ ഇല്ലായ്മ ചെയ്യുന്ന ഒരു പാലമാണ് ദേശീയ സമരനിര പ്രസ്ഥാനം. യുദ്ധസ്ഥിതിയെപ്പററി അധികൃതമായ അറിവു ബഹുജനങ്ങൾക്കു അപ്പ

(ശേഷം 32-ാം പേജിൽ)



ഡോക്ടർ ചേലനാട്ട് അച്യുതമേനോൻ, മലയാളം റീഡർ, മദ്രാസ് സർവ്വകലാശാല

# ആയുധമോ ആദർശമോ?

പ്രാർത്ഥന

പാരെന്തോ പെരുതായ 'ബാധ' പിടിപെട്ടന്യായ-
മാക്രന്ദനം
ഘോരം ചെയ്തു പിടച്ചിടുന്നു! വിധിയോ! വിശ്വാ-
സ വൈകല്യമോ!
പേരാളും പലരും കിടന്നു കക്ഷണിച്ചീടുന്നു,
കാര്യം നമു-
ക്കാരും ചൊൽവതിനല്ല, വിശ്വജനനീ! ഭദ്രേ!
തുണച്ചീടു നീ!

മനുഷ്യരുടെ ഇടയിൽ മത്സരവും കലഹവും തുടങ്ങിയതു് എപ്പോഴാണെന്നു് തീർച്ചപ്പെടുത്തുവാൻ പ്രയാസമാണു്. പ്രാചീന മനുഷ്യൻ ഒരു ദുഷ്ടമൃഗത്തിനെപ്പോലെ ജീവിച്ചിരുന്നുവെന്നായി സമുദായശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. * അന്യോന്യം തല്ലാനും കൊല്ലാനും മടി കാണിച്ചിരുന്നില്ലെന്നു മാത്രമല്ല അതു് വിനോദമായിട്ടോ ഉപജീവനമാർഗ്ഗമായിട്ടോ കരുതിയിരിക്കാനും ഇടയുണ്ടു്. ആഫ്രിക്കയിലെ കാടുകളിലും, ആൻഡമാൻ മുതലായ ദ്വീപുകളിലും മനുഷ്യരെ തിന്നുന്ന കാടന്മാർ ഇപ്പോഴുമുണ്ടു്. പുരാണങ്ങളിലെ രാക്ഷസന്മാർ ഈ വർഗ്ഗത്തിലുൾപ്പെട്ടവരായിരിക്കാം. ഇവരുടെ ഇടയിൽ ഒരുത്തനെങ്കിലും തന്റെ പരിതഃസ്ഥിതിയിൽനിന്നു് ഉയർന്നു വരേണമെന്നു് മോഹമുണ്ടായിരുന്നില്ലെങ്കിൽ യദുവംശം പോലെ എല്ലാവരും നശിക്കേണ്ടതായിരുന്നു. അങ്ങിനെ സംഭവിക്കാതിരുന്നതിൽനിന്നു് സ്രഷ്ടാവിന്റെ ഉദ്ദേശം മനുഷ്യരെല്ലാം തമ്മിൽ തമ്മിൽ കൊല്ലണമെന്നായിരിക്കയില്ലെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. മത്സരമില്ലെങ്കിൽ സ്വാശ്രയശക്തി ഉണ്ടാവുന്ന കാര്യവും സംശയമാണു്. അതുകൊണ്ടു് കലഹത്തിന്നും സമുദായത്തിൽ സ്ഥാനമില്ലെന്നു പറഞ്ഞുകൂടാ. "തന്നിലെളിയതു് തനിക്കിര" യെന്ന പ്രായോഗികപ്രമാണം ജന്തുക്കളിലും പ്രബലമായി കാണുന്നുണ്ടു്. അങ്ങിനെയൊരു വാസന ജീവികളുടെ ഇടയിലില്ലായിരുന്നെങ്കിൽ ഉപദ്രവിക്കുന്ന ജന്തുക്കളെക്കൊണ്ടു് ഭൂലോകം നിറയും; അപായശങ്കകൊണ്ടു് ജീവിതം സ്വൈരംകെട്ടതുമാകും. മനുഷ്യൻ മൃഗങ്ങളെയും മററു ജീവികളെയും കൊന്നുതിന്നാൻ തുടങ്ങിയതു് അവയിൽനിന്നുണ്ടായ ദ്രോഹംകൊണ്ടോ അതോ ആഹാരത്തിന്നായിട്ടാണോ എന്നുള്ള പ്രശ്നത്തിന്നും ശരിയായ ഉത്തരം പറയാവുന്നതല്ല. അതേതുവിധമായാലും മാംസഭക്ഷണത്തിലുൾപ്പെടുത്താൻ മനുഷ്യനെ പ്രേരിപ്പിച്ചതു് അതിന്റെ സ്വാദു മാത്രമായിരിക്കയില്ല 'കൊന്ന പാപം തിന്നാൽ തീരു'മെന്ന യുക്തിയും ക്രമേണ അവർ കണ്ടുപിടിച്ചു.

ആവശ്യത്തിന്നു കണ്ടുപിടിച്ച ആയുധം ആയോധനത്തിൽ മനുഷ്യൻ ഉപയോഗിക്കാൻ തുടങ്ങിയതു് അവന്റെ കാട്ടുജീവിതം അവസാനിപ്പിച്ചതിന്നു് ശേഷമായിരിക്കാനേ തരമുള്ളു. മൃഗങ്ങളോടു് പോരാടാൻ ഉപയോഗിച്ച ആയുധം സ്വന്തം സഹോദരന്മാരുടെ സാഹസം കണ്ടപ്പോൾ അവരുടെ നേർക്കു് പ്രയോഗിക്കുവാൻ തല്ക്കാല വികാരത്തിന്നധീനമായി അവർ പ്രേരിതനായിരിക്കണം. കാടുവിട്ടു് നാട്ടിലായപ്പോൾ കൃഷിചെയ്തു് ആഹാരം സമ്പാദിക്കുവാൻ തുടങ്ങി. പുതിയ ആയുധങ്ങൾ പലതും കണ്ടുപിടിച്ചു. ആൾപ്പെരുപ്പം കൂടിയപ്പോൾ ആഹാരസാധനങ്ങൾ അധികം ഉണ്ടാക്കേണ്ടതായിവന്നു. വിളവുകൂടുന്ന സ്ഥലങ്ങൾ പിടിച്ചെടുക്കാനും കൃഷിചെയ്തു് അവയിൽനിന്നു് ഭക്ഷണസാമഗ്രികൾ അധികം ശേഖരിക്കാനും മോഹം ജനിച്ചു. ആ വഴിക്കു് മത്സരങ്ങളും പിണക്കങ്ങളും ക്രമേണ വർദ്ധിക്കുകയും ചെയ്തു. ഈ ഘട്ടത്തിലും മേല്പറഞ്ഞ വ്യാപാരങ്ങളിൽനിന്നു് അകന്നുനിന്നു് മനുഷ്യരുടെ യോഗക്ഷേമം നിലനിർത്താനും അവരുടെ ജീവിതവും അന്യോന്യമുള്ള പെരുമാററവും കുറേക്കൂടി സുഖകരമാക്കിത്തീർക്കാനുള്ള ശ്രമങ്ങൾ അവരിൽ ചിലർ തുടങ്ങിയിരിക്കണം. അതല്ലെങ്കിൽ പല മതങ്ങളും ജീവിതസൌകര്യങ്ങൾ കൂടുതലാക്കാനുള്ള ഉപകരണങ്ങളും സമുദായ പരിണാമത്തിൽ നടപ്പിലാവുന്നതല്ലല്ലോ. ഇങ്ങിനെ കലഹത്തിന്നുള്ള കാരണവും അതു് കുറയ്ക്കുവാനുള്ള പരിശ്രമവും മനുഷ്യസമുദായത്തിൽ ഒരേ സമയത്തുതന്നെ പ്രവർത്തിച്ചുകൊണ്ടിരുന്നതായി കാണുന്നു. രണശൂരന്മാർ ആയുധം പ്രയോഗിച്ചു് സഹജീവികളെ വെട്ടിക്കൊന്നു് സ്വശക്തി സ്ഥാപിക്കുവാൻ പരാക്രമങ്ങൾ കാണിക്കുമ്പോൾ ആ നയത്തിന്റെ അർത്ഥശൂന്യതയും അപായസ്ഥിതിയും ചൂണ്ടിക്കാണിച്ചു് പരസ്പര സ്നേഹാദരങ്ങളോടു പെരുമാറുവാൻ മതപ്രവാചകന്മാർ ജനങ്ങളെ ഉപദേശിക്കുന്നു. ആയുധത്തിനോടൊപ്പം ആദർശവും ലോകചരിത്രത്തിൽ കളിയാടീട്ടുണ്ടു്. എന്നുമാത്രമല്ല ആയുധമേററു് അറുതിയടുത്ത മനുഷ്യസംസ്കാരത്തിനെ ആദർശം തട്ടിയുണർത്തി നവചൈതന്യത്തോടുകൂടി വീണ്ടും പ്രചരിപ്പിക്കുന്നതായും കാണുന്നു. ആദർശത്തിന്നുള്ള ഈ ശക്തി കുറഞ്ഞുവരുമ്പോൾ യദുവംശചരിത്രം ആവർത്തിക്കുന്നു.

രാമരാവണയുദ്ധംകൊണ്ടു് ലോകസമാധാനമുണ്ടായോ? രാക്ഷസവംശം നശിപ്പിച്ചുവെന്ന ജയഭേരി മുഴക്കിയ ശ്രീരാമൻ അയോദ്ധ്യയിൽ മടങ്ങിയെത്തിയപ്പോഴേക്കു്, യാതൊരു മനസ്സ്ഥിതിയെ വീണ്ടെടുക്കുവാൻ താൻ വീര്യപ്രകടനവും വൈരനിര്യാതനവും സാധിച്ചുവോ, ആ സൌന്ദര്യമൂർത്തി, ആ ഐശ്വര്യ പരദേവത, അപ്രത്യക്ഷയായി. ലങ്കാലക്ഷ്മി പോയ വഴി അയോദ്ധ്യാ ലക്ഷ്മിയും സ്വീകരിച്ചു. ഒന്നു് മാനത്തോടെ മററതു് അപമാനത്തോടെ! രണ്ടും ലോകരംഗത്തിൽനിന്നു് മറഞ്ഞു. ആയുധ പ്രയോഗത്തിന്റെ അർത്ഥശൂന്യത അറിഞ്ഞോ അറിയാതേയോ മഹാകവി വെളിവാക്കി. രംഗവിധാനങ്ങൾക്കു് വ്യത്യാസമില്ലാതെ ഇങ്ങിനെ മറെറാരു കഥ ഗ്രീസിലെ കവിവര്യൻ † അന്ധതയിൽനിന്നുണ്ടായ വെളിച്ചത്തിൽ പ്രകാശിപ്പിച്ചു. ട്രോയി യുദ്ധത്തിൽ യവന പൌരുഷത്തിന്റെ മാഹാത്മ്യം പ്രത്യക്ഷമാക്കിയ വീരൻ തന്റെ ജൈത്രയാത്രയുടെ അവസാനത്തിൽ സ്വരാജ്യത്തിൽ കണ്ടകാഴ്ച എന്തായിരുന്നു! കാമുകവലയത്തിൽനിന്നു് രക്ഷപ്പെടാൻ നിവൃത്തിയില്ലാതെ കഷ്ടപ്പെടുന്ന

(ശേഷം 32-ാം പേജിൽ)

* Howard Moore, Savage Survivals. V-1.

† ഹോമർ.

# വീരയജ്ഞം

(ശ്രീമാൻ കരിമ്പുഴ രാമകൃഷ്ണൻ, എം. എ., മലയാളം ലക്ച്ചറർ, മുഹമ്മദൻ കോളേജ്, മദ്രാസ്)

[ചേരമാൻ പെരുമാളുടെ കാലത്തിന്നുശേഷം മാമാങ്കത്തിൽ നിലപാടു നില്ക്കുകയെന്ന മാന്യസ്ഥാനം തിരുനാവായ്ക്ക് അധിപതിയായ വള്ളുവക്കോനാതിരിക്കു സിദ്ധിച്ചു. എന്നാൽ ഏറെക്കാലം കഴിയുന്നതിന്നുമുമ്പ് പ്രബലനായ സാമൂതിരി അതു പിടിച്ചടക്കി. നഷ്ടപ്പെട്ടുപോയ സ്ഥാനം വീണ്ടെടുപ്പാൻ, വള്ളുവനാട്ടുകാർ നല്കിയ പ്രാണബലികൾക്കു കൈയും കണക്കുമില്ല. ഒരു വള്ളുവനാട്ടുകാരൻ അണിനിരന്നു നില്ക്കുന്ന അനേകായിരം അംഗരക്ഷകന്മാരുടെ ഇടയിൽക്കൂടെ വെട്ടി വഴിയൊഴിച്ചു മുന്നോട്ടുപോയി നിലപാടു നില്ക്കുന്ന സാമൂതിരിയെ കൊല്ലുകയാണെങ്കിൽ ആ സ്ഥാനം വള്ളുവക്കോനാതിരിക്കു തിരിച്ചുകിട്ടുമെന്നായിരുന്നു വ്യവസ്ഥ. ഓരോ മാമാങ്കാവസരത്തിലും വള്ളുവനാട്ടിലെ വീരസിംഹങ്ങൾ ഇതിന്നായി വന്നിരുന്നു; എന്നാൽ സമുദ്രസമമായ ശത്രുസേനയുടെ ആയുധങ്ങൾക്ക് ഇരയാവാനല്ലാതെ വിജയികളായി തിരിച്ചുപോകാൻ അവർക്ക് ഭാഗ്യമുണ്ടായില്ല. അതിനാൽ ഈ പടയ്ക്കു ചാവേർപ്പട എന്നു പേരുണ്ടായി.]

### രംഗം I

[സ്ഥലം: വള്ളുവനാട്ടിലെ ഒരു കാവ്. നേരം: പന്തീരടി. വള്ളുക്കനാരി കൈകൂപ്പി കണ്ണുനീർ വാർത്തുകൊണ്ടു ശ്രീ കോവിലിന്നു മുമ്പാകെ നില്ക്കുന്നു]

വള്ളുക്കനാരി: ദേവി! ജഗന്മാതാവേ! ദയാമയി! ഇനിയും അവിടുത്തെ കരുണാകടാക്ഷം ഞങ്ങളുടെ മേൽ പതിയാറായില്ലേ? എണ്ണൂറു കൊല്ലമായില്ലേ വെള്ളാട്ടരവംശവും വള്ളുവനാടും ഈ അപമാന ഭാരത്താൽ ഞെരുങ്ങുന്നു! അക്രമവും അനീതിയും വിശ്വത്തിന്റെ ശാശ്വതനിയമങ്ങളായിപ്പോയോ? (അല്പനേരം എന്തോ ആലോചിച്ചുകൊണ്ടു നില്ക്കുന്നു.) ഇന്ന് പുണർതം. (വിരൽ മടക്കിക്കൊണ്ടു) പൂയം, ആയില്യം, മകം, അതെ നാലാനാൾ മാമാങ്കം. ഇന്നു ചാവേർപ്പട പുറപ്പെടണം. സ്ഥാനം അന്നേ പോയെങ്കിലും മാനം ഞങ്ങൾ ഇന്നേവരെ കാത്തു. ഇന്ന അതും പോകയാണോ? ആരും ചാവേർപ്പട പുറപ്പെടുന്നതായി കേട്ടില്ല. അല്ലെങ്കിൽ ആ മരണമയത്തിൽ ആരുണ്ടാകും ചെന്നുചാടുവാൻ! വള്ളുവനാടേ! നിന്റെ മാനം അസ്തമിച്ചു പോകുമോ! ഇല്ല! ഞാനുള്ളപ്പോൾ അതുണ്ടാവില്ല! വയസ്സുകൊണ്ടും വാതംകൊണ്ടും എനിക്കു വാളെടുത്തു വീശാൻ വയ്യാ; എങ്കിലും മരിച്ചു മാനം കാക്കാൻ എനിക്കറിയാം. വാതംകൊണ്ടു വിറയ്ക്കുന്ന എന്റെ നേരെ സാമൂതിരി പരിഹാസത്തോടെ നോക്കുമായിരിക്കും, പേടിച്ചു വിറയ്ക്കുകയാണെന്ന് വിചാരിക്കുമായിരിക്കും. ഹാ! പരദേവതേ! വെള്ളാട്ടരവംശത്തിന്റെ സ്ഥിതി ഇത്ര ദയനീയമാക്കിയല്ലോ. ഈ വൃദ്ധനും പ്രായം തികയാത്ത ഒരു ബാലനും മാത്രം ഈ വംശത്തിൽ അവശേഷിച്ചിരിക്കുന്നു! കഷ്ടം!

(തമ്പുരാൻ തൊഴുതു പ്രസാദം വാങ്ങി പുറത്തേക്കു കടക്കുന്നു. ഗോപുരത്തിൽ കാത്തുകൊണ്ടുനില്ക്കുന്ന കോട്ടയിൽ കോമക്കുറുപ്പും മരുമകൻ കുഞ്ഞനും തമ്പുരാനെ വണങ്ങി പിന്നോട്ടു വാങ്ങിനില്ക്കുന്നു.)

വള്ളുക്കനാരി: എന്താ! കുറുപ്പേ!

കുറുപ്പ്: ഇന്നു പുണർതമല്ലേ!

വള്ളുക്കനാരി: അതെ.

കുറുപ്പ്: നാലാന്നാൾ മാമാങ്കമായല്ലോ.

വള്ളുക്കനാരി: ആയി

കുറുപ്പ്: ഇന്ന് ചാവേർപ്പട പുറപ്പെടണ്ടേ?

വള്ളുക്കനാരി: വേണം. കോവിലകത്തു ചെന്നാൽ പിന്നെ താമസമില്ല പുറപ്പെടുകയായി.

കുറുപ്പ്: ആര് തമ്പുരാനോ?

വള്ളുക്കനാരി: അതെ.

കുറുപ്പ്: അതിന്നു കാലമായില്ല. ഇപ്പോൾ അടിയങ്ങളുണ്ട്.

വള്ളുക്കനാരി: വേണ്ടാ കുറുപ്പേ വേണ്ട. നിങ്ങൾ കോട്ടയിൽത്തറവാട്ടിലെ നടുത്തൂണ്; ഈ കുട്ടി അതിന്റെ കൂമ്പ്.

കുറുപ്പ്: എത്രയോ തറവാടുകളുടെ നടുത്തൂണും കൂമ്പും ഈ തീയിൽ കത്തിക്കരിഞ്ഞിട്ടുണ്ട്. അതിലധികം കോട്ടയിൽത്തറവാട്ടിന്നെന്താണ് വരാനുള്ളത്.

വള്ളുക്കനാരി: കുറുപ്പേ! നിങ്ങൾ രണ്ടാളും ഒരമ്മയ്ക്ക് ഒരു മകനാണ്—ഇല്ല നിങ്ങളെ ഞാൻ ബലി കൊടുക്കയില്ല.

കുഞ്ഞൻ: പൊന്നു തമ്പുരാനേ! അടിയനും അടിയന്റെ അമ്മാമനും ഒരമ്മക്ക് ഒരു മകനാണ്, അടിയങ്ങൾക്കു ഏട്ടനുമില്ല, അനിയനുമില്ല. നാട്ടിന്റേയും വീട്ടിന്റേയും മാനം അടിയങ്ങൾ തന്നെ പുലർത്തണം. അതിനാൽ കല്പനതരാൻ തിരുവുള്ളമുണ്ടാകണം.

വള്ളുക്കനാരി: (ആത്മഗതം) വള്ളുവനാട്ടിന്റെ പൌരുഷം പൊലിഞ്ഞു പോയിട്ടില്ല. (പ്രകാശം) എന്താ! പോകാൻ ഉറച്ചു കഴിഞ്ഞുവോ?

കുറുപ്പ്: റാൻ.

വള്ളുക്കനാരി: നിങ്ങൾ രണ്ടു പേർ മാത്രമോ.

കുറുപ്പ്: ഒരാൾ കൂടിയുണ്ട്.

വള്ളുക്കനാരി: അതാരാണ്.

(ഇളയതമ്പുരാൻ ഉദയവർമ്മ പ്രവേശിക്കുന്നു.)

ഉദയവർമ്മ: ഞാനും മാമാങ്കത്തിന്നു പോകുന്നു.

വള്ളുക്കനാരി: (ഒന്നു ഞെട്ടിക്കൊണ്ടു) ഉണ്ണിപോകുന്നുവോ!

ഉദയവർമ്മ: അമ്മാമൻ അനുവദിച്ചാൽ.

വള്ളുക്കനാരി: ചെറുപ്പത്തിലെ അമ്മയും അച്ഛനും വിട്ടുപോയ നിന്നെ ഞാൻ എടുത്തു വളർത്തി. ഹാ! അതു് ഇതിന്നായിരുന്നുവോ?

ഉദയവർമ്മ: അതെ. ഇതിന്നുതന്നെ. വെള്ളാട്ടരവംശത്തിലെ രാജകുമാരന്ന് ഇതിനേക്കാൾ മഹത്തായ കാര്യം എന്തുണ്ട്?

വള്ളുക്കനാരി: ദേവീ! എന്റെ ഉണ്ണിയെ ആയുഷ്മാനാക്കേണമേ! കുഞ്ഞാ! സർവ്വേശ്വരൻ നിനക്ക് മംഗളമരുളട്ടെ! കുറുപ്പേ! വിജയിയായിത്തിരിച്ചുവന്നാലും

കുറുപ്പ്: (തലകുനിച്ചു) ദേവിയുടേയും ഗുരുകാരണവന്മാരുടേയും മനസ്സുപോലെ വരട്ടെ.

ഉദയവർമ്മ: അമ്മാമാ! അങ്കച്ചമയങ്ങളും അകമ്പടിയും തന്നു യാത്രയാക്കണം.

വള്ളുക്കനാരി: അങ്ങനെത്തന്നെ. കുറുപ്പ് വീട്ടിലേക്കു പോയിട്ടു വരു.

കുറുപ്പ്: അടിയങ്ങൾ യാത്രപറഞ്ഞു പോന്നു കഴിഞ്ഞു. പുറപ്പെടാൻ നേരം വൈകുന്നു.

വള്ളുക്കനാരി: ഉടനെ വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടാം.

(എല്ലാവരും പോകുന്നു.)

### രംഗം II

[സ്ഥലം: മാമാങ്കരംഗമായ മൈതാനത്തിൽനിന്നു കുറെ അകലെ ഭാരതപ്പുഴയുടെ വെൺമണൽത്തിട്ട്. നേരം: പ്രഭാതം.]

(കുറുപ്പും, ശിഷ്യന്മാരും കുളിച്ച് അങ്കച്ചമയങ്ങൾ ചമയുന്നു. അകമ്പടിക്കാരും, വാദ്യക്കാരും യാത്രതുടരാൻ സന്നദ്ധരായി നില്ക്കുന്നു.)

ഉദയവർമ്മ: കുറുപ്പേ! ഈ ഭാരതപ്പുഴ അന്നും ഇങ്ങനെത്തന്നെ ഒഴുകിയിരുന്നു, ഇല്ലേ?

കുറുപ്പ്: ഒഴുകിയിരുന്നു പൊന്നുതിരുമേനി, ഒഴുകിയിരുന്നു. നെടിയിരുപ്പുവംശത്തിന്റെ നൃശംസകർമ്മങ്ങൾക്കു ഈ പുഴ നിത്യസാക്ഷിയാണ്. വള്ളുവനാട്ടിലെ ചാവേർപ്പടയുടെ ചെഞ്ചോര കഴിഞ്ഞ എണ്ണൂറു കൊല്ലമായി ഭാരതപ്പുഴയിൽ ഒഴുകിച്ചേരുന്നു.

ഉദയ : എന്നിട്ടും ഇതു് തെളിഞ്ഞൊഴുകുന്നുവല്ലൊ !

കുറുപ്പ് : അതു് കാലത്തിന്റെ വൈഭവമാണു്. ഏതക്രമത്തിന്റെ കളങ്കകാളിമയും അതിന്റെ കൈകൾ ക്രമേണ മാച്ചുകളയും. നോക്കു ! ചോര ചേർന്നു ചുവന്ന ഭാരതപ്പുഴയിലെ വെള്ളം തെളിഞ്ഞു. തട്ടിപ്പറിച്ച അധികാരം സാമൂതിരിയുടേതാണെന്നു് സർവ്വരും സമ്മതിച്ചും കഴിഞ്ഞു. വള്ളുവനാട്ടിലെ ചാവേർപ്പടയൊരു ഭ്രാന്തക്കൂട്ടവുമായി. ഹാ ! കാലം പോയ പോക്കു് !

(വെടി മുഴങ്ങുന്നു.)

ഉദയവർമ്മ : എന്താ സമയമായൊ !

കുറുപ്പ് : ഉവ്വു്. സാമൂതിരി നിലപാടു നിന്നു കഴിഞ്ഞു.

(വീണ്ടും വെടിമുഴങ്ങുന്നു.)

ഉദയവർമ്മ : കുറുപ്പേ !

(മാവേലി നാടുവാണീടുംകാലം—എന്ന മട്ടു്.)

ദിക്കെട്ടും ഞെട്ടുമട്ടുച്ചമായി
പൊട്ടും വെടികേട്ടു കേൾക്കയായി
പൊട്ടിത്തരിക്കുന്ന മേനിയെങ്ങും
വെട്ടാൻ പിടക്കുന്നു പാണിരണ്ടും.

കുറുപ്പ് : ഇതിലെന്താണു് അത്ഭുതം. അങ്ങു് വെള്ളാട്ടര വംശത്തിന്റെ സന്താനമല്ലെ ?

കുഞ്ഞൻ : അമ്മാമാ ! എനിക്കു് ഇനി ഇവിടെ നില്ക്കാൻ വയ്യ. അവിടെ എത്താൻ വൈകി.

കുറുപ്പ് : ഇതാ നാം പുറപ്പെടുകയായി. കുട്ടികളെ ! അരയും തലയും മുറുക്കി ഒരുങ്ങുക. ഹേ ! വാദ്യക്കാരെ ! മേളം കൂട്ടുവിൻ.

ആർപ്പുവിളിക്കുവിൻ കൂട്ടുകാരെ -
യാണത്തം കാട്ടുവിൻ കൂട്ടുകാരെ
കേറട്ടെ പോർക്കലി യെങ്ങൾ മെയ്യിൽ
നിറട്ടെ ഹൃത്തടം കോപത്തീയിൽ.

(എല്ലാവരും പോകുന്നു.)

## രംഗം III

[സാമൂതിരിയുടേയും സാമന്തന്മാരുടേയും ശിബിരങ്ങളാൽ അലംകൃതമായ മാമാങ്കമൈതാനം. നെടിയിരുപ്പ സ്വരൂപത്തിന്റെ പതാക എങ്ങും പാറിക്കളിക്കുന്നു. മൈതാനത്തിന്റെ മദ്ധ്യത്തിലുള്ള പീഠഭൂമിയിൽ ഒരാളുയരമുള്ള ഒരു നിലവിളക്കു കത്തുന്നു. അതിന്റെ പിന്നിൽ സിംഹാസനം. നിലവിളക്കിന്നുപിന്നിൽ സാമൂതിരി സമരവേഷം ധരിച്ചു ഊരിപ്പിടിച്ച ഉടവാളുമേന്തി നിലപാടു നില്ക്കുന്നു. മന്ത്രി മങ്ങാട്ടച്ചനും പടത്തലവനും അരികെയുണ്ടു്. കുന്നലക്കോനാതിരിയുടെ 'നാല്പതിനായിരം' അർദ്ധചന്ദ്രാകാരമായി അണിനിരന്നു നില്ക്കുന്നു. വാദ്യഘോഷങ്ങൾ മുഴങ്ങുന്നു. പെട്ടെന്നു ഒരു കൊടുംകാറ്റു്. സാമൂതിരിയുടെ കൊടിക്കൂറ തൂക്കിയ അരയാൽക്കൊമ്പു് പൊട്ടിവീഴുന്നു ]

നിലവിളി : അയ്യോ ! നിലവിളക്കു് കെട്ടുപോയല്ലൊ !

മങ്ങാട്ടച്ചൻ : (വിളക്കിന്റെ നാളം കൈപ്പടംകൊണ്ടു് മറച്ചിട്ടു്) ഇല്ല കെട്ടിട്ടില്ല, പേടിക്കേണ്ട (അടുത്തുനില്ക്കുന്ന ഭൃത്യനോടു്) എടൊ! രണ്ടുഭാഗത്തും തിരികൂട്ടു് വേഗമാകട്ടെ.

സാമൂതിരി : മങ്ങാടാ ! എന്തെല്ലാം ദുർന്നിമിത്തങ്ങളാണു്. ശകുനവും നന്നായിരുന്നില്ല.

മങ്ങാടൻ : ഭയപ്പെടാനൊന്നുമില്ല. മലപോലെ വരുന്നതു് മഞ്ഞുപോലെ പോകും. ചേന്നാസ്സു നമ്പൂതിരിപ്പാടു് മനസ്സിരുത്തി ത്രികാലപൂജ ചെയ്യുന്നുണ്ടു്. ദേവി ഈ നിലവിളക്കിൽ എഴുന്നള്ളിയിരുന്നുകൊള്ളാമെന്നു് അരുളപ്പാടുണ്ടായിട്ടുണ്ടു്.

സാമൂതിരി : മരണത്തെക്കുറിച്ചു് എനിക്കു ഭയമില്ല. എന്നാൽ കുലപൂർവ്വന്മാർ നേടിയ അവകാശം—എണ്ണൂറു കൊല്ലമായി രക്തം ചൊരിഞ്ഞു പരിപാലിച്ച അധികാരം—അതു് നഷ്ടപ്പെടുകയാണെങ്കിൽ ! ശിവ ശിവ ! ആ ചിന്തതന്നെ ദുസ്സഹമായിരിക്കുന്നു. ആ പാഴ്ക്കിണറിലേയ്ക്കു് എത്തിനോക്കുമ്പോൾ തലചുററിപ്പോകുന്നു.

മങ്ങാടൻ : അവിടുന്നു വെറുതെ ദുശ്ശങ്കകൾക്കു് ഇടംകൊടുക്കരുതു്.

അതാ പെരുമ്പറ മുഴങ്ങുന്നു. വള്ളുവനാട്ടിലെ ചാവേർപ്പട വരികയാണു്.

(കുറുപ്പും കുഞ്ഞനും, ഉദയവർമ്മയും പരിവാരസമേതം പ്രവേശിക്കുന്നു.)

കുറുപ്പ് : കുട്ടികളെ ! ഇതാണു് നമ്മുടെ പ്രാപ്യസ്ഥാനം. (ഉദയവർമ്മയോടു്) പൊന്നുതിരുമേനി ! അങ്ങു് ചവുട്ടി നില്ക്കുന്ന മണ്ണു് ഒരുകാലത്തു അവിടുത്തെ സ്വരൂപത്തിന്നു് ചേർന്നതായിരുന്നു. ഇന്നു് അതു് അന്യന്റേതു്. പൊന്നുതിരുമേനീ ! ആ ക്ഷേത്രം കണ്ടില്ലെ ?

ഉദയവർമ്മ : ഉവ്വു്.

കുറുപ്പ് : അതു് പണിയിച്ചതു് അവിടുത്തെ പൂർവ്വീകന്മാരാണു്. അവിടെയുള്ള തേവർ വെള്ളാട്ടര രാജവംശത്തിന്റെ പരദേവതയായിരുന്നു.

ഉദ : ഹാ ! തേവരെ! അങ്ങും ഇത്ര നന്ദിയില്ലാത്തവനൊ ! ഇന്നു് സാമൂതിരി നല്കുന്ന വഴിപാടുകളും സ്വീകരിച്ചു് സന്തുഷ്ടനായി സംതൃപ്തനായി ഇരിക്കുന്നുവല്ലൊ. എന്തുകൊണ്ടു് അവിടുത്തെ നേത്രാഗ്നിയിൽ ഈ അക്രമികളെ എരിച്ചുകളഞ്ഞില്ല

കുറുപ്പ് : തിരുമേനി ! ആ അരയാൽ കണ്ടില്ലെ ? അതവിടുത്തെ കാരണവന്മാർ വെച്ചതാണു്. തറകെട്ടിയതും അവർതന്നെ.

ഉദയവർമ്മ : കഷ്ടം ! അതിന്റെ കൊമ്പുകളിലല്ലെ സാമൂതിരിയുടെ അസംഖ്യം കൊടിക്കൂറകൾ പാറിക്കളിക്കുന്നതു്. കുറുപ്പേ ! എനിക്കു സഹിക്കാൻ വയ്യ. മുന്നോട്ടു പോവുക.

കുഞ്ഞൻ : അമ്മാമ ! ആയുധം ധരിച്ചു നില്ക്കുന്ന ആ ആൾക്കൂട്ടത്തെ നോക്കു. കടുകിട്ടാൽ താഴത്തു വീഴുകയില്ല.

കുറുപ്പ് : അതു നമുക്കു് നീന്തിക്കടക്കാനുള്ള കടലാണു്. കുഞ്ഞാ നിനക്കു പേടി തോന്നുന്നുണ്ടോ ?

കുഞ്ഞൻ : പേടിയൊ ! കോട്ടയിൽത്തറവാട്ടിൽപ്പിറന്നു് അമ്മാമന്റെ കീഴിൽ പയററിയവന്നു് പേടിയൊ !

കോമക്കുറുപ്പ് : ഉണ്ണികളെ ! നിങ്ങളുടെ ധൈര്യത്തിൽ ഞാനഭിമാനം കൊള്ളുന്നു. ഈ മാമാങ്കമൈതാനം ഏതൊരു വള്ളുവനാട്ടുകാരന്റെ രക്തത്തെത്തന്നെ തിളപ്പിക്കുകയില്ല !

മാനത്തിൻ മാററുരക്കല്ലിവിടം ;
മാനക്കേടൊക്കയും പോക്കുമിടം ;
ചേകവർ തേടിടും *ഗംഗാതടം ;
ചാവേർ കൊടുക്കും ബലിക്കു പീഠം,
പോരുപൊരുതുവാനുള്ള രംഗം ;
വീരരസത്തിൽ തരംഗ സംഗം.

ഉദയവർമ്മ : ആർപ്പുവിളി പൊങ്ങട്ടെ ! പെരുമ്പറ മുഴങ്ങട്ടെ !

(മൂന്നുപേരും അണിനിന്നു നില്ക്കുന്ന സാമൂതിരിസേനയുടെ നേർക്കു പാഞ്ഞു ചെല്ലുന്നു.)

മൂന്നുപേരും :

വന്നുപോയ് വന്നുപോയ് മാഘമകം,
കുന്നലക്കോനുടെ ഗർവ്വഭംഗം
കൂട്ടമായ് കൂടിക്കൊള്ളും കൊലകൾ ;
വീട്ടാൻ പുറപ്പെട്ടു പോന്നു ഞങ്ങൾ
തട്ടിപ്പറിച്ചു പെരുമനിങ്ങൾ ;
വെട്ടിപ്പിടിക്കുമതിന്നു ഞങ്ങൾ.
വള്ളുവനാട്ടാർ വരുന്നിതിന്നും
കൊല്ലാനും കൊല്ലപ്പെടുവതിന്നും.

പടത്തലവൻ : പോരാളികളെ ! വീരസിംഹങ്ങളെ ! കുന്നലക്കോനാതിരിയുടെ അംഗരക്ഷകന്മാരെ ! അടിയുറച്ചു നില്ക്കുവിൻ. അണിയുടച്ചു ശത്രു അകത്തു കടക്കാതെ നോക്കുവിൻ.

(കുറുപ്പും ശിഷ്യന്മാരും ഈററപ്പുലികളെപ്പോലെ സേനയുടെ നേർക്കു പാഞ്ഞുചെന്നു് വെട്ടി വഴിയൊഴിക്കുന്നു.)

നിലവിളി : അയ്യോ ! അണിയുടഞ്ഞു ! ചാവേർപ്പട അകത്തു കടന്നു. തമ്പുരാനെ രക്ഷിക്കണേ !

പടത്തലവൻ : ഹേ ! നായന്മാരെ ! എന്താണു് പെണ്ണുങ്ങളെപ്പോലെ മിഴിച്ചു നില്ക്കുന്നതു് ? ഉപ്പും ചോറും തരുന്ന തമ്പുരാന്റെ പ്രാണൻ ആപത്തിലായിരിക്കുന്നു ! തിന്ന ചോറിന്നു് കൂറു കാണിക്കുവിൻ ! ശത്രുക്കളെ വളയിൻ !

(ഭടന്മാർ കുറുപ്പിനേയും ശിഷ്യന്മാരേയും വളയുന്നു—ഭയങ്കരമായ ഏററുമുട്ടൽ—കുറുപ്പും ഉദയവർമ്മത്തമ്പുരാനും അനേകം വാളുകളേററു നിലം പതിക്കുന്നു )

കുറുപ്പ് : കുഞ്ഞാ ! അരുമ മരുമകനെ ! മുന്നോട്ടുപാഞ്ഞു കേറു്.

ഉദയവർമ്മ : ചണ്ഡാരി ! വള്ളുവനാട്ടിന്റെ മാനം രക്ഷിക്കണേ !

(ശേഷം 24-ാം പേജിൽ)

* മാമാങ്കക്കാലത്തു ഭാരതപ്പുഴയിൽ ഗംഗയുടെ സാന്നിദ്ധ്യം ഉണ്ടാകുമെന്ന വിശ്വാസം ഓർമ്മിക്കുക.

# ഇന്നത്തെ യുദ്ധവും നമ്മുടെ കലയും

"യുദ്ധം" എന്ന ശബ്ദം ജനഹൃദയങ്ങളിൽനിന്ന മാറാത്ത ഒരു ബാധ പോലെയും അന്തരീക്ഷത്തിൽ നിത്യമായ ഒരു മാറെറാലി പോലെയും ഇരിക്കുന്ന ഈ കാലത്തു പോലും, അതിനെപ്പററി ശരിയായ ഒരു ബോധം സാധാരണക്കാൎക്കുണ്ടോ എന്ന സംശയമാണ്. ദേശീയ സമര മുന്നണി പ്രസ്ഥാനത്തിൻെറ പരിശ്രമഫലമായി മലബാറിലെ കുഗ്രാമങ്ങളിൽ പോലും ഉള്ള ആളുകൾക്കു യുദ്ധത്തിനെപ്പററി ഏറെക്കുറെ ശരിയായ ഒരു ബോധം ഉണ്ടെന്നുള്ളത് അവിടത്തെ ജില്ലാ ഓർഗനൈസൎക്കു അഭിമാനപ്രദവും നമുക്കു ആശ്വാസജനകവും തന്നെ. എന്നാൽ കേരളത്തിൻെറ മററു ഭാഗങ്ങളിലെ കഥ ഇങ്ങിനെയാണെന്നു തോന്നുന്നില്ല. ആ സ്ഥിതിക്കു ഈ സംഗതിയിൽ നാം കുറച്ചു കൂടി ഉണൎവ്വു കാട്ടേണ്ടതല്ലെ എന്നു സംശയിക്കുന്നു. യുദ്ധം ഇന്നത്തെ ജനതയെ സ്ഥായിയായി ബാധിച്ചിട്ടുണ്ടോ അതോ ആ ബാധ കേവലം ഉപരിപ്ലവം മാത്രമാണോ എന്നു ആലോചിക്കേണ്ടതാണ്.



ശ്രീമതി എം. പി. ഭമ്മേ, ബി. എ. (ഓണേർസ്),
മലയാളം, ലിയസ്സൻ ആഫീസർ,
പ്രൊവിൻഷ്യൽ സോങ്ങ്സ് പബ്ലിസിററി ആഫീസ്.

സ്വതതന്നെ യുദ്ധം നാശോന്മുഖമാണെന്നു നമുക്കെല്ലാവൎക്കും അറിയാമല്ലൊ. ചരാചരപ്രപഞ്ചത്തിൽ അനിത്യമായ മിക്കവൎക്കും അപ്രതീക്ഷിതവും അപരിഹാൎയ്യവുമായ നാശമുണ്ടാകുന്നു. ജീവരാശികൾക്കുള്ള നാശവും അതുപോലെത്തന്നെ. അനവധി തലമുറകൾകൊണ്ടു നേടിവെച്ചിട്ടുള്ള സമ്പത്തുക്കളെല്ലാം നാമാവശേഷമാകുന്നു. ആകെക്കൂടി നോക്കുന്നതായാൽ, എങ്ങും ഒരു അസ്വാസ്ഥ്യം വ്യാപിക്കുന്നതായി കാണാം. ജനങ്ങളുടെ സുഖസ്ഥിതിയെ പാടേ ഇളക്കിമറിക്കുന്നു. ഇങ്ങിനെയെല്ലാമാണെങ്കിലും യുദ്ധകാലത്തിൽ ഏതെങ്കിലും വിധമായ ഉത്കൎഷങ്ങളുണ്ടാകുന്നുണ്ടോ എന്നു കൂടി ആലോചിക്കേണ്ടതാണ്. യുദ്ധത്തിൻെറ ഭയാനകതകൊണ്ടു രാജ്യക്ഷേമകരമായ വാണിജ്യങ്ങൾ മിക്കവയും തടസ്സപ്പെട്ടിട്ടുണ്ട്. നമ്മുടെ ആവശ്യത്തിന്ന അന്യദേശങ്ങളിൽനിന്ന വരുത്തിയിരുന്ന സാധനസാമഗ്രികളൊന്നും ഇന്നു സുലഭമായി വരാതായിരിക്കയാൽ അവ തന്നാട്ടുകളിൽ ഉണ്ടാക്കിയോ അഥവാ അവക്കു പകരമാകത്തക്കതായ മറേറാരോന്ന കണ്ടുപിടിച്ചോ ഇന്ന കാൎയ്യം നടത്തേണ്ടിയിരിക്കുന്നു. ഇതിൻെറ ഫലമായി അലസമായിരുന്ന നമ്മുടെ പല പ്രാപ്തികളും പ്രവണതകളും വാസനകളും ഉദ്ദീപ്തമായിത്തീരേണ്ടിവന്നു. ഇങ്ങിനെ പ്രയോജനകലകളുടെ പോഷണം സാധിതമായി. ശാസ്ത്രീയമായ പല ഉപകരണങ്ങളും, മരുന്നുകളും, സാധനങ്ങളും, യുദ്ധസാമഗ്രികളും നാം ഉണ്ടാക്കിക്കഴിഞ്ഞിരിക്കുന്നു. ഈ യുദ്ധം ഇങ്ങിനെ കുറച്ചു കാലംകൂടി തുടൎന്നുപോകയാണെങ്കിൽ നമ്മുടെ രാജ്യം തനിക്കുതാൻപോന്ന ഒന്നായിത്തീരുമെന്നുള്ളതിന്ന സംശയമില്ല. വാണിജ്യസൌകൎയ്യക്കുറവിനാലുണ്ടായ വ്യവസായ പുരോഗതി നമുക്കു വളരെ ചാരിതാൎത്ഥ്യജനകമായ ഒന്നു തന്നെയാണ്. റേഡിയോ, സിനിമാ തുടങ്ങിയ തുറകളിലും പ്രശസ്തമായ പല നേട്ടങ്ങളും ഈ പരിതഃസ്ഥിതിയിൽ നമുക്കു സിദ്ധിച്ചിട്ടുണ്ട്. ചുരുക്കത്തിൽ, വ്യാവസായികമായുണ്ടായ പുരോഗതി യുദ്ധത്തിൽനിന്നുണ്ടായ സ്ഥായിയായ ഒരു ഫലമെന്നു പറയാതെ നിവൃത്തിയില്ല.

സുകുമാരകലകളുടെ സംഗതിയിൽ യുദ്ധത്തിൻെറ ഫലമെന്തെന്നു നോക്കാം. യുദ്ധരംഗങ്ങളിലെ പ്രവൎത്തനങ്ങൾ, ഓരോ കാലത്തേയും യുദ്ധഗതികൾ, യുദ്ധത്തിൻെറ ഫലമായുണ്ടാവുന്ന ആപത്തുകൾ, അവയിൽനിന്നുള്ള നിവൃത്തിമാൎഗ്ഗങ്ങൾ, യുദ്ധത്തിനോടു പരിചയമനോഭാവം, യുദ്ധത്തിൽ ഭാഗഭാക്കുകളായ സഹജീവികളോടു അനുഭാവവും സഹകരണവും, നമ്മുടെ ഇന്നത്തേയും പിന്നത്തേയും പൌരധൎമ്മം മുതലായവയെപ്പററി പൊതുജനങ്ങളുടെയിടയിൽ വേണ്ട ബോധം ജനിപ്പിക്കുന്ന വിഷയത്തിലാണ് സാഹിത്യസംഗീതാദികളായ സുന്ദരകലകളുടെ പ്രയോജനം. യുദ്ധത്തെപ്പററി പരമാൎത്ഥമായ ബോധം ജനങ്ങൾക്കുണ്ടാകണമെങ്കിൽ ഈ വിഷയങ്ങളെപ്പററി പ്രചരണം നടത്തേണ്ടതു് അത്യാവശ്യമാണ്. "ആപാതമധുര"മായ സംഗീതത്തിന്നും "കാന്താസമ്മിതയാ യയാസരസതാമാപാദ്യ"മായ സാഹിത്യത്തിന്നും മനുഷ്യമനസ്സിനെ വശീകരിക്കാനും മനുഷ്യനെ "കൎത്തവ്യകുതുകി"യാക്കാനുമുള്ള ചാതുൎയ്യം ഒന്നു വേറെ തന്നെയാണ്. യുദ്ധസ്ഥിതിഗതികളുടെ പ്രചാരത്തിന്നും പൊതുജനോദ്ബോധത്തിന്നും ഈ കലാശാഖകൾ എത്രത്തോളം പ്രയോജനപ്പെട്ടിട്ടുണ്ടെന്നു ദേശീയ സമര നിരയുടെ പ്രവൎത്തനങ്ങൾ പരിശോധിച്ചാൽ മനസ്സിലാകുന്നതാണ്.

ഒന്നാമതായി സാഹിത്യത്തിലേക്കു കടക്കാം. യുദ്ധത്തിൻെറ ഇന്നത്തെ അനുകൂലനില, സഖ്യശക്തികളുടെ വിജയങ്ങൾ, മുതലായവയെ അടിസ്ഥാനപ്പെടുത്തി പ്രസംഗങ്ങൾചെയ്തു ജനങ്ങളെ ഉത്ബോധിപ്പിക്കണം. കൂടാതെ നാടകങ്ങൾ, ചെറുകഥകൾ മുതലായവക്കും വേണ്ട വിഷയം അതിൽ കാണും. യുദ്ധവൎത്തമാനത്തെ കേവലം അവഗണിച്ചുവരുന്ന സാഹിത്യരസികന്മാരെ ഈ വസ്തുതകൾ ശരിയാംവണ്ണം ധരിപ്പിക്കാൻ ഈവക സാഹിത്യപന്ഥാക്കൾ ഉപകരിക്കും. കൃഷിപ്രധാനരായ നമ്മുടെ നാട്ടിൽ കൎഷകരുടെ രുചിക്കനുസരിച്ചു ലളിതമായ ദേശീയ ഭാഷയിൽ ചെറുകഥകളോ നാടകങ്ങളോ രചിച്ച് അവ മുഖേന, ഭക്ഷ്യോത്പാദനവിഷയത്തിൽ ഉടനടി ശ്രമിക്കേണ്ടതിൻെറയും, നാട്ടിലുള്ള ഭക്ഷ്യസാധനങ്ങൾ ശേഖരിച്ചുവെച്ചു പ്രഭുക്കളേയും ക്ഷുദ്രജന്തുക്കളേയും മാത്രം തിററിപ്പോററാതെ, സഹജീവികളായ ദരിദ്രരെക്കൂടി പോററാനുപകരിക്കുന്ന വണ്ണം വിനിയോഗിച്ച്, അമിതലാഭേച്ഛയെ ദൂരീകരിക്കേണ്ടതിൻെറയും, ആവശ്യകത ശക്തിയായും തന്മയത്വമായും ഓരോ നാട്ടിലേയും ധനികന്മാരേയും, കൃഷീവലന്മാരേയും, വ്യാപാരികളേയും ഉത്ബോധിപ്പിക്കാൻ സാധിക്കും. ഇമ്മാതിരിയുള്ള പ്രചരണവേലക്കു ഓരോ ദേശത്തേയും വിദ്യാലയങ്ങളും അദ്ധ്യാപകന്മാരും കൂടുതൽ സഹായകമായിരിക്കും. അതുപോലെത്തന്നെ വിമാനാക്രമണവേളയിൽ ചെയ്യേണ്ട സംഗതികളെക്കുറിച്ചും ദേശീയ സമര നിരയുടെ സഹായത്തോടുകൂടി വേണ്ടത്ര പ്രചരണം ലഘുലേഖകൾ വഴി സാധിക്കാവുന്നതാണ്. ഈ വിഷയങ്ങൾക്കെല്ലാം തന്നെ ചെറുകഥകളേക്കാൾ പ്രയോജനപ്രദമാകുന്നതു നാടകങ്ങളായിരിക്കും. എല്ലാവൎക്കും മനസ്സിലാകത്തക്കവണ്ണം ലളിതഭാഷയിൽ നാടകമെഴുതി യോജിച്ച രംഗവിധാനങ്ങളോടുകൂടി അഭിനയിച്ചു കാണിച്ചാൽ ജനങ്ങൾ അവയെ അഭിനന്ദിക്കുകയും ഈ സംഗതികൾ അവരുടെ ഹൃദയങ്ങളിൽ പതിയുകയും ചെയ്യുമെന്നു തീൎച്ചയാണ്. നാട്ടിൽ ഭയങ്കരമായി വൎദ്ധിച്ചിരിക്കുന്ന ദാരിദ്ര്യംപോലെത്തന്നെ അളവില്ലാതെ ധനവും പെരുകിയിട്ടുണ്ടെന്നുള്ളതു ഏവരും സമ്മതിക്കുന്ന ഒരു പരമാൎത്ഥമാണ്. ഇങ്ങിനെ ക്രമാതീതമായി പെരുകി പ്രചരിക്കുന്ന പണത്തെ "രാജ്യസേവന പത്ര"ങ്ങളിലൊ അതുപോലുള്ള മററു നിക്ഷേപങ്ങളിലൊ സ്ഥാപിച്ച്, പലിശയോടുകൂടി മുതലിനെ വൎദ്ധിപ്പിച്ചു ഭാവിയെ സുരക്ഷിതമാക്കാൻ പൊതുജനങ്ങളെ ഉത്സാഹിപ്പിക്കണം. ഇതിനെല്ലാം തന്മയമായ സാഹിത്യപന്ഥാക്കൾ, വിശേഷിച്ച് നാടകങ്ങൾ, ഉപയോഗപ്രദമായിരിക്കുമെന്നതിന്ന സംശയമില്ല. പ്രസംഗത്തിന്ന പ്രവൃത്തിയോളം ശക്തിയില്ലെന്നുള്ളതും ഓൎമ്മിക്കേണ്ടതാണ്. സാഹിത്യത്തിൽ ഇന്നുവരെ പ്രയോഗവും പ്രചാരവുമില്ലാത്ത വാക്കുകളും, ശൈലികളും, പ്രയോഗവിശേഷങ്ങളും, യുദ്ധകാൎയ്യ പ്രസ്ഥാവനത്തിന്ന ആവശ്യമായി വരിക

കൊണ്ടു് ഭാഷാശബ്ദകോശത്തിന്നും തദ്വാരാ ഭാഷാസാഹിത്യത്തിന്നും പോഷണം സിദ്ധിക്കുന്നു. ഇതിൽനിന്നു, പ്രയോജനകലകളെപ്പോലെ തന്നെ സുകുമാരകലയിലുൾപ്പെട്ട സാഹിത്യത്തിന്നും യുദ്ധംകൊണ്ടു അഭിവൃദ്ധിയാണുണ്ടായിട്ടുള്ളതെന്നു മനസ്സിലാകുന്നുണ്ടല്ലോ. രണ്ടും പരസ്പരോത്കർഷഹേതുക്കളാണു്.

സാഹിത്യത്തേക്കാൾ വശിത്വം കൂടുതലുണ്ടെന്നു് പൊതുസമ്മതിയുള്ള സംഗീതത്തിന്റെ സ്ഥിതി ഒരു പടികൂടി കേറീട്ടാണു്. സംസ്കാരശൂന്യനായ മനുഷ്യനേയും, വിശേഷബുദ്ധിയില്ലാത്ത ജന്തുക്കളെപ്പോലും വശീകരിക്കാനുള്ള എന്തോ ഒരു ശക്തി നാം സംഗീതത്തിൽ കാണുന്നുണ്ടു്. കാലദേശഭേദമില്ലാത്ത ഒരു കാര്യമാണിതു്. അങ്ങിനെയിരിക്കെ, പൊതുജനോദ്ബോധനവിഷയത്തിൽ ഇതിന്നുള്ള പ്രാപ്തി എത്രത്തോളമുണ്ടെന്നു് ഊഹിക്കാമല്ലോ. മുൻപ്രസ്താവിച്ച സംഗതികളെ സംഗീതത്തിൽ സമ്മേളിപ്പിച്ചാൽ ആരും "പാട്ടിലാകുക" തന്നെ ചെയ്യും. പ്രസ്തുത വിഷയങ്ങളെപ്പററി പാട്ടുണ്ടാക്കി, പ്രത്യേകജനതക്കു ചേരുന്ന രീതികളിൽ സ്വരപ്പെടുത്തി, ശ്രുതിമധുരമായി പാടിയാൽ, വിഷയം ഒരുവക്കു അരുചികരമാണെങ്കിൽകൂടിയും, അവക്കു രുചിച്ചെന്നുവരും. പുതിയ മട്ടുകളിലുള്ള പാട്ടുകളായും, സംഗീതനാടകങ്ങളോ കഥാപ്രസംഗങ്ങളോ ആയും, ഈ വിഷയങ്ങളെ പ്രയോഗിച്ചുനോക്കാം. ശ്രവണസുഖമായ ശബ്ദമുള്ള ഗായകന്മാരെക്കൊണ്ടു് പാടിച്ചും, റേഡിയോമൂലം പ്രക്ഷേപണംചെയ്തും, സമ്മേളനങ്ങളിൽ പാടിയും ഈവക സംഗതികൾക്കു പ്രചാരം വരുത്താൻ കഴിയും. ഉത്തമമെന്നു തോന്നുന്നവയെ സ്വനഗ്രാഹിയന്ത്രങ്ങളിലേക്കു് പകത്തുന്നതും ഉചിതമായിരിക്കും. ഈവിധത്തിലെല്ലാം സംഗീതദ്വാരാ സമരവാർത്തയും, മറിച്ചു് സമരമുഖേന സംഗീതവും അന്യോന്യം പ്രചരിക്കുന്നു. സുകുമാരകലാവിഭാഗമായ സംഗീതത്തിന്നു് ആധുനിക സമരംകൊണ്ടുണ്ടായ പരിപുഷ്ടി ഇത്രയുംകൊണ്ടു് വെളിവാകുമെന്നു വിചാരിക്കുന്നു.

ദേശീയ യുദ്ധസംഗീതപ്രസിദ്ധീകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തെലുങ്കിലും, തമിഴിലും ഈ ജോലികളെല്ലാം ഏററവും സ്തുത്യർഹമായി നടത്തിവരുന്നതിന്നു് ആ വകുപ്പിന്റെ അധികൃതനായ ശ്രീ ബാലസുബ്രഹ്മണ്യം അവർകൾ സർവ്വഥാ ശ്ലാഘ്യനാണു്. അദ്ദേഹത്തിന്റെ പരിശ്രമഫലമായി മലയാളത്തിലും അതേ രീതിയിൽ ഒരു ശാഖ പുതുതായി ഇയ്യിടെ ആരംഭിച്ചിട്ടുണ്ടു്. തമിഴിലും തെലുങ്കിലും അതാതുഭാഷാപ്രണയികൾ ചെയ്തുകാണുന്നമാതിരിയുള്ള സഹകരണം മലയാളികളും ചെയ്യുന്നതായാൽ ഈ ശാഖക്കു് ഒരു പ്രോത്സാഹനവും അനുഗ്രഹവുമായിരിക്കും. ഈ ലേഖനത്തിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങളെ അധികരിച്ചു ശ്രവണസുഖദവും നവീനവുമായ രാഗങ്ങളിൽ പാട്ടുകളുണ്ടാക്കിയും, സംഗീതത്തിൽ വാസനയും ശരിയായ ശിക്ഷണവും ഉള്ളവർ പാടാൻ ഏററും, ഈ പുതിയ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കണമെന്നപേക്ഷിക്കുന്നു*

ലോകമാകമാനമുള്ള മനുഷ്യസമുദായ ചരിത്രം പരിശോധിക്കുന്നതായാൽ സമരമനോഭാവവും മത്സരബുദ്ധിയും മനുഷ്യരിൽ സ്ഥായിയായി കുടികൊള്ളുന്ന ഗുണങ്ങളാണെന്നു് മനസ്സിലാകും. ഇവ രണ്ടിന്റെയും ബഹിഃപ്രകടനം ഓരോരിക്കലും ഉണ്ടായിട്ടുമുണ്ടു്. ഇന്നത്തെ ലോകമഹായുദ്ധം തന്നെ അതല്ലാതെ മറെറന്താണു് തെളിയിക്കുന്നതു്? പ്രാചീനമനുഷ്യന്റെ ഈ വാസന കാലാന്തരത്തിൽ ഓരോ ജാതിക്കാരുടേയും സംസ്കാരനിദർശനമായ കലകളിലും സ്ഥലം പിടിച്ചതായി വിചാരിക്കാം. അഖിലലോകപ്രസിദ്ധി നേടീട്ടുള്ള കഥകളി പുരാതനകേരളീയരായ നായന്മാരുടേയും (പിന്നീടു അവരുമായി സമ്മേളിച്ച നമ്പൂതിരിമാരുടേയും) പരമ്പരാസിദ്ധമായ സമരപ്രകൃതിയെ കാണിക്കുന്ന ഒരു ഉത്തമകലയാണു്. സംസ്കൃതാലങ്കാരികന്മാർ യുദ്ധവധാദികൾ രംഗപ്രയോഗാനർഹങ്ങളാണെന്നു് സിദ്ധാന്തിച്ചിരിക്കെ, കഥകളിയാവട്ടെ, സാഹിത്യവിശിഷ്ടമാണെന്നുവരികിലും, ഒരു വധമോ യുദ്ധമോ കൂടാതെ പരിപൂർണ്ണമാകയില്ലെന്നുതന്നെയല്ല, ആ പേരിനെ അർഹിക്കുന്നതുപോലുമല്ല എന്നു കേരളീയർ നിശ്ചയിച്ചിരിക്കുന്നു. പരമ്പരാസിദ്ധമായ ആ സമരമനോഭാവത്തെ ഒരു കലാപദവിയിലേക്കുയർത്തി അതിന്നു ചിരന്തനത്വം നൽകിയ നമ്മുടെ പൂർവ്വികന്മാരുടെ ബുദ്ധിവികാസം പ്രശംസാർഹമെന്നല്ലാതെ എന്തു പറയട്ടെ! ഞങ്ങളുടെ പൂർവ്വികസ്വത്തിൽനിന്നു ഇങ്ങിനെയൊരു നിക്ഷേപം എടുത്തു കാണിക്കുവാൻ മലയാളികൾക്കല്ലാതെ മറെറാരുത്തർക്കുമില്ലെന്നുള്ളതു് നമുക്കു അഭിമാനിക്കത്തക്കതുതന്നെ. ദേവലോകത്തോ, അളകാപുരിയിലോ, ലങ്കയിലോ വെച്ചു് നടന്നതായിട്ടാണു് സാധാരണ ആട്ടക്കഥകൾ നിർമ്മിതമായിരിക്കുന്നതു്. ഇന്നാകട്ടെ കാലത്തിനൊത്തവിധം രംഗങ്ങളും കഥാപാത്രങ്ങളും പരിതസ്ഥിതികളും മാററിച്ചേർത്ത് എന്തായെങ്കിലും ആട്ടക്കഥകൾ നമുക്കു് നിർമ്മിക്കാൻ കഴിയും. ചൈന-ജപ്പാൻ യുദ്ധം വിഷയമാക്കി മഹാകവി വള്ളത്തോൾ ഒരു ആട്ടക്കഥ നിർമ്മിച്ചുവരുന്നു. ആ മഹാനുഭാവന്റെ ഈ പാട്ടുകളെ അനുകരിച്ചു, കവനചാതുരിയും സരസ്വതീവിലാസവുമുള്ള കേരളീയർ തൂലികയെടുത്തു് സാഹിത്യസേവനം ചെയ്യാനൊരുങ്ങിക്കാണുന്നു. രംഗവൈവിധ്യം, സംവാദബാഹുല്യം, കഥാപാത്രസൗലഭ്യം എല്ലാമുണ്ടു്. നിങ്ങളുടെ വിലയേറിയ ഭാവനാവിലാസത്തെ മാത്രം വേണ്ടപോലെ വിനിയോഗിച്ചു്, കാലത്തിനൊത്ത ഛായപ്പകിട്ടോടെ എന്താനും ആട്ടക്കഥകളെഴുതുക. പോക്കുവഴികൾക്കുള്ള പ്രത്യേക സംഗീതരീതി നമ്മുടെ പൈതൃകസ്വത്താണു്. കഥകളിയെപ്പോലെ ഇത്ര പ്രശസ്തമായ ഒരു കലാവിശേഷം മറെറാരുത്തർക്കും അധീനമായിട്ടില്ല. മററാർക്കുമില്ലാത്ത ഈ പൂർവ്വികകലാസ്വത്തിനെ കാലാനുകൂലമായ ചില പുതുകൃതികൾകൊണ്ടു വർദ്ധിപ്പിക്കാൻ ശ്രമിക്കാം. അനന്യസുലഭമായി നമുക്കുള്ള ഈ കലാസ്വത്തിൽ കേരളീയരായ നമുക്കു് അഭിമാനിക്കാം. ഈ പ്രാർത്ഥിത കലാപുഷ്ടിക്കായി കലാനായികയെ വണങ്ങിക്കാം.

* പാട്ടുകൾ എഴുതി അയക്കുന്നവർക്കും പാടാൻ തെയ്യാറുള്ളവർക്കും അവരവരുടെ യോഗ്യതയറിഞ്ഞു പ്രതിഫലം കൊടുക്കുന്നതായിരിക്കും.

(22-ാം പേജിൽനിന്നു തുടർച്ച)

(കുഞ്ഞൻ പടക്കലികൊണ്ടു മത്തനായി ശത്രുക്കളെ അരിഞ്ഞുതള്ളിക്കൊണ്ടു രാമബാണംപോലെ മുന്നോട്ടു പായുന്നു.)

നിലവിളി: അയ്യോ! ഇതെന്തൊരു പാച്ചിലാണു്. മിന്നൽ തോററുപോകും. അഭിമന്യുവിന്റെ അവതാരമാണോ ഇവൻ! ആരോ! അവൻ തമ്പുരാന്റെ അടുത്തെത്തിക്കഴിഞ്ഞുവല്ലോ! അയ്യോ! അതാ വാളോങ്ങി വെട്ടിക്കഴിഞ്ഞുവല്ലോ! അയ്യോ പൊന്നു തമ്പുരാനേ!

(കുഞ്ഞന്റെ വെട്ടുകൊണ്ടു നിലവിളക്കു് ഛിന്നഭിന്നമായിച്ചിതറുന്നു — കുഞ്ഞൻ സാമൂതിരിയെ ലാക്കാക്കി വീണ്ടും വാളോങ്ങുന്നു. പടത്തലവൻ പിന്നിൽക്കൂടെ ഓടിയെത്തി കുഞ്ഞനെ വെട്ടുന്നു. കുഞ്ഞൻ പുറംതിരിഞ്ഞു പടത്തലവനെ ഒരു വെട്ടുവെട്ടി നിലംപതിക്കുന്നു.)

കുഞ്ഞൻ: അയ്യോ! എന്റെ വള്ളുവനാടേ! എന്റെ തമ്പുരാനേ! എന്റെ മുത്തശ്ശീ! എന്റെ പ്രിയപ്പെട്ട അമ്മേ! ഹാ! ഭാഗ്യംകെട്ട വള്ളുവനാടേ! (കണ്ണടയ്ക്കുന്നു.)

(തിരശ്ശീല)

## രംഗം IV

[സ്ഥലം: കോട്ടയിൽ വീട്ടു് സമയം: അസ്തമിക്കാൻ ഒട്ടടുത്തു.]

(കുഞ്ഞന്റെ അമ്മ കുഞ്ഞുലക്ഷ്മി പുത്രശോകത്താൽ ബോധംകെട്ടു് പൂമുഖത്തു കിടക്കുന്നു. മുത്തശ്ശി കുഞ്ഞിക്കാളി കണ്ണുനീരിൽ കുളിച്ചു നിലത്തുകിടന്നുരുളുന്നു. ശോകത്താൽ കരിഞ്ഞ വള്ളുക്കനാരി കാൽനടയായി വരുന്നു. പിന്നാലെ വിഷണ്ണരായ അനേക ജനങ്ങളും ഉണ്ടു.)

വള്ളുക്കനാരി: അമ്മേ! അമ്മേ! എനിക്കു മാപ്പുതരണേ!

കുഞ്ഞിക്കാളി: (ഞെട്ടിയെഴുന്നേററു് ചിന്നിയ തലമുടികെട്ടി കണ്ണുനീർ തുടച്ചു തമ്പുരാനെ ആദരപൂർവ്വം എതിരേല്ക്കുന്നു.)

വള്ളുക്കനാരി: അമ്മേ! എന്റെ തെററു പൊറുക്കണേ!

(കുഞ്ഞുലക്ഷ്മി ഞെട്ടിയുണർന്നു. തമ്പുരാനെക്കണ്ടു എഴുന്നേററു് വണക്കത്തോടെ നില്ക്കുന്നു.)

കുഞ്ഞിക്കാളി: തമ്പുരാനേ! ഇതിന്നെന്തർത്ഥമാണു്! ഞങ്ങൾ എന്നും അവിടുത്തെ അടിമകളല്ലേ! പിന്നെ അങ്ങെന്തു തെററാണു് ചെയ്തതു്? നാട്ടിന്റെ മാനം പുലർത്താൻ എന്റെ കുട്ടികൾ ചാവേർപ്പടയ്ക്കു പോയി മരിച്ചു. അതിൽ തമ്പുരാനെന്തു കുററം?

വള്ളുക്കനാരി: (കുഞ്ഞിലക്ഷ്മിയോടു) സോദരി! സമാശ്വസിയ്ക്കൂ; അവർ വീരസിംഹങ്ങൾക്കൊത്തവണ്ണം പോർ പൊരുതി മരിച്ചു. അതിൽ വ്യസനമരുതു്.

കുഞ്ഞിലക്ഷ്മി: തമ്പുരാനേ! പന്തീരാണ്ടു ചെല്ലുമ്പോൾ ഇനിയും മാമാങ്കം വരും, അന്നു കോട്ടയിൽ തറവാട്ടിൽ ചാവേർപ്പടയ്ക്കു പോവാൻ ഒരാണില്ലല്ലോ. അതോർക്കുമ്പോഴാണു് അടിയന്റെ നെഞ്ഞു പൊട്ടുന്നതു്.

വള്ളുക്കനാരി: ഹാ! ദൈവമേ! ഈ വീരമാതാക്കൾക്കു ഈ ദുസ്സഹദുഃഖം അങ്ങെന്തിന്നു വരുത്തിവെച്ചു! അല്ലെങ്കിൽ ഇങ്ങനത്തെ അമ്മമാർക്കു് നിശ്ചിതമായ പുത്രശോകം എന്നതന്നെ നിത്യസഹചാരിയായിരുന്നില്ലേ (കുഞ്ഞിക്കാളിയോടും കുഞ്ഞിലക്ഷ്മിയോടും) ഈ പട്ടും വളയും പതിനായിരത്തിന്നുള്ള നീട്ടും വാങ്ങണം.

(രണ്ടുപേരും പട്ടും വളയും പതിനായിരത്തിന്നുള്ള നീട്ടും വാങ്ങി തമ്പുരാനെ യഥോചിതം വണങ്ങുന്നു.)

ഇതുകൊണ്ടുമാത്രം വള്ളുവനാട്ടിന്നും വെള്ളാട്ടരസ്വരൂപത്തിന്നും നിങ്ങളോടുള്ള കടപ്പാടു വീടിയെന്നു് ഞാൻ വിചാരിക്കുന്നില്ല. അവർ എന്നും നമ്മൾക്കു നഷ്ടപ്പെട്ടു പോയി. കുറുപ്പും കോമനും പോയ കോട്ടം എന്നാലാവുന്നപോലെ ഞാനെന്നും നികത്തും. കാര്യക്കാരെ! പുലകുളിയടിയന്തരത്തിന്നു വേണ്ട ഒരുക്കങ്ങൾ ചെയ്യുക. ഉണ്ണീ! ഉദയവർമ്മ! വീരകലാലങ്കാരമേ! ഇനി നിന്റെ ഓമനമുഖം ഞാനെപ്പോൾക്കാണും! പരലോകയാത്രയിൽ എന്റെ കുട്ടിയുടെകൂടെ കുറുപ്പും കുഞ്ഞനും ഉണ്ടല്ലോ എന്നാശ്വാസമേ എനിക്കുള്ളൂ.

(തിരശ്ശീല)



# പ്രാചീനഭാരതീയരുടെ ശസ്ത്രശാല

(സാഹിത്യ ശിരോമണി ശ്രീമാൻ സി. കെ. അപ്പുക്കുട്ടി ഗുപ്തൻ)

സന്ദ്വാജംവിപ്രവീരംതരുത്രംധനസ്പൃതംശൂശുവാംസം
[സുദക്ഷം. |
ദസ്യുഹംനംപുരഭിദം ഇന്ദ്രസത്യം അസ്മഭ്യം ചിത്രംവൃഷണംര
[യിംദാ: ||

(ഋഗ്വേദം മ. 10, സൂ. 47, മ. 4.)

* 'ദസ്യുക്കളെ സംഹരിക്കുവാനും നഗരങ്ങളെ നശിപ്പിക്കുവാനും ശക്തിയുള്ള വീരപുത്രന്മാരെ പ്രദാനം ചെയ്യേണമേ' എന്നായിരുന്നു ആയിരമായിരമാണ്ടുകൾക്കുമുമ്പ് ജീവിച്ചിരുന്ന ഭാരതീയ മാതാപിതാക്കന്മാരുടെ ഭാവതീവ്രമായ പ്രാർത്ഥന. ഒരു ഋഷി ഇന്ദ്രനോട് ചോദിക്കുയാണ്:

"കഹിസ്വിത്തദിന്ദ്രയന്നൃഭിർന്നൃൻ വീരൈർവ്വീരാന്നീളയാസെ
[ജയാജീൻ |
ത്രിധാതുഗാഅധിജയാസിഗോഷ്വിന്ദ്രദ്യുമ്നംസ്വർവ്വദ്ധേഹ്യസ്മേ||

(ഋഗ്വേദം മ. 6, അ. 3, സൂ. 35.)

"അല്ലയോ ഇന്ദ്ര, മനുഷ്യരും മനുഷ്യരും തമ്മിലുള്ള, വീരന്മാരും വീരന്മാരും തമ്മിലുള്ള, ഒരു സംഘട്ടനം എന്നാണ് അങ്ങുളവാക്കുക? അങ്ങു വിജയിക്കുമാറാക! കറവുള്ള പശുക്കൾ അങ്ങേയ്ക്കു കൈവരട്ടെ. ഇന്ദ്ര, അങ്ങിനെ ഞങ്ങൾക്കു ദിവ്യൈശ്വര്യം കല്പിച്ചരുളേണമെ." ഇത്രയെന്ന് ഇനിയും നിർണ്ണയിക്കപ്പെട്ടുകഴിഞ്ഞിട്ടില്ലാത്ത എത്രയോ സഹസ്രാബ്ദങ്ങൾക്കപ്പുറത്ത് വർത്തിച്ചിരുന്ന ഒരു മനുഷ്യഹൃദയത്തിൽനിന്ന് വഴിഞ്ഞൊഴുകിയതാണ് ഈ വേദവൈഖരി. ഋഗ്വേദത്തിലെ, ഒന്ന്, മൂന്ന്, നാല്, ആറ്, ഏഴ്, പത്ത് എന്നീ മണ്ഡലങ്ങളിൽ സമരപരാമർശികളായ സൂക്തങ്ങളും മന്ത്രങ്ങളും ഇനിയും ഒട്ടേറെയുണ്ട്. സമരപ്രവണരും സാഹസപ്രണയിനികളുമായ ഒന്നായിരുന്നു പ്രാചീനഭാരതീയരുടെ പ്രകൃതിയെന്നാണ് നമുക്കിതിൽനിന്നു മനസ്സിലാക്കാൻ കഴിയുന്നത്. അന്ന് ഋഷി മുതല്ക്കു സാധാരണക്കാരൻ വരെയുള്ള ഓരോരുത്തരും സ്ത്രീപുരുഷഭേദംകൂടാതെ സമരപരിശീലനം നേടിവന്നിരുന്നു. ആവശ്യം നേരിട്ടപ്പോൾ ഭർത്താക്കന്മാരേയും സഹോദരന്മാരെയും സഹായിക്കാൻവേണ്ടി സ്ത്രീകൾ സമരാങ്കണത്തിലിറങ്ങി, ശത്രുക്കളോട് പടവെട്ടിയിരുന്നതിന്റെ പല പരമാർശങ്ങളും ഋഗ്വേദത്തിലുണ്ട്. മുദ്ഗലാനിയുടെയും വിശ്പലയുടെയും പേരുകളാണ് ഈ വിഷയത്തിൽ പ്രസ്താവാർഹമായിട്ടുള്ളത്. തന്റെ ഭർത്താവിന്റെ തേരോടിച്ച് ചില കൊള്ളക്കാരെ പിൻതുടർന്ന് അവരുമായിപ്പൊരുതി ജയിച്ചു മടങ്ങിവന്നവളാണ് മുദ്ഗലാനി. ഖേലരാജാവിന്റെ പത്നിയായ വിശ്പല ഭർത്താവിനോടൊപ്പം പടക്കളത്തിലേക്കു പോയി; പടയിൽ അവൾക്ക് ഒരു കാൽ നഷ്ടപ്പെട്ടു; അശ്വികൾ തൽസ്ഥാനത്ത് ഇരുമ്പുകൊണ്ടുള്ള ഒരു കാല് വെച്ചു യോജിപ്പിച്ചുകൊടുത്തു. ആര്യനാഗരികതയുടെ പരിണാമസരണിയിൽ, പുരുഷനെന്നപോലെതന്നെ സ്ത്രീക്കും ആത്മരക്ഷക്കുവേണ്ടിയുള്ള ആയോധന ആവശ്യകമായിവന്ന ഒരു ഘട്ടമുണ്ടായിരുന്നിരിക്കണം. സ്ത്രീപ്രകൃതിയിലുള്ള നിസർഗ്ഗജമായ ചില ദൌർബ്ബല്യങ്ങളാവാം, പിന്നീടത് പുരുഷന്റെ കുത്തകയാകാൻ സഹായിച്ചിട്ടുണ്ടാവുക. കാഠിന്യത്തേയും പാരുഷ്യത്തേയും, താരതമ്യേന, കൂടുതലുൾക്കൊള്ളുന്ന ഒന്നാണല്ലൊ പുരുഷപ്രകൃതി. സ്ത്രീകൾക്കും, കുട്ടികൾക്കും, സ്വത്തിനും വേണ്ടിയുള്ള കലഹങ്ങളിലും, സമരങ്ങളിലുമേർപ്പെട്ട് ചോര ചൊരിഞ്ഞും, തല തല്ലിത്തകർത്തും, ജീവിച്ചുപോന്ന ഒരു ഘട്ടം പ്രാചീനഭാരതീയജനതയുടെ ജീവിത ചരിത്രത്തിലുണ്ടായിരുന്നുവെന്നതിന്ന് ഋഗ്വേദം നമുക്ക് പല തെളിവുകളും തരുന്നുണ്ട് തത്താദൃശമായ സന്ദർഭം, വീരുററ പടയാളിയാവാനുള്ള ചോദനം, കയ്യും മെയ്യുമുള്ള ഓരോ യുവാവിനും നല്കിട്ടുണ്ടാവണം. ആ ആഭ്യന്തരപ്രേരണ സംഘടിതമായ പല സമരപരിപാടികളുടെയും പ്രാദുർഭാവത്തിന്ന് കാരണമായി. അന്ന്, ശസ്ത്രപ്രയോഗം, സവാരി, വ്യായാമം, തുടങ്ങിയ പ്രാഥമികമായ സമരപ്രക്രിയകൾ പരിശീലിപ്പിക്കുന്ന ഓരോതരം സ്ഥാപനങ്ങൾ ഓരോ ഗ്രാമത്തിലും ഉണ്ടായിരുന്നു എന്നു പറഞ്ഞാൽ അതൊരു തെററാകയില്ലെന്നാണ്, അബിനാശ് ചന്ദ്രദാസ്, 'Rgvedic culture' എന്ന തന്റെ ഗ്രന്ഥത്തിൽ ഒരിടത്ത് പ്രസ്താവിക്കുന്നത്. കുതിരപ്പന്തയത്തിന്നും തേരോട്ടത്തിന്നും അന്ന് വെറും ആഡംബരങ്ങളുടെ നിലമാത്രമല്ല ഉണ്ടായിരുന്നത്. അവ നടത്തപ്പെട്ടിരുന്നത്, കുതിരസ്സവാരി ചെയ്യുന്നതിലും തേരോടിക്കുന്നതിലും നല്ല നൈപുണ്യം നേടുക എന്ന ആവശ്യത്തെപ്പുരസ്കരിച്ചാണ്. ഗ്രാമത്തിലെ സൈനിക (Military) വും പൌര (Civil) വുമായ രണ്ടു നേതൃത്വങ്ങളും വഹിച്ചിരുന്ന 'ഗ്രാമണി' യാണ് ഈദൃശമായ പ്രവർത്തനങ്ങളെ നയിച്ചുപോന്നത്.

ഭൌതികശാസ്ത്രത്തിന്റെ പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ അനുദിനം നമ്മെ അമ്പരപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ, ആ കണ്ടുപിടുത്തങ്ങളിൽ മിക്കവയും മനുഷ്യന്റെ കയ്യിൽ വെറും മാരകായുധങ്ങളായി മാറിക്കഴിഞ്ഞിട്ടുള്ള ഒരു സവിശേഷസന്ദർഭത്തിൽ രണ്ടായിരത്തിൽപ്പുറം സംവത്സരങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന മനുഷ്യർ ഏതെല്ലാം ഉപകരണങ്ങളുപയോഗിച്ചാണ് യുദ്ധം നടത്തിയിരുന്നതെന്നറിയുന്നത് വായനക്കാർക്ക് രസാവഹമായിരിക്കുമെന്ന് വിശ്വസിക്കുന്നു. മാന്യരായ വായനക്കാരെ, നമുക്കു തെല്ലിട ഭൂതകാലവീഥിയിലൂടെ യാത്ര ചെയ്യുക.

പ്രകൃതിയുടെ ശസ്ത്രശാലയിലുള്ള പല്ല്, നഖം, മുഷ്ടിമുതലായവയായിരുന്നു, പ്രാചീനമനുഷ്യന്റെ സമരസാമഗ്രികൾ എന്നാണ് അഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നതു്. കുറെക്കഴിഞ്ഞപ്പോൾ അവയ്ക്കുപകരം കല്ലുകളും, എല്ലുകളും, കൊമ്പു (മൃഗങ്ങളുടെ)കളും ഉപയോഗിച്ചു തുടങ്ങി. പിന്നീടാണ് കവണ കണ്ടുപിടിച്ചതു്. ശത്രുവിനെ അകലെ നിന്നുകൊണ്ടുതന്നെ അവശനാക്കുവാനാണ് അത് പ്രയോഗിയ്ക്കപ്പെട്ടിരുന്നതു്. വില്ലും അമ്പും അതിന്ന് ശേഷമുള്ള കണ്ടുപിടുത്തങ്ങളാണ്. അത് കവണയേക്കാൾ ഫലപ്രദമായി കാണപ്പെട്ടു. ഏററ ഉടനെ എതിരാളിയുടെ ചോരയിൽക്കലർന്നു പിടിയ്ക്കുവാൻ വേണ്ടി അമ്പിന്റെ അററത്ത് വിഷം പുരട്ടുക പതിവായിരുന്നു. ലോഹങ്ങൾ അറിയപ്പെട്ടു തുടങ്ങിയതോടുകൂടി അസ്ത്രാഗ്രം ചെമ്പുകൊണ്ടോ, ഓടുകൊണ്ടോ, ഇരിമ്പുകൊണ്ടോ കെട്ടിച്ചു തുടങ്ങി. ഋഗ്വേദത്തിൽ, മരംകൊണ്ടും, കല്ലുകൊണ്ടും, എല്ലുകൊണ്ടും, കൊമ്പുകൊണ്ടും ഉണ്ടാക്കിയ ആയുധങ്ങളുടെ പ്രസ്താവങ്ങളുണ്ടു്. വൈദികസംസ്കാരം കടന്നുപോന്ന ഓരോ പ്രഘട്ടകങ്ങളെയാണ് ഈ ഉപാധികൾ ഉദാഹരിയ്ക്കുന്നതു്.

വില്ലും അമ്പുമായിരുന്നു വൈദികകാലത്തെ യുവയോധന്റെ പ്രധാനായുധം. അവന്റെ നിത്യ സഹചാരികളുമായിരുന്നു, അവ.

* ആര്യന്മാർക്ക് ഇന്ത്യയിൽ അഭിമുഖീകരിക്കേണ്ടിവന്നിരുന്ന ആദിമനിവാസികളെയാണ് ഈ പദം കുറിക്കുന്നതു്.

മരണം വരെ അവൻ വില്ലു താഴെ വെച്ചിരുന്നില്ല. മരിച്ച ആളുടെ വലത്തെ കയ്യിൽനിന്ന് വില്ലെടുത്തു മാററുക എന്നതായിരുന്നു അന്നത്തെ ഔർദ്ധ്വദൈഹികക്രിയകളിലൊന്ന്. താഴെ കുറിയ്ക്കുന്ന ഋക്ക് നോക്കുക :

ധ'നുർഹസ്താ'ദ് ആ'ദ'ദാനൊ മൃത'സ്യാസ്മെ' ക്ഷത്രാ'യവ'ർച്ചസെ [ബ'ലായ |
അത്രൈവ'ത്വം ഇഹ വ'യം സുവീ'ര വിശ്വാ: സ്പൃ'ധൊ [അഭി'മാതീ'ർജയേമ ||

(ഋ. വേ. മ. 10, സൂ. 18, മ. 9.)

കർണ്ണാന്താകൃഷ്ടമായ ധനുസ്സിൽനിന്നാണത്രെ ശരങ്ങൾ നിസ്സരിയ്ക്കുക. അതുകൊണ്ട് ഋഗ്വേദത്തിൽ ചെവി ശരത്തിന്റെ ജന്മഭൂമിയാണെന്ന് പറയുന്നു: "ന്യർച്ചെ സെദുശയെ കർണ്ണ'യോനയ :" (മ. 2, അ. 3, സൂ. 24), എന്നാണ് ഒരിടത്ത് പ്രസ്താവിയ്ക്കുന്നത്. അമ്പുകൾ സൂക്ഷിക്കുന്ന ഉപകരണത്തിന്റെ പേർ 'ഇഷുധി' എന്നായിരുന്നു. "ഇഷുധി : സംകാ : പൃത്നാശ്ച സർവ്വാ : പൃഷ്ഠെനിന'ദ്ധോജയതി പ്രസൂ'ത :" (മ. 6, അ. 6, സൂ 75) എന്ന ഋഗ്വേദമന്ത്രത്തിൽനിന്ന് ഓരോ വില്ലാളിയും അത് പൃഷ്ഠഭാഗത്ത് തൂക്കിയിടുകയായിരുന്നു പതിവെന്ന് മനസ്സിലാവുന്നു. "സുധന്വാന ഇഷുമന്തൊ നിഷങ്ഗിണ :" (മ. 5, അ. 5, സൂ. 57), "നിഷങ്ഗിണൊരിപവൊഹന്താസ :" (മ. 3, അ. 3, സൂ. 30) എന്നീ പ്രയോഗങ്ങളിൽനിന്ന് 'ഇഷുധി'യെ 'നിഷങ്ഗ'മെന്നും വിളിച്ചിരുന്നു എന്നഭ്യൂഹിയ്ക്കാം. ചെറുഞാണടി കൊണ്ടുള്ള പരുക്കേല്ക്കാതിരിയ്ക്കാൻവേണ്ടി ഇടത്തെ കയ്യിന്റെ പ്രകോഷ്ഠത്തിൽ ഓരോ വില്ലാളിയും തോലുകൊണ്ടുണ്ടാക്കിയ 'ഹസ്തഘ്നം' ധരിച്ചിരുന്നു.

ആയുധമെന്ന വാക്ക് ധനുർബ്ബാണങ്ങൾക്കു പൊതുവിലുള്ള പർയ്യായമായിട്ടാണ് ഋഗ്വേദത്തിൽ പ്രയോഗിയ്ക്കപ്പെട്ടിട്ടുള്ളത്. ഓരോ യോദ്ധാവിന്റെയും അപരിഹാർയ്യമായ ശസ്ത്രങ്ങളാണവ. ഇവയ്ക്കു പുറമെ, ഖഡ്ഗം, കുന്തം, പരശ്വധം മുതലായവയും അവരുപയോഗിച്ചിരുന്നു.

ഋഗ്വേദത്തിലെ 'പവീരം', യാസ്കനിരുക്തപ്രകാരം കുന്തമാണ്. Wilson-ന്റെ തർജ്ജിമയിൽ അതു വാളായിരിക്കുന്നു. "യെ'ാജനാൻ മഹിഷാ'ൻ' ഇവാതിതസ്ഥൌ'പ'വീരവാൻ | ഉതാ'പവീരവാൻ യുധ'ാ" || (മ. 10, സൂ. 60, മ. 3) എന്ന മന്ത്രത്തെ Wilson വിവർത്തനം ചെയ്തിട്ടുള്ളതിങ്ങിനെയാണ് : "Who, whether armed or unarmed with a sword, overcomes adversaries in fight, as (a lion destroys) buffaloes." പവി എന്ന വാക്കിന്ന് ശിതധാരമായ ലോഹചക്രം എന്നാണ് ഋഗ്വേദത്തിൽ ചിലേടത്തർത്ഥം. ഇന്ദ്രൻ വൃത്രാസുരനോടു യുദ്ധം ചെയ്തത് 'കാർഷ്ണം' കൊണ്ടാണെന്ന് ഒരു ഋക്കിൽ പ്രസ്താവിക്കുന്നു. അതും ഇന്നത്തെ കൃപാണവും ഒന്നുതന്നെയാണ്.

ഏററവും വലിയ പ്രയോഗപരിചയത്തെ ആവശ്യപ്പെട്ടിരുന്നതും ഫലപ്രദമാംമാറു പ്രയോഗിക്കപ്പെട്ടുവന്നിരുന്നതുമായ മറെറാരായുധം ചക്രമാകുന്നു. ഇതും ഇന്ദ്രായുധങ്ങളിലൊന്നായി ഗണിക്കപ്പെട്ടു കാണുന്നു. 'സൃകം' (കുന്തം), 'ശക്തി,' 'ആരാ,' 'വാശീ,' 'പാശം' എന്നിവയായാണ് മാററായുധങ്ങൾ. 'ശക്തി' അങ്കുശതുല്യമായ ഒരായുധമാണെന്ന് പറയുന്നു. 'ആരാ' പൂഷാവിന്റെ സവിശേഷായുധമാണ്. അതിന്റെ ലോഹമയമായ അററം ഏററവും കൂർത്ത ഒന്നത്രെ. "വാശീ മേകൊ' ബിഭർത്തി ഹസ്ത' ആയസീമന്തർദ്ദേവേഷു നിധ്രു'വി:" (മ. 8, അ. 4, സൂ. 29.) എന്ന ഋക്ക് 'വാശി'യുടെ അയോമയധാരയെ പരാമർശിക്കുന്ന ഒന്നാകുന്നു. അതു ഒരു തരം തക്ഷണോപകരണമാണെന്നാണ് യാസ്കൻ അഭിപ്രായപ്പെടുന്നത്. പാശം സോമൻ, വരുണൻ തുടങ്ങിയ ദേവന്മാരുടെ ആയുധമാകുന്നു. അത് ഏററവും പ്രാചീനമായ ഒരു ശസ്ത്രമായിരിക്കണമെന്നാണ് പണ്ഡിതന്മാരുടെ പക്ഷം. അതു, കയറുകൊണ്ടുണ്ടാക്കിയ, രശനപോലുള്ള ഒരു സാധനമാണ്. "തനൂ'ത്യജേവ ത'സ്കരാവനർഗ്ഗുരശന'ാഭി :" (10;4;6) എന്നു തുടങ്ങുന്ന ഋക്കിൽ രശന വീശി വഴിയാത്രക്കാരെപ്പിടിച്ചിരുന്ന ചില കൊള്ളക്കാരുടെ പ്രസ്താവം കാണപ്പെടുന്നുണ്ട്.

യോദ്ധാക്കൾ 'ദ്രാപി' (കവചം) ധരിക്ക പതിവായിരുന്നുവെന്ന്, "ദ്രാപിംവസാനൊയജതൊ", "പിശങ്ഗം ദ്രാപിം പ്രതി മുഞ്ചതെ കവി:" എന്ന തുടങ്ങിയ ഋഗ്ഭാഗങ്ങളിൽനിന്ന് മനസ്സിലാവുന്നു. ഋഗ്വേദത്തിലെ 'ദ്രാപി'യും അഥർവ്വവേദത്തിലെ 'കവച'വും ഒന്നുതന്നെയാണ്. വീരയോദ്ധാക്കൾ 'ശിപ്ര'യും ഉപയോഗിച്ചുവന്നിരുന്നു. ഇതു് ഒരുതരം ശിരസ്ത്രമാണ്. 'ദ്രാപി'യും 'ശിപ്ര'യും സാധാരണ യോദ്ധാക്കന്മാർ ധരിച്ചിരുന്നില്ലെന്നാണ് വേദവിമർശകന്മാർ അഭിപ്രായപ്പെടുന്നത്. പുരാതനാർയ്യന്മാരുടെ ശസ്ത്രശാലയെക്കുറിച്ചുള്ള ഒരു സാമാന്യ ജ്ഞാനം ഇതേവരെയുള്ള പ്രസ്താവത്തിൽനിന്ന് വായനക്കാർക്കു കിട്ടിക്കഴിഞ്ഞിട്ടുണ്ടാവുമെന്ന് വിശ്വസിക്കുന്നു.

പ്രാചീനകാലത്തു ലോകത്തിന്റെ മററു ഭാഗങ്ങളിലറിയപ്പെട്ടിട്ടുള്ള എല്ലാ ആയോധനോപകരണങ്ങളും നാലായിരമാണ്ടുകൾക്കു മുമ്പ് തന്നെ ഇന്ത്യക്കു സുപരിചിതങ്ങളും സുവിജ്ഞാതങ്ങളുമായിരുന്നു എന്ന് '* Civilisation in Ancient India' എന്ന തന്റെ ഗ്രന്ഥത്തിൽ R. C. Dutt പ്രസ്താവിക്കുന്നു. ഗ്രീക്കുകാർ ഇന്ത്യയിലെക്കു വന്ന ബി. സി. മൂന്നും നാലും നൂററാണ്ടുകളിലെപ്പോലെ വൈദികകാലത്തെ യുദ്ധത്തിൽ ആനകൾ കാണപ്പെടുന്നില്ല. കുതിരകളെ ധാരാളം ഉപയോഗപ്പെടുത്തിയിരുന്നു എന്നതിന്നു വേണ്ടത്ര തെളിവുകളുണ്ട്. ഡട്ട്, അക്കാലത്തെ യുദ്ധസാമഗ്രികളുടെ ഒരു സംക്ഷിപ്തവിവരണം താഴെ കുറിക്കുന്ന സൂക്തങ്ങൾ മുഖേനയാണ് നമുക്കു നല്കുന്നത്:

"1. സന്നികൃഷ്ടമായ സമരത്തിന്ന്, കവചിതനായിപ്പോവുന്ന യോദ്ധാവിന്റെ രൂപം മേഘത്തിന്റേതുപോലെ മനോഹരമായിരിക്കുന്നു. യോദ്ധാവെ, താങ്കളുടെ മെയ്യിന്ന് പരുക്കൊന്നും പററാതിരിക്കട്ടെ; വിജയിപ്പൂതാക; കവചം താങ്കളെ രക്ഷിക്കട്ടെ!

"2. ഞങ്ങൾ വില്ലുകൊണ്ട് പശുക്കളെ നേടും; ഞങ്ങൾ വില്ലുകൊണ്ടു യുദ്ധം ജയിക്കും; ഞങ്ങൾ ഗർവ്വിഷ്ഠനായ ഏതു് ഭയങ്കരശത്രുവിനേയും വില്ലുകൊണ്ട് കീഴടക്കും.

"3. വലിക്കുമ്പോൾ, വില്ലിന്റെ ഞാണ്, വില്ലാളിയുടെ ചെവിയിലേക്കു ചെല്ലുന്നു; അതു് എന്തോ സാന്ത്വനവാക്കുകൾകൊണ്ടു് ആയാളുടെ ചെവിയിൽ അമൃതു് പൊഴിയുന്നു; പ്രണയിനിയായ പത്നി ഭർത്താവിനെയെന്നപോലെ, അതു്, ചില ശബ്ദങ്ങളോടുകൂടി, ശരത്തെ പിടിച്ചു പുല്കുന്നു.

"5. ഇഷുധി, ഒട്ടേറെശ്ശരങ്ങളുടെ പിതാവാകുന്നു; ശരങ്ങൾ അതിന്റെ സന്തതികളെപ്പോലെയാണ്; അതൊരു ശബ്ദമുണ്ടാക്കുന്നു, പടയാളിയുടെ പുറത്തു് തൂങ്ങിക്കിടക്കുന്നു, അടരിൽ അമ്പുകളെ നൽകുന്നു, ശത്രുസൈന്യത്തെ കീഴടക്കുന്നു.

"6. സമർത്ഥനായ സാരഥി തന്റെ തേരിലേറി കുതിരകളെ താനിഷ്ടപ്പെടുന്നേടത്തേക്കോടിക്കുന്നു; കടിഞ്ഞാണുകൾ കുതിരകളെ പിന്നിൽനിന്ന് നിയന്ത്രിക്കുന്നു; അവയുടെ മഹിമയെക്കുറിച്ചു നമുക്കു പാടുക.

"11. ശരം സപത്രമാകുന്നു; മൃഗമാണ് അതിന്റെ പല്ലു്; വൈത്തോല്ച്ചരടു് വേണ്ടപോലെ വലിച്ച് അമ്പെയ്യുകയാണെങ്കിൽ അതു് ശത്രുവിന്റെ മെയ്യിൽച്ചെന്ന് വീഴുന്നു; എവിടെയെവിടെ ആളുകൾ ഒന്നിച്ചും ഒററപ്പെട്ടും നില്ക്കുന്നുവൊ അവിടെ ശരങ്ങൾ നമുക്കു നന്മയരുളുന്നു.

"14. ഹസ്തഘ്നം, ജ്യാഘാതത്തിൽനിന്നു പ്രകോഷ്ഠത്തെ രക്ഷിക്കുന്നു; വള പാമ്പിനെയെന്നപോലെ, അതു് കയ്യിനെ ചുററിക്കിടക്കുന്നു; അതിന്ന് അതിന്റെ ജോലി അസ്സലായറിയാം; അതു് സമർത്ഥമാകുന്നു; അതു് യോദ്ധാവിനെ എതു് നിലയിലും രക്ഷിക്കുന്നു.

"15. ഞങ്ങൾ അയോമുഖമായ ശരത്തെ വിഷം പുരട്ടിയാണ് പ്രയോഗിക്കുക; അതു് പർജ്ജന്യ രേതസ്സാകുന്നു."

(ഋ. വേ. VI, 75.)

ഒരു വിഷമവിഷമമായ ഘട്ടത്തിലാണ് വൈദികയോദ്ധാക്കൾ ജീവിച്ചിരുന്നത്. ആദിമനിവാസികളോടു മാത്രമല്ല പ്രബലന്മാരായ നേതാക്കന്മാരോടും അവർക്കു പൊരുതേണ്ടതുണ്ടായിരുന്നു. മെയ്ക്കെല്പുള്ള ഓരോരുത്തനും അന്ന് ഒരു യോദ്ധാവായിരുന്നു; എന്തിനും പോന്ന തന്റെ വലങ്കയ്യുകൊണ്ട്, തന്റെ വീടിനേയും, വയലുകളേയും, കന്നുകാലികളേയും രക്ഷിക്കുവാൻ അവൻ എന്നും സന്നദ്ധനായിരുന്നു. ഈശ്വരാരാധനയിലും, സമാധാനകാലത്തിന്റെ സന്താനങ്ങളായ കലകളുടെ സംസ്കരണത്തിലും ശ്രദ്ധാലുവായിരിക്കുന്നതോടൊപ്പംതന്നെ, നിരന്തരമായ സമരസന്നദ്ധതയിലാണ് തന്റെ ദേശീയസത്ത് സ്ഥിതിചെയ്യുന്നത് എന്ന പ്രകടമായ യാഥാർത്ഥ്യത്തിന്റെ മണ്ഡലത്തിലും ഒരു ജാഗ്രത്തരമായ ഹൃദയത്തോടെയാണ് പ്രാചീനഭാരതീയൻ പ്രവർത്തിച്ചുപോന്നത്. നാമിന്നു ജീവിക്കുന്നതും അത്തരത്തിലല്ലെങ്കിൽ, അതിലും പതിന്മടങ്ങു ഭീഷണമായ ഒരു കാലഘട്ടത്തിലാണ്. അസത്യത്തോടും, അധർമ്മത്തോടും, അനീതിയോടും പൊരുതി ജയിക്കുക എന്ന ആ പാരമ്പര്യം നമുക്കു നല്ലൊരു പൈതൃകം തന്നെയാണ്. അതു് കളയാതെ സൂക്ഷിക്കേണ്ടതു് നമ്മുടെ കടമയുമാണ്, തീർച്ച. എന്നാൽ, ഒന്ന് നാം ശ്രദ്ധിക്കേണ്ടതുണ്ട്: പരിഷ്കാരത്തിന്റെ വളർച്ചയുടെ പരകോടിയെ സംസ്കാരത്തിന്റെ ചിതയാകാൻ സമ്മതിക്കരുത്. പരിഷ്കാരം മനുഷ്യസമുദായത്തിന്റെ പുരോഗമനത്തിന്ന് സംഖ്യാതീതമായ സംഭാവനകൾ ചെയ്തിട്ടുണ്ട്; പക്ഷെ, പ്രശാന്തമായ സാകീയ സംരംഭങ്ങളുടെ വിളവിനെ അയല്ക്കാരോടു മത്സരിക്കാതെ കൊയ്യെടുക്കുവാനുള്ള പരിശീലനം അത് നമുക്കിനിയും അരുളിക്കഴിഞ്ഞിട്ടില്ല.

* Vol. I, p. 58. (TRIIBNER's Oriental Series).

# തീരാത്ത ദാഹം

(ശ്രീമാൻ പി. യം. പി. മേനോൻ)

ഐക്യകക്ഷികൾ ലോക സ്വാതന്ത്ര്യസംരക്ഷണത്തിന്നുവേണ്ടി ചെയ്യുവരുന്ന മഹാ യജ്ഞത്തിന്റെ ആഹുതി സുഗന്ധധൂമം കൊണ്ടു് ഗന്ധവാഹനൻ ലോകത്തെയൊട്ടാകെ ആഹ്ലാദിപ്പിക്കുന്നു. സ്പെയിനിൽമാത്രം ഇന്നും ശത്രുപക്ഷ സഖിയായ ഒരുവൻ ഭരണം നടത്തിപ്പോരുന്നു. അതിന്നു സമ്മതിക്കരുതു്; അവിടെയും മഹാ യജ്ഞത്തിന്റെ പുണ്യധൂമം എത്തിച്ചേരുവാൻ ഐക്യകക്ഷികൾ സമ്മതിക്കേണമെന്നാണു് ലേഖകൻ സമർത്ഥിക്കുന്നതു്. ഇതിനെ സംബന്ധിച്ചു് തീരെ പരിഭ്രമിക്കാനില്ല; ക്രൂരശക്തികളിൽനിന്നു് ചിരകാലം രക്ഷപ്പെട്ടുകൊണ്ടുള്ള ഒരു ജീവിതം ലോകത്തിന്നു കരസ്ഥമാകുന്നതുവരെ ഈ യുദ്ധം നടക്കാതിരിക്കയില്ല.

യു. പ.]

പരിഷ്ക്കൃതവും ന്യായവിഹിതവുമായ ഭരണ വൈജയന്തിയെ ഉയർത്തിപ്പിടിച്ച സുമംഗലി—സ്പെയിൻ! അവളിന്നു അക്രമത്തിന്റെ പീരങ്കിച്ചവുട്ടേററു അവമാനിതയായി! ഹൃദയവും തനുവും ചതഞ്ഞു വീണു കിടക്കുന്നു! ഭൂരന്ത സംഭവങ്ങളുടെ ആവർത്തനത്തിൽ ലോകം അതു വിസ്മരിച്ചേക്കുമെങ്കിലും, ചരിത്രം അതിന്റെ പ്രതികാര പത്രത്തിൽ മുദ്ര വെച്ചിരിക്കുകയാണു്!



ബ്രിട്ടീഷ് കോൺവോയ് കപ്പലുകൾ ജിബ്രാൾട്ടറിൽ കൂടിയുള്ള യാത്ര. ജിബ്രാൾട്ടർ സ്പെയിനിന്റെ ഏററവും അടുത്തു് തെക്കു ഭാഗത്താണു്.

ഏതാനും ഇരുപത്തേഴ നൂററാണ്ടുകൾക്കപ്പുറം യൂറോപ്പിലെ "ഗോത്ത്" വംശക്കാർ സ്പെയിനിൽ ഒരു ഭരണ പീഠം സ്ഥാപിക്കുയുണ്ടായി. എങ്ങിനെ? കയ്യേറിക്കടന്നു ആക്രമിച്ചും കൊലപാതകം ചെയ്തും! മുന്നൂറു നീണ്ടിരുണ്ട വർഷങ്ങൾ പിന്നിട്ടു സ്പെയിനിന്റെ മാറിടത്തിൽ കരിന്തേച്ചു പോയി. അന്യാധീനത്തിൽനിന്നു തല പൊക്കുവാൻ അവൾ ശ്രമിച്ചു നോക്കി. എന്നാൽ, അന്നത്തെ കക്ഷിമത്സരക്കത്തികൊണ്ടു കുത്തിക്കീറിയ സമുദായ വനിതയെ വിദേശശക്തി തെല്ലും കൂസിയില്ലാ. എനിക്കെനിക്കു പ്രാബല്യം വേണമെന്നുള്ള തക്കത്തിൽ ജനങ്ങൾ തമ്മിൽത്തല്ലിയകന്നു, ശത്രുശക്തികൾ നിർബ്ബാധ ജീവിതത്തെ അനുഭവിച്ചുപോന്നു.

ഒരുനാൾ, "പയറണീസ്" പർവ്വതം ഉച്ചസൂര്യനെ ചുമലിൽ കയററിക്കളിപ്പിക്കുമ്പോൾ, സ്പെയിനിന്റെ ദക്ഷിണാന്ത്യത്തിൽ ഒരു ചന്ദ്രക്കലയുയർന്നു കണ്ടു അത്ഭുതത്തോടങ്ങോട്ടു നോക്കി. അജ്ഞതയാലും അന്ധവിശ്വാസത്താലും അന്ധകാരനിബിഡമായ അറേബിയാവിലെ മണലാരണ്യത്തിൽ നിസ്തുല നന്മഹാത്മ്യത്തിന്റെയും സൌഭ്രാത്രത്തിന്റെയും അമ്പിളി നിലാവൊഴുക്കിയ ശശിലേഖയേന്തൊ—സത്യ സൌന്ദര്യത്തിന്റെ നിത്യസന്ദേശം വഹിച്ചെത്തിയ മുഹമ്മതു നബി തിരുമനസ്സു കമ്പിട്ടുപോന്ന ഇന്ദുകലയേന്താ—അതിന്റെ ചിത്രണമായിരുന്നു അവിടെ പൊങ്ങിക്കണ്ടതു്. പക്ഷെ, സ്നേഹസാമ്രാജ്യത്തിന്റെ കൊടിക്കൂറയല്ലാ; ഇസ്ലാമിക ഭരണത്തിന്റെ കുടിയേറിപ്പാർപ്പിന്നു—ഭൌമികസാമ്രാജ്യ വൈപുല്യത്തിന്നു—വേണ്ടിയുയർത്തിയ കൊടിയടയാളമായിരുന്നു അതു്. ഹാ എന്തൊരന്തരം! ഉച്ചസൂര്യൻ ഊഷ്മാവിന്റെ ഭാണ്ഡവും കെട്ടി ഒഴിഞ്ഞു മാറിപ്പോയി; 'പയറണീസ്' മല ഹിമപ്പുതപ്പിട്ടു തലമൂടി ചുരുണ്ടുകിടന്നു.

ആഫ്രിക്കയിലെ കലീഫാ, പടത്തലവനായ 'മൂസ്സാ'യെ വിളിച്ചു ദേശ വൈപുല്യത്തിന്നായി പടവാൾ വീശാൻ കല്പിച്ചു. ഇസ്ലാമിന്റെ പട്ടാള വാളുകളുടെ മിന്നലൊളി വെളിച്ചത്തിൽ വഴിക്കുള്ള രാജ്യങ്ങളെല്ലാം കണ്ണടച്ചു തല കുനിച്ചു. "ടാറിക്" എന്ന പടത്തലവന്റെ നേതൃത്വത്തിൽ ഒരു സൈന്യ വകുപ്പു് കടൽ നീന്തി സ്പെയിനിലെ "അൽജീസിറാസ്" എന്നിടത്തു പതാക നാട്ടി. അന്യോന്യ വഴക്കുകളാൽ ഛിന്നിച്ചു കിടന്നിരുന്ന ജനസമുദായത്തിന്നോ, മട്ടനനയം കൊണ്ടു പൊതുജന ശത്രുവായിത്തീർന്ന ഭരണശക്തിക്കൊ ആക്രമണപരാക്രമത്തെ തടുത്തു നില്ക്കുവാൻ സാധിച്ചില്ലാ. കടൽ തൊട്ടു കടൽവരെ ആ ഭൂഖണ്ഡം ഇസ്ലാമികവാഴ്ചക്കു അധീനമായി. ഒന്നും രണ്ടുമല്ലാ, എണ്ണൂറു വർഷങ്ങളോളം സ്പെയിൻ ഇസ്ലാമിക രാജ്യമായിരുന്നു.

* * *

സാർവ്വ സാഹോദര്യമാകുന്ന പുണ്യാദർശത്തെ സാമ്രാജ്യ മനോഭാവം അപ്പാടി വിഴുങ്ങിക്കളഞ്ഞു! സ്പെയിനിലെ ഇസ്ലാമിക ഭരണത്തിന്റെ ചരിത്രത്തിലെ അദ്ധ്യായങ്ങൾ അവസാനിക്കാറായെന്നു ആരുമറിഞ്ഞില്ലാ.

ദേശീയ വളർച്ചയെ ചവുട്ടിത്താഴ്ത്തി വെക്കുന്ന വിദേശ വാഴ്ചയോടു മല്ലിടുവാനുള്ള സന്നാഹങ്ങളുമായി അന്നൊരുനാൾ, വിഭാതകാലപ്പൂർവ്വാന്തരാളത്തിൽ കതിരോനാകുന്ന സ്വർണ്ണ നംക്രമവുമിട്ടു നില്ക്കുകയായിരുന്നു. "കാസ്റ്റാലിയാ" വിലെ റാണി, "ഇസബെല്ലാ," കൊട്ടാരവാതിൽക്കലൂടെ പുറത്തേക്കെത്തിനോക്കി. പൂന്തെന്നലേററുലഞ്ഞാടിയ വല്ലികൾ പുതു പൂക്കളെക്കൊണ്ടു തരുനികരത്തെ വരണമാല്യം ചാർത്തുകയാണ്. പുലരിയുടെ പൂമ്പുടപ്പു അങ്ങെങ്ങും പൂമ്പട്ടു വിരിക്കയാണ്. അവികലമായ ഒരു അമേയ സൌന്ദര്യം അങ്ങെങ്ങും ഉന്മേഷപ്പെടുകയാണ്. റാണിയാളുടെ സുകുമാരകളേബരം കോരിത്തരിച്ചു; പ്രേമം നിറഞ്ഞുയർന്ന മാറിടം, കോളിളക്കം തട്ടിയ സാഗരം പോലെ, ഒന്നു ഇളകിത്താണു. 'ഇസബെല്ലാ' ചിന്തയുടെ ഭാഷയിൽ അറിയാതെ രണ്ടുമൂന്നാവർത്തി "ഫർഡിനാണ്ട്, ഫർഡിനാണ്ട്" എന്നു ഉരുവിട്ടു.

കൊട്ടാരത്തിലെ നിശ്ശബ്ദവായുവിൽ ഒരു ചലനമുണ്ടായി: "അങ്ങയുടെ ബന്ധുരാധരങ്ങളിലെ അനവദ്യ പ്രേമമാധുരി എനിക്കൊന്നനുകരാൻ കഴിഞ്ഞെങ്കിൽ!" ദീർഘനിശ്വാസത്തിന്നിടയിൽ റാണിയുടെ നയനദ്വന്ദ്വങ്ങളിൽ നിന്നിററിററുവീണ രണ്ടുമൂന്നു തുള്ളി കണ്ണീർ ആ വായുമണ്ഡലത്തിൽ വെണ്മുത്തുകൾ ചാർത്തിക്കൊണ്ടു കീഴോട്ടു പതിച്ചു. പ്രേമത്തിന്നൊരു പൊൻചിറകുണ്ട്. മേഘജ്യോതിസ്സിനേയും തോല്പിക്കുന്ന ഒരു വേഗതയുണ്ട് അതിന്റെ സഞ്ചാരത്തിന്ന്. റാണിയുടെ പ്രേമവാഞ്ഛിതം 'ഫർഡിനാണ്ടി'നെ തേടിപ്പറന്നു.

ആനുകൂല്യം സിദ്ധിക്കുന്ന സല്പ്രേമം സ്തുത്യർഹമാണ്. 'അഞ്ചാം ഫർഡിനാണ്ടും' 'റാണി ഇസബെല്ലാ' യും ദമ്പതിമാരായി. രണ്ടു ഹൃദയങ്ങൾ ഒന്നായി; രണ്ടു രാജ്യവിഭാഗങ്ങൾ ഒന്നായി; രണ്ടു ചെങ്കോലുകൾ ഒന്നായി; രണ്ടു ശക്തികൾ ഒരു വമ്പിച്ച ശക്തിയായി. അപ്പോഴേക്കും, പഴയഗോത്രുകൾ പുരാതനവാസികളുമായി. വർണ്ണസങ്കരംകൊണ്ടു ഒരു വർഗ്ഗമായി. സ്പെയിനിന്നു ഒരു പുതുജീവനങ്കുരിച്ചു.

* * *

സ്പെയിൻ ലോകചരിത്രത്തിൽ അന്നൊരദ്ധ്യായമെഴുതീട്ടുണ്ട്. വായിച്ചാലും പഠിച്ചാലും മതിയാവാത്ത ഒന്നാണത്. മായിച്ചാലും മായാത്ത ഒരനശ്വര ഭാസ്സാണത്. ലോകത്തെ ആശങ്കാസങ്കുലമാക്കുമാറു ഒരു ആപൽപ്പന്ഥാവിലേക്കു സ്പെയിൻ അന്നു ഓടിച്ചെന്നു; വിജയലക്ഷ്മിയെ കെട്ടിപ്പുണരാൻ!

അപായകരമായ കടൽസഞ്ചാരത്തിന്നു നവീന സൌകര്യങ്ങളൊന്നും തന്നെ അറിവില്ലാതിരുന്ന അക്കാലത്തു അമ്പതോളം വയസ്സായ ഒരു കപ്പൽമണ്ഡക്കാരൻ രാജവാഞ്ഛിതമനുസരിച്ചു, അന്തമററ സാഗരത്തിന്റെ ക്ഷുബ്ധമദ്ധ്യത്തിലേക്കു നീന്തിപ്പോകയുണ്ടായി! ആരായിരുന്നു അതു? യശശ്ശരീരനായ "കൊളമ്പസ്സ്!" വിശാലാകാശത്തിലേക്കുയർന്ന ഒരു കിളിപ്പെെതൽ കണക്ക്, ആ വങ്കടലിലൂടെ അന്നൊരു പത്തേമാരി തുഴഞ്ഞു തുഴഞ്ഞങ്ങിനെ ദുസ്സഹപഥത്തെയും അതിക്രമിച്ചു പലായനം ചെയ്തു. പ്രകൃതിയെ കീഴടക്കുന്ന മനുഷ്യപ്രയത്നത്തിന്റെ മാനദണ്ഡമായിരുന്നു അത്. ലോകത്തിന്നൊരു അനർഘനിധിയെ കൊളമ്പസ്സു കണ്ടുപിടിച്ചുതന്നു; അമേരിക്ക! കിഴക്കൻ രാജ്യങ്ങളുമായി സഹൃദയ സംബന്ധിയാവാനും, തന്മൂലം സ്വവളർച്ചക്കു സുപഥചാരിണിയാവാനും അമേരിക്കയെ സഹായിച്ച കൊളമ്പസ്സിന്റെ സ്പെയിനിനെ ഇന്നത്തെ യൂറോപ്പിലെ സ്വേച്ഛാധിപത്യക്കുറുനരികൾ കടിച്ചു വലിച്ചു പച്ച തിന്നുവെങ്കിലും അവക്കെല്ലാം ഇന്ന് യൂറോപ്പിലും ഒരുവക്കെ സ്പെയിനിൽ തന്നേയും കണക്കു പറയേണ്ട ഘട്ടമായി.

* * *

ഫർഡിനാണ്ടഞ്ചാമനും ഇസബെല്ലായും സ്പെയിന്റെ സ്വാതന്ത്ര്യപതാകയുയർത്തിയതോടുകൂടി ഇസ്ലാമിക (മൂറിഷ്) ഭരണം കീഴ്മേൽ മറിഞ്ഞു. പ്രശസ്തമായൊരു ദേശീയ വാഴ്ചയുടെ സിതപത്രത്തിന്റെ തണലിൽ സ്പെയിൻ അചിരേണ വളർന്നുവന്നു.

അനന്തരം, ആ രാജദമ്പതിമാരിരുന്ന സിംഹാസനത്തിൽ അരചന്മാരെത്രയൊ കയറി—സുഖഭോഗായാസത്തിന്നുശേഷം വിശ്രമത്തിന്നായിട്ടുമാത്രം. കാലാന്തരത്തിൽ രൂപാന്തരപ്പെട്ടുവന്ന ഇന്നത്തെ നിയമാവലിയുടെ ജനയിതാവായ ഒരു രാജാവുണ്ടായി: "അൽഫൻസൊ എട്ടാമൻ"! സാഹിത്യ കുസുമങ്ങളന്നു സംഫുല്ലങ്ങളായി. ജ്യോതിശ്ശാസ്ത്രപ്രദീപമന്നു പ്രോജ്ജ്വലിച്ചു. രാജ്യം വിപുലവും വിശ്രുതവുമായിത്തീർന്നു.

മുസ്ലിം ഭരണത്തിന്റെ അവശിഷ്ടാംശങ്ങൾ കൂടിച്ചേർന്നൊന്നു പൊരുതി നോക്കി. ശിഖിവാഹനന്റെ സമരപ്രാവീണ്യത്തെ പകർത്തിക്കാട്ടിക്കൊണ്ടു, സ്പെയിനിന്റെ അഭിമാനചൈതന്യം അന്നവിടെ പ്രത്യക്ഷമായി. ഒരിരുപതു വസന്തങ്ങൾ താലോലിച്ചു വളർത്തിയ ഒരോമനയുവാവു ഉടവാളൂരി അന്നു മുന്നോട്ടു ചാടി: സിട്ട്! വീരഗാനമുണ്ടാക്കാൻ കേരളത്തിന്നു ഒരു ഒതേനനെന്നപോലെ, സ്പെയിനിന്നു ഒരു 'സിട്ടി'നേയും നായകനായി കിട്ടി. ഒരു ഭയങ്കര സംഗരം അന്നവിടെ നടന്നു. "കാർഡോവയിലെ മെഹദി" എന്നഭിധാനമുള്ള മുഹമ്മതു് ഇടം കയ്യിൽ 'ഖുർആൻ' ഗ്രന്ഥവും വലം കയ്യിൽ പടവാളുമായി നിന്നു പോർചെയ്തു. മാഡ്രിഡ്, സാലമാങ്ക, ഗ്വഡലജാരാ എന്നീ നഗരങ്ങളിൽ വീരശോണിതം പുഴയായൊഴുകി; മൃതദേഹങ്ങൾ അങ്ങെങ്ങും നീന്തിക്കളിച്ചു!

ദേശീയ ശക്തിക്കു കൈകാൽ കുഴഞ്ഞു. മലനിരകൾക്കിടയിൽ ദേശീയ സൈന്യത്തെ മുസ്ലിമിങ്ങൾ വലയം ചെയ്തു. പർവ്വതപ്രദേശത്തു വഴിയറിയാതെയും ഭക്ഷണമില്ലാതേയും, രണശോണിതം കൊണ്ടു ചെങ്കുപ്പായമിട്ട ദേശീയ സൈന്യം ചുററിത്തിരിഞ്ഞ് പരാജയത്തിന്റെ സമീപത്തിലെത്തി. സ്പെയിനിന്റെ മംഗല്യദീപം അന്നു കെടുത്തിക്കണ്ടു: കീറവസനം ചുററി, ജടപിടിച്ച തലയുമായി "ഇസിഡൊ" എന്ന ഒരിടയച്ചെറുക്കൻ ആ സൈന്യത്തെ രക്ഷിച്ചു. മുസ്ലിം പട്ടാളത്തെ പരാജയപ്പെടുത്തുന്നതിന്നു അവനൊരു മാർഗ്ഗം നിർദ്ദേശിച്ചു. മൂറിഷ് ഭരണത്തിന്റെ അടിക്കല്ലുകൂടി അന്നവിടെ നിന്നു പറിച്ചെടുക്കപ്പെട്ടു. ഭാരത സാഹിത്യത്തിൽ കാളിദാസനെന്നപോലെ, സ്പെയിനിന്റെ രാഷ്ട്രീയ ചരിത്രത്തിൽ 'ഇസ്ഡിഡൊ' എന്ന ഇടയനും പ്രഖ്യാതനായി. "ട്രോളിഡൊ" വിലെ ഒരു പള്ളിയിൽ 'ഇസിഡൊ' വിന്റെ ഒരു മഞ്ജുള വിഗ്രഹം ശാശ്വത സ്മാരകമായി പ്രതിഷ്ഠിക്കപ്പെട്ടു.

സ്പെയിൻ സ്വതന്ത്രയായി, എങ്കിലും, ജനങ്ങൾ സ്വതന്ത്രരായില്ലാ; ചരിത്രമങ്ങിനെ നീണ്ടുപോയി.

അമേരിക്കയിലേക്കും മററും സ്പെയിനിലെ വ്യാപാര റാണി വിരുന്നുപോക പതിവായി. തിരികെപ്പോരുമ്പോൾ കാണിക്ക് കിട്ടിയ പൊന്നും പണവുമെല്ലാം കെട്ടിക്കൊണ്ടു വരികയും ചെയ്തുവന്നു. ഈ ഘട്ടത്തിലാണു ഇംഗ്ലണ്ടും സ്പെയിനും തമ്മിൽ കൂട്ടിമുട്ടുവാനിടയായതു്. ഒരുനാൾ ഇംഗ്ലണ്ടിന്റെ ഇടുക്കു കടലിൽ സ്പെയിനിന്റെ പ്രതികാരപ്രകോപത്തിന്റെ സ്ഫുരൽപ്പിണരുകൾ ഓടി നടക്കുന്നതു കാണായി. 'സ്ഫാനിഷ് ആർമഡാ' എന്നറിയപ്പെടുന്ന നിരവധി പടക്കപ്പലുകളായിരുന്നു അവ. ഇംഗ്ലണ്ടിന്റെ ഭാഗ്യം അവയെ കടലാസു തോണികളെയെന്നപോലെ നശിപ്പിച്ചുകളഞ്ഞു.

ഇംഗ്ലണ്ടിന്റെ ജീവനാഡിയിലേക്കു സ്പെയിനിന്റെ രക്തം ഇത്തിരിയൊന്നുമല്ലാ കലർന്നിട്ടുള്ളതു്. സ്പെയിനിലെ "കാതറിൻ" റാണിയെ ഇംഗ്ലണ്ടിലെ "ഹെൻറി എട്ടാമൻ" പട്ടമഹിഷിയാക്കി.

സ്വതന്ത്ര സ്പെയിനിന്റെ മുതുകിൽ ഇന്നൊരു ചവിട്ടു കിട്ടിയിട്ടുണ്ട്; യൂറോപ്പിലെ സ്വേച്ഛാധിപത്യത്തിന്റെ 'ബൂട്ടസി'ട്ട കാലു കൊണ്ടാണതു്! സ്പെയിനിന്റെ മംഗല്യസൂത്രം അറുത്തെറിഞ്ഞു അവളെ പരാധീനത്തിന്റെ കാലു തലോടാനാക്കി

യുദ്ധം തുടർന്നുപോകണമെന്നും, സമാധാനം വീണ്ടും സ്ഥാപരമെത്തണമെന്നും ലോകനേതാക്കന്മാർ പലപ്പോഴും പലവിധമായും പലവുരു പറയുന്നുണ്ട്. അധാർമ്മികവും അനീതികരവുമായ സംഭവങ്ങൾക്കു വിധേയമായിത്തീർന്ന അവകാശാധികാരങ്ങൾ മാനവസമുദായത്തിന്നു വീണ്ടെടുക്കാൻ സാധിപ്പിക്കുന്ന ധാർമ്മികബോധവും സത്യസന്ധതയും എന്നു വീണ്ടും ഭൂമിയിൽ പ്രവേശിക്കുന്നുവോ, ഭൌമികാഭിവൃദ്ധിയിൽ മനുഷ്യനുണ്ടായിട്ടുള്ള നേട്ടങ്ങളോടൊന്നിച്ചു അവന്റെ ആത്മീയതേജസ്സു എന്നു ദീപ്രമായിത്തീരുന്നുവോ, രാഷ്ട്രങ്ങളെല്ലാം ഒരെ ശ്രേഷ്ഠ കുടുംബത്തിലെ സ്വതന്ത്രാംഗങ്ങളാണെന്നു എന്നു കരുതപ്പെട്ടുവരുന്നുവോ, അതുവരെയും ഐക്യകക്ഷികൾ യുദ്ധം തുടരട്ടെ. അന്നുവരേയും സത്യത്തിന്റെ ദാരുണ രോദനം കലരാത്ത ശബ്ദം ചരിത്രത്തിലുണ്ടാവുകയില്ലാ. സ്പെയിനിന്റേയും താദൃശ രാജ്യങ്ങളുടെയും സ്വാതന്ത്ര്യരക്ഷക്കു പൊരുതിയ ധർമ്മഭടന്മാരുടെ ചുടുരക്തം പുരണ്ട പൊടിമണ്ണു പോരും നിന്നോടു ഒരു കാലത്തു പകരം ചോദിക്കാൻ.

ചവുട്ടിത്തേച്ച ബിസപുഷ്പംപോലെ, പൊട്ടിത്തകർന്ന വിപഞ്ചിക പോലെ, നീർ വററി വരണ്ട ആറു പോലെ, സ്പെയിൻ ഇന്നു മട്ടിതയും, ദീനയും ശുഷ്കയുമായി നില്ക്കുന്നു. എങ്കിലും, മാഡ്രിഡ്, ബിൽബാവൊ, സാരഗോസ എന്നിവടങ്ങളിലെ പൊടിമണ്ണിലുമുണ്ടു് ഒരു സുപ്രഭാതത്തിന്റെ നിണത്തുടുപ്പു കാണാവുന്നു—ആരലാലവായുവിലുമുണ്ടു് സ്വാതന്ത്ര്യത്തിന്റെ ഒരു അവിശദസ്പന്ദനം കേൾക്കാവുന്നു—കരിമ്പാറയിലുമുണ്ടു് പ്രതികാരേച്ഛയുടെ നിശ്ചയദാർഢ്യം തെളിഞ്ഞു കാണാവുന്നു—മദ്ധ്യാഹ്നാതപത്തിലുമുണ്ടു് സ്വാതന്ത്ര്യത്തിന്റെ തീരാത്ത ദാഹം വ്യക്തമാവുന്നു. സ്പെയിൻ വീണ്ടും ജീവിച്ചെഴുന്നേൽക്കും—തീർച്ച.



ശ്രീമാൻ പത്മനാഭൻ, ബി. എ.

ചെറുകഥ

# നളിനിയുടെ നയം

(ശ്രീമാൻ പത്മനാഭൻ, ബി. എ.)

"ഞങ്ങളാരുമോർത്തില്ല നളിനിക്കിത്ര പോരുമയുണ്ടെന്ന്. അച്ഛന്റെ ഓമനപ്പുത്രി. പള്ളിക്കൂടവും, പുസ്തകവും, പൂന്തോട്ടവുമായി കഴിഞ്ഞു, പൂവൽമേനിയാൾ ജീവിതത്തിന്റെ കാർക്കശ്യമറിവാൻ സന്തോഷത്തോടെ തുനിയുമെന്നു ഞങ്ങൾ ചിന്തിക്കാത്തതിൽ തെറ്റുണ്ടോ? പറഞ്ഞു ഫലിപ്പിക്കുവാനുള്ള പ്രാഗത്ഭ്യമോ, വാക്ചാതുരിയോ അവൾക്കുണ്ടായിരുന്നില്ല. പക്ഷെ ദൃഢനിശ്ചയം വദനത്തിൽ സ്ഫുരിച്ചിരുന്നു; നയനങ്ങളിൽ ആത്മാർത്ഥതയും."

അന്നൊരു മഴദിവസമായിരുന്നു. മിസ്റ്റർ മേനോൻ—നളിനിയുടെ അച്ഛൻ—സായാഹ്നവിഹാരത്തിന്നു പുറത്തിറങ്ങാതെ കസാരയിൽ ചാരിക്കിടക്കയായിരുന്നു. വണ്ടാറണിക്കുഴലഴിഞ്ഞു പുറത്തു ചിന്നിക്കൊണ്ടു ഒരു പുസ്തകവുമായി നളിനി ഓടിവന്നു യാതൊരു മുഖവുരയുംകൂടാതെ പറഞ്ഞു: "അച്ഛ! എനിക്കുമൊരു 'നൈട്ടിംഗേ'ലാവണം. ഞാൻ നാളെതന്നെ രാജ്യത്തിന്നു വേണ്ടി പൊരുതുന്ന ധീരയോദ്ധാക്കളുടെ പരിചരണത്തിന്നു പടക്കളത്തിലേക്കു പോകയാണ്."

'എന്ത്?' മേനവൻ ആശ്ചര്യസ്തബ്ധനായി. "നളിനിയോ? പട്ടാളത്തിന്റെ നടുവിലേക്കോ?" കുസുമസുകുമാരമായ പദം ദുർണ്ണാവിദ്ധമായാലോ എന്നു സംശയിച്ചു അവളെ പുറത്തിറങ്ങി നടക്കാതിരിക്കുവാൻപോലും പ്രേരിപ്പിച്ച, ആ പിതൃവാത്സല്യം ഇതിൽ പ്രതികൂലഭാവം കൈക്കൊണ്ടതിൽ അത്ഭുതപ്പെടാനൊന്നുമില്ല.

"അച്ഛാ! ഞാൻ 'റെഡ്ക്രാസ്സ്' സംഘത്തിലേക്കു അപേക്ഷ അയച്ചു കഴിഞ്ഞു." ഈ സമാധാനത്തോടു ആ മുറിയിലെങ്ങും ഒരു നിശീഥ നിശ്ശബ്ദത പരന്നു.

*   *   *

ബിമൽ ദാസിന്റെ വ്യവസായസാമർത്ഥ്യം പട്ടണത്തിലെ ഒരു സംഭാഷണവിഷയമാണ്. യുദ്ധപ്രഖ്യാപനത്തോടുകൂടി അദ്ദേഹത്തിന്റെ വ്യവസായ വിപുലീകരണം അസൂയാർഹമായിത്തീർന്നു. പററിപ്പിടിച്ച കാലുറയും, മുട്ടുവരെ ഞാന്നു കഴുത്തുവരെ കുടുക്കിട്ടു മുറുക്കിയ കറുത്തകോട്ടും, തലയിലൊരു കറുത്ത തൊപ്പിയുമായി ഒമ്പതു മണിക്കു ബിമൽ കൃത്യമായി ആപ്പീസ്സിലെത്തും. ആപ്പീസ്സു ജോലിക്കാരുടെ ശ്രദ്ധക്കായിട്ടാണത്രെ, "പരിശ്രമം വിജയത്തിന്റെ സോപാനമാണ്" എന്നെഴുതിയ ഒരു പലക ആപ്പീസ്സു ചുമരിന്മേൽ തൂക്കിയിരിക്കുന്നത്. ആപ്പീസ്സിൽ വന്നുകയറിയ ഉടനെ 'എല്ലാവരും വന്നെത്തിയൊ' എന്നറിവാനൊരു വിഹഗവീക്ഷണം നടത്തി, തൊപ്പി മേശപ്പുറത്തു വെച്ച്, കടലാസുകളിൽ ഒപ്പിടുവാൻ തുടങ്ങും.

അന്നും പതിവുപോലെ ഒപ്പിടുന്ന കർമ്മം നിർവ്വഹിക്കാൻ തുടങ്ങി. അതിലിടക്കു ശിപായിവന്നു ഒരു കാഡ് നല്കി: ബിമൽ വായിച്ചു. 'മിസ്സ് നളിനി.' ബിമലിന്നു പെൺമക്കളില്ലാതിരുന്നതുകൊണ്ടു പെൺകുട്ടികളോടു ഒരു പ്രത്യേക പ്രതിപത്തിയാണ്. മററു വല്ലവരുമാണെങ്കിൽ 'ഇപ്പോൾ സൌകര്യമില്ല' എന്ന സമാധാനമായിരിക്കും. "വരുവാൻ പറയു" എന്ന് ബിമൽ ഉത്തരവു നല്കി.

ശുഭ്രവസ്ത്രാലംകൃതയായ ഒരു കോമളകുമാരി ഒരു പെട്ടിയുമായി അദ്ദേഹത്തിന്റെ മുമ്പിൽ ആനയിക്കപ്പെട്ടു. "എന്തു വേണം?" പ്രാഥമിക ഔപചാര്യങ്ങൾക്കു ശേഷം ബിമൽ ചോദിച്ചു.

"ഞാൻ 'റെഡ്ക്രോസ്സ്' സംഘത്തിലെ ഒരംഗമാണ്. മുറിപെട്ടവരും, രോഗികളുമായ സൈനികർക്കു സഹായത്തിന്നു പണപ്പിരിവിന്നു വന്നിരിക്കയാണ്. താങ്കൾ വല്ലതും........."

അതു മുഴമിക്കാൻ 'ബിമൽ' അനുവദിച്ചില്ല. "മതി, മതി, നിർത്തു. എന്റെ കയ്യിൽനിന്നു ഒരു ചില്ലിപോലും കിട്ടുകയില്ല. അതുമിതും പറഞ്ഞു യുദ്ധപ്പിരിവു നടത്തുക."

"ക്ഷമിക്കണം" നളിനി പറഞ്ഞു. "ഈ യുദ്ധമല്ലെ അങ്ങയുടെ ക്ഷേമത്തിന്നും സമൃദ്ധിക്കും കാരണം. മാതൃരാജ്യത്തിന്നുവേണ്ടി പൊരുതുന്ന ധീരർക്കു താങ്കളുടെ വമ്പിച്ച വരുമാനത്തിൽനിന്നു ഒരു ചെറുതുക നീക്കിവെക്കുന്നതായാൽ, എന്തൊരു നഷ്ടമാണുണ്ടാകുക?"

"ശ്രീമതി, ഞാൻ വാദപ്രതിവാദത്തിന്നൊരുങ്ങുന്നില്ല. എനിക്കു ജോലിത്തിരക്കുണ്ട്. ഇപ്പോൾ പോകാം."

"എന്നാൽ" നളിനി ഒഴിഞ്ഞില്ല. "അങ്ങയുടെ ആപ്പീസ്സിൽനിന്നു വല്ലവരും വല്ല സംഭാവനയ്ക്കും തയ്യാറുണ്ടോ എന്നന്വേഷിക്കുവാൻ എനിക്കനുവാദം തരണം."

"തീർച്ചയായും ആരുമൊരുക്കമുണ്ടാവില്ല. വേണമെങ്കിൽ ശ്രമിച്ചു കൊള്ളു." നളിനി ആപ്പീസ്സിൽ ഓരോരുത്തരുടെ സമീപത്തുംചെന്നു. യുദ്ധസംബന്ധമായി യാതൊരു സംഭാവനയും നല്കരുതെന്നു താക്കീതുണ്ടായിരുന്നതിനാൽ, ആരുമൊന്നു മുരിയാടുകപോലും ചെയ്തില്ല. ഒരു വൃദ്ധൻമാത്രം മുന്നോട്ടുവന്നു. "ഇതാ എന്റെ എളിയ സഹായം. ഭവതിക്കു സർവ്വ ആശംസകളും നേരുന്നു." എന്നു പറഞ്ഞു അഞ്ചുറുപ്പിക നല്കി. ഒരു മന്ദഹാസത്തോടുകൂടി നളിനി അതു സ്വീകരിച്ചു.

ബാബുവിന്റെ സംഭാവന, ആപ്പീസ്സിലൊരു പാട്ടായി. "മാനേജർ വിളിക്കുന്നു" എന്ന സന്ദേശം വഹിച്ചുകൊണ്ടു ഒരു ശിപായി ബാബുവിനെ അചിരേണ അറിയിച്ചു. ആ സാധുവൃദ്ധൻ മാനേജരുടെ മുന്നിൽ ചെന്നുനിന്നു. "നിങ്ങളോടു യുദ്ധാവശ്യങ്ങൾക്കു സംഭാവന ചെയ്യരുതെന്നു കല്പിച്ചിട്ടും അതു തൃണവൽഗണിച്ചു സംഭാവന ചെയ്തതിന്നു മതിയായ കാരണം കാണിക്കാഞ്ഞാൽ വേണ്ട നടപടി എടുക്കേണ്ടിവരും" ഒററശ്വാസത്തിൽ മാനേജർ അട്ടഹസിച്ചു. "ക്ഷമിക്കണം സാർ." വൃദ്ധന്റെ നയനം അശ്രുപൂർണ്ണങ്ങളായി. "എന്റെ മൂന്നു മക്കൾ പട്ടാളത്തിലാണ്. ആഫ്രിക്കൻ മരുഭൂമിയിൽ വെള്ളംകൂടി കിട്ടാതെ, വെടിയുണ്ട ഏററ് എന്റെ മൂത്തമകൻ ക്ലേശിക്കുമ്പോൾ ആരുടെ സഹായഹസ്തങ്ങളാണ് അവനെ പരിചരിച്ചതു, അവർക്കുവേണ്ടി എന്റെ ജീവനെകൂടി ത്യജിക്കുവാൻ ഞാൻ സന്നദ്ധനാണ്."

"ഇതു ആപ്പീസ്സാണെന്നു ഓർമ്മയിരിക്കട്ടേ. ഇതു തുടരുകയാണെങ്കിൽ ഇവിടെ സ്ഥാനമുണ്ടായിരിക്കയില്ല. നിങ്ങൾക്കു പത്തുറുപ്പിക പിഴ വിധിച്ചിരിക്കുന്നു.

'ബിമൽ' ഒരു 'കൺട്രാക്ട'രോടു സ്നേഹപുരസ്സരം സംഭാഷിക്കയായിരുന്നു. നളിനി യാതൊരു മുന്നറിയിപ്പും നല്കാതെ വന്നു കയറി.

"ഞാൻ" ബീമൽ ഗർജ്ജിച്ചു: "നിങ്ങളോടു പറഞ്ഞില്ലേ?"

"എന്തെങ്കിലുമൊരു ലഘു സംഭാവന" നളിനി അപേക്ഷിച്ചു.

"ഇല്ല." ആപ്പീസ്സിലെങ്ങും മാനേജരുടേ നിഷേധം മാറെറാലിക്കൊണ്ടു. "എന്നാൽ 'കൺട്രക്ട'രെങ്കിലും...." നളിനി പറഞ്ഞു തീരുന്നതിന്നുമുമ്പു തന്നെ 'കൺട്രക്ടർ' മാനേജരുടെ മുന്നിൽനിന്നു പത്തുറുപ്പിക നല്കി. നളിനി സസ്മിതം സ്വീകരിച്ചു വന്ദനം പറഞ്ഞു വിടവാങ്ങി.

മാനേജർ മദ്ധ്യാഹ്നഭക്ഷണം കഴിഞ്ഞു വിശ്രമിക്കയാണ്. നളിനി വീണ്ടും 'ക്ഷമിക്കണം' എന്ന ആ മുഖത്തോടുകൂടി മുന്നിൽ കണ്ട കസാരയിൽ ആസനസ്ഥയായി. ബിമലിന്റെ കോപം നിയന്ത്രണാതീതമായിത്തീർന്നു. "ഹേ! ശ്രീമതി, ഞാൻ പറഞ്ഞില്ലെ, നിങ്ങൾക്കായി തരുവാൻ എന്റെ വക്കലൊന്നുമില്ലെന്ന്. നിങ്ങളെന്തിന്നു എന്നെ വൃഥാ അലട്ടുന്നു?" നളിനി അവിടെ തൂക്കിയിരുന്ന പലകയെ ചൂണ്ടിക്കാട്ടി. 'പരിശ്രമം വിജയത്തിന്റെ

(ശേഷം 35-ാം പേജിൽ)

ചെറുകഥ

# ഉപദേശം ഫലിച്ചു

(കെ. എൻ.)

"ശങ്കരനെക്കൊണ്ടു് വലിയ ബുദ്ധിമുട്ടായിത്തീർന്നു. ഭാഗം കഴിഞ്ഞിട്ടുണ്ടെങ്കിലും എൻെറ അനന്തിരവനാണെന്നല്ലെ പറയുക. ഇപ്പോൾ സദ്യയെവിടെയുണ്ടോ അവിടെ ഇല വെക്കുമ്പോഴേക്കു അശതികളുടെ കൂട്ടത്തിൽ തിരക്കിനില്ക്കാൻ അവനുണ്ടു്. സ്വയം വരസ്സദ്യയായാലും ശരി, പിണ്ഡസ്സദ്യയായാലും ശരി ശങ്കരനെ കാണാം. ഇങ്ങിനെ മാനം വിററുതിന്നാൻ നടക്കണോ! എന്തെങ്കിലും പണിയെടുത്തു് പിഴക്കാൻ തടി മിടുക്കുണ്ടല്ലോ! കഷ്ടം!"

താൻ ഒരു നല്ല തറവാടിയാണെന്നു് അഭിമാനിച്ചുകൊണ്ടിരുന്ന രാമുണ്ണി മേനോൻ, ലജ്ജയോടും വ്യസനത്തോടും മാത്രമല്ല ഇങ്ങിനെ സംസാരിച്ചു തുടങ്ങിയതു്. കോപവും ആയാളുടെ മുഖത്തു സ്ഫുരിച്ചിരുന്നു. ശങ്കരൻെറ കഥ വിസ്തരിച്ചു പറഞ്ഞിട്ടായാളിങ്ങിനെ അവസാനിപ്പിച്ചു: നെല്ലിന്നും അരിക്കും മററും ഇപ്പോൾ വലിയ ക്ഷാമമുണ്ടു്, ശരിതന്നെ. പണിയെടുക്കാൻ കഴിയുന്നവൎക്കു് ഒരു കഷ്ടപ്പാടുമില്ല. എവിടെ ചെന്നാലും എന്തെങ്കിലും പണി കിട്ടും. നല്ല കൂലിയും കിട്ടും. മാസശ്ശമ്പളത്തിലുള്ള ജോലികളും സുലഭമാണു്. പട്ടാളസംബന്ധമായ ജോലികളാണെങ്കിൽ അനേകമാണു്. ഏതു തരക്കാൎക്കും ഏതു തൊഴിലുകാൎക്കും അവിടെ സ്ഥാനമുണ്ടു്. തൊഴിലൊന്നുമറിയാത്തവരാണെങ്കിൽ തങ്ങളുടെ കഴിവിന്നും വാസനക്കും അനുസരിച്ചു് എന്തെങ്കിലും തൊഴിൽ പഠിക്കാം. പഠിക്കുന്ന കാലത്തും ശമ്പളം കിട്ടും. ഭക്ഷണവും ഉടുപ്പും താമസിക്കാൻ സ്ഥലവും, സുഖമായി, ശമ്പളത്തിന്നു പുറമേയും കിട്ടും. പട്ടാളത്തിൽ ചേൎന്നാൽ എല്ലാററിലും ഉപരിയായി സ്വന്തരാജ്യത്തിൻെറ രക്ഷക്കുവേണ്ടി പ്രവൎത്തിക്കുകയാണെന്നു് അഭിമാനം കൊള്ളുകയും ചെയ്യാം. ശത്രുക്കളെ ഓടിക്കാൻ സഹായിച്ചുവെന്നു് സംതൃപ്തിയും നേടാം. ഇങ്ങിനെയെല്ലാമിരിക്കെ ഇക്കാലത്തു് ആരോഗ്യമുള്ള ഒരു ചെറുപ്പക്കാരൻ തെണ്ടിത്തിന്നു നാണംകെട്ടു ജീവിക്കണോ!"

"തലനുത്തി നടക്കാൻ പാടില്ലാതായി"—എന്നു് ഒടുവിൽ രാമുണ്ണി മേനോൻ പറഞ്ഞു.

രാമുണ്ണി മേനോൻെറ അനന്തിരവൻ ശങ്കരൻ തറവാട്ടിൽനിന്നു ഭാഗംവാങ്ങി പോയിട്ടു് കുറച്ചു കാലമായി അവനു ഭാഗത്തിൽ കിട്ടിയതും അച്ഛൻ കൊടുത്തതുംകൂടി സുഖമായി കാലക്ഷേപത്തിന്നുള്ള വകയുണ്ടായിരുന്നു. അതൊക്കെ കളഞ്ഞുകുളിച്ചിട്ടിപ്പോൾ തെണ്ടിത്തിന്നു കഴിയുകയാണു്. ചെറുപ്പത്തിൽതന്നെ നല്ലൊരു സ്വത്തിൻെറ അധിപനായപ്പോൾ എന്തിന്നും ചെന്നു ചെലവു്, ആൎക്കും ചോദിച്ചതു കൊടുക്കും, എപ്പോഴും സദ്യ, സൽക്കാരങ്ങൾ—ഇങ്ങിനെ ആയിരുന്നു. രാമുണ്ണി മേനോൻ അപ്പോഴും ഉപദേശം നൽകാതിരുന്നില്ല.

> അതിദാക്ഷിണ്യയുക്താനാം
> ശങ്കിതാനാം പദേപദേ
> പരാപവാദഭീരൂണാം
> ദൂരതോയാന്തിസമ്പദ:

എന്ന പ്രമാണത്തിൽ പറഞ്ഞിട്ടുള്ള ദോഷങ്ങൾ മൂന്നും രാമുണ്ണി മേനോൻ അനന്തിരവനിൽ തെളിഞ്ഞുകണ്ടു. പക്ഷെ അന്നു് ആയാളുടെ ഉപദേശം അംഗീകൃതമായില്ല. ഒടുവിൽ സദ്യയും സൽക്കാരങ്ങളും ഉപകാരങ്ങളുമായി സ്വത്തൊക്കെ നശിച്ചപ്പോൾ പലരോടും ശങ്കരൻ സഹായമഭ്യൎത്ഥിച്ചുനോക്കി. പലപ്പോഴും തൻെറ സൽക്കാരങ്ങളിൽ പങ്കുകൊണ്ടവരും, തൻെറ സഹായത്താൽ നല്ലനിലയിലെത്തീട്ടുള്ളവരുമായ പലരോടും അവൻ സഹായത്തിന്നപേക്ഷിച്ചു. ഷേക്സ്പിയരുടെ ടൈമൺ പ്രഭുവിനെപ്പോലെ (Timon of Athens) അപ്പോഴാണു് ശങ്കരൻ, ഈ ലോകം നന്ദികെട്ടവരുടെ ലോകമാണെന്നു് മനസ്സിലാക്കി തനിക്കു് പിണഞ്ഞ അമളിയോൎത്തു് വിഷാദിച്ചതു്. ടൈമണെപ്പോലെ രണ്ടാമതൊരു സദ്യക്കു് സ്നേഹിതന്മാരെ ക്ഷണിച്ചുവരുത്തി മുഖത്തു ചൂടുവെള്ളമൊഴിച്ചു് ആട്ടിപ്പായിക്കുവാനോ, പിന്നീടു് മനുഷ്യവൎഗ്ഗത്തെ മുഴുവൻ വെറുത്തു് കാട്ടിൽചെന്നു് ഒരു തനി മൃഗത്തെപ്പോലെ ആയുശ്ശേഷം നയിക്കുവാനൊ ശങ്കരൻ ശ്രമിച്ചില്ലെന്നേയുള്ളു.

താൻ സദ്യക്കു നടക്കുന്നതിൽ കാരണവൎക്കു് ദേഷ്യം മുഴുത്തിരിക്കുന്നുവെന്നു് ശങ്കരൻ അറിഞ്ഞു. ചങ്ങാതിമാരായിരുന്ന ചിലർ തൻെറ അധ:പതനത്തിൽ പരിഹസിക്കുന്നുണ്ടെന്നുള്ളതും അവൻ കേൾക്കാതിരുന്നില്ല.

അങ്ങിനെ ഇരിക്കുമ്പോൾ, ഒരിക്കൽ കാരണവർ രാമുണ്ണി മേനോനെ അവൻ യദൃച്ഛയായി വഴിയിൽവെച്ചു കണ്ടു അവൻെറ മലിനവേഷവും ക്ഷീണഭാവവും കണ്ടപ്പോഴേക്കു കാരണവരുടെ കണ്ണുകൾ ചുവന്നു. ഓച്ഛാനിച്ചുംകൊണ്ടു് ശങ്കരൻ പിന്നാലെ ചെല്ലുന്നതറിഞ്ഞഭാവം നടിക്കാതെ കാരണവർ ബദ്ധപ്പെട്ടു നടന്നു. ശങ്കരനും ബദ്ധപ്പെട്ടു നടന്നു.

കാരണവൎക്കു് ശുണ്ഠിമൂത്തു: "നിനക്കെന്തടാ വേണ്ടതു്? നീയ്യെന്തിനാ എൻെറ പിന്നാലെ ഓടി വരുന്നതു്?

ശങ്കരൻ: വിശക്കുന്നു, അമ്മാമേ—എനിക്കെന്തെങ്കിലും തരണം.

കാരണവർ കോപിച്ചു വിറച്ചുംകൊണ്ടു്: "ഫൂ, കഴുതേ, നിനക്കോ! തറവാട്ടിൻെറ മാനം വിററുതിന്നാൻ നടക്കുന്ന ദുഷ്ട! നിനക്കു വല്ലതും തരണോ! പോടാ എൻെറ പിന്നിൽനിന്നു്!"

ശങ്കരൻ വിട്ടില്ല. ഈ ശുണ്ഠിയുടെ അടിയിൽ സ്നേഹമുണ്ടെന്നു് അവന്നറിയാം. "എൻെറ തെറെറാക്കെ ക്ഷമിക്കണം. അറിവില്ലാതെ ഞാൻ എന്തൊക്കെയോ പ്രവൎത്തിച്ചു. ഇപ്പോൾ സ്വത്തു മുഴുവൻ പോയി. പട്ടിണി കിടന്നു കഷ്ടപ്പെടുന്നു. എന്നെ രക്ഷിക്കണം. എനിക്കാരുമില്ല സഹായിക്കാൻ. പണമില്ലാതായപ്പോൾ സ്നേഹിതന്മാരുമില്ലാതായിരിക്കുന്നു. എന്നെ രക്ഷിക്കണം. ഞാൻ അമ്മാമൻ പറഞ്ഞതുപോലെ നടന്നുകൊള്ളാം" എന്നു പറഞ്ഞു് അവൻ അമ്മാമൻെറ കാൽക്കൽ വീണു. കാലു പിടിച്ചു വിടാതെ കരഞ്ഞു.

രാമുണ്ണി മേനോൻ എന്തു ചെയ്യും! താനൊരു വലിയ തറവാട്ടുകാരനാണെന്നുള്ള അഭിമാനംപോലെ, അല്ലെങ്കിൽ അഭിമാനത്തെക്കാളുമധികം എന്നും പറയാം, ആയാൾക്കു് ദയയും സ്നേഹവുമുണ്ടായിരുന്നു. ശങ്കരൻ കാൽക്കൽ വീണു് നിലവിളിച്ചപ്പോൾ, അതിനാൽ എന്തു ചെയ്യണമെന്നറിയാതെ ആയാൾ അല്പനേരം അമ്പരന്നുംകൊണ്ടു നിന്നുപോയി. അതൊരു നിമിഷനേരമുണ്ടായില്ല. "കാലു വിടെടാ, കഴുതെ" എന്നയാൾ അട്ടഹസിച്ചു.

ശങ്കരൻ കാൽ വിട്ടെഴുന്നേററുനിന്നു. "എന്നെ സഹായി[illegible]ൻ അമ്മാമയല്ലാതെ വേറെ ആരുമില്ല. അമ്മാമ പറയുംപോലെ ഞാൻ കേൾക്കാം. എന്നെ രക്ഷിക്കണം" എന്നു് അവൻ വീണ്ടും പറഞ്ഞു.

രാമുണ്ണി മേനോൻ ചിന്താമഗ്നനായി. "പോയി ഊണു കഴിക്കു്. എന്നിട്ടു ആലോചിക്കാം വേണ്ടതൊക്കെ. വേഷം കണ്ടാൽ മതി, കഴുതേ" എന്നു പറഞ്ഞു ആയാൾ ഒരുറുപ്പികയെടുത്തു് ശങ്കരനു കൊടുത്തു. "ഉച്ചക്കുശേഷം എൻെറ ബങ്കളാവിൽ വാ. ആലോചിക്കാം ഇനി വേണ്ടതെന്താണെന്നു്" എന്നും ഒടുവിൽ പറഞ്ഞു.

## II

അന്നു് ബങ്കളാവിൽവെച്ചു് അവർ തമ്മിൽ നടന്ന സംഭാഷണത്തിൻെറ വിവരം ആരും അറിഞ്ഞില്ല. ശങ്കരൻ അവിടെ കയറിച്ചെന്നപ്പോൾ, രാമുണ്ണി മേനോൻെറ ഭൎത്തൃ മുഖം വീൎപ്പിച്ചുവെന്നും, കുട്ടികളൊക്കെ കണ്ട ഭാവം നടിക്കാതെ അകത്തേക്കോടി എന്നും, ശങ്കരൻ ഒരു ജാതിഭ്രഷ്ടനെപ്പോലെ മിററത്തു നില്ക്കേണ്ടിവന്നുവെന്നും പിന്നീടു് ജനങ്ങൾ പറഞ്ഞിരുന്നു.

അതു കഴിഞ്ഞിട്ടിപ്പോൾ ഒരു കൊല്ലമല്ല, ഒന്നരക്കൊല്ലത്തിലധികമായി. ഈയിടെ ശങ്കരൻ ബങ്കളാവിൽ ചെന്നിരുന്നു. ഇപ്പോൾ അവനെ കണ്ടാൽ മുകളിൽ പറഞ്ഞ ആ തെണ്ടിശ്ശങ്കരനാണവൻ എന്നു പറഞ്ഞറിയിക്കുക തന്നെ വേണം. അവൻെറ കാക്കി ഉടുപ്പും, ഹാററും, മീശയും, ചൂരലും, റിസ്റ്റ്‌വാച്ചും, ചുറുചുറുക്കോടുകൂടിയ നടപ്പും—ഒക്കെ കണ്ടാൽ ഏതാണീ മാന്യനായ യുവാവു് എന്നു് ആരും ചോദിച്ചുപോകും. അവനിപ്പോൾ അവൻെറ അമ്മക്കു മാസത്തിൽ 25 ക. വീതമയക്കുന്നുണ്ടു്. ഒരു അനുജനു പഠിക്കാൻ സൌജന്യമായി പുസ്തകങ്ങൾ ലഭിച്ചതിന്നു പുറമെ ഫീസ്സു് കൊടുക്കേണ്ട എന്നു നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു.

ഇതിനൊക്കെ എങ്ങിനെ സാധിച്ചു?

അവൻെറ വാക്കിൽതന്നെ എഴുതാം. അവൻ പറഞ്ഞു: അന്നു് ഉച്ചക്കു് അമ്മാമൻെറ ബങ്കളാവിൽ ചെന്നപ്പോൾ അമ്മായിക്കും മററും എന്നോടു തീരെ രസമുണ്ടായിരുന്നില്ല. അവർ മുഖം വീൎപ്പിച്ചുംകൊണ്ടു് അകത്തേക്കു ഓടി. അമ്മാമൻ സ്നേഹമൂൎത്തിയാണു്. അദ്ദേഹം എനിക്കു കുപ്പായങ്ങളും മുണ്ടും വാങ്ങാൻ പണം തന്നു. പട്ടാളത്തിൽ ചേരുന്നതു് അത്യന്തം അഭിമാനകരമാണെന്നും, ഹിന്ദുമഹാ

(ശേഷം 31-ാം പേജിന്നടിയിൽ.)

# ചൈന കീഴടങ്ങില്ല

(ശ്രീമാൻ ചേലനാട്ട് പത്മനാഭൻ, ബി.എ.)

"ചൈനയെ മുട്ടുകുത്തിച്ചു ഒരു സാമന്തരാജ്യമാക്കണം" ദിഗന്തങ്ങൾ ഞെട്ടുമാറു് ജപ്പാനീസ്സ് പ്രധാനമന്ത്രി പ്രിൻസ് കോണായി ഗർജ്ജിച്ചു. അസംസ്കൃതരും, യുദ്ധതന്ത്രത്തിൽ അശിക്ഷിതരുമെന്നു കരുതിയിരുന്ന ചൈനക്കാരെ സാമ്രാജ്യതൃഷ്ണയാൽ അടിമത്വത്തിലേക്കെത്തിക്കാൻ അരമണിക്കൂറിന്നുള്ളിൽ സാധിക്കുമെന്നു ഒരുപക്ഷെ ആ സമരതന്ത്രജ്ഞൻ കരുതിയിരിക്കണം. അടർച്ചെന്നായ്ക്കൾ, ചീനയുടെ അതൃത്തിയിൽ മാളങ്ങൾ ഉണ്ടാക്കുവാൻ തുടങ്ങി. തോക്കുകളുടെ കൂട്ടിമുട്ടൽ, പീരങ്കികളുടെ ഗർജ്ജനം, പോർവിമാനങ്ങളുടെ ഹുങ്കാരം ഇവകൊണ്ടു് ചൈനയിലെ ശാന്തസുന്ദരമായിരുന്ന അന്തരീക്ഷം ശബ്ദായമാനമായി. ഗ്രാമീണസൌകമാർഗ്ഗങ്ങളെ വന്ധ്യമാക്കിയും പട്ടണങ്ങളെയും വ്യവസായകേന്ദ്രങ്ങളെയും നശിപ്പിച്ചും, കാട്ടുവെള്ളംകണക്കെ ജപ്പാൻകാർ തള്ളിക്കയറി. കഠിനഹൃദയരായ ജാപ്പ് വൈമാനികർ അംബരവീഥിയിൽനിന്നു് 'ബോമ്പ്' വർഷിച്ചു് പൌരാണികസംസ്കാരത്തിന്റെയും, പരിഷ്കാരത്തിന്റെയും ഇരിപ്പിടമായ 'കതെ' (Cathay) നഗരങ്ങളെ നിലംപതിപ്പിച്ചു.

വിപ്ലവംകൊണ്ടും, പരിവർത്തനംകൊണ്ടും തഴമ്പുപിടിച്ച ചൈനയെ കലുക്കുവാൻ ഇവക്കൊന്നും സാദ്ധ്യമായില്ല. ആധുനികായോധനസമ്പ്രദായത്തിലെ അവൈദഗ്ദ്ധ്യമൊ, ആയുധങ്ങളുടെ അഭാവമൊ, ശത്രുക്കളുടെ മുന്നേററത്തിന്നു് വഴങ്ങിനില്ക്കുവാൻ പ്രേരകങ്ങളായില്ല. ചൈനയിലെ ഓരോ കുട്ടിക്കും അറിയാമായിരുന്നു, എങ്ങിനെയാണു് ശത്രുക്കളോട്ടു് എതിരിടേണ്ടതെന്നു്.

പുരാതന ചരിത്രത്തിലെക്കൊന്നു കണ്ണോടിച്ചാൽ അറിയാവുന്നതാണു്, ചൈനക്കു പറയത്തക്ക യുദ്ധനൈപുണി ഒന്നും ഉണ്ടായിരുന്നില്ല എന്നു്. ആപൽഘട്ടങ്ങളിൽ സംഭരിച്ച സൈന്യസന്നാഹങ്ങൾ സാമാധാനസ്ഥാപനത്തോടുകൂടി ഒഴിച്ചുവിട്ടുവന്നു. പത്തൊമ്പതാം ശതാബ്ദത്തിലെ ദുരന്തദുരിതങ്ങളുടെ രഹസ്യം സൈന്യപരിശീലനത്തിന്റെ അഭാവമാണു് സുശിക്ഷിതസൈന്യത്തിന്റെ അവശ്യാവശ്യം അറിഞ്ഞു്, 1923 ൽ ഡോക്ടർ സൂൺയാട്ട്സൺ 'വംപോവയിൽ' (Whampoa) ഒരു സൈനികപരിശീലനകേന്ദ്രം തുടങ്ങി. ആളിക്കത്തിയിരുന്ന സ്വാതന്ത്ര്യതൃഷ്ണ, വേണ്ടത്തക്ക പരിശീലനത്തോടുകൂടി ചേർന്നപ്പോൾ ചൈനപ്പടയാളിയുടെ വ്യക്തിമാഹാത്മ്യത്തിന്നു മാററുകൂടി. ഇതുവരെ അയൽവാസിയായ ശത്രുവിന്റെ മർദ്ദനങ്ങൾകൊണ്ടു് വന്നുചേർന്ന നാശനഷ്ടങ്ങൾക്കു പുറമെ, ഹൃദയത്തിലേല്പിച്ച ക്ഷതങ്ങൾകൊണ്ടു നമ്രവദനരായിരുന്ന ചീനയുവാക്കൾ ഏതു ലോകശക്തികളോടും മുന്നിട്ടുനില്ക്കത്തക്ക ഗാംഭീര്യത്തോടുകൂടി ഉന്മുഖരായിത്തീർന്നു.

"ചീന യോദ്ധാക്കൾ, ആദ്ധ്യാത്മികമായും, സാന്മാർഗ്ഗികമായും, കായികമായും ഒന്നാംകിട പോർവീരരാണു്." ജനറൽ ചിയാങ്ങ്, ചൈനയുടെ അഭിമാനപുത്രൻ പറക ഉണ്ടായി. "അവർ ധീരരും, രാജഭക്തരുമാണു്. മഹനീയാദർശത്തിന്നു മുന്നിൽ ജീവിതം സമർപ്പിക്കുവാൻ സർവ്വദാ സന്നദ്ധരാണു്. ക്വാങ്ങ്ട്ടോങ്ങ്, ഹോനാൻ, ഹൂനാൻ, ക്വാവാങ്ങ്ടൂങ്ങ്, ക്വാവാങ്ങ്സി എന്നീ പ്രദേശങ്ങളിലെ നിവാസികൾ രണധീരതയുടെ മൂർത്തിമത്ഭാവങ്ങളാണു്".

എങ്കിലും ഇന്നത്തെ ലോകശക്തികളോടു് മല്‍പിടിക്കുന്നതിന്നു ഒരു നല്ല യോദ്ധാവായിത്തീർന്നാൽമാത്രം പോരാ. കാലത്തിന്റെ പോക്കനുസരിച്ചുള്ള പരിവർത്തനത്തിന്നു പ്രതികൂലമായ പരിതസ്ഥിതികൾ വിലങ്ങടിച്ചുവെങ്കിലും 'ചൈന' അവയെ തൃണവൽഗണിച്ചു് നൂതനമാർഗ്ഗങ്ങൾ ആരായുവാൻ തുടങ്ങി. 'ഒത്തു പിടിച്ചാൽ മലയും മറിക്കാം' എന്ന പ്രാഥമിക തത്വത്തിന്റെ മാഹാത്മ്യം ഇന്നത്തെ ചൈനയിലെ യുദ്ധരീതി മനസ്സിലാക്കിയാൽ അറിയാവുന്നതാണു്. ചൈനയിൽ ഈ ഐക്യസ്ഥാപനത്തിന്നു ദീർഘകാല പരിശ്രമം വേണ്ടിവന്നിട്ടുണ്ടു്. സുസ്ഥാപിതമായ ഈ ഐക്യബോധത്തോടുകൂടി, അവരുടെ ഹൃദയത്തിൽ ജൃംഭിച്ചിരുന്ന ജപ്പാൻ ഭീതി എങ്ങോ പോയ് മറഞ്ഞു. ജപ്പാനെ—തങ്ങളുടെ പൊതുശത്രുവെ—പടക്കളത്തിൽനിന്നു് പിന്തിരിപ്പിക്കുവാൻ ഏകമാർഗ്ഗം, ഒന്നിച്ചുനിന്നുള്ള തീവ്രശ്രമംകൊണ്ടു മാത്രമെ സാധിക്കു: എന്നവർക്കു മനസ്സിലായി. ഈ വാസ്തവബോധം എന്തെല്ലാം സംഘടിതപ്രവർത്തനങ്ങൾക്കും, സൃഷ്ടിപരമായ പരിപാടികൾക്കും പ്രേരകങ്ങളായിത്തീർന്നില്ല. "ഞങ്ങളുടെ സൈന്യശക്തി ഇന്നുവരെ നിലനിന്നതുപോലെ ഭാവിയിലും നിലനില്ക്കും. ആക്രമണം നടത്തുന്ന വിദേശസൈന്യം അവരുടെ ശക്തിയേറിയ നൂതന സജ്ജീകരണംകൊണ്ടു് അല്പം ചില വിജയം നേടി എന്നു വന്നേക്കാം. പക്ഷെ ശത്രുസൈന്യങ്ങൾ മുന്നോട്ടു വരുന്നതോടുകൂടി തോക്കും വെടിയുണ്ടയും ഞങ്ങളുടെ വക്കൽ ഉള്ളിടത്തോളം കാലം, വിസ്തൃതമായ ചൈനാ രാജ്യത്തിൽ സ്വാതന്ത്ര്യത്തോടുകൂടി സഞ്ചരിക്കുവാനും, ചതുരംഗപ്പലകയിൽ അങ്ങിങ്ങായി ചതുരംഗ കരുക്കൾ മാററിനീക്കി, അവസാനത്തിൽ അടിയറവു വെപ്പിക്കുന്നപോലെ ജപ്പാനെക്കൊണ്ടു് തോൽവി സമ്മതിപ്പിക്കുവാനും ഞങ്ങൾക്കു കഴിയും" മദാം ചിയാങ്ങ്-കെ-ഷേക്ക് പ്രസ്താവിച്ചു. 'നവീകൃതമായ യാതൊരു ദേശിയ മഹത്വവും ആർജ്ജിക്കുവാനുള്ള സാഹചര്യങ്ങൾ ലഭിക്കാതെ, ജനാധിപത്യ ഗവർമ്മേണ്ടിനെക്കൂടി അംഗീകൃതരീതിയിൽ പരിഷ്കൃതമാക്കുവാൻ സന്ദർഭം കിട്ടാതെ ക്ലേശിപ്പിച്ചിരുന്ന ആ ആയോധന ജീവിതം, വെറുത്തു 'ശത്രുക്കളോട്ടു് സന്ധി അഭ്യർത്ഥിച്ചാലൊ?' എന്ന സംശയം ആ ഹൃദയങ്ങളെ സ്പർശിക്കപോലും ചെയ്തില്ല. 'സ്വന്തം സിരകളിൽ രക്തപ്രവാഹം നിലനില്ക്കുന്ന കാലത്തോളം, ഓരോ ചീനക്കാരനുമറിയാം അവന്റെ രാജ്യത്തോടുള്ള കടമയെന്തെന്നു്. ജാപ്പാന്റെ പീരങ്കി ഉണ്ടകൾക്കും, പോർവിമാനങ്ങൾക്കും ഈ ഹൃദയക്കോട്ടയെ കീഴടക്കുവാൻ ഒരു കാലത്തും സാധിക്കുന്നതല്ല.'

ചൈനക്കാർ രണത്തെ ക്ഷണിച്ചു വരുത്തുന്നവരാണെന്നു് നാം തെററിദ്ധരിക്കരുതു്. 'അവരും പ്രാചീന മഹത്വത്തിന്റെ പുളിച്ച പ്രശാന്തതയിൽ സംതൃപ്തരായിരുന്നു.' സാമ്രാജ്യതൃഷ്ണയൊ, സാമ്പത്തിക പുനരുദ്ധാരണമോ, ആയിരുന്നില്ല ചൈനയുടെ യുദ്ധസന്നദ്ധതയുടെ ഉദ്ദേശം. "ഞങ്ങളുടെ ആഗ്രഹം സമാധാനത്തിന്നാണു്. രണതൃഷ്ണ ഞങ്ങളെ ആകർഷിച്ചിട്ടില്ല. ഞങ്ങളുടെ അയൽവാസികളെ അടിച്ചമർത്തണമെന്ന ആഗ്രഹവും ഞങ്ങൾക്കില്ല. ഞങ്ങളുടെ ആഭ്യന്തര പരിപാലനത്തിന്നു് ഒരു സജ്ജീകൃതസേനയുടെ ആവശ്യംപോലുമില്ല. പക്ഷെ നീതിന്യായപരിപാലനത്തിന്നും, അതൃത്തിസംരക്ഷണത്തിന്നും മാത്രം ഞങ്ങൾ ഒരു സേനയെ നിലനിർത്തുന്നു."

ഈ മനോഭാവത്തെ ചൂഷണം ചെയ്യാനുള്ള സൌകര്യം പ്രതീക്ഷിച്ചാണു ജാപ്പാൻകാർ * "ഞങ്ങൾ ചൈനക്കാരെ ശത്രുവെന്ന നിലയിൽ വീക്ഷിക്കുന്നില്ല. അവരുടെ ഭൌതികമായും, ആദ്ധ്യാത്മികമായുമുള്ള പുരോഗമനമാണു ഞങ്ങളുടെ ആത്മാർത്ഥമായുള്ള ആഗ്രഹം" എന്നീ മധുര പദങ്ങളാൽ ചൈനക്കാരെ പ്രലോഭിപ്പിക്കുവാൻ തുനിഞ്ഞതു്. അതിന്റെ പിന്നിലെ സ്വാർത്ഥോദ്ദേശ്യം മനസ്സിലാക്കാതിരിക്കാൻ ചൈനക്കാർ അത്ര ബുദ്ധിവിഹീനരല്ല. അവർക്കറിയാം അടുത്ത നിമിഷം സമരകാഹളമായിരിക്കും അവർക്കു സ്വാഗതമരുളുക, എന്നു്.

സമരം പ്രഖ്യാപിച്ചു. ജപ്പാൻകാർ ചൈനയുടെ അതൃത്തി ലംഘിച്ചു. പൊന്തകളിൽ നിന്നും വള്ളിക്കുടിലുകളിൽനിന്നും, കിടങ്ങുകളിൽ നിന്നും ഉതിർത്തിരുന്ന ഉണ്ടകൾക്കു അവർ ആയിരക്കണക്കായിരയായി. ഈ വിധത്തിലുള്ളൊരു എതിർപ്പു് ആ യന്ത്രീകൃതസേന തീരെ പ്രതീക്ഷിച്ചിരുന്നില്ല. അവരിൽ ചിലർക്കു ജാപ്പാനിൽ മടങ്ങിയെത്താൻ ഭാഗ്യമുണ്ടായി. അവർ പരസ്പരം മന്ത്രിച്ചു "ചൈന കീഴടങ്ങുകയില്ല" എന്നു്.

(* ബ്രസ്സെൽസ് ക്ഷണനം. 1937 ഒക്ടോബർ 27-ാംനു-)

---

(30-ാം പേജിൽനിന്നു തുടർച്ച)

സഭക്കാർ നമ്മളോടെല്ലാം ഉപദേശിക്കുന്നതു് കഴിയുന്നിടത്തോളം അധികം പേർ പട്ടാളത്തിൽ ചേരണമെന്നാണെന്നും, എന്റെ ദുരവസ്ഥയിൽനിന്നുള്ള രക്ഷാമാർഗ്ഗം, പ്രത്യേകിച്ചും ഇപ്പോൾ, പട്ടാളത്തിൽ ചേരുന്നതാണെന്നും മററും അന്നു് അമ്മാമൻ ഉപദേശിച്ചു. ഞാനുടനെ കോയമ്പത്തൂർക്കു് പോയി റിക്രൂട്ടിങ്ങ് ആഫീസരെ കണ്ടു. അതു കഴിഞ്ഞിട്ടിപ്പോൾ ഇതാ ഒന്നരക്കൊല്ലത്തിലധികമായി. എനിക്കിപ്പോൾ സകല ചെലവുകളും കഴിച്ചു് അറുപത്തഞ്ചുറുപ്പിക ശമ്പളം കിട്ടുന്നുണ്ടു്. അഞ്ഞൂറുറുപ്പിക ഞാൻ ഒരു കുററിയിൽ പലിശക്കു കൊടുത്തിരിക്കുന്നു."

അല്പനേരം ആലോചിച്ചുനിന്നശേഷം, പുഞ്ചിരിയിട്ടുകൊണ്ടു് അവൻ വീണ്ടും പറഞ്ഞു: "അതല്ലല്ലോ രസം! അന്നു് മുഖം വീർപ്പിച്ച അമ്മായിഅമ്മക്കു ഇപ്പോൾ എന്നെ നിലത്തും നെറുകിലും വെച്ചുകൂടാ എന്നായിരിക്കുന്നു. ഉദ്യോഗം സ്ഥിരപ്പെട്ട ഉടനെ ഇങ്ങോട്ടു വരണമെന്നു എഴുതീട്ടാണു ഞാൻ വന്നിരിക്കുന്നതു്. ഒരു സ്വയംവരാലോചനയും ഉണ്ടു്. അമ്മായിയുടെ രണ്ടാമത്തെ മകൾ സുഭദ്രയെ നിങ്ങൾ കണ്ടിട്ടില്ലേ!"

അങ്ങിനെ അമ്മാമന്റെ ഉപദേശം ഫലിച്ചു. തെണ്ടിശ്ശങ്കരൻ ഇപ്പോൾ ശ്രീമാൻ ശങ്കരൻ നായരായിരിക്കുന്നു. ഇതാണു് മാനമായ ഒരു നല്ല ജോലിയുണ്ടായാൽ ഗുണം.

(20-ാം പേജിൽ നിന്ന് തുടൎച്ച)

തന്റെ പ്രാണപ്രേയസിയും അരാജകത്വം കൂത്താടുന്ന തന്റെ ജന്മഭൂമിയുമാണ് ആ ശൂരനെ എതിരേററത്! ഒരു രാജകാമുകന്റെ അവിവേകത്തെ ശിക്ഷിക്കാൻ പോയ പോരാളിക്ക് കിട്ടിയ പ്രതിഫലം എത്ര ഭംഗിയായി. "പട മട്ടത്ത് പനങ്ങാട്ട ചെന്നപ്പോൾ അവിടെ പന്തം കൊളുത്തി പട."

മഹാഭാരതയുദ്ധം കഴിഞ്ഞപ്പോൾ യുധിഷ്ഠിരന്റെ സ്ഥിതിയെന്തായിരുന്നു! രാജസൂയംകൊണ്ടുണ്ടായ പുണ്യവും കുരുവംശം മുടിച്ച് നേടിയ പുരുഷാൎത്ഥവും. 'ശൂന്യത' യെ ഭരിക്കാനുള്ള അവകാശമാണ് ആ ധൎമ്മപുത്രന്ന് ദാനം ചെയ്തത്. 'നിരായുധ സത്യം' കൊണ്ട് തന്നെ സഹായിച്ച മഹാതേജസ്വി, നിഷ്കാമകൎമ്മത്തിന്റെ പാവനത്വം പ്രഖ്യാപനംചെയ്ത മഹാത്യാഗി, അവതാരകാൎയ്യം അവസാനിപ്പിച്ചു. പാണ്ഡവജ്യേഷ്ഠൻ മഹാ പ്രസ്ഥാനത്തിന്നും ഒരുങ്ങി. ആയുധവും ആദൎശവും തമ്മിലുണ്ടായ പോരാട്ടങ്ങളിലൊന്നും ആയുധത്തിന്ന പൂൎണ്ണവിജയം ലഭിച്ചിട്ടില്ല.

ആയുധക്കളികൊണ്ട ലോകം അലങ്കോലപ്പെട്ടതായി കണ്ടപ്പോൾ ഗൌതമരാജകുമാരൻ 'ബുദ്ധദേവ'നായി' രൂപം മാറി. ഭാരതം മുഴുവനും തന്റെ ഒരു വെൺകൊററക്കുടക്കുള്ളിലാക്കാൻ അനവധി സമരം ചെയ്ത അശോക ചക്രവൎത്തി ബുദ്ധമതപ്രചാരകനായി ജീവിതശേഷം നയിച്ചു. വിശ്വവിജയിയെന്ന് പേരെടുക്കാൻ തന്റെ പെരുംകടലുപോലെയുള്ള സേനയെ സിന്ധുനദി കടത്തിയപ്പോൾ മഹാനായ അലക്സാണ്ടർ തന്റെ മഹാ പരാക്രമങ്ങൾക്ക പൂൎണ്ണവിരാമമിടേണ്ടതായി വന്നു—ദിഗ്വിജയഘോഷം ഒരു തലമുറയ്ക്കുള്ളിൽ തന്നെ കഥയായിക്കഴിഞ്ഞു. സംസ്കാരങ്ങളുടെ സംഘട്ടനംകൊണ്ട് ആദൎശങ്ങൾ കൂട്ടിയിണക്കാനുള്ള സൌകൎയ്യം മാത്രമുണ്ടായി. അതിന്റെ ഫലം ലോകത്തിന്റെ അനശ്വരസമ്പത്തുമായി—സമരചാതുൎയ്യംകൊണ്ടും സൎവ്വാധിപത്യതൃഷ്ണകൊണ്ടും സ്വായത്തമാക്കിയ സാമ്രാജ്യം കണ്ടുരസിക്കുവാനൊ, പരാക്രമങ്ങളുടെ ഫലമറിവാനൊ, മനുഷ്യായുസ്സിൽ മൂന്നിലൊരംശമെങ്കിലും ജഗന്നിയന്താവ് ആ 'മഹാന്' അനുവദിച്ചുകൊടുത്തില്ല.

ലോകചരിത്രത്തിലെ മറെറാരു ജ്യോതിസ്സ് 'ഹാനിബാ'ളാണ്. കാർത്തേജ് എന്ന മഹാനഗരി റോമൻകാർ നശിപ്പിച്ചതിന്ന് അവരോട് ശേഷം ചോദിക്കുവാനാണ് ഈ വീരൻ തന്റെ ആക്രമണം നടത്തിയത്. അതു ഒരു പഴയ സംസ്കാരത്തിന്റെ ആളിക്കത്തലായി അവസാനിച്ചു.

റോം വീണ്ടും തലയെടുത്തുപിടിച്ചു. റോമസാമ്രാജ്യം മൂൎദ്ധന്യദശയിലെത്തിയപ്പോൾ മഹാനായ സീസർ പരാക്രമ കാഹളം വീണ്ടും വിളിച്ചു. ആയുധത്തിന്റെ നശീകരണശക്തിയും അതോടുകൂടി പരമകാഷ്ഠയിലെത്തി. ലോകസങ്കടം പുകഞ്ഞ് എരിപൊരികൊള്ളാൻ തുടങ്ങി. "നിരായുധ സന്ദേശം" വഹിച്ച് യേശുഭഗവാനും രംഗപ്രവേശം ചെയ്തു. അതിലടങ്ങിയ ആദൎശസൌഭാഗ്യം പാശ്ചാത്യ വൻകരയിൽ കുറേക്കാലം മേല്ക്കോയ്മ നടത്തി. കലഹരാക്ഷസൻ വീണ്ടും രേപാക്ക് വിളിച്ച്, ആ വങ്കരയുടെ കോണിൽ കലാപങ്ങളുണ്ടാക്കി. ആ ഘട്ടത്തിൽ മുഹമ്മദ് നിബി അവതരിച്ച് 'സാഹോദൎയ്യം' വീണ്ടും പ്രഖ്യാപനംചെയ്ത് സമാധാനമുണ്ടാക്കി.

ഇക്കാലങ്ങളിലെല്ലാം പൌരസ്ത്യർ തങ്ങളുടെ അവതാര പുരുഷന്മാർ സമ്മാനിച്ച ആദൎശങ്ങളെ മാററുരച്ചു നോക്കുകയായിരുന്നു. പാശ്ചാത്യ സാമ്രാജ്യങ്ങളിൽ നടന്നിരുന്ന 'വെടിക്കെട്ട'കളിലൊന്നും അവരുടെ ശ്രദ്ധ പതിഞ്ഞിരുന്നില്ല. ഇടക്ക് ഒരു 'വാണം' തെററിത്തെറിച്ച് തങ്ങളുടെ നടുക്ക് വന്നുവീണാൽ മേല്പോട്ടൊന്നു നോക്കും. ഉടനെത്തന്നെ ദൃഷ്ടി പിൻവലിച്ച് തങ്ങളുടെ മനോവ്യാപാരത്തിൽ ലയിക്കുകയും ചെയ്യും.

ആണ്ടുകളല്ല നൂററാണ്ടുകൾ തന്നെ കുറേ കഴിഞ്ഞു. പാശ്ചാത്യവങ്കരയിൽ വീണ്ടും അസ്വാസ്ഥ്യമുണ്ടായി. അടങ്ങിനിന്നിരുന്ന ആയുധവും നിവർന്നുനിന്നു ആദൎശത്തിനെ വെല്ലുവിളിച്ചു. "നപ്പോളി"യനെന്ന ദീപത്തിന്റെ പ്രകാശം കണ്ടു എല്ലാവരുടെയും കണ്ണു മഞ്ഞളിച്ചു. ആ നായകന്റെ "ചൊല്ലിയാട്ടം" അധികം നിന്നില്ല. അതിന്റെ അന്തസ്സാരം ഇപ്പോഴും അജ്ഞാതമായിട്ടാണിരിക്കുന്നത്. ഇപ്പോഴേക്ക് സാമ്രാജ്യദാഹം പല രാജ്യക്കാൎക്കും തുടങ്ങി. ശാന്തമായ പൌരസ്ത്യ രാജ്യങ്ങളിലാണ് ഇതിന്റെ മാറെറാലി അധികം കേട്ടതു. അവിടുത്തെ ശാന്തമായ അന്തരീക്ഷത്തിൽ നോക്കാനാളില്ലാതെ കിടന്നിരുന്ന സമ്പത്തിന്ന് കയ്യുംകണക്കുമുണ്ടായിരുന്നതുമില്ല. ആയുധമെടുത്ത് എല്ലാവരും ഇങ്ങോട്ടു ചാടി. ഭാരതം യുദ്ധരംഗവുമായി. ഇവിടെ പല 'അങ്ക'ങ്ങളും അഭിനയിച്ചു. ഭൌതിക ശാസ്ത്രത്തിന്റെ സഹായംകൊണ്ട് രംഗവിധാനവും നടന രീതിയും പല തരത്തിലായി. നടന്മാർ രംഗങ്ങളുണ്ടാക്കാനും തങ്ങളുടെ ചാതുൎയ്യം കാണിക്കാനും മത്സരിച്ചു തുടങ്ങി. രംഗവിസ്താരം പോരെന്ന ബോധത്താൽ അതിനെ വിപുലമാക്കാനുള്ള സാഹസങ്ങളാരംഭിച്ചു. രംഗഭിത്തികൾ തകൎത്തുകൊണ്ട് ഏകരംഗം സ്ഥാപിക്കുവാൻ കൈസർ ആദ്യവസാനവേഷം കൈക്കൊണ്ടു. ആയുധത്തിന്റെ ഈ തള്ളിക്കയററം മററു രംഗങ്ങളിൽ എതിരഭിപ്രായവും വൈരവും ജനിപ്പിച്ചു. അവരുടെ ശക്തി ഏകോപിച്ചു പ്രയോഗിച്ചപ്പോൾ 'ഭരതവാക്യം' ചൊല്ലി. കൈസർ തിരശ്ശീലക്കുള്ളിൽ മറഞ്ഞു. പക്ഷെ നാടകം അവസാനിച്ചില്ല. നാടകസംഘവു നിലനിന്നു. ഹിററ്ലരുടെ നേതൃത്വത്തിൽ മറെറാരു മഹാനാടകവും ഇതാ തുടങ്ങിയിരിക്കുന്നു. ഇതോടുകൂടി പൌരസ്ത്യ രാജ്യങ്ങളിലെ ശാന്തത അസ്തമിച്ചു. ജാപ്പാനും ഒരു രംഗം സൃഷ്ടിച്ച് കളി തുടങ്ങിയിരിക്കുന്നു.

ആയുധവും ആദൎശവും തമ്മിലുള്ള ഒരു വലിയ പോരാട്ടമാണ് ഇപ്പോൾ നടക്കുന്നതു്. കഴിഞ്ഞ ചരിത്രം നമ്മെ വല്ല പാഠവും പഠിപ്പിക്കുന്നുണ്ടെങ്കിൽ അതു് ആയുധത്തിനേക്കാൾ വിശ്വസിക്കാവുന്നതു് ആദൎശത്തിനെയാണെന്നുള്ള തത്വമാണ്. ക്ഷമയോടെ ഈ ബലാബല പരീക്ഷ സൂക്ഷിച്ചുനോക്കി ആദൎശവിജയത്തിന്നായി പ്രൎത്ഥിക്കുകയും പ്രവൎത്തിക്കുകയുമാണ് നാം ചെയ്യേണ്ടതു്.

(19-ാം പേജിൽനിന്നു തുടൎച്ച)

പ്പോൾ നല്കുന്നതിന്നു പുറമെ ഗവൎമ്മേണ്ടാവശ്യങ്ങളെ നാട്ടുകാരെ ധരിപ്പിക്കുവാനും നാട്ടുകാരുടെ ആവശ്യങ്ങളും അഭിപ്രായങ്ങളും ഗവൎമ്മേണ്ടു ദൃഷ്ടിയിൽ പെടുത്തുവാനും സമരമുന്നണി പ്രയോജകീഭവിക്കുന്നു. ഈ സ്ഥിതിക്ക പ്രസ്ഥാനത്തിന്റെ അംഗങ്ങളായി തീരുന്നതു നാട്ടുകാരുടെ ഗുണത്തിന്നു ഒഴിച്ചുകൂടാത്തതാകുന്നു.

### ബുദ്ധിമുട്ടുകൾക്കു പരിഹാരം

യുദ്ധം മുറുകിവരുന്തോറും പൊതുജനങ്ങളുടെ കഷ്ടപ്പാടുകളും അവരുടെ ആവശ്യങ്ങളും വൎദ്ധിച്ചുകൊണ്ടേയിരിക്കും. ഈ വക ബുദ്ധിമുട്ടുകളെ പരിഹരിക്കുന്നതിന്നു ദേശീയ സമരനിര കഴിയുന്ന എല്ലാ ശ്രമങ്ങളും ഇതുവരെ ചെയ്തിട്ടുണ്ട്. അരി, പഞ്ചസാര, മണ്ണെണ്ണ തുടങ്ങി നിത്യജീവിതത്തിന്നാവശ്യമായ സാധനങ്ങൾ ജനങ്ങൾക്കു മുടക്കം കൂടാതെ ലഭിക്കത്തക്കവണ്ണം സമരനിര പ്രസ്ഥാനം ഫലപ്രദമായി പരിശ്രമിക്കുന്നുണ്ട്. കള്ളക്കച്ചവടക്കാരെയും കരിഞ്ചന്തക്കാരെയും കണ്ടുപിടിച്ചു അവരുടെ ചൂഷണത്തിൽനിന്നു പാവപ്പെട്ടവരെ രക്ഷപ്പെടുത്തി നിലവിലുള്ള സാധനങ്ങൾ വിഹിതപ്രകാരം സാമാന്യ ജനങ്ങൾക്കെത്തിക്കുവാനും പ്രസ്ഥാനം സഹായിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ഗവൎമ്മേണ്ടിന്നും നാട്ടുകാൎക്കും മദ്ധ്യേ വൎത്തിക്കുന്ന ഒരൊന്നാന്തരം അനൌദ്യോഗിക സ്ഥാപനമാണ് സമരനിരയെന്നു പറയാം.

സമരനിര പ്രസ്ഥാനത്തിന്നു വിദ്യാഭ്യാസപരമായ ഒരു വശവും കൂടിയുണ്ട്. നാടൊട്ടുക്കു അവർ വായനശാലകൾ സ്ഥാപിക്കുകയും, ചിത്രങ്ങളും, ലഘുലേഖകളും വിതരണം ചെയ്യുകയും, പ്രസംഗ പരമ്പരകൾ ഏൎപ്പെടുത്തുകയും ചെയ്യുന്നതിനാൽ രാഷ്ട്രീയ സ്ഥിതിയേയും, യുദ്ധഗതിയേയും കുറിച്ചു അറിവു സമ്പാദിക്കുന്നതു കൂടാതെ ഭൂമിശാസ്ത്രപരമായും മററും സാമാന്യജ്ഞാനം സമ്പാദിക്കുവാനും സഹായമായിതീരുന്നു. വയോജന വിദ്യാഭ്യാസത്തിന്ന് അത്യന്തം ഉപയുക്തമായ ഈ പ്രസ്ഥാനത്തിൽ ചേൎന്നു ഇതിനെ പോഷിപ്പിക്കേണ്ടതും, തങ്ങളുടെ അറിവിനെ വൎദ്ധിപ്പിക്കേണ്ടതും എല്ലാവരുടെയും ഒഴിച്ചുകൂടാത്ത കടമയാകുന്നു.

ഇന്ത്യയിലെ നിവാസികൾ മുക്കാലേഅരക്കാലും ഗ്രാമീണരും കൃഷിക്കാരുമാകുന്നു. അങ്ങിനെയുള്ള ജനങ്ങൾക്കു പാഴ്നിലങ്ങളെ കൃഷി ചെയ്തു വിളവു വൎദ്ധിപ്പിക്കുവാനും സ്വന്തം സാമ്പത്തിക സ്ഥിതി ഉയൎത്തുവാനും, സമരനിര പ്രസ്ഥാനം ജനങ്ങളെ എപ്പോഴും സഹായിക്കുന്നു. ഗവൎമ്മേണ്ടിന്റെ അനുഭാവപൂൎണ്ണമായ സഹായങ്ങൾ സമ്പാദിക്കുവാൻ സമരനിരയിൽ ചേൎന്നു നില്ക്കുന്നതു ഏററവും ഗുണപ്രദമാണ്.

### പോരിൽ പിൻതുണ

പാവപ്പെട്ടവരുടെ സമുദ്ധാരണത്തിന്നും, ജനകീയ ഭരണത്തിന്റെ നിലനില്പിന്നും വേണ്ടിയാണ് സഖ്യശക്തികൾ യുദ്ധം ചെയ്യുന്നതും നമ്മുടെ നാട്ടിലെ ലക്ഷക്കണക്കായ യുവതീയുവാക്കന്മാർ വിവിധങ്ങളായ സൈന്യശാഖകളിൽ ചേൎന്നു വിദൂരസ്ഥലങ്ങളിൽ പോയി പോരാടുന്നതും, ആത്മത്യാഗം ചെയ്യുന്നതും പൊതുജനങ്ങളുടെ പിൻതുണയും, ധീരതയും അവൎക്കു ധൈൎയ്യവും ആശ്വാസവും നല്കും. പിന്നിൽനിന്നു അവരെ സഹായിപ്പാനും, ധൈൎയ്യപ്പെടുത്തുവാനും നാം ഇവിടെ ഒരു ഐക്യ അണി സ്ഥാപിച്ചിട്ടുണ്ടെന്നും നാം എല്ലാവരും അതിലെ അംഗങ്ങളാണെന്നും, അറിയുന്നതു നമ്മുടെ മാനത്തെയും ഭവനങ്ങളെയും വസ്തു വകകളെയും രക്ഷിക്കുവാൻ വേണ്ടി വാളെടുത്തു യുദ്ധം നടത്തുന്ന അവൎക്കു സന്തോഷപ്രദമാകയാൽ സമര മുന്നണിയിൽ എല്ലാവരും ചേരേണ്ടതാകുന്നു.

സൎവ്വോപരി, മൃഗീയമായ മൎദ്ദനത്തിന്നടിപ്പെട്ടു കുഴങ്ങുന്ന മൎദ്ദിത രാജ്യങ്ങളെ ഉദ്ധരിക്കുവാൻ ലോകത്തിലെ മററു പുരോഗമനശക്തികളോടൊപ്പം പ്രയത്നിക്കുകയും യുദ്ധാനന്തരം പ്രസിഡാണ്ട് റൂസ്വൽട്ട് പ്രഖ്യാപിച്ച സ്വാതന്ത്ര്യ ചതുഷ്ടയങ്ങൾ ഓരോ വ്യക്തിക്കും അനുഭവിക്കാവുന്ന സുവൎണ്ണയുഗം സ്ഥാപിതമാകുവാനുള്ള ആ പ്രയത്നം ഫലപ്പെട്ടിട്ടുണ്ടെന്നു അറികയും ചെയ്യുന്നതു് നമുക്കു അഭിമാനകരമാണ്. സമരനിര പ്രസ്ഥാനത്തിൽ ചേൎന്നാൽ ഈ അവകാശം സിദ്ധിക്കും.

# യുദ്ധവും നമ്മുടെ കർത്തവ്യവും

## തീയ്യർ പടയാളികളാണു്

(റാവു സാഹിബ് ഒ. ശങ്കരൻ, ബി.എ., ബി.എൽ.)

ഇപ്പോഴത്തെ യുദ്ധം നിമിത്തം, ചരിത്രം കണ്ടിട്ടില്ലാത്ത അതിദാരുണമായ സംഭവതരംഗപരമ്പരകളിൽ ആമഗ്നമായി ലോകം നീന്തിക്കുഴഞ്ഞു വശംകെട്ടുഴലുകയാണല്ലൊ. സമാധാനസന്ദായകമായ കര നികടമോ വിദൂരമോ എന്നു ആർക്കും നിർണ്ണയിച്ചുപറവാൻ നിർവ്വാഹമില്ല. ദിവസം കഴിയുന്തോറും യുദ്ധം ഭയാനകമായിക്കൊണ്ടു വരുന്നു. അതിന്റെ സഹജാതരായ ദാരിദ്ര്യവും മഹാവ്യാധിയും ലോകത്തെ ആകമാനം വിഴുങ്ങുവാൻ വായും പിളർന്നു നില്ക്കുന്നു. ഇതിൽനിന്നു രക്ഷപ്പെടാനുള്ള മാർഗ്ഗമെന്തെന്നു ഓരോരുത്തരും ചിന്തിക്കുന്നില്ലെങ്കിൽ അതിൽപ്പരമായ ബുദ്ധിശൂന്യത മറ്റൊന്നില്ല. ലോകത്തിൽ ശാശ്വതമായ സമാധാനം ഉണ്ടാക്കാനുള്ള മാർഗ്ഗങ്ങളാണു് നാം ആരായേണ്ടതു്. അതിന്നു ആദ്യമായി ചെയ്യേണ്ടതു് രാജ്യലോഭികളായി യുദ്ധത്തിന്നിറങ്ങിയവരെ യുദ്ധത്തിൽ പരാജയപ്പെടുത്തി കീഴടക്കുകയാണു്. ആരാണു് രാജ്യദുർമ്മോഹികൾ എന്നു് വിശേഷിച്ചു് പറയേണ്ടതില്ല. ലോകത്തിൽ സമാധാനം നിലനിർത്താൻ പല രാജ്യങ്ങളും ഒത്തുചേർന്നു് പരിശ്രമിച്ചുകൊണ്ടിരിക്കെ അതിൽനിന്നു് വിട്ടൊഴിഞ്ഞുനിന്നു് ആയുധനിർമ്മാണം തങ്ങളുടെ ധർമ്മമെന്നുറച്ചു് പ്രവർത്തിച്ച ത്രിമൂർത്തികൾ—അതെ ലോകത്തിന്റെ ധൂമകേതുക്കൾ—ജർമ്മനി, ഇററലി, ജാപ്പാൻ എന്നീ ത്രിശക്തികൾ കൊളുത്തിയ ബാഡവാഗ്നിയാണു് ആളിക്കത്തി ഭൂഗോളം മുഴുവൻ തപിപ്പിക്കുന്നതു്. ആ അഗ്നിയെ തച്ചുകെടുത്തു താപം ശമിപ്പിക്കുകയാണു് വിവേകിയായ ഏതു മനുഷ്യന്റെയും ഇന്നത്തെ കർത്തവ്യം.

### വിജയത്തിന്റെ നാന്ദി

ജർമ്മനിയേയും ജാപ്പാനേയും തോല്പിക്കുക സാദ്ധ്യമാണൊ ? തീർച്ചയായും സാധിക്കുമെന്നുതന്നെ നമുക്കു വിശ്വസിക്കാം. എന്തുകൊണ്ടെന്നാൽ ഭാഗ്യം നമ്മെ തീരെ കൈവിട്ടിട്ടില്ല. ആയുധങ്ങൾ അനവധി സംഭരിച്ചുകൊണ്ടു സംഹാരരുദ്രനെപ്പോലെ ചാടി പുറപ്പെട്ടു ചുററുപാടുമുള്ള രാജ്യങ്ങളെയെല്ലാം ഞൊടിയിടയിൽ വിഴുങ്ങി ഫ്രാൻസിനെക്കൊണ്ടായുധം വെപ്പിച്ച ജർമ്മനി റഷ്യയുടെ നേരെ തിരിയാൻ ഇടവന്നതും അമേരിക്കയുടെ സഖ്യം ബ്രിട്ടന്നു ലഭിച്ചതും ജാപ്പാൻ അമേരിക്കയെ ആക്രമിച്ചതും എല്ലാം നമ്മുടെ വിജയത്തിന്റെ സൂചനയായിട്ടാണു് കരുതേണ്ടതു്. ബ്രിട്ടന്നു വേണ്ടുവോളം ആയുധങ്ങൾ ഒരുക്കുവാൻ സമയം ലഭിച്ചതും അമേരിക്കയുടെ പരിപൂർണ്ണസഹായം ബ്രിട്ടന്നു കിട്ടിയതും എത്ര വലിയൊരു ദൈവാനുകൂല്യമാണു് ! ഇപ്പോൾ സഖ്യകക്ഷികളുടെ ശക്തി വർദ്ധിച്ചുകൊണ്ടുവരികയും അച്ചുതണ്ടുശക്തിക്കിടിവുവന്നുകൊണ്ടിരിക്കയുമാണെന്നതിന്നു പ്രത്യക്ഷോദാഹരണമാണു് ഇററലിയുടെ പരാജയം. ജർമ്മനിയുടെ ചാടിക്കയററം നിലച്ചിരിക്കുന്നുവെന്നുമാത്രമല്ല പിന്തിരിഞ്ഞു പോകുകയും ചെയ്യുന്നു. ജർമ്മനിക്കു രണ്ടു ഭാഗത്തെ താങ്ങായിരുന്നു ഇററലിയും ജാപ്പാനും. അതിൽ ഒരു താങ്ങാണു് വീണുപോയതു്. നമ്മുടെ വിജയത്തിന്റെ നാന്ദിയായി നമുക്കതിനെ പരിഗണിക്കാവുന്നതാണു്.

നാന്ദികൊണ്ടു് നാടകം അവസാനിക്കയില്ലല്ലൊ. സഖ്യകക്ഷികളുടെ ശരിയായ രംഗപ്രവേശം അടുത്തുണ്ടാകും. യുദ്ധത്തിന്റെ മൂർദ്ധന്യം അപ്പോഴായിരിക്കും. ഇന്ത്യയിലും ഗൌരവതരങ്ങളായ പലതും സംഭവിച്ചേക്കും. അതുകൊണ്ടു് നമ്മൾ എത്രയും ജാഗരൂകരായിരിക്കേണ്ടുന്ന ഒരു കാലഘട്ടമാണിതു്. ആറായിരം നാഴിക അകലത്തായിരുന്ന യുദ്ധം നമ്മുടെ പടിക്കൽ വന്നു കാൽ അകത്തും പുറത്തും വെച്ചു് കളിക്കുന്ന അവസരത്തിൽ നാം അന്യോന്യം ആക്ഷേപം പറഞ്ഞു് അലസന്മാരായിരുന്നാൽ വരാൻപോകുന്ന ആപത്തു് എത്ര ഭയാനകമായിരിക്കുമെന്നു് എല്ലാവരും ഓർക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഭാരതഭൂമിക്കു തന്നെ അതു് അപമാനമായിരിക്കും. അതുകൊണ്ടു് സകല കക്ഷിവഴക്കുകളും തല്ക്കാലം നിർത്തിവെച്ചു് ശത്രുവിനെ നമ്മുടെ ജന്മഭൂമിയിൽ കടത്താതെ ഓടിക്കാനും വിജയം കരഗതമാക്കാനും ഓരോ ഭാരതീയനും ത്രിവിധകരണങ്ങളാലും പരിശ്രമിക്കേണ്ടതത്യാവശ്യം.

### അഞ്ചാംപത്തിക്കാരെ സൂക്ഷിക്കണെ

ഇനി ഞാനെന്റെ തീയ്യസമുദായത്തോടും മററു അവശസമുദായങ്ങളോടും പ്രത്യേകമായി രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. സഹോദരരെ, അഞ്ചാംപത്തിക്കാരായ—ശത്രുപക്ഷക്കാരായ—ചിലർ നമ്മുടെ നാട്ടിലുണ്ടെന്നു് പല കാരണങ്ങളാലും വ്യക്തമാകുന്നുണ്ടു്. ഈ യുദ്ധത്തിൽ നമുക്കു യാതൊരു ബാദ്ധ്യതയുമില്ലെന്നും ബ്രിട്ടീഷുകാരുടെ ഗുണത്തിന്നാണു് ഈ യുദ്ധമെന്നും ജാപ്പാൻ വരുന്നതാണു് ഗുണമെന്നും മററും പറഞ്ഞു് പരാജയമനോഭാവം ജനങ്ങളിൽ ഉണ്ടാക്കുവാൻ അവർ ശ്രമിക്കും. നിങ്ങളാരും അതു് ശ്രദ്ധിക്കരുതു്. നമ്മെ എത്രയോ ശതാബ്ദം അടിമകളാക്കാനുള്ള ശ്രമമാണതു്. എത്രയോ പണിപ്പെട്ടു പണിതുകൊണ്ടുവരുന്ന നമ്മുടെ സ്വാതന്ത്ര്യസൌധം അതു പാടെ നശിപ്പിച്ചുകളയും. നമ്മുടെ ചുമതല ഈ യുദ്ധത്തിന്റെ വിജയത്തിന്നായി നമ്മാൽ സാദ്ധ്യമായ സകലവിധ സഹായങ്ങളും ബ്രിട്ടീഷ് ഗവർമ്മെണ്ടിന്നു നൽകുകയാകുന്നു. ബ്രിട്ടീഷുഭരണംകൊണ്ടു് അവശസമുദായങ്ങൾക്കുണ്ടായിട്ടുള്ള പലവിധം ഗുണങ്ങൾക്കായി നന്ദി പ്രദർശിപ്പിക്കുവാൻ മാത്രമല്ല നമ്മുടെ നാട്ടിന്റെ മാനത്തേയും പാരമ്പര്യപൌരുഷത്തെയും പടയാളിവർഗ്ഗമെന്ന അഭിധാനത്തെയും നിലനിർത്താനും നാം ഈ യുദ്ധത്തിൽ വേണ്ടുന്ന പങ്കു് വഹിക്കേണ്ടതാണു്.

### ചേകോൻ : പടയാളി

ഈ സന്ദർഭത്തിൽ തീയ്യസഹോദരന്മാരെ ഒരു സംഗതികൂടെ ഓർമ്മപ്പെടുത്തേണ്ടതുണ്ടു്. തീയ്യർ പടയാളിവർഗ്ഗമല്ലെന്നും സിലോണിൽനിന്നു വന്നവരാണെന്നും മററും ചില സ്വാർത്ഥികളായ ചരിത്രകാരന്മാരും അവരുടെ വാക്കു വിശ്വസിച്ചു മററു ചിലരും എഴുതിവിട്ടിട്ടുണ്ടു്. അതു തീരെ തെററാണെന്നതിന്നു അനേകം തെളിവുകളുണ്ടു്. കേരളത്തിൽ പടയാളി എന്നർത്ഥമായ "ചേകോൻ" സംജ്ഞ തീയ്യർക്കു പ്രത്യേകമായിട്ടുള്ളതാണു്. എത്രയോ പുരാതനകാലം മുതല്ക്കേ—തച്ചോളി ഒതേനനും മററും ജനിക്കുന്നതിന്നും എത്രയോ ശതാബ്ദങ്ങൾക്കു മുമ്പെ—തീയ്യർ പടയാളികളാണു്. "അങ്കം പൊരുതാലെ ചേകോനാവൂ" എന്ന പഴഞ്ചൊല്ലു് ഇതിന്നു് സാക്ഷ്യം വഹിക്കുന്നു. ആരോമൽച്ചേകോർ, മന്ദപ്പൻ മുതലായ പോർവീരന്മാരുടെ കഥ പ്രസിദ്ധമാണല്ലൊ. സ്ത്രീകൾപോലും അന്നു് പോർക്കളത്തിലിറങ്ങി പടവെട്ടിയിരുന്നു. മററവശസമുദായങ്ങളിലും അനേകം പടവീരന്മാരുണ്ടായിരുന്നു. മതിലൂർ ഗുരുക്കളുടെയും മററും കഥ വായിക്കുമ്പോൾ ആർക്കാണു് രോമാഞ്ചമുണ്ടാകാത്തതു് ? അങ്ങിനെയുള്ള വീരയോദ്ധാക്കളുടെ അനന്തരഗാമികളായ നമ്മൾ നമ്മളുടെ ധർമ്മം വെടിഞ്ഞു് ഭീരുക്കളായിരിക്കയോ ! തീയ്യരിൽ അനേകം പേർ പട്ടാളത്തിൽ ചേർന്നിട്ടുണ്ടു്. കേരളത്തിൽനിന്നു് പട്ടാളത്തിൽ ചേർന്നവരുടെ എണ്ണം എടുത്തുനോക്കിയാൽ അധികം തീയ്യരാണെന്നും കാണാം. പോരാ, തീയ്യരുടെ ജനസംഖ്യയുമായി നോക്കിയാൽ അതു വളരെ ചെറുതായിരിക്കും. അതുകൊണ്ടു് സമുദായത്തിന്റെയും നാട്ടിന്റെയും അഭിമാനത്തെ തീയ്യയുവാക്കന്മാർ രക്ഷിക്കാൻ ബദ്ധകങ്കണരായി ഇറങ്ങേണ്ടതത്യാവശ്യം. ദേഹംകൊണ്ടും ധനംകൊണ്ടും വാക്കുകൊണ്ടും സഖ്യകക്ഷികളെ സഹായിക്കുന്നതിൽ അവശസമുദായങ്ങൾക്കു് പ്രത്യേകമായ ഗുണങ്ങൾ കൂടിയുണ്ടു്. ദാരിദ്ര്യത്തിൽനിന്നു് കുടുംബങ്ങളെ രക്ഷിക്കാം. സന്താനങ്ങളെയും സഹോദരസഹോദരിമാരെയും പ്രയാസംകൂടാതെ വിദ്യാഭ്യാസം ചെയ്യിപ്പിക്കാം. യുദ്ധാനന്തരമുണ്ടാകുന്ന എല്ലാ നന്മകൾക്കും ഭാഗഭാക്കുകളാകാം. രാജ്യത്തെ രക്ഷിച്ചുവെന്ന കൃതാർത്ഥതയും സമ്പാദിക്കാം. ഈ മഹത്തായ അവസരം ഫലപ്രദമാക്കിത്തീർക്കേണമെന്നു എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

# കയിറോവിലെ രണ്ടു സ്ഥാപനങ്ങൾ

(മേജർ കെ. എം. പണിക്കർ)

**ഈ**യിടെ ഞാൻ അമേരിക്കയിൽനിന്നു മടങ്ങിവരുംവഴി ഒരാഴ്ചയോളം കയിറോവിൽ താമസിക്കുന്നതിന്നു സൌകര്യം കിട്ടി. മദ്ധ്യപ്രദേശങ്ങളിലെ യുദ്ധപ്രവർത്തനത്തിൻെറ കേന്ദ്രസ്ഥാനമായ ആ നഗരം ഇന്ത്യയെ സംബന്ധിച്ചേടത്തോളം ഏററവും പ്രധാനമായ ഒന്നാണെന്നു പറയേണ്ടതില്ലല്ലോ. ഞാൻ അവിടെ എത്തിയ സമയം ടൂന്നീസിയായിൽ യുദ്ധം നടക്കുന്നുണ്ടായിരുന്നു. അതിൽ പങ്കെടുക്കുന്ന ഇന്ത്യൻ പട്ടാളക്കാരുടെ അടിസ്ഥാനതാവളം കയിറോ ആണ്. യുദ്ധക്കളത്തിൽനിന്നു മുറിവേററു വരുന്നവരെ ചികിത്സിക്കാനുള്ള ആസ്പത്രികൾ, അവധി എടുക്കുന്നവർക്കു വിശ്രമിക്കുവാനുള്ള ഏർപ്പാടുകൾ മുതലായവയും കയിറോവിലത്രേ സ്ഥിതിചെയ്യുന്നതു്. അവിടെ കുറച്ചു നാൾ താമസിക്കുവാൻ നിർബ്ബന്ധിതനായതുകൊണ്ടു് ഈ ഏർപ്പാടുകൾ എല്ലാം ചെന്നുകാണുന്നതിന്നു എനിക്കു വലുതായ ഔത്സുക്യമുണ്ടായി.

പട്ടാള വിശ്രമസ്ഥാനം

ഇന്ത്യൻ പട്ടാളക്കാർക്കുള്ള പ്രധാന വിശ്രമസ്ഥാനം സ്ഥിതിചെയ്യുന്നതു നൈൽനദിക്കു സമീപമുള്ള ഒരുപവനത്തിലാണ്. യുദ്ധത്തിനുമുമ്പു ഈ ഉദ്യാനം കയിറോയിലെ നാഗരികന്മാരുടെ ഒരു പ്രധാന വിഹാരസ്ഥലമായിരുന്നു. ഈജിപ്ഷ്യൻ ഗവമ്മേണ്ടു അതിപ്പോൾ ഇന്ത്യൻ പട്ടാളക്കാരുടെ ഉപയോഗത്തിനായി ഒഴിഞ്ഞുവിട്ടിരിക്കയാണ്. വിശ്രമത്തിനായി അവിടെ എത്തിത്താമസിക്കുന്ന പടയാളികൾക്കു വിനോദത്തിനും ദേഹസുഖത്തിനും വേണ്ട ഏർപ്പാടുകൾ എല്ലാം തന്നെ സേനാധികാരികൾ അവിടെ ശട്ടം കെട്ടിയിട്ടുണ്ടു്. ഇന്ത്യയിൽനിന്നു വരുന്ന പത്രങ്ങൾ, മാസികകൾ, നാട്ടുഭാഷകളിലുള്ള പുസ്തകങ്ങൾ, റേഡിയോ സെററുകൾ മുതലായവ ഉള്ള വായനശാല, നാട്ടുസമ്പ്രദായത്തിലുള്ള കായികവിനോദങ്ങൾക്കു വേണ്ട സ്ഥലങ്ങൾ, സദിരിനും സംഗീതത്തിനും വേണ്ട ഏർപ്പാടുകൾ ഇങ്ങനെ പട്ടാളക്കാർക്കു തങ്ങളുടെ പ്രവാസകാലത്തെ സന്തുഷ്ടകരമാക്കുന്നതിനു എന്തെല്ലാമാകാമോ, അതെല്ലാം അവിടെ ഭംഗിയായി നിർവ്വഹിച്ചുപോന്നിരുന്നു. ഭക്ഷണത്തിനുള്ള ഏർപ്പാടുകളും ഞാൻ പരിശോധിച്ചുനോക്കി. ഒന്നിനും ഒരു കുറവുണ്ടായിരുന്നില്ല.



ആഫ്രിക്കയിലെ രംഗത്തിൽ യുദ്ധം ചെയ്തിരുന്ന ഇന്ത്യൻ സൈന്യസങ്കേതത്തെ ചക്രവത്തി തിരുമേനി സന്ദർശിച്ചു് ഒരു യോദ്ധാവിന്നു് വിക്ടോറിയാ ക്രാസ് ബഹുമതി നൽകുന്നു.

മന്ദമായി പ്രവഹിക്കുന്ന നൈൽനദിയുടെ തീരത്തിലുള്ള ആ ആരാമദേശം ഹിന്ദുസ്ഥാനത്തിന്റെ ഒരു ഭാഗമായി മാറിയിട്ടുണ്ടായിരുന്നു എന്നു പറയാം. അവിടെ ഒരു മാവും നമ്മുടെ നാട്ടുകാർ നട്ടുപിടിപ്പിച്ചിരുന്നു. ഞാൻ ആ സ്ഥലം കാണാൻ ചെന്നപ്പോൾ, അവിടെ പാർപ്പുണ്ടായിരുന്നവരിൽ പലരും തമിഴരും മലയാളികളുമായിരുന്നു. ഹിന്ദുസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുനിന്നും ഉള്ള ഭടന്മാർ ആ കൂട്ടത്തിൽ ഉണ്ടായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. അവർക്കു എന്തെങ്കിലും കഷ്ടപ്പാടുകൾ ഉണ്ടോ എന്നു ഞാൻ പ്രത്യേകം അന്വേഷിക്കാതിരുന്നില്ല. മടപ്പള്ളി ദേഹണ്ഡക്കാരനായ ഒരുവൻ മാത്രമാണു സങ്കടം പറഞ്ഞതു്. അയാളുടെ ഹർജി, അരിവെപ്പിൽനിന്നു മാററി യുദ്ധം ചെയ്വാൻ അയക്കണമെന്നായിരുന്നു. എത്ര ശൂരന്മാരായ പടയാളികൾക്കും ഉണ്ണാതെ യുദ്ധം ചെയ്വാൻ സാധിക്കയില്ലാത്തതുകൊണ്ടു അരിവെച്ചുകൊടുക്കുന്നതും പ്രശസ്തമായ ഒരു യുദ്ധസേവനമാണെന്നു ഞാൻ അയാളെ സമാധാനപ്പെടുത്തി. തൃശ്ശിനാപ്പള്ളിക്കു സമീപമുള്ള ഒരു ഗ്രാമത്തിൽനിന്നു പട്ടാളത്തിൽ ചേർന്ന ഒരാളായിരുന്നു അവൻ.

### ഇന്ത്യൻ വാർ ഹോസ്പിററൽ

നമ്മുടെ പട്ടാളക്കാർക്കു പ്രത്യേകമായുള്ള വേറെ ഒരു സ്ഥാപനമാണു കയിറോവിലെ ഇന്ത്യൻ വാർ ഹോസ്പിററൽ. അതിന്റെ കമാൻഡിങ്ങ് ആഫീസറായ കർണ്ണൽ സയമൺസ്, ഐ.എം.എസ്സ്. ന്റെ ക്ഷണനമനുസരിച്ചു ഞാൻ ആ സ്ഥലം കാണ്മാനായി ഒരു ദിവസം പോകയുണ്ടായി. ആരോഗ്യരക്ഷാവിഭാഗത്തിന്റെ മന്ത്രിയെന്ന നിലയിൽ ആശുപത്രികളുമായി എനിക്കു വളരെ കാലമായി പരിചയമുണ്ടായിരുന്നതുകൊണ്ടു ഈ സ്ഥാപനം കാണുന്നതിൽ പ്രത്യേക സന്തോഷമുണ്ടായിരുന്നു: ഈജിപ്ഷ്യൻ രാജവംശത്തിന്റെ സ്ഥാപകനായ മഹമ്മദാലി പാഷായുടെ പ്രാസാദത്തിലാണു (Mehmet Ali's Citadel) ഈ ആസ്പത്രി സ്ഥാപിക്കപ്പെട്ടിട്ടുള്ളതു്. ആ മനോഹര രാജഹർമ്മ്യത്തിന്റെ അതിവിശാലമായ ശാലകൾ, ഇങ്ങനെ ഒരു കാര്യത്തിനുപയോഗിക്കപ്പെടുമെന്നു പ്രതാപിയായ ആ സാമ്രാജ്യസ്ഥാപകൻ ഊഹിച്ചു കാണുകയില്ല. എന്നിരുന്നാലും, ദീനശുശ്രൂഷണത്തിൽപരം മഹത്തരമായ ഒരു കാര്യമെന്താണു് ? മഹമ്മദാലിയുടെ പ്രതാപൈശ്വര്യങ്ങൾ കണ്ടറിഞ്ഞ ആ കൊട്ടാരം ഇങ്ങനെ ഒരു ഭൂതദയാപരമായ കാര്യത്തിൽ ഉപയോഗിക്കപ്പെട്ടതിൽ അനൌചിത്യം ഇല്ലെന്നു തീർച്ചയായി പറയാം.

സർവ്വവിധമായ നവീനോപകരണങ്ങളോടുകൂടിയ ഒരു ആസ്പത്രി ആയിരുന്നു അതു്. ഏതു വിധത്തിലുള്ള സുഖക്കേടുകളും ചികിത്സിക്കുന്നതിനുള്ള ഏർപ്പാടുകൾ അവിടെ ഉണ്ടായിരുന്നു. അവിടെ ജോലിചെയ്യുന്ന മേട്രൺ, നർസുകൾ മുതലായവർ മിക്കവാറും മദിരാശി ജനറലാസ്പത്രിയിൽ പരിശീലനം നേടിയവരായിരുന്നു എന്നുള്ളതു പ്രത്യേകം വക്തവ്യമാണു്. കർണ്ണൽ സയമൺസിന്റെ ഭരണസാമർത്ഥ്യം എല്ലാ വകുപ്പിലും നല്ലവണ്ണം കാണാമായിരുന്നു. ദീനക്കാർക്കു ഭക്ഷണം പാകം ചെയ്യുന്ന സ്ഥലം ഞാൻ നല്ലവണ്ണം പരിശോധിച്ചു. വെടിപ്പായും വൃത്തിയായും പാകം ചെയ്യുന്നതു കൂടാതെ ഭക്ഷണം രുചികരവുമായിരുന്നു.

അവിടെ ജോലിചെയ്യുന്നവരിൽ പലരും ദക്ഷിണ ഇന്ത്യയിൽനിന്നുള്ളവരായിരുന്നു. അവരിൽ ഒരാൾ എന്റെ ഒരു സ്നേഹിതന്റെ പുത്രനുമായിരുന്നു. അവരെല്ലാവരും ശരിയായ പരിരക്ഷണത്തിൽ സുഖമായിട്ടാണു ജീവിതം നയിക്കുന്നതെന്നു പറവാൻ എനിക്കു പ്രത്യേകം സന്തോഷമുണ്ടു്.

കയിറോവിലെ താമസത്തിനിടയിൽ ഈ രണ്ടു സ്ഥാപനങ്ങൾ കാണ്മാനിടയായതിൽ എനിക്കു വലുതായ ചാരിതാർത്ഥ്യമുണ്ടു്. യുദ്ധസേവനത്തിനു പുറപ്പെട്ടിട്ടുള്ള ഇന്ത്യക്കാർക്കു സകലവിധ സൌകര്യങ്ങളും ഏർപ്പാടു ചെയ്തുകൊടുക്കുന്നതിനു ഗവർമ്മേൻറ് ബദ്ധശ്രദ്ധമായാണു ഇരിക്കുന്നതു എന്നു നേരിട്ടു കണ്ടു മനസ്സിലാക്കുവാനിടയായതു ചെറുതായ ഒരു കാര്യമായി ഞാൻ ഗണിക്കുന്നില്ല. അവരും അതുപോലെതന്നെ സന്തുഷ്ടരായും, തങ്ങൾ ഏർപ്പെട്ടിരിക്കുന്ന മഹത്തായ ഉദ്യമത്തിൽ നിസ്തന്ദ്രമായ താല്പര്യത്തോടും വർത്തിക്കുന്നതു കാണുമ്പോൾ, ഇന്ത്യയുടെ സമരപ്രവർത്തനത്തിന്റെ വളർന്നുവരുന്ന ശക്തി പൂർണ്ണമായി മനസ്സിലാക്കുവാൻ സാധിക്കും.

---

(29-ാം പേജിൽനിന്നു തുടർച്ച)

സോപാനമാണു്' എന്ന കുറിപ്പിൽ മാനേജരുടേ ദൃഷ്ടി പതിഞ്ഞു. 'ബിമൽ' മൌനം അവലംബിച്ചു. "താങ്കളെപ്പോലെയുള്ള ധനികർ" നളിനി തുടർന്നു "ഈ നില കൈക്കൊണ്ടാൽ നിരക്ഷരരായ ദരിദ്രരുടെ സ്ഥിതിയെന്തായിരിക്കും. ആ സാധു ഗൃഹസ്ഥൻ പ്രായോഗികാനുഭവത്തെ മുൻനിർത്തി, തനിക്കു കിട്ടുന്ന സ്വല്പ ശമ്പളത്തിൽനിന്നു സംഭാവന ചെയ്യുമ്പോൾ, നിങ്ങൾ അതിനു പിഴവിധിച്ചു. കൺട്രാക്ടർ—നിങ്ങളുടെ ഈ വമ്പിച്ച വരുമാനത്തിനു കാരണഭൂതൻ—പണം തന്നപ്പോൾ, നിങ്ങൾ എന്തുകൊണ്ടു അതെ ശിക്ഷ നല്കിയില്ല. അതെ, 'യുദ്ധ കൺട്രാക്ട്' ഒന്നും ഞാൻ ഇനി കൈക്കൊള്ളുകയില്ല എന്നുള്ള ശപഥം. അതു ഒരുപക്ഷെ നിങ്ങളുടെ ഭണ്ഡാഗാരത്തെ സ്പർശിക്കുന്നതുകൊണ്ടു, നിസ്സാരമാക്കി ഗൃഹസ്ഥന്റെ നേരെമാത്രം ചന്ദ്രഹാസം പ്രയോഗിച്ചു തൃപ്തനായിരിക്കാം. ശ്രീമൻ, സംഭാവന, സാഹോദര്യം, ഭൂതദയ ഇവയാണു മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്നതു്. സ്വദേശോദരൻ പടക്കളത്തിൽ രാജ്യസേവനം ലക്ഷ്യമാക്കി പൊരുതുമ്പോൾ സ്വന്തം പണക്കിഴിയുടെ ജൃംഭണംമാത്രം കരുതുന്നതു് ഉദരംഭരിയുടെ ലക്ഷണമാണു്. ഉദാരരുടെ, സംസ്കൃതാശയരുടെ ലക്ഷണമല്ല."

പേമഴ ചോർന്ന നിശ്ശബ്ദത. ബിമൽ മേശ വലിച്ചു തുറന്നു പുസ്തകമെടുത്തു് എഴുതി.

"ഇതാ ശ്രീമതി."

"എന്റെ പേർ, നളിനിയെന്നാണു്"—നളിനി തിരുത്തി.

"ക്ഷമിക്കണം. നളിനി" ഇതാ ഈ ചെക്കെടുത്തോളൂ.

"രണ്ടായിരം ഉറുപ്പിക." നളിനി ആശ്ചര്യത്തോടെ മന്ത്രിച്ചു.

"നിങ്ങളെപ്പോലെയുള്ള പരിശ്രമശീലകർ പത്തുപേർ മതി, ഇന്നത്തെ അവശരും ആതുരന്മാരുമായ പോരാളികളുടെ സമാധാനത്തിന്".

* * *

"ഇപ്പോഴെ സരോ" നളിനി 'ചെക്കെ'ടുത്തു നൃത്തം വെക്കുമ്പോഴാണു ഞാൻ വിവരമറിഞ്ഞതു. "ആരുടെ വാദമാണു് ജയിച്ചതു്."

"വരു : മേടനു ഇന്നു എന്തു സന്തോഷമായിരിക്കും. നമുക്കു വേഗം പോവുക." ഞങ്ങൾ അകത്തേക്കുപോയി.

# 5,000 ക. ഇനാം

## ശത്രു ഏജൻറമാർ

1. ശത്രു ഏജൻറന്ന സംശയത്തിന്മേൽ ഒരാളെ ജീവനോടുകൂടി പൊതുജനങ്ങളിൽ ആരെങ്കിലും പിടിച്ചുകൊടുക്കുകയും പിന്നീട ശത്രു ഏജൻറന്ന നിലയിൽ അയാളുടെ മേൽ കുററം സ്ഥാപിക്കുകയൊ അല്ലെങ്കിൽ ശത്രുവിന്നു സഹായം നല്കുന്നതിൽ അയാൾ ഊർജ്ജിതമായി ഏർപ്പെട്ടിരിക്കുന്നുവെന്നു രാജ്യസംരക്ഷണാധികാരസ്ഥന്മാൎക്ക ബോദ്ധ്യമാംവണ്ണം തെളിയുകയൊ ചെയ്കയും ചെയ്യുന്നതായാൽ, അങ്ങിനെയുള്ള ഏജൻറിനെ പിടിച്ചുകൊടുക്കുന്ന ഏതൊരാൾക്കും 5,000 ക. വരെ ഇന്ത്യാഗവൎമ്മെണ്ടു ഇനാം കൊടുക്കുന്നതാണ്.

2. അങ്ങിനെയുള്ള ഏതൊരു ഏജൻറിനേയും പിടിക്കുന്നതിന്നു ഉപകരിക്കുന്ന പ്രയോജനകരമായ വിവരം പൊതുജനങ്ങളിൽ ആരെങ്കിലും നല്കുന്നപക്ഷം, അങ്ങിനെ വിവരം നല്കുന്ന ഏതൊരാൾക്കും 1,000 ക. വരെ ഇനാം കൊടുക്കുന്നതാണ്.

3. അത്തരം ഏജൻറുമാരെ പിടിച്ചുകൊടുക്കുകയും അത്തരക്കാരെ പിടിക്കുന്നതിൽ പ്രയോജനപ്പെടാനിടയുള്ള വിവരം ശേഖരിക്കുകയും ചെയ്യുന്നതു സംബന്ധിച്ച്, താഴെ പറയുന്ന തരത്തിലുള്ള വിവരം കഴിയുന്നത്ര വേഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടുന്ന ആവശ്യകതയിലേക്ക് പൊതുജനങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു:—

(I) കപ്പലുകളുടെ സംശയിക്കത്തക്ക നിലയിലുള്ള പോക്കുവരവിനെപ്പററി, പ്രത്യേകിച്ചു അവ കടൽതീരത്തിന്നു വളരെ അടുത്തുകൂടി പോകുമ്പോൾ അതിനെപ്പററി;

(II) ഇന്ത്യയുടെ കടൽതീരത്തിലൊ മററു വല്ല സ്ഥലത്തൊ ആയുധവും യൂനിഫോറവും ധരിച്ചായാലും അല്ലെങ്കിൽ മററുവല്ലവിധത്തിലായാലും സംശയിക്കത്തക്കവിധത്തിൽ അന്യജനങ്ങൾ സംഘംചേർന്നു കാണുന്നതിനെപ്പററി;

(III) ഐക്യരാജ്യങ്ങളുടെതല്ലാത്ത വല്ല വിമാനവും കരക്കിറങ്ങുകയൊ കടന്നുപോകുകയൊ അല്ലെങ്കിൽ വിമാനത്തിൽനിന്ന് പാരക്ഷൂട്ട് വഴിയായി ആളുകൾ താഴോട്ടിറങ്ങുകയൊ എന്തെങ്കിലും സാധനങ്ങളെ താഴോട്ടിറക്കുകയൊ ചെയ്യുന്നതിനെപ്പററി;

(IV) ശത്രുവിൻെറ പ്രവൎത്തനം കരവഴിക്കൊ, കടൽവഴിക്കൊ, ആകാശമാൎഗ്ഗമായൊ സമീപസ്ഥലത്ത് നടക്കുന്നുണ്ടെന്ന് സൂചിപ്പിക്കുന്ന വല്ല സംഭവങ്ങളേയുംപററി.

4. ശത്രു ഏജൻറിനെ പിടിക്കുന്നതിന്നായി നല്കപ്പെടുന്ന വിവരം പ്രയോജനകരമായിരിക്കേണമെങ്കിൽ, ആ വിവരം കഴിയുന്നത്ര വേഗത്തിൽ അറിയിക്കണം.

5. ശത്രു ഏജൻറുമാരായ വല്ലവരേയും പിടിച്ചാൽ, കഴിയുന്നത്ര വേഗത്തിൽ അവരെ—

(I) നാട്ടുപുറങ്ങളിൽവെച്ചാണ് പിടിച്ചതെങ്കിൽ—അംശം അധികാരിയുടേയൊ പോലീസ്സ് ഉദ്യോഗസ്ഥൻെറയൊ അടുക്കലൊ,

(II) പട്ടണങ്ങളിൽവെച്ചാണ് പിടിച്ചതെങ്കിൽ—ഏററവും അടുത്തുള്ള പോലീസ്സ് ഉദ്യോഗസ്ഥൻെറ അടുക്കലൊ പോലീസ്സ് സ്റ്റേക്ഷനിലൊ,

ഏല്പിക്കുകയൊ, അല്ലെങ്കിൽ അങ്ങിനെയുള്ളവരെപ്പററിയുള്ള വല്ല വിവരവും മേല്പറഞ്ഞ ഉദ്യോഗസ്ഥന്മാരെയൊ പോലീസ്സ് സ്റ്റേക്ഷനിലൊ അറിയിക്കുകയൊ വേണം. അംശം അധികാരിയും പോലീസ്സ് ഉദ്യോഗസ്ഥന്മാരും ആ വിവരം തൽക്ഷണം പോലീസ്സ് മേലധികാരസ്ഥന്നൊ ഏററവുമടുത്തുള്ള പട്ടാളമേലധികാരത്തിലേക്കൊ റിപ്പോർട്ട് ചെയ്കയും വേണം.

6. ഇനാമിന്നുള്ള അപേക്ഷകൾ, സംഭവം നടന്ന തിയ്യതിയും സമയവും, സാക്ഷികളുടെ പേരുകളും, മേൽവിലാസങ്ങളും, മൊഴികളും സംബന്ധിച്ചുള്ള പൂൎണ്ണവിവരങ്ങൾ കാണിച്ച്, തേച്ച് ചെയ്യുന്ന ആൾ എഴുത്തുമൂലം ഡിസ്ത്രിക്ട് മജിസ്ത്രേട്ടിന്നൊ ഡിസ്ത്രിക്ടിലെ കലക്ടൎക്കൊ (നാട്ടുരാജ്യങ്ങളുടെ സംഗതിയിൽ, റെസിഡെണ്ടിന്നൊ പൊളിററിക്കൽ ഏജൻറിന്നൊ) അയക്കേണ്ടതാണ്.

7. പിടിച്ചുകൊടുക്കപ്പെട്ട ആളെ വിചാരണചെയ്തു കഴിഞ്ഞതിന്നുശേഷം കഴിയുന്നത്ര വേഗത്തിൽ സംബന്ധപ്പെട്ട ജില്ലയുടെ ചാൎജ്ജുള്ള മജിസ്ത്രേട്ട്, വിചാരണ നടന്ന കോടതിയുടെ ശിപാൎശികളനുസരിച്ച്, സാധാരണമായി ഇനാം കൊടുക്കുന്നതാണ്.

8. ഇനാം കൊടുക്കുന്നതു പട്ടാള അധികാരസ്ഥന്മാരുടേയും സിവിൽ അധികാരസ്ഥന്മാരുടേയും യുക്താനുസരണമായിരിക്കുന്നതും, ഇനാമിൻെറ സംഖ്യ ഓരോ വ്യക്തിയുടെയും സംഗതിയിൽ അയാൾ അറിയിച്ചുകൊടുക്കുന്ന വിവരം എത്രത്തോളം പ്രയോജനകരവും യഥാൎത്ഥവുമാണെന്നതിനനുസരിച്ച് കണക്കാക്കുന്നതുമാണ്. ഏതെങ്കിലും ഒരാൾക്കു കൊടുക്കുന്ന ഇനാം 1-ാം പത്തിയിൽ പറഞ്ഞപ്രകാരം 5,000 ക. വരേയൊ അല്ലെങ്കിൽ 2-ാം പത്തിയിൽ പറഞ്ഞപ്രകാരം 1,000 ക. വരേയൊ ഉള്ള ഏതെങ്കിലും സംഖ്യ ആവാം.

9. ഇന്ത്യാഗവൎമ്മെണ്ടിൻെറ മുന്നനുവാദത്തോടുകൂടി അപൂൎവ്വം സംഗതികളിലൊഴികെ, കപ്പൽപടയിലും, കരസൈന്യത്തിലും, വ്യോമസൈന്യത്തിലുമുള്ള ഉദ്യോഗസ്ഥന്മാൎക്കൊ ഗസററഡ് ഗവൎമ്മെണ്ടു ഉദ്യോഗസ്ഥന്മാൎക്കൊ ഇനാം കൊടുക്കുന്നതല്ല. എന്നാൽ സിവിൽ ഡിപ്പാൎട്ടുമെണ്ടുകളിലുള്ള നോൺഗസററഡ് ഗവൎമ്മെണ്ടു ഉദ്യോഗസ്ഥന്മാർ ഇനാമിന്നു അൎഹരാണ്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.